വാല്യം 120

തിരൂരങ്ങാടി ബ്ലോക്ക്

(മലപ്പുറം ജില്ല)

1. തിരൂരങ്ങാടി
2. തേഞ്ഞിപ്പലം
3. പരപ്പനങ്ങാടി
4. വള്ളിക്കുന്ന്
5. മൂന്നിയൂർ
6. നന്നമ്പ്ര

അധികാരം ജനങ്ങളിലേക്ക്

# തിരൂര

# ജനകീയാസൂത്രണം





OFFICE OF THE TIRURANGADI GRAMA PANCHAYATH - TIRURANGADI

## സമഗ്ര വികസന രേഖ

120-1



## ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

## തിരൂരങ്ങാടി ഗ്രാമപഞ്ചായത്ത്

### ഗ്രാമ പഞ്ചായത്ത് വികസന സെമിനാർ

# സമഗ്ര വികസന രേഖ



**എഡിറ്റർ** : അരിമ്പ്ര മുഹമ്മദ്

**എഡിറ്റോറിയൽ സ്റ്റാഫ്** :

യു. റസിയ

കെ. അബ്ദുൾ റസാഖ്

എം. മുഹമ്മദ് കുട്ടി മുൻഷി

കെ.കെ. അബ്ദു റഹിമാൻ

തടത്തിൽ മുഹമ്മദ്

എം. മുഹമ്മദലി

കെ. അബു

അഷ്റഫ് കാപ്പൻ

പ്രൊഫ. പി. മമ്മദ്

പി. സൈതലവി

എം.സി. രവിന്ദ്രൻ

**ഡിസ്ട്രിക്റ്റ് റിസോഴ്സ് പേഴ്സൺസ്**

ഉള്ളാട്ട് റസിയ

കെ. അബ്ദുൾ റസാക്ക്

അരിമ്പ്ര മുഹമ്മദ് മാസ്റ്റർ

കെ.യു. ഉണ്ണികൃഷ്ണൻ

കെ.കെ. ലൈലാസലാം

പ്രൊഫ. പി. മമ്മദ്

പി. സൈതലവി

കെ. മുഹമ്മദലി

കെ. അബു

എം.പി. അബ്ദു റഹിമാൻകുട്ടി

എം.സി. രവിന്ദ്രൻ

പി. ഇബ്റായി

അഷ്റഫ് കാപ്പൻ

ടൈപ്പ് സെറ്റിംഗ് ആൻറ് പ്രിൻറിംഗ്

തിരൂർ ഓഫ് സെറ്റ് പ്രിൻറിംഗ്, ഏഴൂർ റോഡ്, തിരൂർ.

കവർ ഡിസൈനിംഗ് : സി.ടി. യൂനുസ്

**തിരൂരങ്ങാടി ഗ്രാമപഞ്ചായത്ത് ഭരണസമിതി**

**പ്രസിഡണ്ട്** : **ഉള്ളാട്ട് റസിയ**

**വൈസ് പ്രസിഡണ്ട്** :

**സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻ** : **തടത്തിൽ മുഹമ്മദ്**

**അംഗങ്ങൾ**

എം.മുഹമ്മദ് കുട്ടി മുൻഷി

വി.പി. ശങ്കരൻ

സി.പി. മുഹമ്മദ് കുട്ടി

സി.പി. ഹബീബ ബഷീർ

കെ.പി അഹമ്മദ്

എം.എൻ. ഹുസൈൻ

പാറക്കൽ മമ്മുദു

എ.കെ. അബ്ദു റഹീം

പ്രൊഫ. എം. കുഞ്ഞീര്യ കുട്ടി

കെ.കെ. അബ്ദു റഹിമാൻ

എൻ.കെ.ശാരദ

കെ. അബ്ദു റഹ്മാൻ എന്ന കുഞ്ഞൻ

ടി.കെ. റംല

**പ്രസിഡണ്ട്**



ഉള്ളാട്ട് റസിയ

**സ്ററാൻഡിംഗ് കമ്മിററി ചെയർമാൻ**



തടത്തിൽ മുഹമ്മദ്

**മെംബർമാർ**



എം. മുഹമ്മദ് കുട്ടി മുൻഷി



വി.പി. ശങ്കരൻ



സി.പി. മുഹമ്മദ് കുട്ടി



സി.പി ഹബീബ



കെ. . അഹമ്മദ്



പ്രെഫ. എം. കുഞ്ഞീരു കുട്ടി



എം.എൻ. ഹുസൈൻ



പ. . .ക്കൽ മമ്മുദു



എ.കെ. അബ്ദു റഹീം



കെ.കെ. അബ്ദു റഹിമാൻ
മാസ്ററർ



കെ. അബ്ദുറഹിമാൻ
എന്ന കുഞ്ഞനാജി



എൻ.കെ. ശാരദ



ടി.കെ. റംല

**ജില്ലാ പഞ്ചായത്ത് (തിരൂരങ്ങാടി ഡിവിഷൻ)**
**മെംബർ**



അ. ിമ്പ്ര മുഹമ്മദ് മാസ്ററർ

**ബ്ലോക്ക് പഞ്ചായത്ത്**
**മെമ്പർമാർ**



കെ.യു. ഉണ്ണികൃഷ്ണൻ



കെ.കെ. ലൈലാ സലാം

## വികസന രേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

**കൺവീനർ : കെ. അബ്ദുൾ റസാഖ്**

**1. കൃഷി ജലസേചനം**

തടത്തിൽ മുഹമ്മദ്
കെ.എ. റസാഖ്
രാജി ജോസ്
കെ.പി. മുഹമ്മദാജി
എം.പി. കുഞ്ഞലവി
സി. ഹൈദ്രുഹാജി
എ.പി. ബീരാൻകുട്ടി
കെ. ചാത്തുക്കുട്ടി
കൃഷ്ണൻ കോട്ടുമല



**2. മൃഗസംരക്ഷണം**

സി.പി. മുഹമ്മദ് കുട്ടി
കെ. അബു മാസ്റ്റർ
എം.പി. അബ്ദുൾ മജീദ്
ഡോ. വി.പി.കെ. മോഹൻകുമാർ

**3. വിദ്യാഭ്യാസം**

കെ.കെ. അബ്ദുറഹിമാൻ
എൽ. ഉസ്മാൻ
പ്രൊഫ. പി. മമ്മദ്
താപ്പി റഹ്മത്തുള്ള
ഒ. ഹസ്സൻ
വി. ഭാസ്കരൻ

**4. കുടിവെള്ളം, ആരോഗ്യം**

എ.കെ. അബ്ദുറഹീം
പി.സൈതലവി
പി.പി. നൂറുദ്ദീൻ
മദൻമോഹൻ മാസ്റ്റർ
ടി.കെ. ഗിരീഷൻ
പി. ഉംറത്ത്
സി.പി. മൊയ്തീൻ കുട്ടി

**5. വ്യവസായം**

എം.എൻ. ഹുസൈൻ
ടി.മമ്മു
എം. മൂസഹാജി
സി.സി. നായർ
അഷ്റഫ് കാപ്പൻ
പി.ഒ. ഹംസമാസ്റ്റർ
പൂങ്ങാടൻ മൊയ്തീൻ
മേലാത്ത് കുഞ്ഞിമുഹമ്മദ്
കെ.കെ. മൻസൂർ

**6. ഗതാഗതം**

എം. മുഹമ്മദ് കുട്ടി മുൻഷി
കെ.യു. ഉണ്ണികൃഷ്ണൻ
യു. അഹമ്മദ് കോയ
കെ.കെ. അബ്ദുസലാം
സി.പി. മുഹമ്മദാലി
കെ.യു. വേണുഗോപാൽ
കെ. അബ്ദുൾ റസാക്ക്
കെ. അബ്ദുസലീം
തോട്ടുങ്ങൽ അബ്ദു റഹിമാൻ

**7. ഭവന നിർമ്മാണം**

കെ.പി. അഹമ്മദ്
വി.കുഞ്ഞഹമ്മദ്
പി.കെ. മുഹമ്മദ് കുട്ടി
ഇ.പി. നാരായണൻ
എം.സി. രവീന്ദ്രൻ മാസ്റ്റർ
എ.സി. അബ്ദു റഹിമാൻ
വാസു കാരയിൽ

**8. സംസ്കാരം**

എം. കുഞ്ഞീരിക്കുട്ടി ടീച്ചർ
കെ. മുഹമ്മദാലി മാസ്റ്റർ
കെ. രാമദാസ്
എൽ. കുഞ്ഞിമുഹമ്മദ്

**9. വനിത**

സി.പി. ഹബീബ
സി.കെ. റംല
എൻ.കെ. ശാരദ
ലൈലാസലാം
കവറൊടി മുഹമ്മദ്

**10. സഹകരണം**

കെ. അബ്ദു റഹിമാൻ എന്ന കുഞ്ഞൻ
എം.പി. അബ്ദുറഹ്മാൻ കുട്ടി
പി. അബ്ദുറഹ്മാൻ
എച്ച്. അബ്ദുൾ അസീസ്
കെ.എം. മൊയ്തീൻ,
യു.കെ. മുസ്തഫ

**11. പട്ടികജാതി -പട്ടികവർഗ്ഗം**

വി.പി. ശങ്കരൻ
വി.പി. മോഹനകുമാർ
കെ. ശ്രീനിവാസൻ
കെ.പി ബൈജു
കെ.ടി വേലായുധൻ
ടി. വേലായുധൻ
പി.കെ. രാമൻ
എം.പി കുമാരൻ

**12. വിഭവ സമാഹരണം**

പാറക്കൽ മമ്മുദു
പി. ഇബ്റാഹീം
കെ.എം. കുഞ്ഞിമൊയ്തീൻ
പി. മുഹമ്മദ് ഹാരിസ്

**13. നാട്ടറിവ്**

അരിമ്പ്ര മുഹമ്മദ് മാസ്റ്റർ
എം.എൻ. അബ്ദുൾ ഖാദർ ഹാജി
കെ. കുഞ്ഞാലൻ ഹാജി
കെ. ബീരാൻ കുട്ടി മാസ്റ്റർ
കെ.പി. അബ്ദുൾ അസീസ് മാസ്റ്റർ
സി.സി നായർ

1. ആമുഖം
2. പഞ്ചായത്ത് പൊതുവിവരണം
3. സാമൂഹിക സാംസ്കാരിക ചരിത്രം
4. ഭൂപ്രകൃതി - ജനപ്രകൃതി - ജലവിഭവം
5. സാമൂഹിക സാമ്പത്തിക മേഖലകൾ

5-1 കൃഷിയും ജലസേചനവും
5-2 മൃഗസംരക്ഷണവും മൽസ്യ ബന്ധനവും
5-3 വ്യവസായം
5-4 വിദ്യാഭ്യാസം
5-5 കുടിവെള്ളവും പൊതുജനാരോഗ്യവും
5-6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
5-7 പാർപ്പിടവും, സാമൂഹ്യ ക്ഷേമവും
5-8 സംസ്കാരം
5-9 വനിത
5-10 സഹകരണം
5-11 പട്ടികജാതി, പട്ടിക വർഗ ക്ഷേമം
5-12 വിഭവ സമാഹരണം

6 ഉപസംഹാരം

തിരൂരങ്ങാടി ഗ്രാമ പഞ്ചായത്ത്

# 1

# ആമുഖം

നമ്മുടെ സംസ്ഥാനത്തെ ആസൂത്രണ പ്രക്രിയയിൽ ഒരു പുതിയ യുഗം ആരംഭിക്കുകയാണ്. താഴെ തട്ടിൽ നിന്ന് ജനപങ്കാളിത്തത്തോടു കൂടിയുള്ള ആസുത്രണം. കേരളത്തിൻെറ 9-ാം പദ്ധതി ഈ സമീപനത്തെ അടിസ്ഥാനപ്പെടുത്തിയാണ്.

സ്വാതന്ത്ര്യ ലബ്ധിമുതൽ ആസൂത്രിതമായി സാമ്പത്തിക വളർച്ച കൈവരിക്കുന്നതിനാണ് നമ്മൾ ശ്രമിച്ചുകൊണ്ടിരുന്നത്. ഇതിൻെറ ഫലമായി പല നേട്ടങ്ങളും കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ നാം തുടർന്നു വന്ന ആസൂത്രണ സമ്പ്രദായത്തിന് ചില അടിസ്ഥാനവൈകല്യങ്ങൾ ഉണ്ടായിരുന്നുവെന്ന് അനുഭവങ്ങൾ ചൂണ്ടിക്കാണിക്കുന്നു. വികസനപദ്ധതികൾ സംബന്ധിച്ച കാര്യങ്ങളെല്ലാം ആദ്യം കേന്ദ്രത്തിലും തുടർന്നു സംസ്ഥാന തലസ്ഥാനത്തും തീരുമാനങ്ങളെടുത്ത് വിവിധ വകുപ്പുകൾ വഴി നടപ്പാക്കുകയാണ് ചെയ്തിരുന്നത്. ഈ അതിരു കവിഞ്ഞ കേന്ദ്രീകരണം മൂലം ഓരോ പ്രദേശത്തിൻെറയും ഭൂപ്രകൃതിക്കോ, ജനകീയ ആവശ്യങ്ങൾക്കോ അനുസൃതമായ സ്കീമുകളല്ല പദ്ധതിയുടെ ഭാഗമായി യഥാർത്ഥത്തിൽ നടപ്പാക്കപ്പെട്ടത്. തൻമൂലം പദ്ധതി പ്രവർത്തനം ജനങ്ങളിൽനിന്നും അന്യവൽക്കരിക്കപ്പെട്ടു. ഇത്, പ്രാദേശികമായ വിഭവസമാഹരണ സാധ്യതകളെ ഇല്ലാതാക്കി, നടത്തിപ്പിൻെറ കാര്യക്ഷമതയെ പ്രതികൂലമായി ബാധിച്ചു. ഇവിടെയാണ് വികേന്ദ്രീകൃതാസൂത്രണത്തിൻെറ പ്രസക്തി.

പഞ്ചായത്തുകളുടെ ദീർഘകാലസമഗ്ര വികസനത്തിനായുള്ള ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുക എന്നത് പുതിയ പഞ്ചായത്ത് രാജ് നിയമപ്രകാരം പഞ്ചായത്തുകളുടെ പ്രധാന കടമയാണ്. വാർഷിക പദ്ധതികൾക്ക് രൂപം നൽകുന്നത് ഈ മാസ്റ്റർ പ്ലാൻ പ്രകാരമായിരിക്കണം. വളരെ വലിയ ഉത്തരവാദിത്വമാണ് പഞ്ചായത്തുകൾ ഏറ്റെടുക്കാൻ പോകുന്നത്. അതിവിപുലമായ തോതിൽ ജനങ്ങളെ അണിനിരത്തിക്കൊണ്ടുവേണം ഈ കടമ നിർവ്വഹിക്കാൻ. ഈ ലക്ഷ്യം മുൻനിർത്തിക്കൊണ്ടാണ് കേരളസർക്കാർ ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് രൂപം നൽകിയിരിക്കുന്നത്. ആസൂത്രണത്തിലും വികസന പ്രവർത്തനത്തിലും ജനപങ്കാളിത്തം ജാതിമതരാഷ്ട്രീയ ഭിന്നതകൾക്കതീതമായി ഉറപ്പു വരുത്താൻ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് കഴിയുമെന്നുറപ്പാണ്.

അധികാരത്തോടൊപ്പം സമ്പത്തും (35-40% പദ്ധതി വിഹിതം) പഞ്ചായത്തുകൾക്ക് നൽകുന്നതിനാൽ ജനതാൽപ്പര്യങ്ങൾ സംരക്ഷിക്കാൻ കഴിയും എന്ന സ്ഥിതി വിശേഷം വളർന്നു വരുന്നുണ്ട്. കേരളവും പഞ്ചായത്തുകളും ഇന്നഭിമുഖീകരിക്കുന്ന വികസനപ്രതിസന്ധിക്ക് ഭാഗികമായെങ്കിലും പരിഹാരം കാണത്തൻ ഈ പുത്തൻ ആസൂത്രണ തന്ത്രത്തിന് കഴിയും. ബഹുജനപങ്കാളിത്തം ഫലപ്രദമാകുമ്പോൾ, സ്വാഭാവികമായും നിലവിലുള്ള സ്കീമുകളുടെയും ഏറ്റെടുക്കാൻ പോകുന്ന പ്രവൃത്തികളുടെയും നടത്തിപ്പ് കാര്യക്ഷമവും തൃപ്തികരവുമായി നിർവ്വഹിക്കാൻ കഴിയുമെന്ന് മാത്രമല്ല അഴിമതിയുടെ എല്ലാ കൈവഴികളും നിയന്ത്രിക്കാനും കഴിയും.

തിരൂരങ്ങാടി ഗ്രാമ പഞ്ചായത്തിൽ ജനകീയാസൂത്രണ പ്രവർത്തനം ആരംഭിച്ചത് 1996 സെപ്തംബർ 11, 12, 13 തിയ്യതികളിൽ ചെട്ടിപ്പടിയിൽ വെച്ചു നടന്ന, തിരൂരങ്ങാടി, താനൂർ ബ്ലോക്കുകളിലെ തിരഞ്ഞെടുക്കപ്പെട്ട പരിശീലകർക്കുള്ള പരിശീലനപരിപാടിയിൽ തിരൂരങ്ങാടി ഗ്രാമപഞ്ചായത്തിൽ നിന്ന് പ്രസിഡൻറും ജില്ലാ, ബ്ലോക്ക് മെമ്പർമാരുംഉൾപ്പടെ 13 പ്രവർത്തകർ പങ്കെടുത്തതോടു കൂടിയാണ്.തുടർന്നു സെപ്തംബർ

17-ാം തിയ്യതി പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽവെച്ച് പ്രാദേശിക പരിശീലകർക്കുള്ള ഏകദിന ശിൽപ്പശാലയും നടന്നു.

1996 സെപ്തംബർ 21 മുതൽ ഒക്ടോബർ 2 വരെയുള്ള ദിവസങ്ങളിൽ പഞ്ചായത്തിലെ 15 വാർഡുകളിലും ഗ്രാമസഭകൾ നടന്നു. 100 മുതൽ ഇരുന്നൂറു വരെയാളുകൾ ഈ ഗ്രാമസഭകളിൽ പങ്കെടുത്തു. ഗ്രാമസഭകളുടെ ജനപങ്കാളിത്തം പ്രതീക്ഷക്കൊത്ത് ഉയർന്നില്ലെങ്കിലും അവിടെ നടന്ന ചർച്ചകളും അവയെ തുടർന്നു വന്ന റിപ്പോർട്ടുകളും ജനാഭിലാഷങ്ങളുടെയും ആഗ്രഹങ്ങളുടെയും പ്രതീകമാണ്.

ഗ്രാമസഭകളെ തുടർന്നു ഡി.ആർ.പി മാർ യോഗം ചേരുകയും ഗ്രാമസഭകളെ അവലോകനം ചെയ്യുകയും ചെയ്തു. ഒക്ടോബർ 8,9,10,11,12 തിയ്യതികളിലായി മൂന്ന് വീതം വാർഡുകളിലെ പ്രാദേശിക പരിശീലകരുടെയും വാർഡ് മെമ്പർമാരുടെയും യോഗം ചേർന്നു, ഗ്രാമസഭാ റിപ്പോർട്ടുകൾ പരിശോധിക്കുകയും അവ ക്രോഡീകരിക്കാൻ വാർഡുമെമ്പർമാരെ ചുമതലപ്പെടുത്തുകയും ചെയ്തു.

1996 ഒക്ടോബർ 22-ാം തിയ്യതി തൃക്കുളം ജി.യു.പി.എസ് ൽ വെച്ച് ചേർന്ന യോഗത്തിൽ 12 വികസനമേഖലകളിലും 'കോർ' ഗ്രൂപ്പുകൾ രൂപീകരിക്കുകയും ഗ്രാമസഭാറിപ്പോർട്ടിൻെറയും ഡി.ആർ.പി മാർ ശേഖരിച്ച ദ്വതീയ സ്ഥിതിവിവരക്കണക്കുകളുടെയും അടിസ്ഥാനത്തിൽ വികസനറിപ്പോർട്ടിന് രൂപം നൽകാൻ പദ്ധതി തയ്യാറാക്കുകയും ചെയ്തു. വാർഡ് അംഗങ്ങളായിരുന്നു ഇത്തരം കോർ ഗ്രൂപ്പുകളുടെ കൺവീനർമാർ.

1996 ഒക്ടോബർ 29,30,31 തിയ്യതികളിൽ ജില്ലാ പരിശീലകർക്കുള്ള രണ്ടാം ഘട്ട പരിശീലനം ചെട്ടിപ്പടിയിൽ വെച്ച് നടന്നു. വികസന റിപ്പോർട്ടിൻെറയും പഞ്ചായത്ത്തല വികസന സെമിനാറിൻെറയു ം വിശദമായ വിവരങ്ങൾ ഡി.ആർ.പി മാർക്ക് മനസിലാക്കാൻ കഴിഞ്ഞത് ഈ രണ്ടാംഘട്ട പരിശീലനത്തിലാണ്. നവമ്പർ 4ന് പഞ്ചായത്തിതല ശിൽപ്പശാല തൃക്കുളം ജി.യു.പി.എസ് നോടു ചേർന്ന ബി.ആർ.സി സെൻററിൽ വെച്ചു നടന്നു.

വികസന റിപ്പോർട്ട് സമഗ്രമാക്കാനാവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിന് വേണ്ടി ഡി.ആർ.പി മാരും പഞ്ചായത്തിലെ ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ പ്രവർത്തകരും വാർഡ് അംഗങ്ങളും നവംബർ 1,2,5,6,7,.8 തിയ്യതികളിൽ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ പഠന പര്യടനം നടത്തുകയും, ഭൂപ്രകൃതി,ജലലഭ്യത, ഭൂവിനിയോഗം എന്നിവ സംബന്ധിച്ച വിവരങ്ങൾ നേരിട്ടു ശേഖരിക്കുകയും ചെയ്തു.

നവമ്പർ 8,9,10 തീയതികളിൽ വികസന റിപ്പോർട്ട് ക്രോഡീകരിക്കുകയും 11-ാം തിയ്യതി പഞ്ചായത്ത് ഭരണ സമിതി വികസന രേഖക്കു അംഗീകാരം നൽകുകയും ചെയ്തു.

സംസ്ഥാന ആസൂത്രണ ബോർഡിൻെറ നിർദ്ദേശങ്ങൾക്കനുസരിച്ച് സമയബന്ധിതമായാണ് തിരൂരങ്ങാടി ഗ്രാമപഞ്ചായത്ത് അതിൻെറ വികസനരേഖ തയ്യാറാക്കിയത്. ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായി വളരെ വലിയ ഉത്തരവാദിത്വമാണ് തിരൂരങ്ങാടി ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കാൻ പോകുന്നത്.

തിരൂരങ്ങാടി ഗ്രാമപഞ്ചായത്തിൻെറ സാംസ്കാരിക പാരമ്പര്യത്തിൽ നിന്നും മുൻകാല സേവകരുടെ സംഭാവനകളിൽ നിന്നും ഊർജ്ജവും പ്രചോദനവും ഉൾക്കൊണ്ട് ഏറ്റെടുത്ത ഉത്തരവാദിത്വം നിർവ്വഹിക്കാൻ നമുക്ക് പ്രതിജ്ഞയെടുക്കാം. തിരൂരങ്ങാടി ഗ്രാമ പഞ്ചായത്തിൻെറ വികസനരേഖ നാളെയുടെ ചരിത്ര യാഥാർത്ഥ്യമാക്കാനുള്ള മഹായജ്ഞത്തിൽ നമുക്ക് ഒറ്റക്കെട്ടായി മുന്നേറാം.

# പഞ്ചായത്ത് പൊതു വിവരണം

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | : തിരൂരങ്ങാടി ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജ് | : തിരൂരങ്ങാടി |
| ബ്ലോക്ക് പഞ്ചായത്ത് | : തിരൂരങ്ങാടി |
| ജില്ലാ പഞ്ചായത്ത് | : തിരൂരങ്ങാടി ഡിവിഷൻ |
| താലൂക്ക് | : തിരൂരങ്ങാടി |
| അസംബ്ലി മണ്ഡലം | : തിരൂരങ്ങാടി |
| പാർലമെന്റ് മണ്ഡലം | : പൊന്നാനി |
| വിസ്തീർണ്ണം | : 17.73 ച.കി.മീ |
| അതിരുകൾ | : വടക്ക് : കടലുണ്ടി പുഴ |
| | : തെക്ക് : നന്നമ്പ്ര, തെന്നല പഞ്ചായത്തുകൾ |
| | : കിഴക്ക്: കടലുണ്ടി പുഴ |
| | : പടിഞ്ഞാറ് : കടലുണ്ടി പുഴ |
| ജനസംഖ്യ (1991) | : 43645 |
| പുരുഷൻമാർ | : 20790 |
| സ്ത്രീകൾ | : 22855 |
| ജനസാന്ദ്രത | : 2,462 |
| സാക്ഷരതാ നിരക്ക് | : 70.3% |
| വാർഡുകൾ | : 15 |
| പ്രസിഡണ്ടിന്റെ പേര് | : ഉള്ളാട്ട് റസിയ |
| വൈസ് പ്രസിഡണ്ടിന്റെ പേര് | : |
| സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | : തടത്തിൽ മുഹമ്മദ് |

# 3

# സാമൂഹിക സാംസ്കാരിക ചരിത്രം

ദേശീയ ചരിത്രത്തിൽ ഉന്നതസ്ഥാനമാണ് തിരൂരങ്ങാടിക്കുള്ളത്. 1836 മുതൽ ഏറനാടു വള്ളുവനാട് താലൂക്കുകളിൽ ബ്രിട്ടീഷുകാരുടെ തെറ്റായ നയത്തിന്നെതിരിലും ബ്രിട്ടീഷു ഭരണാധികാരികളുടെ പാദസേവകരായിരുന്ന ഭൂപ്രഭുക്കൻമാർക്കെതിരിലും നടന്ന മാപ്പിള ലഹളകളിൽ ചിലതിനു ഈ ചരിത്രഭൂമിയുമായി ബന്ധമുണ്ട്. ടിപ്പുവിൻെറയും സാമൂതിരിയുടെയും കാലഘട്ടത്തെ ഓർമ്മിപ്പിക്കുന്ന റോഡുകളും കോട്ട കിടങ്ങുകളും ആരാധനാലയങ്ങളും പൗരാണിക ചരിത്രത്തിലേക്ക് വെളിച്ചം വീശുന്നു.

സാമൂതിരിയുടെ ഭരണ കാലത്ത് അറേബ്യയിലെ ഹളർമൗത്തിൽ നിന്നും കോഴിക്കോട്ടെത്തി സാമൂതിരി രാജാവിൻെറ ആതിഥ്യം സ്വീകരിച്ച പ്രസിദ്ധമത പണ്ഡിതൻമാർ സയ്യിദ് ശൈഖ് ജിഫ്രി, സയ്യിദ് ഹസ്സൻ ജിഫ്രി എന്നിവർക്ക് തിരൂരങ്ങാടിയുമായി അടുത്ത ബന്ധമാണുള്ളത്. അക്കാലത്തെ തിരൂരങ്ങാടി ഖാസിയായിരുന്ന ജമാലുദ്ദീൻ മഖ്ദൂമാണ് മമ്പുറം സയ്യിദ് അലവി തങ്ങളുടെ മാതുലനായിരുന്ന ഹസ്സൻ ജിഫ്രിയെ തിരൂരങ്ങാടിയിലേക്ക് കൊണ്ടു വന്നത്. മമ്പുറം മഖാം ശരീഫിൽ അന്ത്യവിശ്രമം കൊള്ളുന്ന സയ്യിദ് അലവി തങ്ങൾ തിരൂരങ്ങാടിയിൽ നിന്നു വിവാഹം കഴിച്ചിരുന്നു. ജാതിമതഭേദമന്യേ ജനങ്ങൾ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന മമ്പുറം തങ്ങൾ ഒരു കടുത്ത ബ്രിട്ടീഷു വിരോധിയായിരുന്നു. ബ്രിട്ടീഷുക്കാർക്കെതിരെ പോരാടാൻ സൈഫുൽബത്വാർ എന്ന അദ്ദേഹം രചിച്ച ഗ്രന്ഥം പ്രേരണ നൽകിയിരുന്നു. മമ്പുറം തങ്ങൾക്കു മുമ്പ് തിരൂരങ്ങാടിയിലെത്തി ബ്രിട്ടീഷു വിരുദ്ധ സമരങ്ങൾക്കു നേതൃത്വം നൽകിയ അറബിതങ്ങൾ തിരൂരങ്ങാടിയിലെ ചരിത്രപ്രസിദ്ധമായ നടുവിൽ ജമു അത്ത് പള്ളി അങ്കണത്തിൽ അന്ത്യ വിശ്രമം കൊള്ളുന്നു.

പ്രസിദ്ധമായ തൃക്കുളം ശിവക്ഷേത്രത്തിൻെറ കാലപ്പഴക്കം നിർണ്ണയിക്കാൻ ജോതിഷുകൾക്കു കൂടി കഴിഞ്ഞിട്ടില്ലെന്നാണ് പറയപ്പെടുന്നത്. ഇപ്പോൾ നിലവിലുള്ള ക്ഷേത്രത്തിനു തന്നെ ആയിരത്തോളം വർഷം പഴക്കം കണക്കാക്കിയിരിക്കുന്നു. ഈ ക്ഷേത്രം സ്വയംഭൂവാണെന്നാണ് ഐതീഹ്യം. തൃക്കുളം ശിവക്ഷേത്രത്തിൻെറ ഭരണച്ചുമതല സാമൂതിരി രാജവംശത്തിനാണ്. കക്കാട്ടുത്രിപുരാന്തക ക്ഷേത്രം ശ്രീ വല്ല്യാളക്കൽ ഭഗവതി ക്ഷേത്രം നാലുകണ്ടം ഭഗവതി ക്ഷേത്രം എന്നിവയും പൗരണികാരാധനാലയങ്ങളാണ്.

'1857നു ശേഷം സാമ്രാജ്യത്വത്തിന്നെതിരെ ധീരമായ മറ്റൊരദ്ധ്യായം സൃഷ്ടിച്ചതു മലബാർ കലാപമാണ്.' (ഡോ. കെ.എൻ കുറുപ്പ്) 'സാസ്കാരിക അസന്തുലിതാവസ്ഥയും സ്വാതന്ത്ര്യതൃഷ്ണയുമാണ് മലബാർ കലാപത്തിൻെറ അടിയൊഴുക്കുകൾ' (എം.എസ്. നായർ). 'ഇന്ത്യൻ ദേശീയതയുടെ വികാസപരിണാമങ്ങൾക്കിടയിലെ കരുത്തും സ്ഫോടകത്വവും വഹിക്കുന്ന ഒരു ബിന്ദുവാണ് 1921ലെ മലബാർ കലാപം.'

1921ലെ മലബാർ കലാപത്തിൻെറ സിരാകേന്ദ്രമായിരുന്നു തിരൂരങ്ങാടി. തിരൂരങ്ങാടിയിലെ ഖിലാഫത്ത് കമ്മിറ്റിയുടെ സെക്രട്ടറി കൊണ്ടച്ചൻ പറമ്പിൽ കുഞ്ഞിപോക്കർ ഹാജിയായിരുന്നു. എം.പി. നാരായണമേനോൻ, കെ. മാധവൻ നായർ, കട്ടിലശ്ശേരി മുഹമ്മദ് മൗലവി എന്നിവർ കുഞ്ഞിപോക്കർ ഹാജിയുടെ പുളിക്കൽ വീട്ടിലെത്തി കമ്മിറ്റി രൂപീകരണയോഗത്തിൽ പങ്കെടുത്തിരുന്നു. കലാപകാലത്ത് തിരൂരങ്ങാടിയിലെ സമരത്തിൻെറ നേതൃത്വം ഏറ്റെടുത്തത് മലബാറിൻെറ സമർഖന്ത് ആയിരുന്ന തിരൂരങ്ങാടി നടുവിൽ

ജുമുഅത്ത് പള്ളിയിലെ മുദരിസ് ആയിരുന്ന മഞ്ചേരി നെല്ലിക്കുത്തു സ്വദേശി എലിക്കുത്തു പാലത്ത് മൂലയിൽ ആലിമുസ്ല്യാരായിരുന്നു.14 വർഷക്കാലം തീരൂരങ്ങാടി കിഴക്കെ പള്ളിയിലും മുദരിസ്സായിരുന്നു അദ്ദേഹം. ചരിത്രപ്രസിദ്ധമായ തിരൂരങ്ങാടി വലിയ ജുമു അത്തി പള്ളി പരിസരത്തു നടന്ന ഘോരയുദ്ധത്തിന് ശേഷം മുസ്ല്യാരും അനുയായികളും ബ്രിട്ടീഷ് പട്ടാളത്തിന് കീഴടങ്ങുകയാണ് ചെയ്തത്. പ്രസ്തുത സമരത്തിനി ടക്കാണ് മുസ്ല്യാരുടെ വിശ്വസ്ത അനുയായി കാരാടൻ മൊയ്തീൻ സാഹിബ് രക്തസാക്ഷിത്വം വഹിച്ചത്. ബ്രിട്ടീഷ് ചക്രവർത്തിക്കെതിരെ യുദ്ധം ചെയ്തതിന് ആലി മുസ്ല്യാരടക്കം വധശിക്ഷക്ക് വിധിക്കപ്പെട്ടവരായിരുന്നു തിരൂരങ്ങാടി സ്വദേശികളായ ഉരുണിയൻ അഹമ്മദ് കൂളിപ്പിലാക്കൽഹസൻകുട്ടി കൊക്കപ്പറമ്പൻ രായിൻ, പട്ടാളത്തിൽ കുട്ടശ്ശേരി അഹമ്മദ്, ചെമ്പമൊയ്തീൻ, ചെരിച്ചിയിൽ കുഞ്ഞിപോക്കർ, ചേലൂപ്പാടൻ മൊയ്തീൻ, വരമ്പനാലുങ്ങൽ മൊയ്തീൻ, കൊളക്കാടൻ കുഞ്ഞാലൻകുട്ടി തുടങ്ങിയവർ. ആലി മുസ്ല്യാരും അനുയായികളും കോയമ്പത്തൂരിലെ ശുക്രാം പള്ളി ഖബർസ്ഥാനിൽ അന്ത്യവിശ്രമം കൊള്ളുന്നു. കലാപത്തെ തുടർന്ന് തൂക്കിലേറ്റപ്പെടുകയോ, കലാപത്തെ ജീവരക്തം കൊണ്ട് നിറം പിടിപ്പിക്കുകയോ നാടു കടത്തപ്പെടുകയോ ചെയ്തവർ ആയിരങ്ങളാണ്. 1921 ആഗസ്ത് 20ന് നടന്ന സമരത്തിൽ കൊല്ലപ്പെട്ട റൗളിയുടെ ശവക്കല്ലറ തിരൂരങ്ങാടി താലൂക്ക് ഓഫീസിൻെറ മുമ്പിലും, ആഗസ്ത് 30ന് നടന്ന സമരത്തിൽ കൊല്ലപ്പെട്ട വില്യമിൻെറ ശവക്കല്ലറ തിരൂരങ്ങാടി പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൻെറ പരിസരത്തും സ്ഥിതിചെയ്യുന്നു.

കലാപകാലത്ത് സമാധാന ദൂതുമായി തിരൂരങ്ങാടിയിലെത്തിയ കെ.പി. കേശവമേനോൻ, മുഹമ്മദ് അബ്ദു റഹിമാൻ സാഹിബ്, ഇ. മൊയ്തുമൗലവി തുടങ്ങിയ നേതാക്കൾ ഇവരുടെ അനുഭവകഥകൾ വർഷങ്ങൾക്കു ശേഷം തിരൂരങ്ങാടിയിൽ വന്ന് വിവരിച്ചിട്ടുണ്ട്. പ്രശസ്ത ചരിത്രകാരനായിരുന്ന പി.എ. സെയ്തു മുഹമ്മദിൻെറയും മാപ്പിള കവി ടി. ഉബൈദ്, എം.കെ. ഹാജി തുടങ്ങിയവരുടെയും നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട മാപ്പിള സാഹിത്യ സെമിനാറിൽ സംബന്ധിച്ച് പ്രസംഗിച്ച കെ.പി. കേശവമേനോൻ തൻെറ അനുഭവങ്ങൾ അയവിറക്കുകയുണ്ടായി. 1981ൽ തിരൂരങ്ങാടിയിലെ പ്രമുഖ കോൺഗ്രസ് നേതാവായിരുന്ന സി.പി മുഹമ്മദ് ഹാജിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട മലബാർ കലാപത്തിൻെറ 60-ാം വാർഷിക സമ്മേളനം ഉൽഘാടനം ചെയ്തത് ജനാബ് സി.എച്ച്. മുഹമ്മദ് കോയ സാഹിബായിരുന്നു.ഇതിൽ മുഖ്യാതിഥിയായി ജനാബ്. ഇ. മൊയ്തു മൗലവി പങ്കെടുത്തിരുന്നു. കേരളത്തിലെ മുസ്ലിം നവോത്ഥാന പ്രവർത്തനങ്ങൾക്ക് നായകത്വം വഹിച്ച കെ.എം മൗലവി സാഹിബിനെ ബ്രിട്ടീഷ് പട്ടാളം തൂക്കിക്കൊല്ലാൻ വിധിച്ചിരുന്നു. ഖിലാഫത്ത് കോൺഗ്രസ് കമ്മിറ്റിയുടെ ആദ്യകാലനേതാവായിരുന്ന കെ.എം മൗലവി സാഹിബ് മലബാർ ജില്ലാ മുസ്ലിം ലീഗിൻെറ വൈസ്പ്രസിഡണ്ട് സ്ഥാനവും അലങ്കരിച്ചിട്ടുണ്ട്.

നൂറ്റാണ്ടുകളുടെ രാഷ്ട്രീയ-സാംസ്കാരിക പാരമ്പര്യമുള്ള തിരൂരങ്ങാടി, കേരളത്തിലെ പ്രമുഖ വിദ്യാഭ്യാസ കേന്ദ്രവും കൂടിയാണ്. 1906ൽ തിരൂരങ്ങാടിയിൽ ആരംഭിച്ച ബോർഡ് മാപ്പിള എലിമെൻററി സ്കൂളാണ്. ഈ പ്രദേശത്ത് പ്രൈമറി വിദ്യാഭ്യാസത്തിന് വിത്ത് പാകിയത്. ബോർഡ് മാപ്പിള ഹയർ എലിമെൻററി സ്കൂളായി ഉയർന്ന പ്രസ്തുത സ്ഥാപനം കേരള പിറവിക്ക് ശേഷം തിരൂരങ്ങാടി ഗവൺമെൻറ് ഹൈസ്കൂളായി ഉയർന്നു. 1957ൽ കേരള മുഖ്യമന്ത്രിയായിരുന്ന സ.ഇ.എം. ശങ്കരനമ്പൂതിരിപ്പാടാണ് സ്കൂളിൻെറ ഉൽഘാടനം നിർവഹിച്ചത്. 1921ലെ മലബാർ കലാപത്തിന് ശേഷം പ്രാഥമിക വിദ്യാഭ്യാസം നിർബന്ധമാക്കി. 1924ൽ തിരൂരങ്ങാടി താഴെചിനയിൽ ആരംഭിച്ച ഫസ്റ്റ് കമ്പൽസറി സ്കൂളും (ഇന്നത്തെ ജി.എം.എൽ.പി) കരിമ്പിൽ പുറായിലെ സെക്കൻറ് കമ്പൽസറി സ്കൂളും (ഈ സ്ഥാപനം ഇന്നു നിലവിലില്ല) നിർബന്ധ സൗജന്യ വിദ്യാഭ്യാസം നൽകിയിരുന്നു. കുട്ടികളെ സ്കൂളിലയക്കാത്ത രക്ഷിതാക്കളെ അക്കാലത്ത് കോടതിയിൽ ഹാജരാക്കിയിരുന്നു.

കേരളത്തിൽ അറബി ഭാഷയുടെ വളർച്ചയിലും അറബി മലയാളം ലിപിയുടെ ആവിർഭാവത്തിലും മലബാറിലെ മദ്രസ്സാ പ്രസ്ഥാനത്തിനും ഈ മണ്ണിന് പ്രഥമസ്ഥാനമാണുള്ളത്. കേരളത്തിലെ മുസ്ലിം നവോത്ഥാന നായകൻമാരിൽ പ്രമുഖനായിരുന്ന മൗലാനാ ചാലിലക്കത്ത് കുഞ്ഞഹമ്മദ് ഹാജിയുടെ സേവനം അനുസ്മരണീയമാണ്. മലബാറിലെ ആദ്യത്തെ അറബി അച്ചുക്കൂടം 1883 ൽ തിരൂരങ്ങാടിയിലാണ് സ്ഥാപിക്കപ്പെട്ടത്. ആമിറുൽ ഇസ്ലാം ലിത്തോ പവർ പ്രസ്സിൻെറ വളർച്ച (സി.എച്ച് മുഹമ്മദ് ആൻറ് സൺസ്) അവിടെ നിന്നാണ് ആരംഭിക്കുന്നത്.

തിരൂരങ്ങാടിയിലെ പള്ളികൾ പ്രസിദ്ധ മതപഠന കേന്ദ്രങ്ങളായിരുന്നു. 1937ൽ ചിനക്കൽ പള്ളിയിൽ ആരംഭിച്ച ദർസ്, നടുവിൽ ജുമു അത്ത് പള്ളി, ചരിത്ര പ്രസിദ്ധമായ തിരൂരങ്ങാടി വലിയ ജുമു അത്ത് പള്ളി, ആലി മുസ്ല്യാർ ദർസ് നടത്തിയിരുന്ന കിഴക്കേ പള്ളി എന്നിവ പ്രസിദ്ധ മതപണ്ഡിതൻമാരെ സംഭാവന ചെയ്തിട്ടുണ്ട്. തിരൂരങ്ങാടി നടുവിലെ പള്ളിയിൽ ആദ്യമായി ദർസ് നടത്തിയത് ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജിയുടെ പിതാവ് ചാലിലകത്ത് ഇബ്രാഹിം എന്ന കുഞ്ഞായി ഹാജിയായിരുന്നു.

തിരൂരങ്ങാടി, തൃക്കുളം വില്ലേജുകൾ ചേർന്നാണ് 1962 ജനുവരി ഒന്നിന് തിരൂരങ്ങാടി പഞ്ചായത്ത് ബോർഡ് നിലവിൽ വന്നത്. 1954 മുതൽ 1958 വരെ നിലനിന്നിരുന്ന തിരൂരങ്ങാടി തൃക്കുളം പഞ്ചായത്ത് ബോർഡിലേക്ക് അംഗങ്ങളെ കൈപൊക്കിയായിരുന്നു തെരഞ്ഞെടുത്തിരുന്നത്.

ഓരോ വാർഡിൽ നിന്നും മൽസരിക്കുന്ന സ്ഥാനാർത്ഥികളെ മേശമേൽ കയറ്റിനിർത്തി കൈപൊക്കി തെരഞ്ഞെടുക്കുകയായിരുന്നു അന്നത്തെ രീതി. പഞ്ചായത്ത് പ്രസിഡൻറിനെയും ജനങ്ങൾ നേരിട്ടാണ് തെരഞ്ഞെടുത്തിരുന്നത്. ശ്രീ. കെ.യു. കുഞ്ചപ്പനായർ പ്രസിഡൻറായുള്ള തൃക്കുളം പഞ്ചായത്ത് ബോർഡിൽ ചപ്പങ്ങത്തിൽ കുഞ്ഞഹമ്മദ് വെള്ളാനവളപ്പിൽ കുഞ്ഞഹമ്മദ്, തേനത്ത് കുഞ്ഞുമുഹമ്മദ് ഹാജി, പി.എൻ. ശ്രീധരൻ നായർ, കല്ലുപറമ്പ മൊയ്തീൻ, ചപ്പങ്ങത്തിൽ അഹമ്മദ് ഹാജി, ചപ്പങ്ങത്തിൽ ചേവി എന്നിവർ അംഗങ്ങളായിരുന്നു. 1954ലെ തിരൂരങ്ങാടി വില്ലേജ് പഞ്ചായത്തിൻെറ ആദ്യത്തെ പ്രസിഡൻറ് കെ.ടി. മുഹമ്മദ് ഹാജി (അധികാരി)യായിരുന്നു. പിന്നീട് കാരാടൻ അഹമ്മദ് കുട്ടി ഹാജി പ്രസിഡൻറും,കൊളക്കാടൻ കുഞ്ഞാലൻ ഹാജി , പൊറ്റയിൽ മുഹമ്മദ്, ആർ.കെ. ഗോപാലൻ നായർ, കുതിരവട്ടത്ത് അഹമ്മദ് കുട്ടി, കെ.എം. മൊയ്തീൻ ഹാജി, ഉരുണിയൻ മുഹമ്മദ്, ചെറാട്ടുപടിക്കൽ അയ്യപ്പൻ എന്നിവർ അംഗങ്ങളും ആയിരുന്നു. 1958ൽ കാലാവധി അവസാനിച്ച തിരൂരങ്ങാടി തൃക്കുളം പഞ്ചായത്തുകളുടെ ഭരണം സ്പെഷൽ ഓഫീസർ ഏറ്റെടുത്തു. 1963 ഡിസംബർ ഇരുപതിന് തൃക്കുളം തിരൂരങ്ങാടി വില്ലേജുകൾ ഉൾക്കൊള്ളുന്ന തിരൂർങ്ങാടി പഞ്ചായത്തിൻെറ പ്രസിഡൻറായി കെ.പി. അഹമ്മദു കുട്ടി ഹാജിയും, വൈസ് പ്രസിഡണ്ടായി പൂങ്ങാടൻ അബ്ദുറഹിമാൻ ഹാജിയും (കക്കാട്) തെരഞ്ഞെടുക്കപ്പെട്ടു. എം.എൻ. അബദുൽഖാദർ ഹാജി, എം.പി. അബ്ദുറഹിമാൻ കുട്ടി, പി.എം. കോയക്കുട്ടി തങ്ങൾ, കെ.ടി.വി മൂസക്കുട്ടി, കെ.കെ.സി മുഹമ്മദ് ഹാജി, മനരിക്കൽ അബുഹാജി, എം.പി. കുഞ്ഞിമ്മു എന്നിവർ അംഗങ്ങളായിരുന്നു. സി.എച്ച് കുഞ്ഞായിശയാണ് നാമനിർദ്ദേശം ചെയ്യപ്പെട്ട ആദ്യ വനിതാ മെമ്പർ. പി.എം. കോയക്കുട്ടി തങ്ങളുടെ നിര്യാണത്തിന് ശേഷം വി.കെ. ഏന്തീൻകുട്ടി മെമ്പറായി തെരഞ്ഞെടുക്കപ്പെട്ടു. 1974 ഏപ്രിൽ ഇരുപതിന് പൂങ്ങാടൻ അബ്ദു റഹിമാൻ ഹാജിയെ പ്രസിഡൻറായും ഏപ്രിൽ മുപ്പതിന് എം.എൻ അബദുൾ ഖാദർ ഹാജിയെ വൈസ് പ്രസിഡൻറായും തെരഞ്ഞടുത്തു. 1964 ജനുവരി ഒന്ന് മുതൽ അധികാരത്തിൽ വന്ന ബോർഡ് പതിനഞ്ച് വർഷത്തിലധികം അധികാരത്തിൽ തുടർന്നു. ബോർഡിൻെറ അവസാനവർഷത്തിൽ എം.എൻ അബ്ദുൽ ഹാജിയായിരുന്നു പ്രസിഡൻറ്. 1980 ജനുവരി 5ന് പൂങ്ങാടൻ അഹമ്മദ് കോയ പ്രസിഡൻറും കല്ലുങ്ങൽ കുഞ്ഞലവി ഹാജി വൈസ് പ്രസിഡൻറും ആയി പുതിയ ബോർഡ് അധികാരത്തിൽ വന്നു. പി.കെ. പാത്തുമ്മ, കെ.ടി വേലായുധൻ, സി. ഖാദർകുട്ടി ഹാജി, അരിമ്പ്ര മുഹമ്മദ്, തയ്യിൽ കുഞ്ഞാലൻകുട്ടി, എം.പി. കുഞ്ഞലവി, മലയംപള്ളി കുഞ്ഞിമുഹമ്മദ് എന്നിവർ അംഗങ്ങളായിരുന്നു. തുടർന്ന് താലൂക്ക് പഞ്ചായത്ത് ഓഫീസർ എസ്. കൃഷ്ണൻ നായർ സ്പെഷൽ ഓഫീസറായി ബോർഡിൻെറ ചുമതല ഏറ്റെടുത്തു. 1988 ഫെബ്രുവരി 8ന് എം.എൻ. അബ്ദുൾ ഖാദർ ഹാജി പ്രസിഡൻറും, അരിമ്പ്ര മുഹമ്മദ് മാസ്റ്റർ വൈസ് പ്രസിഡൻറുമായി തെരഞ്ഞെടുക്കപ്പെട്ടു. എം.പി. കുഞ്ഞലവി, കെ.കെ. അബ്ദുറഹിമാൻ മാസ്റ്റർ, എ.കെ. കണ്ണൻകുട്ടി, എം.എൻ. കുഞ്ഞിമുഹമ്മദ് ഹാജി, കെ.പി. അബൂബക്കർ, എം മുഹമ്മദ്കുട്ടി മുൻഷി, എ.കെ. അബ്ദു റഹീം, കെ.പി. മുഹമ്മദാജി, കെ. അബ്ദു റഹിമാൻ എന്ന കുഞ്ഞൻ ഹാജി, കെ.പി. ആമിനക്കുട്ടി, എം.പി ഫാത്തിമ ടീച്ചർ എന്നിവരായിരുന്നു മറ്റു അംഗങ്ങൾ. പുതിയ ബോർഡ് 30-9-95 വരെ അധികാരത്തിൽ തുടർന്നു.

കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ ആദ്യയോഗം 30-10-95ന് ഒന്നാം വാർഡ് മെമ്പർ എം. മുഹമ്മദ് കുട്ടി മുൻഷിയുടെ അധ്യക്ഷതയിൽ ചേർന്നു സത്യപ്രതിജ്ഞ ചെയ്തു. 1995 ഒക്ടോബർ 4ന് ശ്രീമതി. ഉള്ളാട്ട് റസിയ പ്രസിഡൻറും, തടത്തിൽ മുഹമ്മദ് വൈസ് പ്രസിഡൻറുമായി തെരഞ്ഞടുക്കപ്പെട്ടു. എൻ.കെ. ശാരദ, എം. മുഹമ്മദ് കുട്ടി മുൻഷി. കെ.കെ. അബ്ദു റഹിമാൻ മാസ്റ്റർ, വി.പി. ശങ്കരൻ, എം.എൻ. ഹുസൈൻ, സി.പി. മുഹമ്മദ്കുട്ടി, കെ. അബ്ദുറഹിമാൻ ഹാജി, റ്റി.കെ. റംല, എം. കുഞ്ഞിരുകുട്ടി ടീച്ചർ, സി.പി. ഹബീബ, കരിപറമ്പത്ത് അഹമ്മദ്, എ.കെ. അബ്ദു റഹീം, പാറക്കൽ മമ്മുദു എന്നിവരാണ് നിലവിലുള്ള ബോർഡംഗങ്ങൾ.

മതഭൗതിക വിദ്യാഭ്യാസത്തിൻെറ പ്രധാന കേന്ദ്രമായി വളർന്ന തിരൂരങ്ങാടി നിരവധി പണ്ഡിതൻമാരെ സംഭാവന ചെയ്തിട്ടുണ്ട്. മൗല്യാരുപ്പാപ്പ എന്ന പേരിലറിയപ്പെട്ടിരുന്ന കോടഞ്ചേരി അഹമ്മദ്കുട്ടി മുസ്ല്യാർ അക്കൂട്ടത്തിൽ പ്രമുഖനാണ്. മദ്രസ്സാ പ്രസ്ഥാനത്തിൻെറ വളർച്ചയിൽ കെ. മൂസാൻകുട്ടി ഹാജി വഹിച്ച പങ്ക് വിസ്മരിക്കാവുന്നതല്ല. അദ്ദേഹത്തിൻെറ പിതാവ് അബ്ദുൾ ഖാദർ മുസ്ല്യാരും പ്രസിദ്ധ പണ്ഡിതനായിരുന്നു. 1943 ഡിസംബർ 11നാണ് തിരൂരങ്ങാടി യത്തീംഖാനയുടെ ഉൽഘാടനം സയ്യിദ് അബ്ദുറഹിമാൻ ബാഫഖി തങ്ങൾ നിർവഹിച്ചത്. പണ്ഡിതനായ കെ.എം മൗലവി സാഹിബിൻെറയും, കർമധീരനായ എം.കെ. ഹാജി സാഹിബിൻെറയും പരിശ്രമ ഫലമായി വളർന്നു പന്തലിച്ച മുസ്ലിം ഓർഫനേജ് കമ്മിറ്റിയുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ തിരൂരങ്ങാടിക്ക് വിദ്യാഭ്യാസ മേഖലയിൽ ഉന്നത സ്ഥാനമാണ് നേടിക്കൊടുത്തത്. 1967ൽ മുഹമ്മദ് ഇസ്മായിൽ സാഹിബ് വാളക്കുളത്ത് തറക്കല്ലിടുകയും പിന്നീട് തിരൂരങ്ങാടിയിലേക്ക് മാറ്റുകയും ചെയ്ത പോക്കർ സാഹിബ് മെമ്മോറിയൽ ഓർഫനേജ് കോളേജ് കേരളത്തിലെ ഉന്നത കലാലയങ്ങളിൽ ഒന്നായി വളർന്നുകഴിഞ്ഞു. 1955 ലാരംഭിച്ച ഓറിയൻറൽ അറബിക് ഹൈസ്കൂൾ യത്തീം ഖാന സ്ഥാപനങ്ങളിലൊന്നാണ്.

പിന്നോക്ക പ്രദേശമായ തിരൂരങ്ങാടിയിലെ വെള്ളിനക്കാടിനെ ദേശീയ തലത്തിലേക്ക് ഉയർത്തിയ

ദേശീയ യുവജന അവാർഡ് ജേതാവ് വെള്ളിനക്കാടിൻെറ അക്ഷരപുത്രി കരിവേപ്പിൽ റാബിയ തിരൂരങ്ങാടിയുടെ അഭിമാനമാണ്. 1989ൽ അധ്യാപകർക്കുള്ള ദേശീയ അവാർഡു നേടിയ തൃക്കുളം ഗവ.യു.പി. സ്കൂൾ ഹെഡ്മാസ്റ്റർലവ. ഉസ്മാൻ മാസ്റ്റർ, സംസ്ഥാന അവാർഡു നേടിയ കെ.വീരാൻകുട്ടി മാസ്റ്റർ പാണക്കാട് ദാറുൽ ഉലൂം ഹൈസ്കൂൾ ഹെഡ്മാസ്റ്റർ അരീമ്പ്ര മുഹമ്മദ് മാസ്റ്റർ എന്നിവരും തിരൂരങ്ങാടിയുടെ വിദ്യാഭ്യാസ വളർച്ചക്ക് സംഭാവന അർപ്പിച്ചിട്ടുണ്ട്.

1949ൽ ചെമ്മാട്ട് ഖാൻ ബഹദൂർ ആറ്റക്കോയ തങ്ങൾ സംഭാവന ചെയ്ത സ്ഥലത്ത് ആരംഭിച്ച മഹാത്മാ ഗാന്ധി ലൈബ്രറിയുടെ ഉദ്ഘാടനം കോഴിപ്പുറത്ത് മാധവമേനോനായിരുന്നു നിർവഹിച്ചത്. പിന്നീട് ലോക്കൽ ലൈബ്രറി അതോറിറ്റി ഏറ്റെടുത്ത ഈ ഗ്രന്ഥാലയമാണ് തിരൂരങ്ങാടിയിലെ ഏറ്റവും പഴക്കം ചെന്ന ലൈബ്രറി. തിരൂരങ്ങാടി യംഗ് മെൻസ് ലൈബ്രറി ആൻറ് റീഡിംഗ് റൂം ചെമ്മാട്ട് സീതി സാഹിബ് സ്മാരക ലൈബ്രറി കരിമ്പിൽ നാഷണൽ ലൈബ്രറി കക്കാട്ട് ലൈബ്രറി എന്നിവ കേരള ഗ്രന്ഥശാലാ സംഘത്തിൻെറ അംഗീകാരമുള്ള തിരൂരങ്ങാടിയിലെ ഗ്രന്ഥാലയങ്ങളാണ്. മാപ്പിള സാഹിത്യത്തിൻെറ വളർച്ചക്ക് സംഭാവനകളർപ്പിച്ച പ്രസിദ്ധ മാപ്പിള കവി കെ.ടി. മുഹമ്മദ്, പ്രസിദ്ധ മാപ്പിള ഗായകരായിരുന്ന എ.വി.മുഹമ്മദ് , കെ.ടി മുഹമ്മദ്കുട്ടി എന്നിവരും നമ്മുടെ നാട്ടിൻെറ സാംസ്കാരിക വളർച്ചക്ക് സംഭാവനകളർപ്പിച്ചിട്ടുണ്ട്.

തിരൂരങ്ങാടിയിലെ പഴയ ആഴ്ച ചന്ത ഇന്ന് ഒരു ഓർമ്മ മാത്രമാണ്. ചന്തയിലെ ജനത്തിരക്കിൻെറയും വിലപേശലിൻേറയും ആരവം നാഴികകൾക്കപ്പുറം കേൾക്കാമായിരുന്നുവെന്നാണ് പ്രായം ചെന്നവർ പറയുന്നത്. പഴയ ആഴ്ച ചന്തയിലാണ് 1921ലെ മലബാർകലാപരക്തസാക്ഷി സ്മാരകമായ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ സ്ഥിതി ചെയ്യുന്നത്. ത്വരിത ഗതിയിൽ വളർന്നുകൊണ്ടിരിക്കുന്ന ചെമ്മാട് ടൗണിൻെറ വളർച്ചയിൽ ഗൾഫ് മലയാളികളുടെ സഹായവും സഹകരണവും പ്രത്യേകം സ്മരിക്കേണ്ടതുണ്ട്. ചെമ്മാടിൻെറ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന പഴയ ഹജൂർ കച്ചേരി കെട്ടിടത്തിലാണ് തിരൂരങ്ങാടി താലൂക്ക് ഓഫീസ് പ്രവർത്തിച്ചു വരുന്നത്. തിരൂരങ്ങാടി നിയോജകമണ്ഡലത്തെ കാൽ നൂറ്റാണ്ടു കാലം പ്രതിനിധീകരിച്ച ജനാബ് അവുക്കാദർ കുട്ടി നഹ സാഹിബിൻെറയും, സി.പി കുഞ്ഞാലിക്കുട്ടികേയി സാഹിബിൻെറയും സ്വപനം പൂവണിഞ്ഞ ആ ചരിത്രമുഹൂർത്തം - തിരൂരങ്ങാടി താലൂക്ക് 1995 നവംബർ 1ന് നിലവിൽ വന്നു. ജനാബ്. പി.കെ. കുഞ്ഞാലിക്കുട്ടി സാഹിബിൻെറ അധ്യക്ഷതയിൽ നടന്ന മഹാസമ്മേളനത്തിൽ വെച്ച് തിരൂരങ്ങാടി നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച കേരള മുഖ്യമന്ത്രി ശ്രീ. എ.കെ. ആൻറണി താലൂക്കിൻെറ ഔപചാരികമായ ഉൽഘാടനം നിർവഹിച്ചു.

തിരൂരങ്ങാടിയുടെ സാമൂഹിക,സാംസ്കാരിക ചരിത്രവുമായി ബന്ധപ്പെട്ട വ്യക്തികളും, സംഘടനകളും നിരവധിയാണ്. കപ്രാട്ടു തറവാടും, എട്ടുവീട്ടിൽ കുടുംബവും ജിഫ്രി, ഹിബിഷി കുടുംബങ്ങളും തിരൂരങ്ങാടിയുടെ ചരിത്രത്തിൻെറ ഭാഗമാണ്. പാരമ്പര്യ ചികിൽസാരംഗത്തു പ്രസിദ്ധരായിരുന്ന ഉള്ളാട്ട് കുഞ്ഞാലൻകുട്ടി വൈദ്യരും ,തടത്തിൽ കുഞ്ഞഹമ്മദ് വൈദ്യരും, താമുവൈദ്യരും വിഷചികിൽസയിൽ പ്രസിദ്ധനായിരുന്ന കുഞ്ചപ്പനായരും, തിരൂരങ്ങാടിയുടെ സംഭാവനയാണ്. കവുങ്ങും തോട്ടത്തിൽ മൂസക്കുട്ടി അധികാരിയും, ഖുത്തുബി മുഹമ്മദ് മുസ്ല്യാരുടെ സഹോദരൻ കുഞ്ഞാനു മുസ്ല്യാരും (പന്താരങ്ങാടി) സ്മരിക്കേണ്ടവരിൽ ഉൾപ്പെടുന്നു. തിരൂരങ്ങാടിയെ ചരിത്രപ്രസിദ്ധമാക്കിയ മലബാർ കലാപത്തിൻെറ 75-ാം വാർഷികം 1996 ആഗസ്ത് അവസാന വാരത്തിൽ തദ്ദേശ സ്വയം ഭരണ വകുപ്പു മന്ത്രി പാലോളി മുഹമ്മദ് കുട്ടി ഉദ്ഘാടനം ചെയ്തു. മണ്ഡലം എം.എൽ.എ കെ.കുട്ടി. അഹമ്മദ് കുട്ടി ചെയർമാനും ജനാബ് കാരാടൻ മുഹമ്മദ് ഹാജി കൺവീനറുമായ കമ്മറ്റിയാണ് ദേശീയ സമരത്തിൻെറ അവിസ്മരണീയ അധ്യായങ്ങൾ പുതിയ തലമുറയെ പരിചയപ്പെടുത്താൻ പര്യാപ്തമായ പരിപാടികൾ സംഘടിപ്പിച്ചത്.





# 4

# ഭൂപ്രകൃതി ജനപ്രകൃതി ജലപ്രകൃതി

പശ്ചിമഘട്ടത്തിലെ ആനമുടിയിൽ നിന്നുൽഭവിക്കുന്ന കടലുണ്ടിപ്പുഴയാണ് തിരൂരങ്ങാടി പഞ്ചായത്തിൻെറ മൂന്നതിരുകൾ പഞ്ചായത്തിൻെറ കിഴക്കും, വടക്കും, പടിഞ്ഞാറും ഭാഗങ്ങൾ കടലുണ്ടി പുഴ വലയം ചെയ്യുന്നു. മൂന്ന് അതിരുകളിലും സമീപ പഞ്ചായത്തുകളുമായി ബന്ധിപ്പിക്കുന്ന പാലങ്ങൾ ഉണ്ട്. കിഴക്ക് വേങ്ങര പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന തേർക്കയം പാലവും വടക്ക് വേങ്ങര പഞ്ചായത്തുമായി തന്നെ ബന്ധിപ്പിക്കുന്ന പനമ്പുഴ പാലവും, (എൻ.എച്ച്), മൂന്നിയൂർ പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന പാറക്കടവ് പാലം എന്നിവയും പടിഞ്ഞാറ് പരപ്പനങ്ങാടി പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന കീരനെല്ലൂർ പാലവും സ്ഥിതിചെയ്യുന്നു. തെക്ക് തെന്നല പഞ്ചായത്തും തെക്ക് പടിഞ്ഞാറായി നന്നമ്പ്ര പഞ്ചായത്തുമാണ് മറ്റു അതിരുകൾ.

മലപ്പുറം ജില്ലയിലെ വടക്കു പടിഞ്ഞാറ് ഭാഗത്താണ് തിരൂരങ്ങാടി പഞ്ചായത്ത്. പഞ്ചായത്തിൻെറ ആകെ വിസ്തൃതി 17.73 ച.കി.മീ ആണ്. ഭൂപ്രകൃതിയനുസരിച്ച് തിരൂരങ്ങാടിയെ അഞ്ചു മേഖലകളായി തിരിക്കാം.

1. ഉയർന്ന പ്രദേശം
2. ചെറു ചെരിവ്
3. ഇടത്തരം ചെരിവ്
4. സമതലം
5. ചതുപ്പുനിലം

## ജനപ്രകൃതി

1991ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 43,645 ആയിരുന്നു. ഇതിൽ 20,790 പുരുഷൻമാരും 22855 സ്ത്രീകളുമാണ്. പുരഷൻമാരെ അപേക്ഷിച്ച് 2065 സ്ത്രീകൾ കൂടുതലാണ്. ആകെ വീടുകൾ6019 ആണ്. അതായത് ശരാശരി വീടൊന്നിന് 7.25 ആളുകൾ വീതമുണ്ട്. ജനസാന്ദ്രത ച.കി.മീ ന് 2463 ആണ്. ആറു വയസ്സിനു താഴെയുള്ള കുട്ടികളുടെ എണ്ണം 8753 ആണ്. ഇതിൽ ആൺകുട്ടികൾ 4453 ഉം പെൺകുട്ടികൾ 4300 ഉം ആണ്. പട്ടികജാതി ജനസംഖ്യ 1231 ആണ്. അതിൽ 596 പുരുഷൻമാരും 635 സ്ത്രീകളുമാണ്. ആകെ ജനങ്ങളിൽ 30670 പേർ സാക്ഷരരാണ്. ഇതിൽ 15,346 പുരുഷൻമാരും 15,324 സ്ത്രീകളുമാണ്.

സാമൂഹ്യ സാമ്പത്തിക സർവ്വെ നടത്തിയിട്ടില്ലാത്തത്കൊണ്ട് 1991 നു ശേഷം ജനസംഖ്യയിൽ വന്ന കൃത്യമായ വ്യത്യാസം ലഭിച്ചിട്ടില്ല.

| വിസ്തൃതി | ആകെ വീടുകൾ | ജനസംഖ്യ | | വയസ്സ് 0-6 | | എസ്.സി | | എസ്.ടി | | സാക്ഷരർ | |
|---|---|---|---|---|---|---|---|---|---|---|---|
| | | പു. | സ്ത്രീ | പു. | സ്ത്രീ | പു. | സ്ത്രീ | പു | സ്ത്രീ | പു. | സ്ത്രീ |
| 17.73 ച.കി.മീ | 6019 | 20790 | 22855 | 4453 | 4300 | 596 | 635 | 1 | 2 | 15346 | 15324 |

## ജലപ്രകൃതി

വർഷത്തിൽ ശരാശരി 291 സെ.മി മഴ ലഭിക്കുന്നുണ്ട്. ജൂൺ-ജൂലൈ മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. ഈ കാലയളവിൽ കാരയിൽ, വെഞ്ചാലി, കണ്ണാടിത്തടം, മാനിപ്പാടം, വെള്ളിനക്കാട് തുടങ്ങിയ സ്ഥലങ്ങളിൽ രൂക്ഷമായ വെള്ളപ്പൊക്കം മൂലം ആളുകളെ മാറ്റി താമസിപ്പിക്കാറുണ്ട്. പഞ്ചായത്തിൻെറ മൂന്നതിരുകളും പുഴയാണെങ്കിലും ഭൂമിയുടെ കിടപ്പ് പുഴയുടെ ഭാഗത്തേക്ക് ചരിഞ്ഞായത് കൊണ്ട് പെയ്യുന്ന മഴ നേരെ പുഴയിലെത്തുന്നു. കാർഷികാവശ്യത്തിനു നിർമ്മിച്ച കൃതിമതോടുകൾ മാത്രമാണ് പഞ്ചായത്തിലുള്ളത്. കുളങ്ങളും കുറവാണ്. പകുതിയിലധികം ഭാഗത്ത് ഏപ്രിൽ,മെയ് മാസങ്ങളിൽ അതി രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നു. ഈ ഭാഗങ്ങളിൽ മിക്കതും കുന്നുകളും ചെറിയ ചെരിവോടുകൂടിയതുമായ പ്രദേശങ്ങളാണ്.


N
S
സമതലം
ചെറുചെരിവ്
ഉയർന്നതലം
ചതുപ്പുനിലം



# കൃഷിയും ജലസേചനവും

## 5-1

തിരൂരങ്ങാടി ഗ്രാമപഞ്ചായത്ത് ഉത്തരമധ്യ കാർഷിക മേഖലയിൽപ്പെട്ട ഒരു പ്രദേശമാണ്. പഞ്ചായത്തിൽ 1769 ഹെക്ടർ കൃഷിഭൂമിയുണ്ട്. ഈ പ്രദേശത്ത് ശരാശരി 291 സെ.മീ മഴ ലഭിക്കുന്നു. കുറഞ്ഞ താപനില 23.35 സെൽഷ്യസും കൂടിയത് 31.6 സെൽഷ്യസുമാണ്. പ്രധാനപ്പെരട്ട മണ്ണിനങ്ങൾ ചെമ്മണ്ണ്, എക്കൽമണ്ണ്, മണൽ കലർന്ന ചെളിമണ്ണ്, കളിമണ്ണ് എന്നിവയാണ്. നെല്ല്, തെങ്ങ്, കമുങ്ങ് എന്നിവയാണ് പ്രധാന കൃഷി. ഇടവിളയായി വാഴ, കിഴങ്ങു വർഗ്ഗങ്ങൾ, പച്ചക്കറി എന്നിവയും കൃഷി ചെയ്തു വരുന്നു.

**കാലാവസ്ഥ:** ജൂൺ മുതൽ ആഗസ്ത് വരെയും (ഇടവപ്പാതി) സെപ്തംബർ മുതൽ ഒക്ടോബർ വരെയും (തുലാവർഷം) വരെയുമാണ് മഴ ലഭിക്കുന്നത്. മാർച്ച് മെയ് മാസങ്ങളിൽ കഠിന വേനലും ഡിസംബർ-ജനുവരി മാസങ്ങളിൽ തണുപ്പും അനുഭവപ്പെടുന്നു.

### കാർഷിക ചരിത്രം:

പഞ്ചായത്തിൽ കഴിഞ്ഞ കാലങ്ങളിൽ നെൽകൃഷി വിരിപ്പ്, മുണ്ടകൻ, പുഞ്ച എന്നീ മൂന്നു കൃഷി ഒട്ടും മോശമല്ലാത്ത രീതിയിൽ വ്യാപകമായി നടന്നു വന്നിരുന്നു. അക്കാലത്ത് ആര്യൻ, തവളക്കണ്ണൻ എന്നീ നെൽവിത്തുകൾ താഴ്ന്ന ഭാഗങ്ങളിൽ വിരിപ്പു കൃഷിക്ക് ഉപയോഗിച്ചിരുന്നു. ഉയർന്ന ഭാഗങ്ങളിൽ തെക്കൻചീര, പള്ളിയാരൻ, തൊണ്ണൂറാൻ എന്നീ വിത്തുകളുമാണ് ഉപയോഗിച്ചു വന്നിരുന്നത്. നിരപ്പു സ്ഥലങ്ങളായ പറമ്പുകളിൽ മോഡൻ കൃഷിയും നടത്തി വന്നിരുന്നു. ഇവ മഴയെ ആശ്രയിച്ചു മാത്രമേ നടത്താൻ സാധിച്ചിരുന്നുള്ളൂ. മുണ്ടകൻ കൃഷിക്ക് തെക്കൻ, ഒടിയൻ, നയര് വിത്ത്, വെള്ളരി, കയമ, കുട്ടാടൻ എന്നിവയും പുഞ്ചക്ക് തെക്കൻ ചീര, തൊണ്ണൂറാൻ, പൊന്നാരൻ, നകര, എന്നീ വിത്തുകളുമാണ് ഉപയോഗിച്ചിരുന്നത്. ഈ വിത്തുകളെല്ലാം തന്നെ പഴയ കാല കൃഷിക്കാർ ഉപയോഗിച്ചു വരുന്നവയും രോഗകീട ബാധകളിൽ നിന്നും വിമുക്തവുമായിരുന്നു. അക്കാലങ്ങളിൽ ജൈവവളങ്ങൾ മാത്രമെ ഉപയോഗിച്ചിരുന്നുള്ളൂ.

ഇന്നു മിക്ക കൃഷിയും രാസവളങ്ങളെ ആശ്രയിച്ചും അത്യുൽപ്പാദനശേഷിയുള്ള വിത്തുകളെയും ജലസേചന പദ്ധതികളെ ആശ്രയിച്ചുമാണ് നടക്കുന്നത്. ഈ പഞ്ചായത്തിലെ 6,7,8,9,10,11,12,15 എന്നീ വാർഡുകളി ലൊഴികെയുള്ള വാർഡുകളിൽ നെൽപാടങ്ങൾ നികത്തി മറ്റു കൃഷിക്കും ഭവന നിർമ്മാണത്തിനം ഉപയോഗിച്ചു വരുന്നു. നെൽകൃഷി ഇന്ന് തികച്ചും ആദായകരമല്ലാത്ത ഒന്നായി മാറിക്കൊണ്ടി രിക്കുകയാണ്. ഇതിന്റെ പ്രധാന കാരണങ്ങൾ കൃഷിക്കാരായ തദ്ദേശിയരിൽ നല്ലൊരു ഭാഗം അന്യദേശങ്ങളിൽ തൊഴിൽ തേടിപ്പോയതിനാലും കൃഷിപ്പണികൾ അന്യസംസ്ഥാനക്കാരായ കൂലിക്കാരെ വെച്ചും കൂലിയിനത്തിൽ 100-130 രൂപവരെ കൂലി നൽകേണ്ടി വരുന്നതിനാലുമാണ്. തന്നെയുമല്ല വിത്ത്, വളം, കീടനാശിനികൾ എന്നിവക്ക് ഭീമമായ സംഖ്യ ചെലവിറക്കി കൃഷി ചെയ്യേണ്ടി വരുന്ന കർഷകന് പ്രതീക്ഷിക്കുന്ന തരത്തിലുള്ള ആദായം ലഭിക്കുന്നില്ലയെന്നതു മാത്രമല്ല നഷ്ടം സംഭവിക്കുകയും ചെയ്യുന്നു. ഇത് കൃഷിയിൽ വിശിഷ്യാ നെൽകൃഷിയിൽ താൽപ്പര്യം കുറയാൻ കാരണമാകുന്നു.

**ഭൂപ്രകൃതി:-** പഞ്ചായത്തിൽ സമതലം (താഴ്വര) ചെരിവ്, ചതുപ്പുനിലം എന്നിങ്ങനെയാണ് ഭൂപ്രകൃതി. പടിഞ്ഞാറ് ഭാഗം (1,2,3,4 വാർഡുകൾ) സമതലവും 6 മുതൽ 15 വരെയുള്ള വാർഡുകൾ ചരിവു ഭൂമിയുമാണുള്ളത്. മൊത്തം ഭൂമിയിൽ 40%ത്തോളം നെൽകൃഷിക്ക് പ്രയോജനപ്പെടുന്ന ചതുപ്പു നിലങ്ങളാണ്.

നെൽകൃഷിക്ക് പുറമെ തെങ്ങ്, കവുങ്ങ്, വാഴ, മധുരക്കിഴങ്ങ്, മരച്ചീനി, ചേമ്പ്, ചേന, പച്ചക്കറികൾ,എള്ള്, ഇഞ്ചി, കുരുമുളക്, വെറ്റില എന്നിവയും ചെറിയ തോതിൽ കശുമാവും കൃഷി ചെയ്തു വരുന്നു.

അവലംബം: കൃഷിഭവൻ (1994-95)

| കൃഷി | വിസ്തൃതി | ഉൽപാദനം | ക്ഷമത |
|---|---|---|---|
| തെങ്ങ് | 1025 ഹെ. | 5600/ഹെ | 80/ഹെ തെങ്ങ് |
| വാഴ | 100 ഹെ. | 8.5 എം.ടി | 85 കി.ഹെ |
| പച്ചക്കറികൾ | 10 ഹെ. | 5000 " | 500,കി.ഗ്രാം/ഹെ |
| എള്ള് | 10 ഹെ | 2 എം.ടി | 200 കെ.ജി. ഹെ |
| മരച്ചീനി | 120 ഹെ | 2100 എം.ടി | 18 എം.ടി/ഹെ |
| പയർ | 50 ഹെ | 100 എം.ടി | 200കി.ഗ്രാം /ഹെ |

1987 സെപ്തംബർ 1ന് ആണ് ഇവിടെ കൃഷിഭവൻെറ പ്രവർത്തനം ആരംഭിച്ചത്, ഒരു കൃഷി ഓഫീസറും 3 കൃഷി അസിസ്റ്റൻറുമാരുമുള്ള ഈ സ്ഥാപനത്തിൻെറ പ്രയോജനം കൃഷിക്കാർക്ക് തൃപ്തികമാംവിധം ലഭിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം. നല്ലയിനം വിത്തുകൾ, വളങ്ങൾ, കീടനാശിനികൾ എന്നിവ കർഷകർക്ക് യഥാസമയം ലഭിക്കുന്നില്ല. മണ്ണു പരിശോധിച്ച റിപ്പോർട്ടുകൾ കൃഷിഭവനിൽ ലഭിക്കുമെങ്കിലും റിപ്പോർട്ടും അതനുസരിച്ചുള്ള പ്രതിവിധിയും കർഷകരിൽ യഥാവിധി എത്തുന്നില്ല.

## ജലസേചനസൗകര്യങ്ങൾ

പഞ്ചായത്തിൽ നിലവിൽ 4 ജലസേചന ശ്രോതസ്സുകളാണുള്ളത്. വിശദവിവരം പട്ടികയിൽ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | സ്കീം | (ഏക്കർ) |
|---|---|---|
| 1 | തൃക്കുളം എൽ.ഐ സ്കീം | 561.6 |
| 2 | വെഞ്ചാലി എൽ.ഐ | 397 |
| 3 | വെഞ്ചാലി റിക്സാമേഷൻ | 397 |
| 4 | മാനീപാടം മിനി സ്കീം | 200 |

ജലസേചന ആവശ്യത്തിനുള്ള ഏക കുളമായ പാവുട്ടച്ചിറ ഇന്ന് ഉപയോകശൂന്യമായി കിടക്കുകയാണ്. അതുപോലെതന്നെ മറ്റൊരു പദ്ധതിയായ വി.സി.ബി. എക്രോസ്സ് പുളിഞ്ഞില്ലപ്പാടം വളരെ കാലമായി പ്രവർത്തനരഹിതമാണ്. പഞ്ചായത്തിൽ മൊത്തം 2149 ഏക്കർ സ്ഥലത്ത് ജലസേചനം ലഭിക്കേണ്ടതിനു പകരം 971 ഏക്കർ (1/3 ഭാഗം) മാത്രമേ ജലസേചനസൗകര്യം ലഭിക്കുന്നുള്ളൂ.

## കർഷക സംരംഭങ്ങൾ

1. വെന്നിയൂർ പാടശേഖര സമിതി
2. കക്കാട് പാടശേഖര സമിതി
3. തൃക്കുളം പാലം പാടശേഖര സമിതി
4. വെഞ്ചാലി നോർത്ത് പാടശേഖര സമിതി
5. തൃക്കുളം-വെഞ്ചാലി പാടശേഖര സമിതി
6. കണ്ണാടിത്തടം പാടശേഖര സമിതി എന്നിങ്ങനെ 6 പാടശേഖര സമിതികളും പഞ്ചായത്ത് കേരവികസന സമിതി എന്ന പേരിൽ ഒരു കേരവികസന സമിതിയുമാണ് പഞ്ചായത്തിലെ കർഷക സംരംഭങ്ങൾ. കൂടാതെ 12,13, 14, 15 വാർഡുകളിലായി ദേശീയ നീർമറി വികസന പദ്ധതി (വാട്ടർ ഷെഡ്)യും നിലവിലുണ്ട്.

**രോഗങ്ങൾ**: പ്രധാനപ്പെട്ട കൃഷികളെ ബാധിക്കുന്ന രോഗകീടബാധകൾ താഴെ പറയുന്നവയാണ്.

| കൃഷി | രോഗം | കീടങ്ങൾ |
|---|---|---|
| തെങ്ങ് | മണ്ടചീയൽ, ചെന്നീരൊലിപ്പ്, കാറ്റുവീഴ്ച | കൊമ്പൻ ചെല്ലി, ചെമ്പൻചെല്ലി, |
| കമുങ്ങ് | മഹാളി | പൂക്കുലചാഴി, എലി അണ്ണാൻ |
| നെല്ല് | മുഞ്ഞ, മഞ്ഞളിപ്പ്, തണ്ടുചീയൽ | ചാഴി, തണ്ടുതുരപ്പൻ പുഴു, ഓല ചുരുട്ടിപ്പുഴു |
| വാഴ | കുമ്പടപ്പ്, കല്ലചീയൽ, ഇലപ്പുള്ളി രോഗം | എലി വർഗ്ഗങ്ങൾ |

കൂലി സേവന വ്യവസ്ഥകൾ

| കാർഷിക മേഖല തൊഴിലും കൂലിയും | | | |
|---|---|---|---|
| നമ്പർ | തൊഴിൽ | കൂലി | |
| | | പുരു | സ്ത്രീ |
| 1 | ഉഴവ്, ട്രാക്ടർ 1 മണിക്കൂർ | 225 | |
| 2 | ഒരു ജോഡി മൃഗം | 250 | |
| 3 | ഊർച്ച | 300 | |
| 4 | കിളക്കൽ | 115 | 75 |
| 5 | ഞാറു നടൽ | ~~75~~ | 75 |
| 6 | കള പറിക്കൽ | | 60 |
| 7 | കൊയ്ത്ത് | 150 | 75 |
| 8 | മെതിക്കൽ | 175 | 75 |
| 9 | തെങ്ങു കയററം(തെങ്ങൊന്നിന്) | 4 | |
| 10 | കീടനാശിനി തളിക്കൽ | 200 | |

# വിപണന സൗകര്യങ്ങൾ

കാർഷിക വിഭവ സംഭരണ കേന്ദ്രങ്ങൾ ഇല്ലാത്തതിനാൽ തേങ്ങ അയൽ പട്ടണങ്ങളായ കോഴിക്കോട്, പാലക്കാട് എന്നിവിടങ്ങളിലേക്കും അടക്ക തിരൂരിലേക്കും, കൊച്ചിയിലേക്കും എത്തിക്കുകയാണ് ചെയ്യുന്നത്.

**വായ്പാ സൗകര്യങ്ങൾ**

പഞ്ചായത്തിൽ മൂന്നു ദേശസാൽകൃത ബാങ്കുകളും രണ്ടു സഹകരണബാങ്കുകളും ഒരു കാർഷി വികസന ബാങ്കും രണ്ടു ഗ്രാമീണ ബാങ്കുകളുമാണ് നിലവിലുള്ളത്. ദേശസാൽകൃതബാങ്കുകളിൽ നിന്നും കൃഷിക്ക് ആവശ്യ വായ്പകൾ ലഭിക്കുന്നില്ല. ഇതരബാങ്കുകളിൽ നിന്നാകട്ടെ വായ്പ ലഭിക്കുന്നതിന് ധാരാളം സാങ്കേതിക തടസ്സങ്ങൾ നില നിൽക്കുന്നതിനാൽ അതും കർഷകന് യഥാവിധി ലഭിക്കുന്നില്ല.

# പ്രശ്നങ്ങൾ

കൃഷിയെ പ്രതികൂലമായി ബാധിക്കുന്ന ധാരാളം പ്രശ്നങ്ങളുണ്ടെങ്കിലും പ്രധാനപ്പെട്ടവ മാത്രം താഴെ ചേർക്കുന്നു.

1. കൂടുതൽ ഭാഗങ്ങളും ചരിവു പ്രദേശമായതിനാൽ മണ്ണൊലിപ്പും അതുമൂലം മണ്ണിലെ ഫലപുഷ്ടിയും കുറയുന്നു.
2. പഞ്ചായത്തിന്റെ കിഴക്കെ അറ്റത്തുള്ള കപ്രാട്ടുതാഴം മുതൽ വെഞ്ചാലി പാടം വരെയുള്ള (സുമാർ 4 കി.മീ) വയലിൽ കൂടി മേൽ ഭാഗത്ത് നിന്നും വെള്ളം കുത്തിയൊലിക്കുന്നതു മൂലം നെൽപാടത്തിന്റെ ഫലപുഷ്ടി കുറയാൻ കാരണമാകുന്നു.
3. ഒരു പൂൽ മാത്രം (പുഞ്ച) കൃഷി ചെയ്തു വരുന്ന വെഞ്ചാലി പാടത്ത് ആവശ്യമായ വെള്ളം ലഭിക്കുന്നില്ല.
4. ഉയർന്ന പ്രദേശങ്ങളിൽ ജലദൗർലഭ്യം കാരണം തെങ്ങ്, കവുങ്ങ് എന്നീ കൃഷികൾക്ക് ജലസേചനം സാധ്യമാകുന്നില്ല.
5. പാടശേഖരങ്ങൾ കാർഷികേതര ആവശ്യങ്ങൾക്കായി നികത്തപ്പെടുന്നു.
6: കീട/രോഗ ബാധ പ്രതികൂലമായി ബാധിക്കുന്നു.
7. നല്ല നടീൽ വസ്തുക്കൾ/വിത്ത് യഥാസമയം ലഭിക്കുന്നില്ല.
8. മണ്ണ് പരിശോധന റിപ്പോർട്ടും പരിഹാര മാർഗ്ഗങ്ങളും കർഷകർക്ക് ലഭ്യമല്ല.
9. മാനീപ്പാടം, കാരാണിപ്പാടം, എലിവെട്ടംച്ചിറ, പാങ്ങോട്ടു പാടം, കൊളക്കാട്ടും പാടം, വെഞ്ചാലി, കാപ്പ്, വെഞ്ചാലിപ്പാടം, കൊല്ലിപ്പാടം, വെന്നിയൂർ പാടം എന്നിവിടങ്ങളിൽ നീർകെട്ട് വളരെ കൂടുതലായി അനുഭവപ്പെടുന്നു.
10. ജൈവ വളങ്ങളുടെ ദൗർലഭ്യം
11. കർഷകത്തൊഴിലാളികളുടെ ദൗർലഭ്യം.
12. വർദ്ധിച്ച കൂലിച്ചെലവ്
13. ചെലവുമായി താരതമ്യം ചെയ്യുമ്പോൾ ഉൽപ്പന്നങ്ങൾക്ക് അനുഭവപ്പെടുന്ന വിലക്കുറവ്.
14. നിലവിലുള്ള ജലസേചന പദ്ധതികളുടെ ക്ഷമത ഇല്ലായ്മ.
15. സംസ്കരണത്തിനുള്ള അസൗകര്യം.
16. കാറ്റുവീഴ്ച.
17. വൈദ്യുതിയുടെ അപര്യാപ്തത.
18. പാടശേഖരങ്ങളിലെത്താനുള്ള ഗതാഗത പ്രശ്നം.

## സാധ്യതകളും പരിഹാരമാർഗ്ഗങ്ങളും

കാർഷിക രംഗത്തെ പ്രശ്നങ്ങളുടെ പട്ടിക നിരത്തുമ്പോൾ തന്നെ അവക്കുള്ള ഏകദേശ പരിഹാരമാർഗ്ഗങ്ങളും ഗ്രാമസഭകളിൽ നിന്ന് നിർദ്ദേശിക്കപ്പെടുകയുണ്ടായി. അവ താഴെ കൊടുത്തിരിക്കുന്നു.

1. കാച്ചടി ബാക്കി കയം മുതൽ പാലത്തിങ്ങൽ കീരനെല്ലൂർ പാലം വരെയും വെഞ്ചാലി പമ്പ് ഹൗസ് വരെയും പുഴയോരം കെട്ടി മണ്ണൊലിപ്പ് തടയുകയും വെള്ളം കയറാതിരിക്കാൻ അതിനോട് ചേർന്നു ബണ്ട് നിർമ്മിക്കുകയും ചെയ്യുക.
2. പുഴയിൽ നിന്ന് വയലിലേക്ക് തോടുവഴി ഒഴുകുന്ന വെള്ളം ക്രോസ് ബാർ നിർമ്മിച്ചു തടയുക.
3. കീരനെല്ലൂർ (പൂവ്വാച്ചി) ന്യൂകട്ട് പണി പൂർത്തീകരിച്ചാൽ ഈ പഞ്ചായത്തിനേയും, സമീപ പഞ്ചായത്തുകളെയും വെള്ളപ്പൊക്കക്കെടുതിയിൽ നിന്നും രക്ഷിക്കാനാവും.
4. 5-ാം വാർഡ് മുതൽ 15-ാം വാർഡുവരെയുള്ള പ്രദേശങ്ങളും മറ്റു വാർഡുകളിലെ ചെരിവു പ്രദേശങ്ങളും വാട്ടർ ഷെഡ്ഡിൽ ഉൾപ്പെടുത്തി മണ്ണൊലിപ്പും, നീരൊലിപ്പും തടയുന്നതിനും ആവശ്യമായി വരുമ്പോൾ തടഞ്ഞു നിർത്താനും നടപടികൾ സ്വീകരിക്കുക.
5. കപ്രാട്ട് താഴം മുതൽ വെഞ്ചാലി കാപ്പ് വരെയുള്ള തോട് വീതി കൂട്ടി സൈഡുകെട്ടി തക്ക സമയത്ത് വെള്ളം ഒഴിവാക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.
6. വെഞ്ചാലിമെയിൻ കനാലിന്റെ ഇപ്പോഴത്തെ സ്ഥിതി മെച്ചപ്പെടുത്തി എല്ലാ പ്രദേശത്തേക്കും വെള്ളം എത്തിക്കാനുള്ള സബ് കനാലുകൾ നിർമ്മിക്കുക.(ആവശ്യമായ സ്ഥലം അക്വയർ ചെയ്തിട്ടുണ്ട്).
7. വെഞ്ചാലി പമ്പ് ഹൗസ് മുതൽ സി.കെ നഗർ ചെറുപ്പുറത്തായം വരെയുള്ള സ്ഥലം ഗതാഗതത്തിനു കൂടി ഉപയോഗപ്പെടും വിധം കനാലും 9 മീറ്റർ വീതിയിൽ റോഡും നിർമ്മിക്കുക. ഇത് വർഷങ്ങളായി തടസ്സപ്പെട്ടു കിടക്കുകയാണ്.
8. മൈലിത്തോട് 3 കി.മീ ദൂരത്തിൽ പൂർണ്ണമായും 2 ഭാഗം കെട്ടി രണ്ടറ്റത്തും ക്രോസ് ബാർ നിർമ്മിച്ചാൽ 100ൽ പരം കർഷകർക്ക് ഗ്രൂപ്പ് ഫാമിങ്ങ് നടത്താൻ സാധിക്കും.
9. കോട്ടു പാലക്കാട് കോളനി മുതൽ കണ്ണാടിതടം കോളനി വരെ ബന്ധിപ്പിക്കുന്നതിന് മൈലിത്തോട്ടിൽ നിർമ്മിച്ച പാലത്തിന്റെ അനുബന്ധറോഡിന്റെ പണി പൂർത്തിയാക്കിയാൽ ട്രാക്ടർ ഇറക്കുന്നതിനും വിത്ത്, വളം എന്നിവ എത്തിക്കുന്നതിനും വളരെയേറെ സഹായകമാവും.
10. പൂക്കുളങ്ങര റോഡും കനാൽ റോഡും കോട്ടുപാല കോളനിയും വൈദ്യുതീകരിച്ച് കൃഷിക്ക് ആവശ്യമായ ഊർജ്ജം നൽകുക.
11. മാനീപാടം ഡ്രൈനേജുമായി ബന്ധപ്പെട്ട കനാലിന്റെ പണി പൂർത്തിയാക്കുക.
12. ഉയർന്ന സ്ഥലങ്ങളിൽ ജലസേചന സൗകര്യം ലഭിക്കുന്നതിന് പനമ്പുഴ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ പണി പൂർത്തിയാക്കി ബാക്കിക്കയത്ത് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക.
13. പാടശേഖരങ്ങൾ മറ്റു ആവശ്യങ്ങൾക്കായി നികത്തുന്നതിനെതിരെ ജനപങ്കാളിത്തത്തോടെ ബോധവൽക്കരണം നടത്തുക.
14. കീടബാധ തടയുന്നതിനാവശ്യമായ കീടനാശിനി തളിക്കൽ യന്ത്രം കൃഷിഭവൻ മുഖേന സൗജന്യമായി നൽകുക.
15. കീരനെല്ലൂർ റെഗുലേറ്റർ 6 അടി ഉയർന്നാണ് നിൽക്കുന്നത് അത് താഴ്ത്തി ജലം സംഭരിക്കുകയും ആവശ്യാനുസരണം തുറന്നു കൊടുക്കുകയും ചെയ്യുക.
16. പൂരപ്പുഴ ലോക്കിലെ ഷട്ടറുകൾ നന്നാക്കി ഉപ്പുവെള്ളം കയറുന്നത് തടയുക.
17. കപ്രാട്ടുതാഴം മുതൽ വെഞ്ചാലിപ്പാടം വരെയുള്ള 800 ഏക്കറിൽ അധികമുള്ള സ്ഥലത്ത് വെള്ളം കെട്ടി നിൽക്കുന്നത് തടയാൻ കക്കാട് ചെറുമുക്ക് റോഡു മുതൽ തിരൂരങ്ങാടി ചെറുമുക്ക് റോഡു വരെയുള്ള തോട് വീതി കൂട്ടി സൈഡു കെട്ടുകയും കക്കാട്ട് പാടം, കൊല്ലിപ്പാടം എന്നീ ഭാഗങ്ങളിൽ നിന്നും വരുന്ന സബ് തോടുകൾ പുതുതായി നിർമ്മിക്കുന്ന മെയിൻ തോടുമായി ബന്ധിപ്പിക്കുകയും ചെയ്യുക.
18. 2.4 വാർഡുകളിലെ നീർക്കെട്ട് ഒഴിവാക്കാൻ മാനീപ്പാടം തോട് വീതി കൂട്ടി സൈഡ് കെട്ടി വെള്ളം പുഴയിലേക്ക് തിരിച്ചു വിടുക.
19. എലിവെട്ടംചിറ, പാടത്ത് നീർകെട്ട് ഒഴിവാക്കാൻ ചുണ്ടക്കണ്ണി തോട് വീതി കൂട്ടി സൈഡ് കെട്ടി വെള്ളം കീരനെല്ലൂർ പുഴയിലേക്ക് തിരിച്ചു വിടുക.
20. കാരാണിപ്പാടത്തുള്ള നീർകെട്ട് ഒഴിവാക്കാൻ ചെറിയ കൈത്തോട് വീതി കൂട്ടി സൈഡ് കെട്ടി മൈലീത്തോടുമായി ബന്ധിപ്പിക്കുക.
21. മണ്ണു പരിശോധിച്ച് അനുയോജ്യമാം വിധം വളം ഉപയോഗിക്കുന്നതിനുള്ള പരിജ്ഞാനം നൽകുക.
22. ആദായകരമാം വിധം കന്നുകാലികളെ വളർത്തുന്നതിനാവശ്യമായ പ്രോൽസാഹനം നൽകുക വഴി ജൈവവളത്തിന്റെ ദൗർലഭ്യം ഒരു പരിധി വരെ പരിഹരിക്കാവുന്നതാണ്.
23. കർഷകത്തൊഴിലാളി ദൗർലഭ്യം പരിഹരിക്കാൻ നടീൽ, കൊയത്ത്, മെതിക്കൽ യന്ത്രങ്ങളും ട്രാക്ടർ, ട്രില്ലർ മുതലായവയും കൃഷിഭവൻ മുഖേന ലഭ്യമാക്കുക.
24. കാർഷിക ഉൽപ്പന്നങ്ങളുടെ വിലയിടിവ് പരിഹരിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുക.
25. വിത്ത്, വളം, കാർഷികോപകരണങ്ങൾ എന്നിവക്ക് കൃഷിഭവൻ മുഖേന നൽകുന്ന സബ്സിഡി ഗണ്യമായ തോതിൽ വർദ്ധിപ്പിക്കുക.
26. വിത്തും മറ്റു നടീൽ വസ്തുക്കളും കർഷകർക്ക് യഥാസമയം ലഭിക്കുന്നതിന് വേണ്ട സംവിധാനം കൃഷിഭവനിൽ ഏർപ്പെടുത്തുക.
27. മാർക്കറ്റിംഗ് സൊസൈറ്റി പോലുള്ള

സഹകരണസംഘങ്ങൾ രൂപീകരിക്കുക.
28. കാർഷികാവശ്യങ്ങൾക്കുള്ള മണ്ണെണ്ണ പെർമിറ്റ് ഉദാരമാക്കുക.
29. കാർഷിക വികസനത്തിന് പ്രധാന ഘടകമായ വൈദ്യുതി കൃഷിയിടങ്ങളിൽ എത്തിക്കുന്നതിന് ആവശ്യമായ ട്രാൻസ്ഫോർമറുകൾ യഥാസ്ഥാനങ്ങളിൽ സ്ഥാപിക്കുക.
30. കൃഷിസ്ഥലത്തേക്ക് ട്രാക്ടർ, ലോറി എന്നിവ ഇറക്കുന്നതിന് തടസ്സമുള്ള സ്ഥലങ്ങളിൽ ആവശ്യമായ ഗതാഗത സൗകര്യം ഏർപ്പെടുത്തുക.
31. ഒന്നാം വാർഡിലെ തൃക്കുളം - പാലത്തിൽ സ്ഥാപിച്ച പമ്പ്ഹൗസ്മുതൽ പാലാത്ത്‌വരെയുള്ള ദൂരം കനാൽ 3 അടി ഉയർത്തുക.
32. പതിനാറുങ്ങൽ തീക്കുളം വരെയുള്ള തോട് കനാലായി വികസിപ്പിക്കുകയും തീക്കുളം പൊതുകുളമാക്കി മാറ്റുകയും ചെയ്യുക.
33. മൂന്നാം വാർഡിലെ തേവര് കുളം വികസിപ്പിക്കുക.
34. 5-ാം വാർഡിലെ മച്ചിങ്ങൽ താഴം കുളം വികസിപ്പിക്കുക.
35. 6-ാം വാർഡിലെ വെഞ്ചാലികാപ്പ് വികസിപ്പിച്ച് കൃഷിക്ക് ഉപയോഗപ്രദമാക്കുക.
36. 8-ാം വാർഡിലെ ചുണങ്ങിൽ (വെള്ളിനക്കാട്) വി.സി.ബി നിർമ്മിച്ച് പമ്പ് സെറ്റ് സ്ഥാപിക്കുക.
37. നവരക്കായ് പ്രദേശത്ത് പൊതുകുളം സ്ഥാപിക്കുക.
38. വെഞ്ചാലി-നവരക്കായ് കനാൽ പുനർ നിർമ്മാണം നടത്തുക.
39. കന്നുകാലികൾക്ക് പൊതു മേച്ചിൽ സ്ഥലം കണ്ടെത്തുക.
40. കക്കാട് പാടത്ത് പുഞ്ചകൃഷി ചെയ്യുന്നതിന് 2 സ്ഥലങ്ങളിൽ കുളം നിർമ്മിക്കുക. (സ്ഥലം സൗജന്യമായി ലഭ്യമാണ്.)
41. 9,10 വാർഡുകൾക്ക് ഉപകരിക്കുമാറ് കെ.സി റോഡിൻെറ അവസാനത്തിൽ കുളം നിർമ്മിക്കുക. (സ്ഥലം ലഭ്യമാണ്.)
42. കൊല്ലീപാടത്ത് വടക്ക് പടിഞ്ഞാറു മൂലയിൽ കുളം നിർമ്മിക്കുക.
43. കാച്ചടി കലുങ്കിന് സമീപം (ഓവുപാലം) വി.സി.ബി സ്ഥാപിക്കുക. കൂടാതെ കരുമ്പിൽ-ചുള്ളിപ്പാറ റോഡിൻെറയും കക്കാട്-ചെറുമുക്ക് റോഡിൻേറയും പാർശ്വത്തിലുള്ള വയലിൽ കുളം നിർമ്മിക്കുക.
44. പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ കൂൺ കൃഷി ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.
45. 14-15 വാർഡുകളിലെ പാവുട്ടിച്ചിറ ജലസേചന പദ്ധതി നടപ്പാക്കുക. വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിൽ ഈ പദ്ധതി ഉപയോഗമില്ലാതെ കിടക്കുന്നു.
46. പഞ്ചായത്തിലേക്ക് ആവശ്യമായ പച്ചക്കറികൾ പഞ്ചായത്തിൽ തന്നെ ഉൽപ്പാദിപ്പിക്കുക എന്ന മഹത്തായ ലക്ഷ്യം മുൻനിർത്തി പുളിഞ്ഞില്ലത്ത് പാടം, കൊല്ലീപാടം, ചുണങ്ങ്, കക്കാട്-ചെറുമുക്ക് റോഡിൻെറഇരുവശത്തുമുള്ള പാടം, മാനീപാടം, വെഞ്ചാലി, നവരക്കായ്, കാരയിൽ, പുഴയോരങ്ങൾ എന്നിവിടങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ആവശ്യമായ വിത്ത്, വളം മുതലായവ കൃഷി ഭവൻ മുഖേന ലഭ്യമാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ ഉണ്ടാകേണ്ടതാണ്.
47. അടുക്കളത്തോട്ടം വ്യാപകമാക്കുന്നതിനാവശ്യമായ ബോധവൽക്കരണം നടത്തുന്നതിനോടൊപ്പം വിത്ത്-വളം എന്നിവ ആവശ്യാനുസരണം ലഭ്യമാക്കുക.
48. നിലവിലുള്ള സ്കൂൾ പച്ചക്കറി തോട്ടപദ്ധതി കാര്യക്ഷമമാക്കുക.
49. കശുമാവ് കൃഷി വ്യാപകമാക്കുക. തരിശുഭൂമി ഇതിനുപയോഗിക്കാവുന്നതാണ്.

കർഷകരെ അംഗീകരിക്കുന്ന തരത്തിലുള്ള അവാർഡു സമ്പ്രദായം പഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തുക. കൃഷിഭവൻെറ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക. ആഗ്രോ ക്ലിനിക്കുകൾ, കാർഷിക പരിശീലന കേന്ദ്രങ്ങൾ എന്നിവ താലൂക്കാസ്ഥാനമായ നമ്മുടെ പഞ്ചായത്തിൽ സ്ഥാപിക്കേണ്ടതാണ്.

മേൽ വിവരിച്ച പ്രശ്നങ്ങളും അവ ഒരു പരിധിവരെ പരിഹരിക്കുവാനുള്ള സമഗ്രമായ നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ചിട്ടുള്ള ഈ കാർഷിക രൂപരേഖ തിരൂരങ്ങാടി ഗ്രാമപഞ്ചായത്തിൽ കാർഷിക മുന്നേറ്റത്തിന് ഒരു നാന്ദിയായി തീരട്ടെ.




kozhikode district
to gudallur
nilamboor
manjeri
malappuram
perinthalmanna
tirur
palakkad district
to shornur
to thirissur
thirissur district


To kakkad
N
venniyur
venniyur
kodakkal
TENALA
Thannur
klari
chappanangdi

5-2

# മൃഗസംരക്ഷണം



പശു, ആട് എന്നിവയാണ് തിരൂരങ്ങാടി പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗങ്ങൾ മൃഗങ്ങളുടെ സംഖ്യ താഴെകാണുന്ന വിധമാണ്.

| പശു | | എരുമ | മറ്റുള്ളവ |
|---|---|---|---|
| സങ്കരയിനം | നാടൻ | | |
| 382 | 644 | 39 | 7209 |

വളർത്തുപക്ഷികളിൽ പ്രധാനമായും കോഴികളാണുള്ളത്. അതിൽ 2988 പൂവനും, 11,830 പിടക്കോഴികളുമാണുള്ളത്. പഞ്ചായത്തിൽ അങ്ങിങ്ങായി താറാവ് വളർത്തുന്നവരുമുണ്ട്. പഞ്ചായത്തിലെ പതിനഞ്ച് വാർഡിനും കൂടി ഒരു മൃഗാശുപത്രിയാണുള്ളത്. അടുത്തുതന്നെ താലൂക്ക് പദവിയിലേക്കുയരേണ്ട ഈ ആശുപത്രിയിലെ സൗകര്യങ്ങൾ വളരെ പരിമിതമാണ്. കൃത്രിമ ബീജസങ്കലന സൗകര്യം പശുക്കളിലും എരുമകളിലും പ്രാവർത്തികമാക്കുക വഴി ഏകദേശം അറുപത് ശതമാനത്തോളം ഉയർന്ന ജനിതക ഗുണമുള്ള സങ്കരയിനം പശുക്കളും എരുമകളും ഇവിടെയുണ്ട്. 1995-ലെ കന്നുകാലിസെൻസസ് പ്രകാരം പ്രതിദിനം 2500 ലിറ്ററിലധികം പാൽ ഇവിടെ ഉൽപാദിപ്പിക്കുന്നുണ്ട്. കന്നുകാലിതീറ്റയുടെ വില വർദ്ധനവും പാൽസംഭരണവിതരണശൃംഖലയുടെ അഭാവവും കർഷകരെ ഈ മേഖലയിൽ നിന്നും പിൻതിരിപ്പിക്കുന്നുണ്ട്.

കോഴിയിറച്ചിയുടെയും കോഴിമുട്ടയുടെയും ആഭ്യന്തര ഉപഭോഗം വർദ്ധിച്ചിട്ടുണ്ടെങ്കിലും ആവശ്യാധിഷ്ഠിതമായ ആഭ്യന്തര ഉൽപ്പാദനം കൈവരിക്കാൻ സാധിച്ചിട്ടില്ല.

മാംസോൽപ്പാദനത്തിനുള്ള മൃഗങ്ങളിൽ 80 മുതൽ 90 ശതമാനം വരെ അന്യ സംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നത്. അതിനാൽ ക്രയവിക്രയം ചെയ്യുന്ന സമ്പത്തിൻെറ ഏറിയ കൂറും പുറത്തേക്കൊഴുകുന്നു. സ്വയം പര്യാപ്തതക്കുതകുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുന്ന പക്ഷം ഈ സമ്പത്ത് ഗ്രാമീണ ഉൽപ്പാദകൻെറ കൈകളിലെത്തിച്ചേരും.

പഞ്ചായത്തിലങ്ങോളമിങ്ങോളമുള്ള വൃത്തിഹീനമായ കശാപ്പുകേന്ദ്രങ്ങൾ സാമൂഹ്യാരോഗ്യ പ്രശ്നം തന്നെയാണ്. അറവിനുശേഷം ഉപേക്ഷിക്കുന്ന അവശിഷ്ടങ്ങൾ ഭക്ഷിച്ച് കഴിയുന്ന തെരുവുനായ്ക്കൾ പൊതുജനങ്ങളുടെ സ്വൈരജീവിതത്തിന് ഭീഷണിയായി മാറിയിരിക്കുകയാണ്.

മൃഗസംരക്ഷണ രംഗത്തെ വികസന പദ്ധതികൾ താഴെ പറയും പ്രകാരം സമന്വയിപ്പിക്കുകയാണെങ്കിൽ അതിലൂടെയുണ്ടാകുന്ന പുരോഗതി ഗ്രാമീണ സമ്പദ്ഘടനയെ സമ്പുഷ്ടമാക്കുമെന്നത് തീർച്ചയാണ്.

**1. ഉൽപ്പാദനമേഖല:-**

കന്നുകുട്ടി പരിപാലന പദ്ധതിയിലൂടെ ഗുണമേൻമയുള്ള പശുക്കുട്ടികളെ തെരഞ്ഞെടുത്ത് സബ്സിഡി നിരക്കിൽ തീറ്റ നൽകി പരിപോഷിപ്പിക്കുക. കൃത്രിമ ബീജ സങ്കലനം ബോധവൽക്കരണത്തോടെ നടപ്പിലാക്കി ഉയർന്ന ജനിതക ഗുണമുള്ള സങ്കരയിനം പശുക്കളെ വളർത്തുന്നതിന് തൽപരരാക്കുക, വാർഡ്തലത്തിലോ പഞ്ചായത്ത് തലത്തിലോ പാൽസംഭരണ സംവിധാനം സ്ഥാപിച്ച് ശാസ്ത്രീയമായ രീതിയിൽ വിതരണം നടത്തുക, അധികം വരുന്ന പാല് , ഉപോൽപ്പന്നങ്ങൾ നിർമ്മിക്കാൻ ഉപയോഗപ്രദമാക്കുക. സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കുന്ന ഇത്തരം സംഘങ്ങൾ വഴി കാലിത്തീറ്റ, പ്രദേശിക വിഭവങ്ങളുപയോഗപ്പെടുത്തി സ്വയം നിർമ്മിച്ച് കർഷകർക്ക് മിതമായ നിരക്കിൽ വിതരണം ചെയ്യുക, ക്ഷീരവികസന വകുപ്പുമായി സഹകരിച്ച് തീറ്റപ്പുൽ കൃഷി വ്യാപകമാക്കുക, വൃത്തിഹീനമായ ചുറ്റുപാടുകൾ പാലുൽപ്പാദനത്തെ പ്രതികൂലമായി ബാധിക്കും എന്നതിനാൽ ശാസ്ത്രീയമായി തൊഴുത്തുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ സബ്സിഡി അനുവദിച്ചു കൊടുക്കുക, കന്നുകാലികളുടെ ക്രയവിക്രയം സുഗമമാക്കാൻ ആഴ്ച

ചന്തകൾ ഏർപ്പെടുത്തുക.

സ്വയം തൊഴിലായും സ്വകാര്യമേഖലയിലൂടെയും മഹിളാ സമാജങ്ങളിലൂടെയും ഇറച്ചിക്കോഴി വളർത്തൽ പ്രോൽസാഹിപ്പിക്കുക, കോഴിത്തീറ്റ കുറഞ്ഞ ചെലവിൽ സഹകരണാടിസ്ഥാനത്തിൽ നിർമ്മിക്കുക, പഞ്ചായത്ത് വക വിതരണ വിൽപ്പന കേന്ദ്രങ്ങളും സംഭരണ കേന്ദ്രങ്ങളും സ്ഥാപിക്കുക, തൊഴിലുള്ള വീട്ടമ്മമാർക്ക് ഉപതൊഴിൽ എന്ന നിലയിൽ ഗുണനിലവാരമുള്ള കോഴിക്കുഞ്ഞുങ്ങളെ നൽകി 'അടുക്കളമുറ്റത്തെ കോഴി വളർത്തൽ' എന്ന പദ്ധതി വിജയിപ്പിക്കുക.

അസംഘടിത മേഖലയിലുള്ള മാംസോൽപ്പാദന സംസ്കരണ, വിപണനരംഗം സംഘടിത മേഖലയിലാക്കുക, കാളക്കുട്ടികളുടെ പരിപാലനം, പോത്തിൻകുട്ടികളുടെ പരിപാലനം, ആടുവളർത്തൽ എന്നിവ വഴി മാസോൽപ്പാദനരംഗത്ത് പുറമെ നിന്നുള്ള ഇറക്കുമതി ഒഴിവാക്കുക. വൃത്തിഹീനമായ കശാപ്പു കേന്ദ്രങ്ങൾ, രോഗം പിടിപെട്ട മൃഗങ്ങളുടെ അറവ് എന്നിവ നിയമം വഴി നിർത്തലാക്കുക, ശാസ്ത്രീയമായ അറവുശാലകൾ ബ്ലോക്കു തലത്തിലും അതിർത്തി പ്രദേശങ്ങൾ കേന്ദ്രീകരിച്ചും തുടങ്ങുക, പഞ്ചായത്തുതല അംഗീകൃത മാംസവിപണന സ്റ്റാളുകൾ തുറക്കുക, അറവിനു ശേഷം വരുന്ന അവശിഷ്ടങ്ങൾ പരിസരമലിനീകരണം ഉണ്ടാകാത്ത വിധം സംസ്കരിക്കുകയും ചെയ്യണം. അവശിഷ്ടങ്ങൾ ഭക്ഷിച്ചു കഴിയുന്ന തെരുവു നായക്കളെ നശിപ്പിക്കാനുള്ള പദ്ധതികൾ തയ്യാറാക്കണം. വളർത്തു നായക്കൾക്ക് പേവിഷത്തിനെതിരെ സൗജന്യകുത്തിവെപ്പ് നൽകി പേവിഷനിയന്ത്രണം, ബോധവൽക്കരണ നടപടികൾ മുതലായവ നടപ്പിൽ വരുത്തുക.

## 2. സേവന മേഖല:-

മെച്ചപ്പെട്ട ആശുപത്രി സൗകര്യങ്ങൾ ഉറപ്പുവരുത്തണം. സൗജന്യ ചികിൽസ കർഷകൻെറ വീട്ടുമുറ്റത്ത് എത്തിക്കാൻ വാഹന സൗകര്യം ലഭ്യമാക്കണം. ഡോക്ടറുടെ സേവനം ഇരുപത്തിനാലു മണിക്കൂറും ലഭ്യമാക്കാൻ ആശുപത്രിയോട നുബന്ധിച്ച് ക്വാർട്ടേഴ്സ് പണിത് കൊടുക്കണം. മെച്ചപ്പെട്ട ചികിൽസാസമ്പ്രദായം നൽകുന്നതിന് സഹായകമാകുന്ന ആശുപത്രി ഉപകരണങ്ങൾ - മൈക്രോ സ്കോപ്പ് മുതലായവ ആശുപത്രിയിൽ സജ്ജമാക്കണം. സാമൂഹ്യവിരുദ്ധരുടെ ശല്യം ഒഴിവാക്കാൻ നിലവിലുള്ള ആശുപത്രിക്ക് ചുറ്റുമതിലും ഗെയിറ്റും സ്ഥാപിക്കുക.

## മൽസ്യ ബന്ധനം:-

ശുദ്ധജല മൽസ്യ കൃഷിക്ക് അനുയോജ്യമായ ധാരാളം സ്ഥലങ്ങൾ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ഉണ്ട്. മൽസ്യകൃഷി വികസിപ്പിച്ചെടുക്കാൻ വേണ്ട നടപടികൾ സർക്കാരിൽ നിന്നും പ്രതീക്ഷിക്കുന്നു. ചില കാലങ്ങളിൽ പാടശേഖരങ്ങളിൽ നിന്നും പുഴകളിൽ നിന്നും മൽസ്യം പിടിച്ചു വരാറുണ്ട്

മൈനർ ഇറിഗേഷൻ പദ്ധതി പ്രകാരം നിർമ്മിച്ചിട്ടുള്ള കനാലുകളിൽ അനുയോജ്യമായ സ്ഥലത്ത് ക്രോസ് ബാർ നിർമ്മിച്ച് മൽസ്യകൃഷി വികസിപ്പിച്ചെടുക്കാവുന്നതാണ്.

മൽസ്യ കൃഷി വികസനത്തിന് ഹാനികരമാകുന്ന വിധത്തിൽ തോട്ട പൊട്ടിക്കൽ, ജലാശയങ്ങളിൽ വിഷം കലർത്തൽ, വൈദ്യുതി ഷോക്ക് ഏൽപ്പിക്കൽ തുടങ്ങിയ ദുഷ്പ്രവണതകളെ കർശനമായി നിരോധിക്കുക, മൽസ്യരോഗം തടയുന്നതിനാവശ്യമായ ശാസ്ത്രീയ പ്രതിരോധ നടപടികൾ സ്വീകരിക്കുക തുടങ്ങിയവ നടപ്പാക്കുന്ന പക്ഷം ശുദ്ധജല മൽസ്യകൃഷി പരിപോഷിപ്പിക്കാൻ കഴിയും.



# 5-3

# വ്യവസായം

തിരൂരങ്ങാടി പഞ്ചായത്ത് വ്യവസായ രംഗത്ത് തൃപ്തികരമായ പുരോഗതി കൈവരിച്ചിട്ടില്ല. വൻകിട വ്യവസായം ഒന്നും തന്നെ ഇല്ല. മാത്രവുമല്ല, മുൻപ് തിരൂരങ്ങാടിയിൽ പ്രവർത്തിച്ചിരുന്ന മലബാർ ടൈഗർ തീപ്പെട്ടി കമ്പനി പ്രവർത്തനം നിലച്ചിട്ട് വർഷങ്ങളായി. ചെറു സംഘങ്ങളായും ഒറ്റയായും നടത്തി വന്നിരുന്ന ബീഡി കമ്പനികൾ അപ്രത്യക്ഷമായി കൊണ്ടരിക്കുന്നു. പരമ്പരാഗത വ്യവസായങ്ങളായ മൺപാത്ര നിർമ്മാണം, കുട്ടനെയ്ത്ത് എന്നിവയുടെ സ്ഥിതിയും വിഭിന്നമല്ല.

ധാരാളം ആളുകൾക്ക് തൊഴിൽ സാധ്യതയുള്ള ബേക്കറി വ്യവസായവും ഒരു കാലത്ത് തിരൂരങ്ങാടി പഞ്ചായത്തിലെ എടുത്ത് പറയേണ്ട ഒന്നായിരുന്നു.

എങ്കിലും പഞ്ചായത്തിൽ പല ഭാഗങ്ങളിലായി പപ്പട നിർമ്മാണം, പ്രിൻറിംഗ്, ബുക്ക് ബൈൻറിങ്ങ്, മര ഉരുപ്പടി നിർമ്മാണം, സ്റ്റീൽ ഇൻഡസ്ട്രീസ്, ഹോളോ ബ്രിക്സ് നിർമ്മാണം, ഇത്തിൾ സംസ്കരണം, ഫ്ളവർ മില്ലുകൾ, എണ്ണ മില്ലുകൾ എന്നിവ ചെറിയ തോതിലെങ്കിലും പ്രവർത്തിച്ചു വരുന്നു. പൊതു മേഖലയിൽ പ്രവർത്തിക്കുന്ന ഏക വ്യവസായ സ്ഥാപനം വെന്നിയൂരിലെ സ്റ്റീൽ റീ റോളിംഗ് കമ്പനിയാണ്.

പപ്പട നിർമ്മാണം, ബൈൻറിംഗ് തുടങ്ങിയ മേഖലയിൽ സ്ത്രീ പങ്കാളിത്തം പുരുഷൻമാരെക്കാൾ കൂടുതലാണ്. പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന വ്യവസായ യൂണിറ്റുകളും തൊഴിലാളികളുടെ എണ്ണം പട്ടിക 1ൽ കൊടുത്തിരിക്കുന്നു.

| നമ്പർ | വിഭാഗം | യൂണിററുകളുടെ എണ്ണം | തൊഴിലാളികൾ | |
|---|---|---|---|---|
| | | | പുരു. | സ്ത്രീ. |
| 1 | സ്ററീൽ റീ-റോളിങ്ങ് (പൊതു മേഖല) | 1 | 16 | 4 |
| 2 | തടിമില്ല് ( സ്വകാര്യ മേഖല) | 7 | 36 | - |
| 3 | സ്ററീൽ ഫർണീച്ചർ ('') | 1 | 5 | |
| 4 | സ്ററീൽ ഇൻഡസ്ട്രീസ് | 10 | 76 | - |
| 5 | പ്രിൻറിങ്ങ് പ്രസ്സ് | 13 | 48 | 5 |
| 6 | വുഡ് ഫർണീച്ചർ | 13 | 28 | 2 |
| 7 | വനിതാ വുഡ് ഇൻഡസ്ട്രി | 1 | - | 4 |
| 8 | സിമെൻറ് ബ്രിക്സ് | 8 | 30 | - |
| 9 | പപ്പട നിർമാണം (ചെറുകിട) | 3 | 5 | 20 |
| 10 | പപ്പട നിർമാണം (കുടിൽ) | 50 | 50 | 100 |
| 11 | മൺപാത്ര നിർമാണം (കുടിൽ) | 8 | 10 | 15 |
| 12 | ഇത്തിൾ സംസ്കരണം | 2 | 5 | 2 |
| 13 | ഫ്ളവർ മില്ല് | 25 | 52 | - |
| 14 | ഓ.യിർ മില്ല് | 13 | 13 | - |
| 15 | ബേക്കറി | 13 | 142 | - |
| 16 | ഐസ്ക്രീം നിർമാണം | 3 | 6 | - |
| 17 | ബുക്ക് ബൈൻറിംഗ് (കുടിൽ) | 20 | 25 | 35 |
| 18 | കവർ നിർമാണം | 2 | 3 | 4 |
| 19 | കുട്ട നെയ്ത്ത് | 1 | 2 | - |
| 20 | സോഡാ നിർമാണം | 4 | 6 | - |

## വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങൾ

1. വ്യവസായ സഹകരണ സംഘങ്ങൾ ഒന്നും പഞ്ചായത്തിലില്ല.
2. മുഖ്യ കാർഷികോൽപ്പന്നമായ നാളികേരം വ്യവസായ രംഗത്ത് പ്രയോജനപ്പെടുന്നില്ല.
3. തടിമില്ലുകൾക്ക് ആവശ്യമായ മരം പഞ്ചായത്തിൽ ലഭ്യമല്ല.
4. സാങ്കേതിക പരിജ്ഞാനം ലഭിക്കാനുള്ള സംവിധാനങ്ങൾ ഇല്ല.
5. സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ പൊതുവെ കുറവാണ്.
6. വ്യവസായ മേഖല വളരാതിരിക്കാനുള്ള പ്രധാന കാരണം ആവശ്യമായ വൈദ്യുതി ലഭിക്കുന്നില്ല എന്നതാണ്.
7. വനിതാ വ്യവസായ സംരഭങ്ങൾ കുറവാണ്.
8. റജിസ്റ്റർ ചെയ്ത മഹിളാ സമാജങ്ങളുടെയും സൊസൈറ്റിയുടെയും അഭാവം സർക്കാർ സഹായം ലഭിക്കുന്നതിന് തടസ്സമാണ്.
9. വൻകിട വ്യവസായങ്ങൾ തീരെയില്ല.

## സാധ്യതകൾ

1. ദീർഘകാലമായി അസംഘടിതമായി നടന്നു വരുന്ന പപ്പട നിർമ്മാണം വ്യാവസായികാടിസ്ഥാനത്തിൽ ഉയർത്തുക.
2. ധാരാളം വിദഗ്ധ ബേക്കറി തൊഴിലാളികൾ ഉള്ള പ്രദേശത്ത് ഒരു ബിസ്ക്കറ്റ് /റൊട്ടി ഫാക്ടറിക്കുള്ള സാധ്യത വളരെ കൂടുതലാണ്.
3. പ്രധാന കാർഷികോൽപ്പന്നമായ നാളികേരം, നാളികേര ഉപോൽപ്പന്നങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ധാരാളം വ്യവസായങ്ങൾക്ക് സാധ്യതയുണ്ട്.
4. ഭവന നിർമ്മാണത്തിനാവശ്യമായ ഉരുപ്പടികൾ നിർമ്മിക്കുന്നതിനാവശ്യമായ മരത്തടികൾ ലഭ്യമാക്കിയാൽ നിലവിലുള്ള ചെറുകിട മരമില്ലുകളുടെ അവസ്ഥ കൂടുതൽ മെച്ചപ്പെടുന്നതാണ്.
5. സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത മഹിളാ സമാജങ്ങൾ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഉണ്ടാവേണ്ടതാണ്.
6. സഹകരണാടിസ്ഥാനത്തിൽ പ്രിൻറിംഗ് പ്രസ്സും നോട്ടുബുക്ക് നിർമ്മാണവും ആരംഭിച്ചാൽ പഞ്ചായത്തിലെ മുഴുവൻ സ്കൂളുകൾക്കും ആവശ്യമായ നോട്ടുബുക്ക് പഞ്ചായത്തിൽ തന്നെ ഉൽപ്പാദിപ്പിക്കാൻ കഴിയും.
7. സഹകരണാടിസ്ഥാനത്തിൽ ഗാർമെൻറ്സ് യൂണിറ്റ് ആരംഭിക്കുക.
8. വ്യവാസായം തുടങ്ങാൻ താൽപര്യമുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കുക.
9. വ്യവസായ സംരംഭകർക്ക് വിദഗ്ധ പരിശീലനം നൽകുക.
10. കരകൗശല രംഗത്ത് വിദഗ്ധ പരിശീലനം നൽകുക.
11. റെഡിമെയ്ഡ് വ്യവസായ സംരഭകർക്ക് നവീന രീതികളെപ്പറ്റിയും വിപണന സാധ്യതകളെപ്പറ്റിയും വിദഗ്ധ പരിശീലനം നൽകുക.
12. പഞ്ചായത്തിൽ നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നതും വനിതകൾക്ക് തൊഴിൽ സാധ്യതയുള്ളതുമായ തീപ്പെട്ടി കമ്പനിയുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിനെപ്പറ്റി അലോചിക്കേണ്ടതാണ്.

## മിനി വ്യവസായ എസ്റ്റേറ്റ്

പൊതുവായ സ്ഥല ലഭ്യത കുറവായ നമ്മുടെ പഞ്ചായത്തിൽ സൗകര്യമായ സ്ഥലത്ത് ചുരുങ്ങിയത് രണ്ട് ഏക്കർ സ്ഥലമെങ്കിലും പഞ്ചായത്ത് ഏറ്റെടുത്ത് ഒരു വ്യവസായ എസ്റ്റേറ്റാക്കി വ്യവസായ സംരംഭകർക്ക് വാടകക്ക് നൽകുന്ന പദ്ധതി നടപ്പാക്കേണ്ടതാണ്.

## വ്യവസായ വികസന പ്ളോട്ടുകൾ

വ്യവസായം തുടങ്ങുന്നതിന് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങളായ വൈദ്യുതി, ഗതാഗതം എന്നിവ എളുപ്പത്തിൽ ലഭ്യമാകുന്ന വിധത്തിലുള്ള സ്ഥലും കണ്ടെത്തി അവ പഞ്ചായത്ത് ഏറ്റെടുത്ത് സംരംഭകർക്ക് വാടക നിശ്ചയിച്ചോ, വില നിശ്ചയിച്ചോ നൽകുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

## മറ്റു ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. സോപ്പ് നിർമ്മാണം
2. മെഴുക്തിരി നിർമ്മാണം
3. മസാലപ്പൊടി, അച്ചാർ, വിനാഗിരി നിർമാണം
4. പാക്ക് (അടക്ക) വ്യവസായം
5. കയർ നിർമ്മാണം
6. കുട്ട നിർമ്മാണം
7. ചോക്ക് നിർമ്മാണം
8. പ്ലംബിങ്ങ് പരിശീലന കേന്ദ്രം
9. ഗോൾഡ് കവറിംഗ്
10. ക്രോമിയം പ്ലേറ്റിങ്ങ്
11. സ്ലേറ്റ് പെൻസിൽ നിർമ്മാണം
12. ബലൂൺ നിർമ്മാണം.

## 5-4

# വിദ്യാഭ്യാസം

വിദ്യാഭ്യാസ രംഗത്ത് തിരൂരങ്ങാടി മലബാറിന്റെ സിരാകേന്ദ്രമായിരുന്നു. 1906ൽ ഒരു എലിമന്ററി സ്കൂൾ ആരംഭിച്ചുകൊണ്ടാണ് തിരൂരങ്ങാടി വിദ്യാഭ്യാസത്തിന് തുടക്കം കുറിക്കുന്നത്. പ്രാധമിക വിദ്യാഭ്യാസത്തിന് വേണ്ടി ആരംഭിച്ച ഈ വിദ്യാലയം പിന്നീട് ബോർഡ് മാപ്പിള ഹയർ എലിമന്ററി സ്കൂൾ ആയി വളർന്നു. 1921ലെ മലബാർ കലാപം വിലയിരുത്തിയ ബ്രിട്ടീഷ് ഭരണാധികാരികൾ തിരൂരങ്ങാടിയിൽ പ്രാധമികവിദ്യാഭ്യാസം നിർബന്ധമാക്കി. 1924ൽ തിരൂരങ്ങാടി താഴെ ചിനയിൽ ആരംഭിച്ച ഫസ്റ്റ് കമ്പൽസറി സ്കൂളും (ഇപ്പോഴത്തെ ജി. എം. എൽ. പി. സ്കൂൾ) കാച്ചടിയിലെ സെക്കന്റ് കമ്പൽസറി സ്കൂളുമാണ് (ഇന്ന് നിലവിലില്ല) ഇങ്ങനെ ആരംഭിച്ച പ്രാധമിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ.

1943-ലെ കോളറ തിരൂരങ്ങാടിയിലെയും സമീപപ്രദേശത്തെയും നിരവധി കുട്ടികളെ അനാഥരാക്കി. ഈ അനാഥബാലികാബാലന്മാരുടെ സംരക്ഷണത്തിന്നായി തിരൂരങ്ങാടിയിൽ ജെ: കെ. എം. മൗലവി സാഹിബ് ജ: എം. കെ ഹാജി സാഹിബ് എന്നിവരുടെ നേതൃത്വത്തിൽ ആരംഭിച്ച തിരൂരങ്ങാടി മുസ്ലിം ഓർഫനേജ് കമ്മറ്റിയുടെ ആഭിമുഖ്യത്തിലാണ് 1955 ജൂലായ് 2ന് ഒരു അറബിക് ഹൈസ്കൂൾ തിരൂരങ്ങാടിയിൽ ആരംഭിച്ചത്. കേരളപിറവിക്കുശേഷം 1957ലാണ് അന്നത്തെ കേരള മുഖ്യമന്ത്രി ശ്രീ ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് തിരൂരങ്ങാടി ഗവ: ഹൈസ്കൂളിന്റെ ഔപചാരിക ഉൽഘാടനം നിർവഹിച്ചത്. തുടർന്ന് കക്കാട്, വെന്നിയൂർ, തൃക്കളം എന്നിവിടങ്ങളിൽ അപ്പർ പ്രൈമറി സ്കൂളുകളും ലോവർ പ്രൈമറി സ്കൂളുകളും ആരംഭിച്ചു. കൂടിപ്പള്ളിക്കൂടങ്ങളും ഓത്തുപള്ളികളുമായിരുന്ന ചില വിദ്യാഭ്യാസ സ്ഥാപനങ്ങൾ പിൽകാലത്ത് പ്രാഥമികവിദ്യാഭ്യാസസ്ഥാപനങ്ങളായി വളർന്നിട്ടുണ്ട്.

തിരൂരങ്ങാടി മുസ്ലിം ഓർഫനേജ് കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച സീതിസാഹിബ് മെമ്മോറിയൽ ഓർഫനേജ് ട്രൈനിംഗ് സ്കൂളിന്റെ ഉൽഘാടനം 1961 ഒക്ടോബർ 10ന് ജ: സി. എച്ച് മുഹമ്മദ്കോയ സാഹിബ് നിർവ്വഹിച്ചു. തിരൂരങ്ങാടി മുസ്ലിം ഓർഫനേജ് കമ്മറ്റിയുടെ ആഭിമുഖ്യത്തിൽതന്നെ ആരംഭിച്ച പോക്കർ സാഹിബ് മെമ്മോറിയൽ ഓർഫനേജ് ജൂനിയർ കോളേജിന്റെ ശിലാസ്ഥാപനം 1967 ഒക്ടോബറിൽ വാളക്കുളത്ത് ജ: മുഹമ്മദ് ഇസ്മാഇൽ സാഹിബ് നിർവഹിച്ചു. 1968 ജൂലൈ 15നാണ് കേരള യൂനിവേഴ്സിറ്റിയോട് അഫിലിയേറ്റ് ചെയ്ത ഈ ഉന്നത കലാലയം തിരൂരങ്ങാടി യത്തീംഖാന കാമ്പസിൽ ആരംഭിച്ചത്. ഈ ഉന്നത കലാലയം മലബാറിലെ ഉന്നതനിലവാരം പുലർത്തുന്ന ഒരു ഫസ്റ്റ് ഗ്രേഡ് കോളേജായി വളർന്ന് പന്തലിച്ചിട്ടുണ്ട്.

മതവിജ്ഞാന കേന്ദ്രങ്ങൾ ഈ പഞ്ചായത്തിന്റെ വിദ്യാഭ്യാസത്തെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ആത്മീയവിദ്യാഭ്യാസം നൽകുന്നതിന് 40ഓളം മദ്രസകളും ഗുരുകുലവിദ്യാഭ്യാസത്തിന്റെ മഹത്വങ്ങൾ ഉൾക്കൊള്ളുന്ന പതിനഞ്ചിലധികം ഉന്നത പള്ളിദർസുകളും തിരൂരങ്ങാടിക്ക് ധാർമിക പരിവേഷം നൽകുന്നു.

തിരൂരങ്ങാടിയുടെ വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്ന ദാറുൽഹുദാ ഇസ്ലാമിക് അക്കാദമി 1986 ഏപ്രിൽ 1ന് പ്രവർത്തനം തുടങ്ങി. പ്രാധമികവിദ്യാഭ്യാസം നേടിയ സമർത്ഥരായ വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് ധാർമികവും ഭൗതികവുമായ വിദ്യാഭ്യാസം നൽകിവരുന്നു. തിരൂരങ്ങാടി പഞ്ചായത്തിൽ പ്രശസ്ത സേവനത്തിന് അദ്ധ്യാപക അവാർഡ് നേടിയ മൂന്ന് പേരുണ്ട്. ദേശിയ അദ്ധ്യാപകർക്കുള്ള അവാർഡിനർഹനായ ലവഉസ്മാൻമാസ്റ്റർ തൃക്കുളം യു. പി. സ്കൂൾ ഹെഡ്മാസ്റ്ററായി പ്രവർത്തിക്കുന്നു. തിരൂരങ്ങാടി ഗവ: ഹൈസ്കൂൾ അദ്ധ്യാപകനായിരുന്ന കെ. ബീരാൻകുട്ടിമാസ്റ്ററും, പാണക്കാട് ദാറുൽഉലൂം സ്കൂൾ പ്രധാന അദ്ധ്യാപകനും തിരൂരങ്ങാടി സ്വദേശിയുമായ അരിമ്പ്ര മുഹമ്മദ് മാസ്റ്ററുമാണ് സംസ്ഥാന അദ്ധ്യാപക അവാർഡിന് അർഹരായവർ. സാക്ഷരതാരംഗത്ത് മികച്ച സേവനം കാഴ്ചവെച്ച് ദേശീയ യുവജന അവാർഡ് നേടിയ കെ. വി. റാബിയ (തിരൂരങ്ങാടിയുടെ അക്ഷരപുത്രി) പഞ്ചായത്തിന്റെ അഭിമാനമാണ്.

## പ്രീ പ്രൈമറി വിദ്യാഭ്യാസം :-

സമീപകാലത്ത് മാത്രമാണ് തിരൂരങ്ങാടി പഞ്ചായത്ത് ഈ രംഗത്ത് ശ്രദ്ധ പതിപ്പിക്കാൻ തുടങ്ങിയത്. അങ്കനവാടികൾക്കാണ് ഈ രംഗത്ത് പ്രഥമസ്ഥാനം. പഞ്ചായത്തിൽ ഇപ്പോൾ 32 അംഗനവാടികളുണ്ട്. അതിൽ 600 കുട്ടികളുണ്ട്.

നഴ്സറി സ്കൂളുകൾ സർക്കാർ മേഖലയിലില്ല. സ്വകാര്യ മേഖലയിൽ 5 മലയാളമീഡിയം നഴ്സറികളും 4 ഇംഗ്ലീഷ്മീഡിയം നഴ്സറികളുമാണുള്ളത്. സർക്കാർ മേഖലയിൽ പ്രീ പ്രൈമറി വിദ്യാലയങ്ങൾ ഒന്നുംതന്നെയില്ല.

## പ്രൈമറി വിഭാഗം:-

പഞ്ചായത്തിൽ 12 ലോവർ പ്രൈമറി വിദ്യാലയങ്ങളുണ്ട്. ഇതിൽ 4 എണ്ണം അപ്പർ പ്രൈമറി ക്ലാസോടുകൂടിയതാണ്. ഈ വിഭാഗത്തിൽ മൊത്തം 5591 വിദ്യാർത്ഥികളാണുള്ളത്. ഒന്നാം ക്ലാസ് 1357. രണ്ടാം ക്ലാസ് 1411, മൂന്നാം ക്ലാസ് 1418, നാലാം ക്ലാസ് 1405

എ. എം. എൽ. പി. എസ്. പന്താരങ്ങാടി, ജി. ഡബ്ല്യു. യു. പി. എസ്. തൃക്കുളം, ജി. യു. പി. എസ്. തൃക്കുളം, എ. എം. എൽ. എസ്. തൃക്കുളം, ജി. എൽ. പി. എസ്. തിരൂരങ്ങാടി, ജി. എം. എൽ. പി. സ്കൂൾ തിരൂരങ്ങാടി, ഒ. എൽ. പി. എസ്. തിരൂരങ്ങാടി. ജി. എം. യു. പി. എസ്. കക്കാട്. പി. എം. എസ്. എ. എൽ. പി. സ്കൂൾ കാച്ചടി. ജി. എം. യു. പി. എസ് വെന്നിയൂർ, ജി. എൽ പി. എസ് വെന്നിയൂർ, എ. എം. എൽ. പി. എസ് ചുള്ളിപ്പാറ എന്നിവയാണ് പഞ്ചായത്തിലെ ലോവർ പ്രൈമറി സ്കൂൾ. ഇതിൽ ജി. ഡബ്ല്യു. യു. പി. എസ് തൃക്കുളം, ജി. യു. പി. എസ്. തൃക്കുളം, ജി. എം. യു. പി. സ്കൂൾ കക്കാട്, ജി. എം. യു. പി. സ്കൂൾ വെന്നിയൂർ എന്നിവ യു. പി. ക്ലാസുകൂടി ഉൾപ്പെടുന്നതാണ്.

## അപ്പർ പ്രൈമറി :-

പഞ്ചായത്തിൽ 6 അപ്പർ പ്രൈമറി വിദ്യാലയങ്ങളുണ്ട്. ഇതിൽ രണ്ടെണ്ണം ഹൈസ്കൂളിനോട് ചേർന്നാണ് പ്രവർത്തിക്കുന്നത്. യു. പി. വിഭാഗത്തിൽ മൊത്തം 4769 വിദ്യാർത്ഥികളുണ്ട്. 5ാംക്ലാസ് 1628 6-ാം ക്ലാസ് 1571, 7- ാം ക്ലാസ് 1624 ഈ നാല് വിദ്യാലയങ്ങളിലും ഉൾക്കൊള്ളാൻ കഴിയുന്നതിൽ കൂടുതൽ വിദ്യാർത്ഥികൾ ഇപ്പോൾതന്നെ പഠിക്കുന്നുണ്ട്. ജി. ഡബ്ല്യു യു. പി. എസ്. തൃക്കുളം, ജി. യു. പി. എസ് തൃക്കുളം, ജി. എം. യു. പി. എസ് കക്കാട്, ജി. എം. യു. പി. എസ് വെന്നിയൂർ എന്നിവയും തിരൂരങ്ങാടി ഗവ: എച്ച്. എസ്സിനോടും തിരൂരങ്ങാടി ഓറിയന്റൽ ഹൈസ്കൂളിനോടും ചേർന്നുള്ള പ്രൈമറികളും ആണ്. പഞ്ചായത്തിലെ പ്രൈമറി സ്കൂളുകൾ.

## ഹൈസ്കൂൾ:-

പഞ്ചായത്തിൽ സർക്കാർ മേഖലയിൽ ഒരു ഹൈസ്കൂളും സ്വകാര്യ മേഖലയിൽ തിരൂരങ്ങാടി മുസ്ലിം ഓർഫനേഡ് കമ്മറ്റിയുടെ കീഴിൽ ഒരു അറബിക് ഹൈസ്കൂളും പ്രവർത്തിക്കുന്നു. രണ്ട് ഹൈസ്കൂളുകളിലും മൊത്തം 3560 വിദ്യാർത്ഥികളുണ്ട്. 8-ാംക്ലാസ് 1403 9-ാം ക്ലാസ് 1220 10ാം ക്ലാസ് 937 .

പഞ്ചായത്തിലെ 6 യു. പി. സ്കൂളുകളിൽനിന്നും അയൽ പഞ്ചായത്തുകളിൽനിന്നും വരുന്ന വിദ്യാർത്ഥികൾക്ക് ഈ രണ്ട് ഹൈസ്കൂളുകളും മതിയാകാതെയാണ് ഉള്ളത്.

## ഉന്നതവിദ്യാഭ്യാസം:-

തിരൂരങ്ങാടി മുസ്ലിം ഓർഫനേജ് കമ്മറ്റിയുടെ കീഴിലുള്ള പോക്കർസാഹിബ് മെമ്മോറിയൽ ഓർഫനേജ് കോളേജ് മലപ്പുറം ജില്ലയിലെ ഉന്നത വിദ്യാഭ്യാസത്തിന്റെ ശിരാകേന്ദ്രമാണ്. ജില്ലയിലേയും സമീപ ജില്ലകളിലേയും വിദ്യാർത്ഥികൾക്ക് ഉന്നതപഠനത്തിന് തിരൂരങ്ങാടി കോളേജ് ആശ്രയമാകുന്നു. പ്രീഡിഗ്രി, ഡിഗ്രി, ബിരുദാനന്തരബിരുദം എന്നീ കോഴ്സുകളിലായി മൊത്തം 2627 വിദ്യാർത്ഥികൾ പഠിച്ചുവരുന്നു. കോളേജിൽ ഇപ്പോഴുള്ള കോഴ്സുകൾ.

| | |
|---|---|
| പ്രീഡിഗ്രി: | I ഗ്രൂപ്പ് II ഗ്രൂപ്പ് III ഗ്രൂപ്പ് IV ഗ്രൂപ്പ് |
| ഡിഗ്രി : | ബി. എസ്. സി. മാത്തമാറ്റിക്സ് |
| | ബി. എസ്. സി. ഫിസിക്സ് |
| | ബി. എസ്. സി. കെമിസ്ട്രി |
| | ബി. എസ്. സി. സുവോളജി |
| | ബി. എ. ഹിസ്റ്ററി |
| | ബി. എ. ഇക്കണോമിക്സ് |
| | ബികോം. |
| പോസ്റ്റ് ഗ്രാജുവേറ്റ് : | എം. എസ്. സി. മാത്തമാറ്റിക്സ് |
| | എം. കോം |
| | എം. എ. ഹിസ്റ്ററി |
| | എം. എ. ഇംഗ്ലീഷ് |

പഠനത്തിനും പാഠ്യാനുബന്ധപ്രവർത്തനങ്ങളിലും പാഠ്യേതരപ്രവർത്തനങ്ങളിലും പി. എസ് എം. ഒ. കോളേജ് ഉന്നതനിലവാരം പുലർത്തുന്നു.

## ടീച്ചർ ട്രെയ്നിംഗ് ഇൻസ്റ്റിറ്റ്യൂട്ട്:-

പഞ്ചായത്തിലെ ഏക അദ്ധ്യാപക പരിശീലന ഇൻസ്റ്റിറ്റ്യൂട്ടാണ് തിരൂരങ്ങാടിയിലുള്ള സീതി സാഹിബ് മെമ്മോറിയൽ ഓർഫനേജ് ടീച്ചർ ട്രെയ്നിംഗ് ഇൻസ്റ്റിറ്റ്യൂട്ട്. 1961 ഒക്ടോബർ 10ന് ആണ് ഇത് ആരംഭിച്ചത്. 1994-96 വർഷത്തിൽ സീനിയർ, ജൂനിയർ ക്ലാസുകളിലായി മൊത്തം 80 അദ്ധ്യാപക വിദ്യാർത്ഥികൾ ഉണ്ട്. വിദ്യാഭ്യാസ ഡയറക്ടറുടെ വിജ്ഞാപനം പ്രസിദ്ധീകരിക്കാത്തതുകാരണം 1995-97 വർഷത്തെ ടി. ടി. സി കോഴ്സിന്ന് സെലക്ഷൻ നടന്നിട്ടില്ല.

## അറബി കോളേജ്:-

1971 ആഗസ്റ്റ് 22നാണ് കെ. എം. മൗലവി മെമ്മോറിയൽ ഓർഫനേജ് അറബിക് കോളേജ് സ്ഥാപിതമായത്. തിരൂരങ്ങാടി ഓർഫനേജ് കമ്മറ്റിയുടെ കീഴിലാണ് ഈ കോളേജ് പ്രവർത്തിക്കുന്നത്. ഉന്നതപഠനനിലവാരം പുലർത്തുന്ന ഇവിടെ പൊതു പരീക്ഷയിൽ നല്ല വിജയമാണ്.

## ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂനിവേഴ്സിറ്റി സ്റ്റഡി സെന്റർ (ഇഗ്നോ)

ഔപചാരിക വിദ്യാഭ്യാസം നേടാൻ സൗകര്യം ലഭിച്ചിട്ടില്ലാത്തവർക്ക് ഈ സ്റ്റഡിസെന്റർ ഏറെ സഹായകമാണ്. പി. എസ്. എം. ഒ. കോളേജിനോട് അനുബന്ധിച്ചുള്ള ഈ സെന്ററിൽ താഴെ പറയുന്ന കോഴ്സുകളുണ്ട്.

1 B.P.P. BA. BCom ഡിഗ്രി പഠനത്തിനുള്ള പ്രീപ്രേറ്ററി കോഴ്സ്
2 B.D.P. BA. ഡിഗ്രിക്ക് തുല്യമായത്
3 B.D.P. BCom ഡിഗ്രിക്ക് തുല്യമായത്.
4 D.R.D. റൂറൽ ഡവലപ്മെന്റ് ഡിപ്ലോമ കോഴ്സ്
5 C.F.N. ഫുഡ് ആന്റ് ന്യൂട്രിഷൻ സർട്ടിഫിക്കറ്റ് കോഴ്സ്
6 C.I.G. സർട്ടിഫിക്കറ്റ് ഇൻ ഗൈഡൻസ് കോഴ്സ്
7 C.T.S. സർട്ടിഫിക്കറ്റ് ഇൻ ടൂറിസം സ്റ്റഡീസ്

## സമാന്തര കോളേജുകൾ:-

പഞ്ചായത്തിൽ 5 പാരലൽ കോളേജുകളുണ്ട്. ഓരോ വർഷവും ഒന്നാം വർഷ പ്രീഡിഗ്രിക്ക് എണ്ണൂറോളം വിദ്യാർത്ഥികൾക്ക് മാത്രമാണ് പി. എസ്. എം. ഒ. കോളേജിൽ പ്രവേശനം ലഭിക്കുന്നത്. ശേഷിക്കുന്നവർക്ക് പാരലൽ കോളേജുകളാണ് ആശ്രയം.

## ഗ്രന്ഥശാലകൾ:-

പഞ്ചായത്തിൽ മൊത്തം 9 ഗ്രന്ഥശാലകളുണ്ട്. ഗ്രന്ഥശാല സംഘത്തിന്റെ അംഗീകാരം ലഭിച്ചവയുടെ എണ്ണം നാലാണ്.

## സാക്ഷരതാനിരക്ക്:-

പഞ്ചായത്തിൽ പുരുഷ സാക്ഷരത 73.8%ഉം. സ്ത്രീ സാക്ഷരത 67%ഉം ആണ്. പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നുംതന്നെ ഇല്ല. സ്വകാര്യ മേഖലയിൽ ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ പഞ്ചായത്തിൽ 3 എണ്ണമുണ്ട്. ഷോർട്ട്ഹാന്റ് പരിശീലിപ്പിക്കുന്ന ഒരു കേന്ദ്രവും പഞ്ചായത്തിലുണ്ട്. എൽ. ബി. എസ്. കമ്പ്യൂട്ടർസെന്റർ പഞ്ചായത്തിലെ ചെമ്മാട് പ്രവർത്തിക്കുന്നു.

ജില്ലാ പ്രൈമറി വിദ്യാഭ്യാസ പദ്ധതി (ഡി. പി. ഇ. പി.) സബ്ജില്ല കേന്ദ്രം (ബി. ആർ. സി.) ഈ പഞ്ചായത്തിലാണ്.

പഞ്ചായത്തിലെ 15 വാർഡുകളിലും നടന്ന ഗ്രാമസഭയിലെ ചർച്ചകളുടെ അടിസ്ഥാനത്തിലെടുത്ത തീരുമാനങ്ങൾ പഞ്ചായത്തിലെ വിദ്യാഭ്യാസ കാര്യങ്ങളെക്കുറിച്ച് പ്രഥമമായി പ്രത്യേകം ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

അക്കാദമിക് നിലവാരത്തെക്കുറിച്ച് വിദ്യാലയ ഭൗതിക സൗകര്യങ്ങൾ എന്നിവയെക്കുറിച്ചും ഗ്രാമസഭയിൽ അംഗങ്ങൾ വിലയിരുത്തുകയുണ്ടായി. വിദ്യാഭ്യാസനിലവാര തകർച്ച പാഠപുസ്തക ലഭ്യതയിൽ ഉണ്ടാക്കുന്ന കാലതാമസം, അധ്യാപക യഥാക്രമം വിദ്യാർത്ഥി അനുപാതം, പുതുതായി സ്ഥാപിക്കേണ്ട വിദ്യാലയങ്ങളുടെ ആവശ്യകത, ഇപ്പോഴുള്ള പ്രൈമറി, യു.പി. എവന്നിവ യു. പി. ഹൈസ്കൂൾ എന്നിവയായി ഉയർത്തൽ തുടങ്ങിയ ചർച്ചക്ക് വിഷയീഭാവമായി.

അക്കാദമിക് സൗകര്യങ്ങൾ മെച്ചപ്പെടുത്താനാണ് കൂടുതൽ നിർദേശമുണ്ടായത്.

## പ്രശ്നങ്ങൾ:-

പഞ്ചായത്തിലെ 4ാംവാർഡിന്റെ തെക്കുഭാഗത്തുള്ള വിദ്യാർത്ഥികൾക്ക് മഴക്കാലത്ത് വിദ്യാലയത്തിൽ ചെന്നെത്താൻ ഏറെ പ്രയാസമുണ്ട്. സി. കെ. നഗറിലെ വിദ്യാർത്ഥികൾക്ക് ചെമ്മാട്ടുള്ള വദ്യാലയത്തിൽപോയിവേണം പഠിക്കാൻ. 2 കി. മി. ദൂരം സഞ്ചരിച്ച ചെമ്മാട് ടൗണിൽ റോഡ് മുറിച്ചുകടന്ന് വേണം സ്കൂളിലെത്താൻ. വയൽ മുറിച്ചുകളഞ്ഞ് 2 കി. മി. ദുരത്തിലുള്ള തിരൂരങ്ങാടി ചന്തപ്പടി ഗവ: എൽ. പി. സ്കൂളോ തൃക്കുളം എ. എം. എൽ. പി. സ്കൂളോ ആണ് സി. കെ. നഗർ ഭാഗത്തെ വിദ്യാർത്ഥികൾക്ക് ആശ്രയം.

കരിമ്പിൽ ഭാഗത്തെ കുട്ടികൾ പ്രൈമറി വിദ്യാഭ്യാസത്തിന് ആശ്രയിക്കുന്നത് 1.5 കി. മി. ദൂരത്തുള്ള കക്കാട് ജി. എം. യു. പി. സ്കൂളിനേയോ അത്രയുംതന്നെ ദൂരത്തുള്ള കാച്ചടി പി. എം. എസ്. എ. എൽ. പി. സ്കൂളിനേയോ ആണ്. നാഷണൽ ഹൈവേ മുറിച്ചുകടന്ന് വേണം രണ്ട് വിദ്യാലയങ്ങളിലുമെത്താൻ.

കരിമ്പിൻ ഭാഗത്ത് ഒരു ലോവർ പ്രൈമറി അനുവദിക്കേണ്ടത് അടിയന്തിരപ്രാധാന്യമർഹിക്കുന്നു.

പതിമൂന്നാംവാർഡിൽ ഇപ്പോഴുള്ള സ്കൂൾ 2 കി. മീ. ദൂരത്തുള്ള 14-ാം വാർഡിൽ കെട്ടിടം സൗകര്യപ്പെടുന്നതോടെ മാറ്റപ്പെടുന്നു. അത്കാരണം കൊടിമരം ഭാഗത്തുള്ള വിദ്യാർത്ഥികൾക്ക് ഏറെ പ്രയാസങ്ങൾ ഉണ്ടാകുന്നു. പഠനം നിർത്താൻതന്നെ ഇത് കാരണമാകും.

പഞ്ചായത്തിലെ അപ്പർ പ്രൈമറി വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണം കൂടുതലാണ്. തൃക്കുളം ജി. യു. പി. സ്കൂളിൽ പഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് പുറമെ സമീപ പഞ്ചായത്തുകളിൽനിന്നും കുട്ടികൾ വന്നുചേരുന്നു. വളരേയേറെ യാത്രാക്ലേശവും സഹിച്ചാണ് കുട്ടികൾ എത്തുന്നത്. പഞ്ചായത്ത് അതിർത്തിയിൽ സ്ഥിതിചെയ്യുന്ന ചുള്ളിപ്പാറ എ. എം. എൽ പി. സ്കൂളിൽനിന്നും പഠനം പൂർത്തിയാകുന്ന വിദ്യാർത്ഥികൾ 5 കി. മി. ദൂരത്തിലുള്ള വെന്നിയൂർ, കക്കാട് യു. പി. സ്കൂളുകളെയാണ് ആശ്രയിക്കുന്നത്. വെന്നിയൂർ യു. പി. സ്കൂൾ 2 കി. മി. അകലെയുള്ള പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതോടെ വിദ്യാർത്ഥികൾക്ക് ഈ പ്രയാസം കൂടുതലായി അനുഭവപ്പെടുന്നതാണ്.

തിരൂരങ്ങാടി താഴെചിന ജി. എം. എൽ. പി. സ്കൂൾ ഏറ്റവും പഴക്കമുള്ള വിദ്യാലയമാണ്. എൽ പി. ക്ലാസുകൾ പാസാകുന്നതോടെ തിരൂരങ്ങാടിയിലെ ഹൈസ്കൂളുകളാണ് ആശ്രയം. വാഹനതിരക്കേറിയ റോഡുകൾ മുറിച്ചുകടക്കുക എന്നത് ഏറെ അപകടസാദ്ധ്യതഉള്ള ഒന്നാണ്. തൃക്കുളം ജീ. എം. യു. പി. സ്കൂളിൽനിന്നും 7-ാംക്ലാസു പാസായി പുറത്തുപോകുന്നവരുടെ എണ്ണം ഓരോ വർഷവും നാനൂറിന്നടുത്തതാണ്. ഇതിൽ ഭൂരിഭാഗവും പെൺകുട്ടികളാണ്. യാത്രാക്ലേശവും ഹൈസ്കൂൾ പ്രവേശനത്തിനുള്ള പ്രയാസവും നിലനിൽക്കുന്നു. വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നത്കൊണ്ട് കക്കാട് ജി. എം. യു. പി. സ്കൂൾ തൃക്കുളം വെൽഫയർ സ്കൂൾ, വെന്നിയൂർ ജി. എൽ. പി. എന്നിവ സർക്കാർ വക കെട്ടിടമോ പ്രൈവറ്റ് വ്യക്തികളുടേതായതുകൊണ്ട് പി ടി. എ. വക കെട്ടിടമോ ലഭിക്കാൻ സാദ്ധ്യതയില്ല.

## പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ എണ്ണം

| No | വിദ്യാലയത്തിന്റെ പേര് | മാനേജ്മെന്റ് | വിദ്യാർത്ഥികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം |
|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | |
| 1 | A.M.L.P.S. പന്താരങ്ങാടി | Aided | 240 | 262 | 502 | 15 |
| 2. | G.W.U.P.S. തൃക്കുളം | Govt. | 489 | 459 | 948 | 16 |
| 3 | G.U.P.S. തൃക്കുളം | ,, | 868 | 878 | 1746 | 49 |
| 4 | A.M.L.P.S. തൃക്കുളം | Aided | 180 | 185 | 365 | 13 |
| 5 | G.L.P.S. തിരൂരങ്ങാടി | Govt. | 259 | 212 | 471 | 14 |
| 6 | G.H.S. തിരൂരങ്ങാടി | Govt. | 1598 | 1388 | 2986 | 99 |
| 7 | O.H.S. ,, | Aided | 1123 | 1247 | 2370 | 57 |
| 8 | G.L.P.S. ,, | Govt. | 150 | 155 | 305 | 10 |
| 9 | O.L.P.S. ,, | Aided | 202 | 212 | 414 | 11 |
| 10 | G.M.U.P. കക്കാട് | Govt. | 691 | 739 | 1430 | 37 |
| 11 | P.M.S.A.L.P.S കാച്ചാടി | Aided | 226 | 229 | 455 | 14 |
| 12 | G.M.U.P.S. വെന്നിയൂർ | Govt. | 651 | 562 | 1213 | 29 |
| 13 | G. L.P.S. ,, | ,, | 136 | 141 | 277 | 8 |
| 14 | A.M.L.P.S. ചുറ്റിപ്പാറ | Aided | 264 | 228 | 492 | 14 |

## SC/ST കുട്ടികളുടെ എണ്ണം

### പട്ടിക 1–A

| STD | AMLPS പന്താരങ്ങാടി | | | GUPS തൃക്കുളം | | | GWUPS തൃക്കുളം | | | AMLPS തൃക്കുളം | | | GLPS തിരൂരങ്ങാടി | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | | | |
| 1 | 2 | 3 | 5 | 2 | 4 | 6 | 3 | 3 | 6 | 0 | 1 | 1 | 0 | 1 | 1 |
| 2 | 0 | 1 | 1 | 1 | 5 | 6 | 6 | 3 | 9 | - | - | - | - | - | - |
| 3 | 4 | 4 | 8 | 5 | 3 | 8 | 6 | 6 | 12 | - | - | - | - | - | - |
| 4 | 3 | 3 | 6 | 2 | 2 | 4 | 4 | 2 | 6 | 0 | 1 | 1 | - | - | - |
| 5 | | | | 7 | 5 | 12 | 10 | 4 | 14 | | | | | | |
| 6 | | | | 3 | 5 | 8 | 6 | 8 | 14 | | | | | | |
| 7 | | | | 6 | 7 | 13 | 7 | 4 | 11 | | | | | | |
| 8 | | | | | | | | | | | | | | | |
| 9 | | | | | | | | | | | | | | | |
| 10 | | | | | | | | | | | | | | | |
| | 9 | 11 | 20 | 42 | 30 | 72 | 26 | 31 | 57 | 0 | 2 | 2 | 0 | 1 | 1 |

| | G H S തിരൂരങ്ങാടി | | | OHS തിരൂരങ്ങാടി | | | GMLPS തിരൂരങ്ങാടി | | | OLPS തിരൂരങ്ങാടി | | | GMUP കക്കാട് | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | | | | | | | | | | - | - | - | 2 | 5 | 7 |
| 2 | | | | | | | | | | 1 | 0 | 1 | 1 | 3 | 4 |
| 3 | | | | | | | | | | | | | 1 | 3 | 4 |
| 4 | | | | | | | | | | | | | 1 | 0 | 1 |
| 5 | 3 | 2 | 5 | | | | | | | | | | 3 | 4 | 7 |
| 6 | 3 | 4 | 7 | | | | | | | | | | 3 | 1 | 4 |
| 7 | 2 | 3 | 5 | | | | | | | | | | 2 | 3 | 5 |
| 8 | 22 | 11 | 33 | | | | | | | | | | | | |
| 9 | 18 | 16 | 34 | | | | | | | | | | | | |
| 10 | 18 | 13 | 31 | | | | | | | | | | | | |
| | 66 | 49 | 115 | | | | | | | 1 | 0 | 1 | 13 | 19 | 32 |

| | PMSALPS കാച്ചടി | | | GMUPS വെന്നിയൂർ | | | GLPS വെന്നിയൂർ | | | AMLPS ചുള്ളിപ്പാറ | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | 0 | 2 | 2 | 4 | 1 | 5 | 3 | 2 | 5 | 0 | 1 | 1 |
| 2 | - | - | - | 0 | 3 | 3 | 1 | 2 | 3 | | | |
| 3 | 0 | 1 | 1 | 2 | 1 | 3 | 2 | 1 | 3 | | | |
| 4 | | | | 4 | 0 | 4 | 2 | 1 | 3 | | | |
| 5 | | | | 5 | 3 | 8 | | | | | | |
| 6 | | | | 1 | 1 | 2 | | | | | | |
| 7 | | | | 0 | 1 | 1 | | | | | | |
| 8 | | | | | | | | | | | | |
| 9 | | | | | | | | | | | | |
| 10 | | | | | | | | | | | | |
| | 0 | 3 | 3 | 16 | 10 | 26 | 8 | 6 | 14 | 0 | 1 | 1 |

വിദ്യാലയങ്ങിൽനിന്നും പഠനം പൂർത്തിയാക്കാതെ വിദ്യാലയം വിടുന്ന വിദ്യാർത്ഥികൾ ഗ്രാമപ്രദേശങ്ങളിൽ കൂടുതലാണ്. രക്ഷിതാക്കൾക്ക് വേണ്ടത്ര വിദ്യാഭ്യാസമില്ലാത്തതും ബോധവൽക്കരണത്തിന്റെ അഭാവവുമാണ് ഇതിനുള്ള കാരണങ്ങൾ.

## 95-96 വർഷം വിദ്യാലയങ്ങളിൽനിന്നും കൊഴിഞ്ഞുപോകുന്നവരുടെ എണ്ണം

### പട്ടിക 1 -B

| സ്കൂൾ | ക്ലാസ് | | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | 1 | | | 2 | | | 3 | | | 4 | | | 5 | | | 6 | | | 7 | | |
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| ആൺ പെൺ ആകെ | | | | | | | | | | | | | | | | | | | | | |
| A.M.L.P.S. പന്താരങ്ങാടി | | | | | | | 1 | - | 1 | | | | | | | | | | | | |
| G.W.U.P.S. തൃക്കുളം | 1 | 2 | 3 | 1 | - | 1 | 1 | - | 1 | 1 | 2 | 3 | 1 | - | 1 | | 1 | 1 | | 1 | 1 |
| GUPS തൃക്കുളം | 1 | 1 | 2 | | | | | | | | | | 2 | 1 | 3 | | | | | | |
| AMLPS തൃക്കുളം | 3 | 2 | 5 | 9 | 1 | 10 | 1 | - | 1 | | | | | | | | | | | | |
| G.M.L.P തിരൂരങ്ങാടി | | | | | 1 | 1 | | | | | | | | | | | | | | | |
| O.L.P.S. തിരൂരങ്ങാടി | 4 | 2 | 6 | 1 | - | 1 | 2 | - | 2 | 2 | 1 | 3 | | | | | | | | | |
| G.M.U.P.S വെന്നിയൂർ | 2 | 1 | 3 | 3 | 1 | 4 | 2 | - | 2 | 3 | 1 | 4 | 4 | 2 | 6 | 5 | 2 | 7 | 6 | 5 | 11 |
| G.L.P.S. വെന്നിയൂർ | | | | 1 | - | 1 | | | | | 1 | 1 | | | | | | | | | |
| ആകെ | 11 | 8 | 19 | 13 | 3 | 16 | 6 | 1 | 7 | 6 | 5 | 11 | 7 | 3 | 10 | 5 | 3 | 8 | 11 | 8 | 19 |

പഞ്ചായത്തിലെ പഠനനിലവാരം മൊത്തത്തിൽ ശരാശരിക്ക് താഴെയാണ്. വിദ്യാലയങ്ങളുടെ ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തതയും കൃത്യമായും യഥാസമയത്തും അദ്ധ്യാപകരെ നിയമിച്ചുകൊടുക്കുന്നതിലെ അലംഭാവവും, പാഠപുസ്തകം കൃത്യ സമയത്ത് ലഭിക്കാത്തതും പഠനനിലവാരത്തെ സാരമായി ബാധിക്കുന്നു.

## 3–ാം ക്ലാസ്സ് പട്ടിക 1-C

| Sl No. | വിദ്യാലയത്തിന്റെ പേര് | ആകെ കുട്ടികൾ | 30%ൽ താഴെ മാർക്കുള്ളവർ | 30-40% മാർക്ക് നേടിയവർ | 40-50% മാർക്ക് നടിയവർ | 50-60% മാർക്ക് നേടിയവർ | 60%ൽ കൂടുതൽ മാർക്ക് നേടിയവർ |
|---|---|---|---|---|---|---|---|
| 1 | AMLPS പന്താരങ്ങാടി | 145 | 1 | 2 | 9 | 7 | 126 |
| 2 | GWUPS തൃക്കുളം | 97 | 25 | 25 | 20 | 12 | 15 |
| 3 | GUPS തൃക്കുളം | 76 | 50 | 30 | 36 | 50 | 10 |
| 4 | AMLPS തൃക്കുളം | 101 | 3 | 6 | 20 | 18 | 54 |
| 5 | GLPS തിരൂരങ്ങാടി | 112 | 20 | 15 | 20 | 23 | 34 |
| 6 | GHS തിരൂരങ്ങാടി | - | - | - | - | - | - |
| 7 | OHS | ,, | ,, | ,, | ,, | ,, | ,, |
| 8 | GLPS തിരൂരങ്ങാടി | 86 | 4 | 6 | 8 | 20 | 48 |
| 9 | OLPS ,, | 90 | 5 | 45 | 18 | 16 | 6 |
| 10 | GMUP കക്കാട് | 160 | 16 | 48 | 48 | 32 | 16 |
| 11 | PMSALPS കാച്ചടി | 102 | 9 | 23 | 17 | 16 | 37 |
| 12 | GMUPS വെന്നിയൂർ | 151 | - | 14 | 90 | 45 | 2 |
| 13 | GLPS വെന്നിയൂർ | 73 | 8 | 9 | 11 | 17 | 28 |
| 14 | AMLPS ചുള്ളിപ്പാറ | 118 | 40 | 52 | 9 | 8 | 9 |

## 4–ാം ക്ലാസ്സ്

| Sl No. | വിദ്യാലയത്തിന്റെ പേര് | ആകെ കുട്ടികൾ | 30%ൽ താഴെ മാർക്കുള്ളവർ | 30-40% മാർക്ക് നേടിയവർ | 40-50% മാർക്ക് നടിയവർ | 50-60% മാർക്ക് നേടിയവർ | 60%ൽ കൂടുതൽ മാർക്ക് നേടിയവർ |
|---|---|---|---|---|---|---|---|
| 1 | AMLPS പന്താരങ്ങാടി | 115 | 5 | 9 | 14 | 13 | 74 |
| 2 | GWUPS തൃക്കുളം | 106 | 30 | 11 | 30 | 10 | 25 |
| 3 | GUPS തൃക്കുളം | 187 | 52 | 35 | 40 | 45 | 15 |
| 4 | AMLPS തൃക്കുളം | 102 | 13 | 33 | 24 | 13 | 19 |
| 5 | GLPS തിരൂരങ്ങാടി | 115 | 20 | 11 | 20 | 20 | 43 |
| 6 | GHS തിരൂരങ്ങാടി | - | - | - | - | - | - |
| 7 | OHS | ,, | ,, | ,, | ,, | ,, | ,, |
| 8 | GLPS തിരൂരങ്ങാടി | 53 | 2 | 3 | 5 | 10 | 33 |
| 9 | OLPS ,, | 123 | 3 | 23 | 33 | 20 | 44 |
| 10 | GMUP കക്കാട് | 178 | 18 | 53 | 53 | 36 | 18 |
| 11 | PMSALPS കാച്ചടി | 105 | 13 | 9 | 10 | 11 | 72 |
| 12 | GMUPS വെന്നിയൂർ | 119 | - | 12 | 83 | 18 | 6 |
| 13 | GLPS വെന്നിയൂർ | 73 | 5 | 12 | 15 | 16 | 25 |
| 14 | AMLPS ചുള്ളിപ്പാറ | 112 | 27 | 27 | 36 | 14 | 18 |

## 5–ാം ക്ലാസ്സ്

| Sl No. | വിദ്യാലയത്തിന്റെ പേര് | ആകെ കുട്ടികൾ | 30%ൽ താഴെ മാർക്കുള്ളവർ | 30-40% മാർക്ക് നേടിയവർ | 40-50% മാർക്ക് നടിയവർ | 50-60% മാർക്ക് നേടിയവർ | 60%ൽ കൂടുതൽ മാർക്ക് നേടിയവർ |
|---|---|---|---|---|---|---|---|
| 1 | AMLPS പന്താരങ്ങാടി | - | - | - | - | - | - |
| 2 | GWUPS തൃക്കുളം | 175 | 60 | 42 | 30 | 25 | 18 |
| 3 | GUPS തൃക്കുളം | 379 | 80 | 60 | 80 | 79 | 80 |
| 4 | AMLPS തൃക്കുളം | - | - | - | - | - | - |
| 5 | GLPS തിരൂരങ്ങാടി | - | - | - | - | - | - |
| 6 | GHS തിരൂരങ്ങാടി | 170 | 72 | 35 | 18 | 25 | 20 |
| 7 | OHS ,, | 394 | 89 | 155 | 75 | 60 | 15 |
| 8 | GLPS തിരൂരങ്ങാടി | - | - | - | - | - | - |
| 9 | OLPS ,, | - | - | - | - | - | - |
| 10 | GMUP കക്കാട് | 281 | 28 | 84 | 84 | 57 | 28 |
| 11 | PMSALPS കാച്ചടി | - | - | - | - | - | - |
| 12 | GMUPS വെന്നിയൂർ | 229 | - | 19 | 115 | 72 | 23 |
| 13 | GLPS വെന്നിയൂർ | - | - | - | - | - | - |
| 14 | AMLPS ചുള്ളിപ്പാറ | - | - | - | - | - | - |

## 6–ാം ക്ലാസ്സ്

| Sl No. | വിദ്യാലയത്തിന്റെ പേര് | ആകെ കുട്ടികൾ | 30%ൽ താഴെ മാർക്കുള്ളവർ | 30-40% മാർക്ക് നേടിയവർ | 40-50% മാർക്ക് നടിയവർ | 50-60% മാർക്ക് നേടിയവർ | 60%ൽ കൂടുതൽ മാർക്ക് നേടിയവർ |
|---|---|---|---|---|---|---|---|
| 1 | AMLPS പന്താരങ്ങാടി | - | - | - | - | - | - |
| 2 | GWUPS തൃക്കുളം | 193 | 70 | 50 | 27 | 25 | 21 |
| 3 | GUPS തൃക്കുളം | 331 | 75 | 80 | 65 | 41 | 70 |
| 4 | AMLPS തൃക്കുളം | - | - | - | - | - | - |
| 5 | GLPS തിരൂരങ്ങാടി | - | - | - | - | - | - |
| 6 | GHS തിരൂരങ്ങാടി | 174 | 82 | 30 | 22 | 23 | 17 |
| 7 | OHS ,, | 375 | 101 | 145 | 71 | 38 | 20 |
| 8 | GLPS തിരൂരങ്ങാടി | - | - | - | - | - | - |
| 9 | OLPS ,, | - | - | - | - | - | - |
| 10 | GMUP കക്കാട് | 254 | 25 | 76 | 76 | 52 | 25 |
| 11 | PMSALPS കാച്ചടി | - | - | - | - | - | - |
| 12 | GMUPS വെന്നിയൂർ | 244 | - | 17 | 130 | 36 | 61 |
| 13 | GLPS വെന്നിയൂർ | - | - | - | - | - | - |
| 14 | AMLPS ചുള്ളിപ്പാറ | - | - | - | - | - | - |

# 7-ാം ക്ലാസ്സ്

| Sl No. | വിദ്യാലയത്തിന്റെ പേര് | ആകെ കുട്ടികൾ | 30%ൽ താഴെ മാർക്കുള്ളവർ | 30-40% മാർക്ക് നേടിയവർ | 40-50% മാർക്ക് നടിയവർ | 50-60% മാർക്ക് നേടിയവർ | 60%ൽ കൂടുതൽ മാർക്ക് നേടിയവർ |
|---|---|---|---|---|---|---|---|
| 1 | AMLPS പന്താരങ്ങാടി | - | - | - | - | - | - |
| 2 | GWUPS തൃക്കുളം | 173 | 66 | 40 | 35 | 20 | 12 |
| 3 | GUPS തൃക്കുളം | 335 | 78 | 82 | 35 | 65 | 75 |
| 4 | AMLPS തൃക്കുളം | - | - | - | - | - | - |
| 5 | GLPS തിരൂരങ്ങാടി | - | - | - | - | - | - |
| 6 | GHS തിരൂരങ്ങാടി | 221 | 100 | 43 | 30 | 22 | 16 |
| 7 | OHS ,, | 472 | 172 | 125 | 72 | 86 | 17 |
| 8 | GLPS തിരൂരങ്ങാടി | - | - | - | - | - | - |
| 9 | OLPS ,, | - | - | - | - | - | - |
| 10 | GMUP കക്കാട് | 207 | 20 | 63 | 63 | 40 | 21 |
| 11 | PMSALPS കാച്ചടി | - | - | - | - | - | - |
| 12 | GMUPS വെന്നിയൂർ | 226 | - | 44 | 137 | 45 | - |
| 13 | GLPS വെന്നിയൂർ | - | - | - | - | - | - |
| 14 | AMLPS ചുള്ളിപ്പാറ | - | - | - | - | - | - |

പഠന നിലവാരം പ്രത്യക്ഷമായി വിലയിരുത്തുന്നത് S.S.L.C പരീക്ഷാഫലമാണ്. പഞ്ചായത്തിലെ ഹൈസ്കൂളിലെ അഞ്ച് വർഷങ്ങളിലെ വിജയശതമാനം

## പട്ടിക 1-D

S.S.L.C. വിജയശതമാനം

| | Year | Appeared | Passed | Percentage |
|---|---|---|---|---|
| G.H.S. തിരൂരങ്ങാടി | 1991-92 | 306 | 39 | 12.75 |
| | 92-93 | 351 | 53 | 15.09 |
| | 93-94 | 442 | 64 | 14.50 |
| | 94-95 | 531 | 44 | 8.3 |
| | 95-96 | 571 | 68 | 11.9 |
| O.H.S. തിരൂരങ്ങാടി | 1991-92 | 257 | 91 | 35.40 |
| | 92-93 | 276 | 102 | 37 |
| | 93-94 | 251 | 81 | 32.27 |
| | 94-95 | 212 | 88 | 42 |
| | 95-96 | 240 | 65 | 27 |

## PSMO കോളേജ് പി. ജി. വിഭാഗം

| | എം.എ. (ഹിസ്റ്ററി) | എം. എ. (ഇംഗ്ലീഷ്) | എം. എസ്. സി. (മാത്സ്) | എം. കോം. | ആകെ കുട്ടികളുടെ എണ്ണം |
|---|---|---|---|---|---|
| PG I Year | 16 | 14 | 15 | 15 | 60 |
| PG IInd Year | 14 | 13 | 8 | 15 | 50 |

## പട്ടിക 2A

| വിദ്യാലയത്തിന്റെ പേര് | ഭൗതിക സൗകര്യങ്ങൾ | | | | | | | | ഓഫീസ് ഫർണിച്ചർ | | |
|---|---|---|---|---|---|---|---|---|---|---|---|
| | മാനേജ്മെന്റ് | വിദ്യാർത്ഥികളുടെ എണ്ണം | ഡിവിഷനുകളുടെ എണ്ണം | ഡസ്ക് | ബെഞ്ച് | മേശ | ബ്ലാക് ബോഡ് | കസേര | മേശ | കസേര | അലമാറ |
| A.M.L.P.S. പന്താരങ്ങാടി | Aided | 502 | 12 | 60 | _ | _ | 13 | 4 | 4 | - | 1 |
| G.W.U.P.S. തൃക്കുളം | Govt. | 948 | 12 | 100 | 25 | 10 | _ | 10 | 1 | 4 | 3 |
| G.U.P.S. തൃക്കുളം | ,, | 1746 | 39 | 50 | 57 | 5 | 30 | 30 | 25 | 25 | 3 |
| A.M.L.P.S. തൃക്കുളം | Aided | 365 | 11 | 60 | 100 | 8 | 11 | | 4 | 4 | 1 |
| G.L.P.S. തിരൂരങ്ങാടി | Govt. | 471 | 11 | 120 | 10 | 4 | 12 | 8 | 4 | 8 | - |
| G.H.S. തിരൂരങ്ങാടി | Govt. | 2986 | 64 | 300 | 300 | 40 | 35 | 50 | - | 2 | 4 |
| O.H.S. ,, | Aided | 2370 | 36 | 360 | 360 | 36 | 36 | 35 | 5 | 5 | 5 |
| G.L.P.S. ,, | Govt. | 305 | 8 | 50 | 50 | 5 | 8 | 8 | - | - | - |
| O.L.P.S. ,, | Aided | 414 | 9 | 80 | 80 | 10 | 10 | 10 | - | - | 10 |
| G.M.U.P. കക്കാട് | Govt. | 1330 | 30 | 180 | 180 | 20 | 18 | 16 | 20 | 4 | 3 |
| P.M.S.A.L.P.S കാച്ചാടി | Aided | 485 | 14 | _ | _ | _ | | | | | |
| G.M.U.P.S. വെന്നിയൂർ | Govt. | 1213 | 23 | 16 | 164 | 5 | 4 | 6 | 1 | 1 | 3 |
| G. L.P.S. ,, | ,, | 277 | 7 | _ | 4 | 2 | 7 | 7 | 2 | - | - |
| A.M.L.P.S. ചുള്ളിപ്പാറ | Aided | 492 | 12 | 50 | 20 | _ | - | 12 | - | 2 | - |

പഞ്ചായത്തിലെ 14 വിദ്യാലയങ്ങളിൽ 8ഉം സർക്കാർ മേഖലയിലാണ്. 8 വിദ്യാലയങ്ങളിൽ 4 എണ്ണവും സെക്ഷണൽ സമ്പ്രദായത്തിൽ പ്രവർത്തിക്കുന്നു. കെട്ടിടസൗകര്യങ്ങൾ ഇല്ലായ്മയും സ്വന്തമായി ഭൂമി ഇല്ലാത്തതും ഇതിന് കാരണമാണ്. പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ ഇപ്പോൾ നിലവിലുള്ള ഭൗതിക സൗകര്യവും ഇനിയും വേണ്ടതും

### അക്കാദമിക് സൗകര്യങ്ങൾ:–

വിദ്യാഭ്യാസം പരിപൂർണമാക്കാൻ വിദ്യാലയങ്ങളിൽ പരീക്ഷണശാലകളും, പഠനോപകരണങ്ങളും അത്യാവശ്യമാണ്. പല വിദ്യാലയങ്ങളിലും ഈ സൗകര്യം ഒട്ടുംതന്നെ പര്യാപ്തമല്ല. ഇവയുടെ അഭാവം കാര്യക്ഷമമായ പഠനത്തെ ബാധിക്കുന്നു.

വിദ്യാലയങ്ങളിൽ ഇപ്പോൾ നിലവിലുള്ളതും ഇനിയും വേണ്ടതുമായ അക്കാഡമിക് സൗകര്യങ്ങൾ

പട്ടിക-III

സാമ്പത്തിക സഹായം ലഭിക്കാത്ത കുട്ടികളുടെ വിവരം

പട്ടിക -4

ഗ്രാമസഭാറിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അടുത്ത അഞ്ച് വർഷത്തേക്ക് വേണ്ട വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ വിശദവിവരം താഴെ നൽകുന്നു.

### പ്രി-പ്രൈമറി വിദ്യാഭ്യാസം:–

എല്ലാ പ്രൈമറിവിദ്യാലയങ്ങളോട് ചേർന്ന് പ്രി-പ്രൈമറി ആരംഭിക്കുക.

പഞ്ചായത്തിൽ ഒരു പ്രീ-പ്രൈമറി ട്രെനിംഗ് സെന്റർ അനുവദിക്കുക.

### ലോവർ പ്രൈമറി :-

4-ാം വാർഡിൽ തെക്കെ ഭാഗത്ത് (അട്ടക്കുഴിങ്ങര) എൽ. പി. സ്കൂൾ സ്ഥാപിക്കുക.

സി. കെ നഗറിൽ ഒരു സ്കൂൾ. (വളരെയേറെ ജനസാന്ദ്രതയുള്ള പ്രദേശമാണ് സി. കെ. നഗർ) സ്ഥാപിക്കുക.

12-ാം വാർഡിൽ കരിമ്പിൻഭാഗത്ത് എൽ. പി. സ്കൂൾ

കൊടിമരം ഭാഗത്ത്.എൽ. പി. സ്കൂൾ സ്ഥാപിക്കുകയോ നിലവിലുള്ള ജി. എം. യു. പി. സ്കൂളിന്റെ എൽ.പി. വിഭാഗം നിലനിർത്തുകയോ ചെയ്യുക.

### അപ്പർ പ്രൈമറി:-

പന്താരങ്ങാടി എ. എം. എൽ. പി. സ്കൂൾ, ചുള്ളിപ്പാറ എ. എം. എൽ. പി. സ്കൂൾ, തിരൂരങ്ങാടി ജി. എം. എൽ. പി. എസ്., കാച്ചാടി പി. എം. എസ്. എ. എൽ. പി. എന്നിവ അപ് ഗ്രേഡ് ചെയ്യുക

### ഹൈസ്കൂൾ :-

പഞ്ചായത്തിലെ ഏക സർക്കാർ ഹൈസ്കൂൾ ഇപ്പോൾ നിലവിലുള്ള സെക്ഷണൽ സമ്പ്രദായം അവസാനിപ്പിക്കുക. അതിനാവശ്യമായ കെട്ടിടം നിർമിക്കാൻ നടപടി സ്വീകരിക്കുക.

തൃക്കുളം ജി. യു. പി. സ്കൂൾ ഹൈസ്കൂളായി ഉയർത്തുക.

കക്കാട് ജി. എം. യു. പി. സ്കൂൾ ഹൈസ്കൂളാക്കുക. സെക്ഷണൽ സമ്പ്രദായം ഒഴിവാക്കാൻ ആവശ്യമായ പരിഹാരമ കാണുക.

വെന്നിയൂർ ജി. എം. യു. പി. സ്കൂൾ അപ് ഗ്രേഡ് ചെയ്യുക.

# തിരൂരങ്ങാടി പഞ്ചായത്ത്

## അക്കാഡമിക്സൗകര്യങ്ങൾ

### പട്ടിക 3

| വിദ്യാലയത്തിന്റെ പേര് | ലൈബ്രറി ഉണ്ട്/ഇല്ല | ലബോറട്ടറി | മാപ്പുകൾ, ചാർട്ടുകൾ ഗ്ലോബുകൾ | ദൃശ്യശ്രാവ്യ ഉപകരണങ്ങൾ–എണ്ണം | | | | | | | | ബ്ലാക്ക് ബോർഡ് | | 95–96 ലഭിച്ച അധ്യയന ദിവസം | സമരങ്ങൾമൂലം നഷ്ടപ്പെട്ട പ്രവർത്തിദിവസങ്ങൾ | പ്രാദേശിക ഒഴിവുകൾമൂലം നഷ്ടപ്പെട്ട ദിനങ്ങൾ | മാതൃസംഗമം സജീവം/അല്ല | കാസ്റ്റും പി. ടി. എകൾ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | റേഡിയോ | ടേപ്പ്റിക്കാർഡർ | ടി. വി. സെറ്റ് | വ. സി. ആർ വി. സി.പി | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ഓവർഹെഡ് പ്രൊജക്ടർ | കമ്പ്യൂട്ടർ | ആവശ്യമുള്ളത് | നിലവിലുള്ളത് | | | | | |
| A.M.L.P.S. പന്താരങ്ങാടി | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | – | 13 | 184 | – | 5 | സജീവം | ഉണ്ട് |
| G.W.U.P.S. തൃക്കുളം | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4 | 10 | 194 | 6 | – | സജീവം | ഉണ്ട് |
| G.U.P.S. തൃക്കുളം | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | 12 | 30 | 186 | – | 10 | സജീവം | ഉണ്ട് |
| A.M.L.P.S. തൃക്കുളം | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 5 | 6 | 184 | – | 8 | സജീവം | ഇല്ല |
| G.L.P.S. തിരൂരങ്ങാടി | ഉണ്ട് | ഇല്ല | ഭാഗികം | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 12 | 8 | 184 | – | – | സജീവം | ഉണ്ട് |
| G.H.S. തിരൂരങ്ങാടി | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | 35 | 35 | 216 | – | 40 | ഇല്ല | ഇല്ല |
| O.H.S. ,, | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | – | – | – | – | – | സജീവം | ഉണ്ട് |
| G.L.P.S. ,, | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 8 | 5 | 184 | – | 8 | സജീവം | ഉണ്ട് |
| O.L.P.S. ,, | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 15 | 10 | 183.5 | – | 8.5 | സജീവം | ഉണ്ട് |
| G.M.U.P. കക്കാട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 18 | 16 | 183 | – | – | സജീവം | ഉണ്ട് |
| P.M.S.A.L.P.S കാച്ചടി | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4 | 14 | 184 | – | 16 | ഉണ്ട് | ഉണ്ട് |
| G.M.U.P.S. വെന്നിയൂർ | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | – | – | 186 | – | 2 | സജീവം | ഉണ്ട് |
| G. L.P.S. ,, | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 7 | 7 | 189 | 3 | – | സജീവം | ഇല്ല |
| A.M.L.P.S. ചുള്ളിപ്പാറ | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | – | 12 | 189 | – | 6 | സജീവം | ഉണ്ട് |

## ഹയർ സെക്കണ്ടറി :-

പഞ്ചായത്തിൽ നിലവിലുള്ള ഹൈസ്കൂളുകളിൽ വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സുകൾ ആരംഭിക്കണം. അല്ലെങ്കിൽ +2, യു. പി. സ്കൂൾ അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂൾ ആക്കണമെന്നാവശ്യപ്പെട്ട മൂന്ന് സ്കൂളുകളിലും വെക്കേഷണൽ ഹയർ സെക്കണ്ടറി അല്ലങ്കിൽ +2 നടപ്പാക്കുക.

തിരൂരങ്ങാടി പി. എസ്. എം. ഒ കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കുക. എം. എസ്. സി (കെമിസ്ട്രി) എം. എസ്. സി. ഫിസിക്സ്, എം. എ (അറബിക്)

## പ്രഫഷണൽ കോഴ്സുകൾ:-

ഓരോവർഷവും ഡിഗ്രി കോഴ്സ് പൂർത്തിയാക്കി പുറത്തിറങ്ങുന്ന വിദ്യാർത്ഥികൾ അധ്യാപന പരിശീലനത്തിന് അയൽ സംസ്ഥാനങ്ങളെയാണ് ഭൂരിപക്ഷവും ആശ്രയിക്കുന്നത്.

തിരൂരങ്ങാടിയിൽ ബി. എഡ് കോളേജ് തുടങ്ങാൻ നടപടി സ്വീകരിക്കണം.

ഗവൺമെന്റ് മേഖലയിൽ ഒരു അദ്ധ്യാപക പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് (TTI) ആരംഭിക്കാൻ നടപടി സ്വീകരിക്കുക.

ഒരു ടെക്നിക്കൽ ഹൈസ്കൂൾ സ്ഥാപിക്കുക.

പഞ്ചായത്തിൽ നഴ്സിംഗ് ട്രെനിംഗ് കോളേജ് സ്ഥാപിക്കുക.

ഒരു ഫാർമസി ട്രെനിംഗ് കോളേജ് അനുവദിക്കുക.

കായിക വിദ്യാഭ്യാസ പുരോഗതിക്ക് പഞ്ചായത്തിൽ ഒരു കായികാധ്യാപക പരിശീലന കേന്ദ്രം അനുവദിക്കുക.

ഒരു സ്പോർട്സ് സ്കൂൾ രൂപീകരിക്കുക.

കലാ പഠനം പരിപോഷിപ്പിക്കുന്നതിന് ഒരു ഫൈൻ ആർട്സ് കോളേജ് സ്ഥാപിക്കുക.

ഹയർ ഡിപ്ലോമ ഇൻ കൊ-ഓപറേഷൻ കോളേജ് (H D C) അനുവദിക്കുക.

## ഗ്രന്ഥശാലകൾ:-

ചെമ്മാട് പബ്ലിക് ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. പഞ്ചായത്തിലെ അംഗീകൃത ഗ്രന്ഥ ശാലകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാനാവശ്യമായ സ്ഥലവും കെട്ടിട നിർമ്മാണത്തിനുള്ള ഫണ്ടും അനുവദിക്കുക. വാർഡുകളിൽ ഗ്രന്ഥശാലകളും വായന ശാലകളും ആരംഭിക്കാൻ നടപടി സ്വീകരിക്കുക. പാഠപുസ്തക വിതരണം സുഗമമാക്കുന്നതിനും, അവ എത്രയും പെട്ടെന്ന് കുട്ടികൾക്ക് ലഭിക്കാനും എല്ലാ സബ് ജില്ലകളിലും പാഠപുസ്തക വിതരണ ഡിപ്പോകൾ ആരംഭിക്കുക.

പ്രാഥമിക സൗകര്യങ്ങൾ (കുടിവെള്ളം, മൂത്രപ്പുര, കക്കൂസ്) ഇല്ലാത്ത വിദ്യാലയങ്ങൾക്ക് അവ നിർമ്മിക്കാൻ നടപടി കൈകൊള്ളുക.

എല്ലാ വിദ്യാലയങ്ങളും വൈദ്യുതീകരിക്കുക. ലാബറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുക. സ്പെഷ്യൽ ഫീ തുക വർദ്ധിപ്പിക്കുക. എൽ. എസ്. എസ്, യു. എസ്. എസ്. തുക തുക വർദ്ധിപ്പിക്കുക.

SC/ ST വിദ്യാർത്ഥികൾക്ക് നൽകുന്ന മെറിറ്റേറിയസ് സ്കോളർഷിപ്പ് തുക വർദ്ധിപ്പിക്കുക.

യു. പി സ്കൂളുകൾക്ക് കളിസ്ഥലം ഉണ്ടാക്കാൻ നടപടി സ്വീകരിക്കുക.

യു. പി. സ്കൂളുകളിൽ പ്രധാനാധ്യാപകന്റെ ജോലിഭാരം കണക്കിലെടുത്ത് ക്ലാർക്കുമാരെ നിയമിക്കുക.

തിരൂരങ്ങാടി വിദ്യാഭ്യാസ ഉപജില്ല രൂപീകരിക്കുക.

താലൂക്ക് ആസ്ഥാനമായ ഈ പഞ്ചായത്തിൽ വിദ്യാഭ്യാസ ജില്ല രൂപീകപിക്കുക.

വിദ്യാർത്ഥികളുടെ കർമ്മോൽസുകതയെ ത്വരിപ്പിക്കുന്ന അനേകം പരിപാടികൾ വമ്പിച്ച സാമ്പത്തിക ബാധ്യതയില്ലാതെ ബഹുജന പങ്കാളിത്തത്തോടെ നടത്താൻ കഴിയേണ്ടതാണ്.

## PSMO കോളേജ് ഓരോ കോഴ്സിലും പഠിക്കുന്ന വിദ്യാർത്ഥികളുടെ വിശദ വിവരങ്ങൾ

| | I | II | III-A | III-B | IV | ആകെ കുട്ടികളുടെ എണ്ണം |
|---|---|---|---|---|---|---|
| I PDC | 168 | 176 | 191 | 188 | 189 | 912 |
| II PDC | 162 | 168 | 189 | 183 | 192 | 894 |

| | ഇക്കണോമിക്സ് | ഹിസ്റ്ററി | ബി.കോം | ബി.എസ്. സി. (ഫിസിക്സ്) | ബി. എസി. സി (കെമിസ്ട്രി) | ബി. എസ്. സി (മാത്സ്) | ബി. എസ്.സി (സുവോളജി) | ആകെകുട്ടികളുടെ എണ്ണം |
|---|---|---|---|---|---|---|---|---|
| I DC | 52 | 49 | 59 | 22 | 25 | 35 | 31 | 273 |
| II DC | 37 | 38 | 58 | 23 | 19 | 37 | 26 | 238 |
| III DC | | 48 | 55 | 15 | 24 | 37 | 21 | 200 |

# കുടിവെള്ളവും പൊതുജനാരോഗ്യവും



5-5

ശുദ്ധ ജലം, ശുദ്ധവായു, ശുദ്ധിയുള്ള പരിസരം ഒരു ജനതയുടെ ആരോഗ്യകരമായ നിലനിൽപ്പിന് ഏററവും അത്യാവശ്യമാണ്. എന്നാൽ പഞ്ചായത്തൻെറ ഭൂപ്രകൃതിയിൽ 70%വും കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന മേഖലയാണ്. കൂടാതെ ബോധപൂർവമായ സംരക്ഷിത വിനിയോഗത്തിൻെറ അഭാവത്താലും പഞ്ചായത്തിൽ കുടിവെള്ളത്തിൻെറയും പൊതു ജനാരോഗ്യത്തിൻെറയും മേഖലയിൽ ഒരു പ്രതിസന്ധി തന്നെയുണ്ടെന്നു റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

തിരൂരങ്ങാടി, പരപ്പനങ്ങാടി, വള്ളിക്കുന്നു പഞ്ചായത്തുകൾക്ക് സംയുക്തമായി 1968ൽ കമ്മീഷൻ ചെയ്ത C.R.W.S.S അനുസരിച്ചുള്ള ശുദ്ധജല വിതരണമാണ് നിവാസികളുടെ ഏക ആശ്രയം. (പട്ടിക 1) സ്കീം കമ്മീഷൻ ചെയ്ത കാലത്ത് ഈ 3 പഞ്ചായത്തുകളിലും കൂടിയുള്ള ജനസംഖ്യ വെറും 72,100 മാത്രമായിരുന്നു. എന്നാൽ നിലവിൽ തിരൂരങ്ങാടി പഞ്ചായത്തിൽ മാത്രം 43,645 (അവലംബം സെൻസസ് റിപ്പോർട്ട്) പേരായി ഉയർന്നു. ജനസംഖ്യാനുപാതികമായി ജലവിതരണ ശേഷി ഉയർന്നിട്ടില്ല. അതിനാൽ നിലവിലുള്ള പൊതു ടാപ്പുകൾ (208) എണ്ണം ഗാർഹിക കണക്ഷൻ (1200 എണ്ണം) ഗാർഹികേതര കണക്ഷനുകൾ (75 എണ്ണം) ലൂടെ വെറും അര മണിക്കൂർ മാത്രമാണ് നിത്ത്യവും ജലവിതരണം നടക്കുന്നത്. പട്ടിക-2. നിലവിലുള്ള ശുദ്ധജല സ്രോതസുകൾ

തിരൂരങ്ങാടി (പനമ്പുഴ) കാച്ചടിക്കൽ എന്നീ മേഖലയിലുള്ള കുഴൽ കിണറുകളിൽ മോട്ടോർ സ്ഥാപിച്ച് 100-ാളം വീട്ടുകാർക്കു ജലവിതരണം നടത്തുന്നുണ്ട്. 16 വർഷത്തോളം പഴക്കം ചെന്ന ഈ കിണറുകളിൽ നിന്നും രാവിലെയും വൈകീട്ടും ഒരു മണിക്കൂർ മാത്രമേ വെള്ളം പമ്പു ചെയ്യാൻ സാധിക്കുന്നുള്ളൂ. വിവിധ വാർഡുകളിൽ നിലവിലുള്ള പൊതു സ്വകാര്യ കിണറുകൾ ഫെബ്രുവരി മാസം കഴിഞ്ഞാൽ വററി വരളുന്നു. കുഴൽ കിണറുകൾ പലതും സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും വേണ്ട വിധം പ്രയോജനപ്രദമല്ല. പഞ്ചായത്ത് ജനസംഖ്യയുടെ 69% ശുദ്ധജല ക്ഷാമം അനുഭവിക്കുന്നവർ തന്നെ. ഇതിന് ശാശ്വതമായി പരിഹാരം ഉണ്ടാക്കണം.

നിലവിലുള്ള ജലസ്രോതസുകൾ പട്ടിക-2 കാണുക.

കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശം താഴെ കൊടുക്കുന്നു.

**വാർഡ് 1** ഇത്തിൽ കടവ്, പിടിച്ചട്ടി, ചെറാത്ത് എന്നീ മേഖലകൾ

**വാർഡ് 2** ഏലാപറമ്പ്, ഭഗവിതിയാലുങ്ങൽ പറമ്പ്, കല്ലന്തായം പമ്പ് ഹൗസ്

**വാർഡ് 3** കിസാൻ കേന്ദ്രം റോഡ്, പാങ്ങോട്ടു പാടം, കൊടുശ്ശേരി റോഡിൽ മൂതേരി കോളനി

**വാർഡ് 4** തേവർകുളം, പാങ്ങോട്ടു പാടം, കോട്ടുവാല പറമ്പ് , കനാൽ റോഡ് (കരിപറമ്പ്)

**വാർഡ് 5** താലൂക്ക് ആശുപത്രി പരിസരം, ബ്ലോക്ക് പരിസരം, സൻമനസു റോഡിനും പാറകടവ് റോഡിനും ഇടക്ക്

**വാർഡ് 6** സി.കെ. നഗർ, ആശാരി പുറായ, കൊളക്കാടൻ താഴം

**വാർഡ് 7** കമ്മ്യൂണിററി ഹാൾ റോഡ്

**വാർഡ് 8** ഈസററ് ബസാർ, പള്ളിപറമ്പ്, വെള്ളിലക്കാട്, പനമ്പുഴ റോഡ്, കക്കാട്

**വാർഡ് 9** ടി.സി റോഡ്, കെ.സി. റോഡ്, എൻ.കെ. റോഡ്

**വാർഡ് 10** കക്കാട്, പോക്കാട് റോഡ്, ചെറുമുക്കു റോഡ്, പൂങ്ങാട്ടു റോഡ്, കൊളക്കാടൻ ഇടവഴി, കല്ലിങ്ങൽ ഇടവഴി

**വാർഡ് 11ഉം 12ഉം** മൊത്തത്തിൽ ജലക്ഷാമം രൂക്ഷമാണ്.

**13** കൊടിമരം, ചാലാട്, പാറക്കൽ പ്രദേശം

**14** മാട്ടിൽ പ്രദേശം, നെല്ലിക്ക ച്ചെന വെന്നിയൂർ മദ്രസാ ഭാഗം, പാവുട്ടി ചിറ, കരിമ്പനക്കൽ ഭാഗം, മില്ലു

ഭാഗം

15 ചുള്ളിപ്പാറ പ്രദേശം മുഴുവനും ജലക്ഷാമ രൂക്ഷതയുള്ള മേഖലയാണ്.

## പരിഹാര മാർഗങ്ങൾ

### മിനി വാട്ടർ സപ്ലൈ സ്കീം

1. കടലുണ്ടി പുഴയിൽ ബാക്കി കയ്യത്തു പമ്പു ഹൗസും മോട്ടോറും സ്ഥാപിച്ചു ഇപ്പോൾ നിലവിലുള്ള K.W.A.O.H ടാങ്കിലേക്ക് വെള്ളം പമ്പു ചെയ്യുക. ഇതുമൂലം പഞ്ചായത്തിലെ 5 വാർഡുകളിലേക്ക് (10 മുതൽ 15 വരെ) കുടിവെള്ളം എത്തിക്കാൻ കഴിയും. ഇതിൻെറ എസ്ററിമേററും സ്കെച്ചും പ്ലാനും ഗവൺമെൻറിൻെറ പരിഗണനക്കു അയച്ചിട്ടുണ്ട്. ഈ പദ്ധതി പൂർത്തയായാൽ കരിപറമ്പു ടാങ്കിൽ നിന്നു വെള്ളം തിരൂരങ്ങാടി യത്തിംഖാന പരിസരം വരെ മാത്രം പമ്പു ചെയ്താൽ മതിയാകും. കക്കാടു മുതൽ ചുള്ളിപ്പാറ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ വെള്ളം എത്തിക്കാൻ ഇതുകൊണ്ടു കഴിയുന്നതാണ്.

കടലുണ്ടി പുഴയിൽ ചെമ്മാടിനു സമീപം കറുത്തോൻ കടവ് ഭാഗത്ത് മിനി വാട്ടർ സപ്ലൈ സകീം ആരംഭിച്ചാൽ മൂന്നു വാർഡിലെ കുടിവെള്ള പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാവുന്നതാണ്.

കേലംകുറിശ്ശി ഭാഗത്തു വരൾച്ച ദുരിതാശ്വാസ ഫണ്ടു ഉപയോഗിച്ചു കുഴിച്ച കിണറിൽ മോട്ടോർ, ടാങ്ക് എന്നിവ സ്ഥാപിച്ചാൽ 70-ഓളം കുടംബങ്ങൾക്കു ജലവിതരണം നടത്തുവാൻ കഴിയും.

2. ചരപ്പുര താഴം വയലിൽ ഒരു പൊതു കിണർ കുഴിച്ചു ടാങ്കു കെട്ടി ജലം പമ്പു ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തുക.

3. കക്കാട് -ചെറുമുക്ക് റോഡിൽ നിന്നും മേലയിൽ ഇടവഴിയിലേക്കു പൈപ്പു ലൈൻ നീട്ടുക. വാർഡിൻെറ രണ്ടററത്തും മധ്യത്തിലും ഓരോ പൊതുകിണർ കുഴിച്ചു മോട്ടോർ, ടാങ്ക് എന്നിവസ്ഥാപിച്ചു ജലവിതരണം നടത്തണം.

4. കൊടിമരം റോഡ് അവസാനിക്കുന്ന പാടത്തുള്ള പൊതു കുളത്തിനടുത്തു കിണർ സ്ഥാപിച്ചു മിനി വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കണം 40 കുടുംബങ്ങൾക്ക് ഇതുകൊണ്ട് പ്രയോജനം ലഭിക്കുന്നതാണ്.

5. കടലുണ്ടി പുഴയിൽ വാക്കി കയത്തിനും, തേർക്കയത്തിനും ഇടയിൽ പുഴയിൽ നിന്നും ജലം പമ്പു ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കുക. കക്കാട് വെന്നിയൂർ വയലുകളിൽ കിണർ കുഴിച്ചു മിനി വാട്ടർ സ്കീം നടപ്പിലാക്കുക.

6. കക്കാട് പോസററാഫീസിൻെറ എതിർ വശത്തു പുറമ്പോക്കു സ്ഥലത്ത് പൊതുകിണർ സ്ഥാപിക്കണം.

7. വെള്ളിനിക്കാട് കുന്നുങ്കുളം ഭാഗത്തു പൊതുകിണർ സ്ഥാപിക്കണം. ഗവൺമെൻറ് ഹൈസ്കൂളിന് സമീപമുള്ള പൊതുകിണർ വൃത്തിയാക്കി മോട്ടോർ, ടാങ്ക് എന്നിവ സ്ഥാപിച്ചാൽ പള്ളിപറമ്പു പ്രദേശത്തെ കുടിവെള്ള പ്രശ്നം പരിഹരിക്കാം. തിരൂരങ്ങാടി ടൗണിലുള്ള പൊതുകിണർ വൃത്തിയാക്കി ഉപയോഗപ്രദമാക്കുക.

8. കപ്രാട്ടു പാടത്തിനടുത്ത് പൊതുകിണർ കുഴിച്ചു മിനി വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കുക.

9. കമ്മ്യൂണിററി ഹാൾ പരിസരത്തുള്ള പൊതു കിണറും, കുഴൽ കിണറും ഉപയോഗപ്രദമാക്കുക.

10. 12-ാം വാർഡിൽ 3 പൊതു കിണറുകൾ വയലിൽ സ്ഥാപിക്കുക. 14-ാം വാർഡിലുള്ള പൊതു കിണറിന് മോട്ടോർ സ്ഥാപിച്ചു വെള്ളം ഉപയോഗിക്കാനുള്ള സംവിധാനം ഉണ്ടാക്കുക.

11. മാട്ടിൽ പ്രദേശത്തും കക്കാട് മാണിതൊടിക സി.കെ. നഗർ, ആശാരി പുറായ എന്നിവിടങ്ങളിൽപൊതു കിണറുകൾ സ്ഥാപിക്കുക.

### വൃത്തിയാക്കി ഉപയോഗപ്രദമാക്കേണ്ട മററു കിണറുകൾ

ചുള്ളിപ്പാറ ഭാഗത്ത് കുന്നത്താഴം പൊതുകിണർ, സി.കെ. നഗർ, കൊടിഞ്ഞി റോഡിൽ 14-ാം വാർഡ് പാറക്കൽ, കക്കാടങ്ങാടിക്കടുത്തു കിഴക്കുണ്ടായിരുന്ന മൂടിയ കിണർ, കക്കുന്നത്തു പാറ പൊതുകിണർ എന്നിവ നന്നാക്കി ഉപയോഗ്യമാക്കേണ്ടതാണ്.

### K.W.A. പൊതുപൈപ്പു സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

ചുള്ളിപ്പാറ, മസ്ജിദ് റോഡ്, കുണ്ടൂർ റോഡ്, പട്ടിക ജാതി കോളനി പ്രദേശം, ~~പെരുമ്പുഴ റോഡ്, 14-ാം വാർഡിലെ ലക്ഷംവീട് കോള~~നി.

പെരുമ്പുഴ റോഡ് 14-ാം വാർഡിലെ ലക്ഷം വീട് കോളനി.
7 14-ാം വാർഡിലെ കുററിയിൽ ഇടവഴി
8. " " പോത്തുകുണ്ട് റോഡ്
9. " " പാറക്കൽ റോഡ്
10. 13-ാം വാർഡിലെ കൊടിമരം കൂച്ചാൽ ഇടവഴി
11. ചാലാട് പ്രദേശം
12. 11-ാം വാർഡിലെ കരിയാത്തൻ ഇടവഴി
13. കാച്ചാടി ക്ഷേത്രം റോഡ്
14. പി.എം.എസ്.എ.എൽ.പി. എസ് റോഡ്
15. കൊററൻ തോട് ഇടവഴി
16. കക്കാട് ചെറുമുക്ക് റോഡ്, മേലെയിൽ ഇടവഴി
17. 10-ാം വാർഡിലെ കല്ലിങ്ങൽ ഇടവഴിയിലെ പൈപ്പു ലൈൻ വണ്ണം കൂട്ടുക.
18. തേവർകുളം, പാങ്ങോട്ടുപാടം, കോട്ടുപാല പറമ്പ്

കനാൽ റോഡ് എന്നീ പ്രദേശങ്ങൾ
19. കൊടശ്ശേരി റോഡിൽ നിന്നും മൂതേരി ഭാഗത്തേക്ക്.
20 ഏലാപറമ്പു മുതൽ ഭഗവതിയാലുങ്ങൽ പടിഞ്ഞാറു ഭാഗം വരെ.
21. കക്കാട് പാലവളപ്പിൻ, കരിമ്പിൻ മുതുവിൽ റോഡ്, കൂച്ചാൽ കുണ്ടു ഭാഗം, പറമ്പിൻ ഇടവഴി കൂച്ചാൽ കൊടിമരം ഇടവഴി, മഞ്ഞക്കണ്ടൻ പ്രദേശം, പിലാക്കൊട്ടിയിൽ ഇടവഴി, അരീക്കാടൻ റോഡ്, മണക്കടവത്തു പ്രദേശം എന്നിവ.

#### പൈപ്പു ലൈൻ വഴി വെള്ളം എത്തിക്കേണ്ട മറ്റു സ്ഥലങ്ങൾ

ആമക്കുളം, ആശാരിത്താഴം, പെരുമ്പുഴ റോഡ്, അത്യമട റോഡ്, കപ്രാട് ഹരിജൻ കോളനി, കപ്രാട് ഇടവഴി, അണ്ടിച്ചേരി ഇടവഴി, വൈദ്യാർ റോഡ്, കോയമോൻ റോഡ്, ചെമ്പയിൽ കോളനി, നാലകത്തു ഇടവഴി, ടി.സി റോഡിൻെറ ബാക്കി ഭാഗം ദർശന കല്ലുകുഴി, കർഷക റോഡ്, താലൂക്കാശുപത്രിക്കു പിൻവശം. സി.കെ നഗർ, ആശാരി പുറായ വലിയാട്ടു റോഡ്, കുമ്പങ്കടവ് റോഡിൻെറ അവസാന ഭാഗം, ചെററാലി റോഡ്, കമ്മ്യൂണററി ഹാൾ റോഡ്, വടക്കൻ റോഡ്, സൻമനസ് റോഡിൻെറ അടുത്തുള്ള ഇടവഴി, (സൻമനസ് റോഡിലെ ട്രാൻസ്ഫോർമറിൻെറ അടുത്തുള്ള ഇടവഴി), കെ.സി റോഡിൻെറ അവസാന ഭാഗം, കുണ്ടുംചിന ഭാഗം, പള്ളിപ്പറമ്പു കോളനിയിലെ ബാക്കി ഭാഗം, വെള്ളനിക്കാടു ഭാഗം.

#### ബോർവെൽ ആവശ്യമായ സ്ഥലങ്ങൾ

1. വെന്നിയൂർ-പോത്തിൻ കുണ്ട് റോഡ് പരിസരത്ത്.
2. കക്കാട്, കോളേജിന് സമീപമുള്ള കുഴൽ കിണർ റിപ്പയർ ചെയ്യുക. മോട്ടോർ സ്ഥാപിക്കുക.

#### മററു ചില നിർദ്ദേശങ്ങൾ

1. കാരയിൽ ഹരിജൻ കോളനിയിലേക്കു സ്ഥാപിച്ച പൈപ്പു ലൈൻ, ഇത്തിൽ കടവ്, പിടിച്ചട്ടി, ചെറാത്ത്,വടക്കെ മമ്പുറം എന്നീ മേഖയിൽ കൂടി വ്യാപിപ്പിക്കുക.

പന്താരങ്ങാടി ലക്ഷം വീടു കോളനിയിലേക്ക് കുടി പൈപ്പ് ലൈൻ നീട്ടുക

2. 1-ാം വാർഡിൽ 2 പൊതു കിണറുകൾ സ്ഥാപിക്കുക.

3. കല്ലന്തായം പമ്പു ഹൗസിന് സമീപം ഒരു തട കെട്ടിയാൽ തിരൂരങ്ങാടി വള്ളിക്കുന്ന്, പരപ്പനങ്ങാടി എന്നീ പഞ്ചായത്തുകൾക്കായി കെ.ഡബ്ല്യു.എ യുടെ സി.ആർ.ഡബ്ല്യു. എസ്.എസ് പദ്ധതി പ്രകാരം വെള്ളം പമ്പു ചെയ്യാൻ സഹായകരമാകും. കൂടാതെ താഴചയേറിയ കിണറുകളിൽവേനൽകാലത്തു ജലം ലഭിക്കാനുള്ള സാധ്യതയുണ്ട്.

4. ~~വെന്നിയൂരിലുള്ള ടാങ്കിൽ നിന്നും തെന്നല~~ പഞ്ചായത്തിലേക്കു വെള്ളം എത്തിക്കുന്നതു കൊണ്ടു ഇവിടെ ലഭിക്കേണ്ട വെള്ളം പൂർണ്ണമായും ലഭിക്കുന്നില്ല. ഇതിനു പരിഹാരം കാണണം.

5. വോൾട്ടേജു കമ്മി രൂക്ഷമായതു കൊണ്ടു ഉള്ള വെള്ളം തന്നെ കൂടുതൽ സമയം പമ്പു ചെയ്യാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. അതേ സമയം ക്ലാരി, ആർ.എ.എഫ് ക്യാമ്പിലേക്ക് നിരന്തരമായി വെള്ളം കൊണ്ടു പോകുന്നു. ഇത് ഈ പ്രദേശത്തെ സാരമായി ബാധിക്കുന്നു. ഇതിന് അടിയന്തിരമായി പരിഹാരം കാണണം.

പട്ടിക 1 തിരൂരങ്ങാടി, വള്ളിക്കുന്ന്, പരപ്പനങ്ങാടി പഞ്ചായത്തുകൾക്കു വേണ്ടിയുള്ള സ്കീം

**C.R.W.S.S TO TIRURANGADI-PARAPPANANGADI, VALLIKKUNNU**

| | | |
|---|---|---|
| പ്ലാൻറു കപ്പാസിററി | -- | 36 ലക്ഷം ലിററർ |
| ചെമ്മാട് ടാങ്ക് | -- | 2 ലക്ഷം ലിററർ |
| കക്കാട് ടാങ്ക് | -- | രണ്ടര ലക്ഷം ലിററർ |
| വെന്നിയൂർ ടാങ്ക് | -- | 60,000 ലിറ്റർ |
| യത്തീം ഖാന കോമ്പൗണ്ട് ടാങ്ക് | -- | 90,000 ലിറ്റർ |
| സ്കീം കമ്മീഷൻ ചെയ്തത് | -- | 11-1-[illegible]8 |

തിരൂരങ്ങാടിപഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള പൊതു ടാപ്പുകൾ --208

" ഗാർഹിക കണക്ഷൻ -- 1200

" ഗാർഹികേതര കണക്ഷൻ --75

സ്കീം ഡിസൈൻ ചെയ്ത പോഴുള്ള പോപ്പുലേഷൻ -- 72,100 ( 3 പഞ്ചായത്തുകൾ കൂടി)

ഇപ്പോഴത്തെ പോപ്പുലേഷൻ -- 141200

"

പമ്പുസെററ് സ്ഥാപിച്ചിട്ടുള്ള കുഴൽ കിണറുകൾ
1. തിരൂരങ്ങാടി (പനമ്പുഴ റോഡ്)
2. കാച്ചടിക്കൽ

മെയിൻ പമ്പിങ്ങ് സ്റേറഷൻ

റോ ~~റിവർ~~ വാട്ടർ - കല്ലക്കയം
ക്ലിയർ വാട്ടർ - കരിപറമ്പ്

## പൊതുജനാരോഗ്യം

ഒരു താലൂക്കാശുപത്രിയും ഒരു ആയുർവേദാശുപത്രിയും മൂന്ന് ഐ.പി.പി സെൻററുകളും പഞ്ചായത്തിലെ പൊതു സ്ഥാപനങ്ങളാണ്. ഈ സർക്കാർ ആശുപത്രികൾക്കു പുറമെ പത്തൂർ നഴ്സിങ് ഹോം, കൊണ്ടാണത്ത് ആശുപത്രി, എം.കെ ഹാജി ആശുപത്രി, യു.എം. ആശുപത്രി രണ്ടു ദന്താശുപത്രികൾ രണ്ടു ആയുർവ്വേദ ക്ലിനിക്കുകൾ തുടങ്ങിയ സ്വകാര്യ

ആശുപത്രികളും പഞ്ചായത്തിലെ ജനങ്ങൾക്ക് പ്രയോജനപ്പെടുന്നു.

തീരെ ആരോഗ്യസ്ഥാപനങ്ങൾ ഇല്ലാത്ത വാർഡുകൾ ധാരാളമുണ്ട്. ചുള്ളിപ്പാറ, പന്താരങ്ങാടി പാലത്തിങ്ങൽ ഭാഗം ഈ രംഗത്ത് അവഗണനയനുഭവിക്കുന്ന മേഖലകളാണ്.

## പ്രശ്നങ്ങൾ

പരിസര മലിനീകരണമാണ് പ്രധാന പ്രശ്നം. റോഡിലേക്ക് വലിച്ചെറിയുന്ന ചപ്പുചവറുകൾ നമ്മുടെ പഞ്ചായത്തിൻെറ സൗന്ദര്യത്തിനും ആരോഗ്യത്തിനും മങ്ങലേൽപ്പിക്കുന്നു. ഹോട്ടലുകളുടെ പിറകിൽ വലിച്ചെറിയപ്പെടുന്ന അവശിഷ്ടങ്ങളും പുറന്തള്ളപ്പെടുന്ന മാലിന്യങ്ങളും ആരോഗ്യത്തിന് ഹാനീകരമാകുന്നു.

പള്ളിപ്പറമ്പ് കോളനിയിൽ ആവശ്യമ ായ ഡ്രൈനേജ് സംവിധാനമില്ലാത്തതിനാൽ വളരെ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ അവിടെ വ്യാപിച്ചിരിക്കുന്നു.

## ആശുപത്രികൾ

താലൂക്ക് ആശുപത്രിയിൽ 65 ഓളം ജീവനക്കാരുണ്ട്. സിവിൽ സർജൻ, തസ്തിക ഒഴിഞ്ഞു കിടക്കുന്നു. ദന്ത ഡോക്ടർമാർ ഇല്ല. ബ്ലഡ് ബേങ്കില്ല. സ്കാനിങ്ങ് യൂണിററ് ഇല്ല.

പാവപ്പെട്ടവർക്ക് സൗജന്യമായി മരുന്നുകൾ നൽകി വരുന്ന ചെമ്മാട് സലഫി മസ്ജിദിനടുത്ത് പ്രവർത്തിക്കുന്ന I.M.B (ഇൻറഗ്രേററഡ് മെഡിക്കൽ ബ്രദർനുസ്) യുടെ സേവനം വളരെയധികം പ്രശംസനീയമാണ്. I.M.B യുടെ മെഡിക്കൽ ഷോപ്പ് ദിവസവും ഒരു നിശ്ചിത സമയം തുറന്നു പ്രവർത്തിച്ചു വരുന്നുണ്ട്.

പഞ്ചായത്തിലെ ആരോഗ്യ രംഗവും വാർഡ് തിരിച്ചു സ്ഥിതി വിശേഷവും

## പഞ്ചായത്ത് തലത്തിൽ പ്രാവർത്തികമാക്കാവുന്ന നിർദ്ദേശങ്ങൾ

തൃക്കുളം പാലത്തിങ്ങൽ, അരീപാറ, ചുള്ളി പാറ, കരിമ്പിൽ എന്നിവിടങ്ങളിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും വെന്നിയൂരിൽ ഒരു ഹോമിയോ ഡിസ്പൻസറി സ്ഥാപിക്കുക

പഞ്ചായത്തിൽ നിലവിലുള്ള IPP സെന്ററുകളിൽ ഡോക്ടറുടെ സേവനം എല്ലാദിവസവും ലഭ്യമാക്കുക ആരോഗ്യ ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക

MKH ഹോസ്പ്പിറ്റലിനോടനുബന്ധിച്ച് ഒരു നഴ്സിംഗ് സ്ക്കൂൾ, പാരാമെഡിക്കൽ സെന്റർ എന്നിവ അനുവദിക്കുക

താലൂക്കാശുപത്രിയിലെ ഫാർമസി, ലാബ്, എക്സറെ യൂണിറ്റ് എന്നിവ മെച്ചപ്പെടുത്തുക BLOOD BANK, SCANING CENTRE എന്നിവ സ്ഥാപിക്കുക, ജനറേറ്റർ സ്ഥാപിക്കുക.

## ഹെൽത്ത് കാർഡ് സംവിധാനം

മുൻ കാല ആരോഗ്യ നില മനസിലാക്കുന്നതിന് വേണ്ടി രക്തഗ്രൂപ്പ് വിവരമടക്കമുള്ള അടിസ്ഥാന വിവരങ്ങൾ അടങ്ങുന്ന രേഖ സന്നദ്ധ സംഘടനയുടെ സഹായത്തോടെ പഞ്ചായത്തിൽ വിതരണം ചെയ്യാവുന്നതാണ്.

## കാലഹരണപ്പെട്ട നിയമങ്ങൾ

പ്രയോഗക്ഷമത നഷ്ടപ്പെട്ടതും കാലോചിതമല്ലാത്തതുമായ 1928 ലെ 'മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ട് ട്രാവൻകൂർ - കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ട് എന്നീ നിയമാവലികൾ കാലോചിതമായി പുതുക്കി, ആരോഗ്യ രംഗത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണം കൂടുതൽ ഫലപ്രദമാക്കാനുതകുന്ന നിയമ നിർമാണം നടപ്പാക്കേണ്ടതാണ്.

## ലഹരി നിർമാർജനം

പഞ്ചായത്തിലെന്നല്ല ജില്ലയിൽ മുഴുവനും മദ്യം മയക്കുമരുന്ന് തുടങ്ങിയ ലഹരി പദാർത്ഥങ്ങൾ മുതലായവയുടെ വിൽപനയും ഉപയോഗവും നിരോധിക്കുക . രക്തദാനം, നേത്രദാനം എന്നിവയുടെ മഹത്വം ബോധ്യപ്പെടുത്തുക വഴി ജനങ്ങളിലുള്ള ഭയാശങ്കകൾ ദൂരീകരിക്കുക

നിലവിലുള്ള സാഹചര്യങ്ങൾ പൂർണമായി പ്രയോജനപ്പെടുത്തി ആരോഗ്യ സ്ഥാപനങ്ങളെയും സന്നദ്ധ സംഘടനകളെയും കൂട്ടിയിണക്കിയാൽ ആരോഗ്യ രംഗം ഇന്നത്തെ അവസ്ഥയിൽ കൂടുതൽ മെച്ചപ്പെടാൻ സാധ്യതയുണ്ട്. നമുക്ക് കൂട്ടായി ശ്രമിക്കാം.

## പഞ്ചായത്തിലെ ആരോഗ്യ സ്ഥിതി വിവര കണക്കുകൾ വാർഡു തലത്തിൽ

| വാർഡ് | സ്ഥാപനങ്ങൾ | | കാണപ്പെടുന്ന രോഗങ്ങൾ | പ്രവർത്തനത്തെ കുറിച്ചു അവലോകനം | കക്കൂസ് ഇല്ലാത്ത വീട് |
|---|---|---|---|---|---|
| | പൊതു | സ്വകാര്യം | | | |
| 1 | - | - | - | - | ~~50~~ 127 |
| 2 | - | - | മലേറിയ ഉണ്ടായിരുന്നു. | - | 140 |
| 3 | - | പത്തൂർ നഴ്സിങ്ങ് ഹോം | | ഡോക്ടർ 7<br>നഴ്സസ് 14<br>ടൈലേഴ്സ് 6<br>സ്വീപ്പർ 2 | 45 |
| 4 | - | - | ചെങ്കണ്ണ് അഞ്ചാം പനി | | ~~80~~ 140 |
| 5 | താലൂക്ക് ആശുപത്രി | അലോപ്പതി ക്ലിനിക് 2<br>ദന്താശുപത്രി 2<br>ആയുർവേദ ആശുപത്രി 2 | കൊതുകു വഴി പകരുന്ന രോഗങ്ങൾ | 65 ജീവനക്കാർ | ~~30~~ 60 |
| 6 | - | - | | | ~~50~~ 86 |
| 7 | - | - | | | ~~75~~ 80 |
| 8 | ആയുർവ്വേദ ഡിസ് പെൻസറി | എം.കെ.എച്ച് ഹോസ്പിറ്റൽ | | പകർച്ചവ്യാധികൾ ഉണ്ടാകാൻ ഏറെ സാധ്യതയുള്ള പ്രദേശം | ~~100~~ 90 |
| 9 | - | - | | | ~~50~~ 71 |
| 10 | - | - | | | ~~100~~ 64 |
| 11 | ഐ.പി.പി സബ് സെൻറർ | - | കൊതുകു പരത്തുന്ന രോഗങ്ങൾ | പി.എച്ച്.സി. നേഴ്സ് -1 | 60 |
| 12 | - | - | " " | | 70 |
| 13 | - | - | | | ~~100~~ 60 |
| 14 | പി.എച്ച്.സി. സബ് സെൻറർ | അലോപ്പതി ആശുപത്രി | | | 65 |
| 15 | | | | | ~~75~~ 144 |

# 5-6



# ഗതാഗതവും ഊർജ്ജവും

തിരൂരങ്ങാടി പഞ്ചായത്തിൽ റോഡുകളുടെ അവസ്ഥ വളരെ മെച്ചപ്പെട്ടതല്ല. ഗതാഗത യോഗ്യമായ ആകെ റോഡ് 52. 9 കി. മീറ്ററാണ്. അതിൽ ടാർ ചെയ്ത റോഡുകൾ 24. 2 കി, മീറ്റർ മാത്രമാണ്. സംസ്ഥാന ശരാശരിയേക്കാൾ എത്രയോ താഴെയാണിത്.

കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് കുറേയൊക്കെ റോഡുകൾ മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും ഇനിയും വളരെയേറെ റോഡുകൾ ഗതാഗത യോഗ്യമാക്കേണ്ടതുണ്ട്. ഗതാഗതയോഗ്യമെന്ന് പറയാവുന്ന റോഡുകൾതന്നെ നടപ്പാതകളോ ഓവു ചാലുകളോ ഇല്ല. കൾവർട്ടുകളില്ല. റോഡിന്റെ അറ്റകുറ്റ പണികൾ യഥാസമയം നടത്തുന്നതിന് സാമ്പത്തികം ഒരു പ്രശ്നം തന്നെയാണ്.

പഞ്ചായത്തിൽ ബസ്സ്റ്റാന്റ്, ടാക്സി സ്റ്റാന്റ്, ഓട്ടോസ്റ്റാന്റ് എന്നിവ തീരെയില്ല. ഗതാഗതതയോഗ്യമെന്ന് പറയാവുന്ന റോഡുകൾ മുപ്പതോളം വരും. എന്നാൽ ബസ്, ജീപ്പ് സർവീസുകൾ ഉള്ളത് വെറും നാല് റോഡിൽ മാത്രമാണ്.

ഗ്രാമ സഭകളിൽനിന്നുവന്ന നിർദ്ദേശങ്ങളിൽ 60-ൽ അധികം റോഡുകൾ മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ടതായിട്ടുണ്ട്. അതുപോലെതന്നെ നാൽപതിലധികം ഇടവഴികൾ വീതികൂട്ടി ഗതാഗത യോഗ്യമാക്കേണ്ടതാണ്. (വിശദ വിവരങ്ങൾ അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.)

പഞ്ചായത്തിൽ ഒരു ബസ് സ്റ്റാന്റും 4 കാർ പാർക്കിംഗ് കേന്ദ്രങ്ങളും ഏതാനും ഓട്ടോ പാർക്കിംഗ് കേന്ദ്രങ്ങളും 6 ബസ് വെയിറ്റിംഗ് ഷെഡുകളും സ്ഥാപിക്കേണ്ടതാണ്.

## പട്ടിക 1.
## നിലവിലുള്ള ടാർ ചെയ്ത റോഡുകൾ

| ക്രമനമ്പർ | വാർഡ് | റോഡ് | ഉടമസ്ഥത | നീളം | ബസ്/ജീപ്പ് സർവ്വീസുകൾ |
|---|---|---|---|---|---|
| 1. | 10,11 12,13 | കക്കാട്, വെന്നിയൂർ | N.H | 3 km | ഉണ്ട്. |
| 2. | 1,10 | പാലത്തിങ്ങൽ - കക്കാട് | PWD | 7 Km | ഉണ്ട്. |
| 3. | 9 | തിരൂരങ്ങാടി - ചെറുമുക്ക് | ,, | 1. 500 | ,, |
| 4. | | ചെമ്മാട് - പാറക്കടവ് | ,, | 1.000 | ,, |
| 5. | 14 | വെന്നിയൂർ - തെയ്യാല | PWD | 1. 500 | ഉണ്ട്. |
| 6. | 1 | പാലാത്ത് റോഡ് | പഞ്ചായത്ത് | 1.000 | ഇല്ല. |
| 7. | 1 | കാരയിൽ - ഇത്തിൻകടവ് | ,, | 1. 000 | ,, |
| 8. | 1 | കരിപ്പറമ്പ് - അരിപ്പാറ | ,, | 1. 000 | ,, |
| 9. | 3 | ദർശന റോഡ് | ,, | 1. 000 | ,, |
| 10 | 3 | എളുമ്പാട്ടിൽ റോഡ് | ,, | 0. 200 | ,, |
| 11 | 3 | കൊടശ്ശേരി | ,, | ,, | 0. 150 |
| 12 | 3 | കിസാൻ കേന്ദ്രം - പാങ്ങോട്ടുപാടം | ,, | 0. 600 | ,, |
| 13 | 3 | പൂക്കുളങ്ങര - കാളന്തുരുത്തി | ,, | 0. 500 | ,, |
| 14 | 4 | കരിപറമ്പ് - കോട്ടുവാലക്കാട് | ,, | 0. 500 | ,, |
| 15 | 5 | സൻമനസ്സ് റോഡ് | ,, | 0. 150 | ,, |
| 16 | 5, 6 | ബ്ലോക്ക് റോഡ് | ,, | 1. 000 | ,, |
| 17 | 6 | കുമ്പൻകടവ് | ,, | 0. 200 | ,, |
| 18 | 7 | N. K റോഡ് | ,, | 0. 200 | ,, |

| | | | | | |
|---|---|---|---|---|---|
| 19 | 8 | ഹൈസ്കൂൾ - വെള്ളിനിക്കാട് റോഡ് | ,, | 0. 550 | ,, |
| 20 | 8 | പനമ്പുഴ റോഡ് | ,, | 0.200 | ,, |
| 21 | 10 | കെ. സി. റോഡ് | ,, | 0.900 | ,, |
| 22 | 11 | കക്കാട് - ചെറുകാട് റോഡ് (P.P.) | ,, | 0.950 | ,, |
| 23 | 11 | തേർക്കയം റോഡ് | ,, | 1.000 | ,, |
| 24 | 11 | ~~കാച്ചടി - കവാത്ത് പറമ്പ് റോഡ്~~ | ,, | 0.500 | ,, |
| 25 | 12 | കരുമ്പിൽ - ചുള്ളിപ്പാറ | ,, | 0.900 | ,, |
| 26 | 13 | കാച്ചടി - കൊടിമരം | ,, | 0.200 | ,, |
| 27 | 12 | കരുമ്പിൽ - ചെറുമുക്ക് ലിങ്ക് റോഡ് (അരീക്കാടൻ) | ,, | 0.200 | ,, |
| 28 | 13 | വെന്നിയൂർ - ചാലാട് | ,, | 0.200 | ,, |
| 29 | 13 | വെന്നിയൂർ - G M L P S | ,, | 0.300 | ,, |
| 30 | 14 | വെന്നിയൂർ - N S S | ,, | 0. 200 | ,, |
| 31 | 15 | ചുള്ളിപ്പാറ - കരുമ്പിൽ | ,, | 1.500 | ,, |
| 32 | 16 | കാച്ചടി A M L P S റോഡ് | ,, | 1.500 | ,, |

## ഗ്രാമ സഭകളിൽ നിന്ന് നിർദ്ദേശിക്കപ്പെട്ടവ

1. മാതിപ്പാടത്ത് ബസ് സ്റ്റാന്റ് നിർമ്മിക്കുക.

2. ചെമ്മാട്, കക്കാട്, തിരൂരങ്ങാടി, വെന്നിയൂർ എന്നിവിടങ്ങളിൽ ഓട്ടോ പാർക്കിംഗ് കേന്ദ്രങ്ങൾ നിർമ്മിക്കുക.

4. കരുമ്പിൽ, കക്കാട (പരപ്പനങ്ങാടി റോഡിൽ), തിരൂരങ്ങാടി, ചെമ്മാട് പത്തൂർ ആശുപത്രിക്ക് സമീപം എന്നിവടങ്ങളിൽ ബസ് വെയിറ്റിംഗ് ഷെഡ് നിർമ്മിക്കുക.

5. ദീർഘദൂരം K. S. R. T. C ബസുകൾ ചെമ്മാട് വഴി പോവുക.

6. ജില്ലാ കേന്ദ്രത്തിൽനിന്നും പഞ്ചായത്തിലൂടെ ഓർഡിനറി K. S. R. T. C ബസ് റൂട്ടുകൾ പുനഃസ്ഥാപിക്കുക.

7. R. T. O ഓഫീസ് ചെമ്മാട് തന്നെ സ്ഥാപിക്കുക.

8. കരുമ്പിൽ - ചുള്ളിപ്പാറ - കൊടക്കല്ല് വഴി മിനിബസ് റൂട്ട് അനുവദിക്കുക.

### പട്ടിക 1. എ. മെറ്റൽ ചെയ്ത റോഡുകൾ

| ക്രമ നമ്പർ | വാർഡ് | റോഡ് | ഉടമസ്ഥത | നീളം | വാഹന സൗകര്യം |
|---|---|---|---|---|---|
| 1 | 1 | പാലാത്ത് റോഡ് | പഞ്ചായത്ത് | 0. 500 | ഇല്ല |
| 2 | 1 | തൃക്കുളം ലിഫ്റ്റ് ഇറിഗേഷൻ | ,, | 3. 000 | ,, |
| 3 | 2 | പന്താരങ്ങാടി - കക്കുന്നത്ത് പാറ (ബാക്കിഭാഗം) | ,, | 2. 000 | ,, |
| 4 | 5 | സന്മനസ് റോഡ് (ബാക്കിഭാഗം) | ,, | 1.000 | ,, |
| 5 | 8 | ഐറ്റിപ്പുലാക്കൽ റോഡ് | ,, | 1.000 | ,, |
| 6 | 8 | ഈസ്റ്റ് ബസാർ - പള്ളിപ്പറമ്പ് കോളനി | ,, | 0. 150 | ,, |
| 7 | ~~11~~ | ~~മാണിത്തൊടിക കോളനി~~ | ,, | 0.250 | ,, |
| 8 | 15 | ചുള്ളിപ്പാറ - കരുമ്പിൽ (ബാക്കിഭാഗം) | ,, | 0.300 | ,, |

## പട്ടിക 1 B മെറ്റൽ ചെയ്ത് ടാറിടേണ്ട റോഡുകൾ

| നമ്പർ | വാർഡ് | റോഡ് | ഉടമസ്ഥത | നീളം |
|---|---|---|---|---|
| 1 | 1 | കാരയിൽ - ഇത്തിൽകടവ് റോഡ് | പഞ്ചായത്ത് | 1. 000 |
| 2 | 1 | മുഹമ്മദ് ബശീർ റോഡ് | | 1. 500 |
| 3 | 1 | ലക്ഷംവീട് കോളനി | | 1. 500 |
| 4 | 2 | കരിപ്പറമ്പ് - അരീപ്പാറ (ബാക്കിഭാഗം) | | 1.000 |
| 5 | 2 | ദാറുൽ ഹുദാ - നെച്ചിമണ്ണിൽ റോഡ് | | 0. 500 |
| 6 | | 2 അമ്പലപ്പടി - ഭഗവതിയാൽ | | 0.550 |
| 7 | 3 | കിസാൻ കേന്ദ്രം - പാങ്ങോട്ടു പാടം | | 0.600 |
| 8 | 3 | ചെമ്മാട് ജുമാമസ്ജിദ് റോഡ് | | 0. 150 |
| 9 | 4 | പൂക്കുളങ്ങര - കാളത്തിരുത്തി റോഡ് | | 0. 500 |
| 10 | 4 | കരിപ്പറമ്പ് - കോട്ടാലക്കാട് (ബാക്കി) | | 0. 500 |
| 11 | 4 | കർഷക റോഡ് | | 0.1000 |
| 12 | 5 | തങ്ങൾസ് റോഡ് | | 0. 150 |
| 13 | 5 | കമ്പത്ത് റോഡ് | | 0.150 |
| 14 | 5 | കാസി റോഡ് | | 0. 200 |
| 15 | 6 | കാവുങ്ങൽ റോഡ് | | 0.150 |
| 16 | 6 | കുഞ്ഞീൻ ഹാജി റോഡ് | | 0. 150 |
| 17 | 6 | വലിയാട്ട് റോഡ് | | 0. 200 |
| 18 | 6 | വടക്കൻ റോഡ് | | 0. 200 |
| 19 | 6 | കുമ്പൻ കടവ് റോഡ് (ബാക്കി ഭാഗം) | | 0. 100 |
| 20 | 6 | കൊളക്കാടൻ താഴം റോഡ് | | 0. 150 ,, |
| 21 | 6 | ചെറ്റാലി റോഡ് | | ,, 0. 150 |
| 22 | 6 | സൗത്ത് സി. കെ നഗർ | ,, | 0. 150 |
| 23 | 6 | നോർത്ത് സി. കെ നഗർ | ,, | 0. 150 |
| 24 | 7 | കമ്മ്യൂണിറ്റി ഹാൾ റോഡ് | ,, | 0.450 |
| 25 | 8 | തിരൂരങ്ങാടി ടൗൺ - ഈസ്റ്റ് ബസാർ റോഡ് (ബാക്കിഭാഗം) | ,, | 0. 100 |
| 26 | 8 | സ്റ്റേഡിയം റോഡ് | ,, | 0. 100 |
| 27 | 9 | മുണ്ടാപ്പാടം റോഡ് | ,, | |
| 0. 100 | | | | |
| 28 | 9 | എൻ. കെ റോഡ് (ബാക്കി ഭാഗം) | ,, | 0.300 |
| 29 | 9 | വൈദ്യർ റോഡ് | ,, | 0. 100 |
| 30 | 9 | കോയമോൻ റോഡ് | ,, | 0. 100 |
| 31 | 9 | കെ. എം. എച്ച് റോഡ് | ,, | 0. 100 |
| 32 | 9 | ചെമ്പിൽ താഴം റോഡ് | ,, | 0. 100 |
| 33 | 10 | കെ. സി റോഡ് (ബാക്കിഭാഗം) | ,, | 0. 300 |
| 34 | 10 | കക്കാട് - കളത്തിൽ തൊടി റോഡ് | ,, | 0. 100 |
| 35 | 10 | കക്കാട് - കക്കാട്ടു പാടം | ,, | 0. 200 |
| 36 | 10 | കക്കാട് - ചെറുമുക്ക് | ,, | 1. 000 |
| 37 | 9 | താഴെ ചിന - തടത്തിൽ ഓയൽ മിൽ എം. സി. റോഡുമായി ബന്ധിപ്പിക്കുന്നത് | | |
| 38 | 12 | പേങ്ങാട്ട് റോഡ് | ,, | 0. 500 |
| 39 | | തറേങ്ങൽ റോഡ് | ,, | 0. 500 |
| 40 | 13 | കൊടിമരം റോഡ് (ബാക്കിഭാഗം) | ,, | 0. 200 |
| 41 | 13 | ചാലാട് റോഡ് (ബാക്കിഭാഗം) | ,, | 0. 150 |
| 42 | 14 | ലക്ഷംവീട് കോളനി റോഡ് (ബാക്കിഭാഗം) | ,, | 0. 250 |
| 43 | 14 | പെരുമ്പുഴ റോഡ് ബാക്കി | ,, | 0. 350 |
| 44 | 14 | അത്യമട റോഡ് | ,, | 0. 350 |
| 45 | 14 | നെല്ലിക്കച്ചെന റോഡ് | ,, | 0. 350 |
| 46 | 14 | വെന്നിയൂർ - പോത്തിൻകുണ്ട് റോഡ് | | 0. 300 |
| 47 | 14 | പാവിട്ടച്ചിറ റോഡ് | ,, | 0. 400 |

| | | | | |
|---|---|---|---|---|
| 48 | 14 | കപ്രാട്ട് റോഡ് | ,, | 0. |
| 150 | | | | |
| 49 | 15 | മസ്ജിദ് ചുള്ളിപ്പാറ | ,, | 0. 500 |
| 50 | 15 | ചുള്ളപ്പാറ പോസ്റ്റ് ഓഫീസ് - കാട്ടിൽതോട് | ,, | 0. |
| 500 | | | | |
| 51 | 15 | N. S. S - കുണ്ടൂർ | ,, | 1. 000 |
| 52 | 15 | ആനഞ്ചിറക്കണ്ടി റോഡ് | ,, | 0. 500 |
| 53 | 15 | വീരാശേരി റോഡ് | ,, | 0. 500 |
| 54 | 15 | പാവിട്ടച്ചിറ റോഡ് | ,, | 1. 000 |
| 55 | 15 | മണ്ണാർ താഴം റോഡ് | ,, | 0. 500 |
| 56 | 8 | എരഞ്ഞിപ്പുലാക്കൽ - കടവ് റോഡ് | ,, | 0. 150 |
| 57 | 8 | അയിറ്റിപ്പുലാക്കൽ - കടവ് റോഡ് | ,, | 1. 000 |
| 58 | 8 | ഈസ്റ്റ് ബസാർ - പള്ളിപ്പറമ്പ് കോളനി | ,, | 0. 150 |

## പട്ടിക I. C പുതിയ മൺ റോഡിന് വേണ്ടി നിർദ്ദേശിക്കപ്പെട്ടവ

| നമ്പർ | വാർഡ് | (റോഡ് / ഇടവഴി) |
|---|---|---|
| 1 | 1 | കാരയിൽ ഇത്തിൾ കടവ് റോഡ് M I റോഡുമായി ബന്ധിപ്പിച്ച് റോഡുണ്ടാക്കുക. |
| 2 | | ലക്ഷംവീട് കോളനി റോഡിൽ നിന്ന് പടിഞ്ഞാറ് വയൽ വരെ വന്നുനിൽക്കുന്ന ഇടവഴി റോഡാക്കി ഇത്തിൾ കടവ് റോഡുമായി ബന്ധിപ്പിക്കുക. |
| 3 | | കാര - ഇത്തിൾ കടവ് റോഡ് പഞ്ചായത്തു റോഡുമായി ബന്ധിപ്പിക്കുക. 4 പാലാത്ത് റോഡിൽനിന്ന് വടക്കെ മമ്പുറം പള്ളിവരെ റോഡ് നിർമ്മിക്കുക. |
| 5 | 2 | വെൽഫയർ സ്കൂൾ ഇടവഴി മണ്ണാർ ഇടവഴി |
| 6 | | ഭഗവതിയാൽ - ദാറുൽ ഹുദാ റോഡ് |
| 7 | | അരിപ്പാറ - കക്കുന്നത് പാറ (നാലുകണ്ടം വഴി) |
| | | ഭഗവതിയാൽ - അരീപ്പാറ ഇടവഴി റോഡാക്കുക. |
| 8 | 3 | എളുമ്പാട്ടിൽ റോഡ് - പാറക്കടവ് റോഡുമായി ബന്ധിപ്പിക്കുക. |
| 9 | | കിസാൻ കേന്ദ്രം - പാങ്ങാട്ടുപാടം ഇടവഴി റോഡാക്കുക. |
| 10 | | ചെറ്റാലിത്താഴം റോഡിൽനിന്നും പാടം വഴി റോഡ് നിർമ്മിച്ച് കോളനി റോഡുമായി ബന്ധിപ്പിക്കുക. |
| | | പള്ളിക്കൽ ഇടവഴി റോഡ് |
| 11 | | കൊടിഞ്ഞി റോഡിൽ ആശുപത്രി ഭാഗത്തുനിന്ന് ജുമാമസ്ജിദ് ഇടവഴി റോഡാക്കുക. |
| 12 | 4 | തൃക്കുളം കർഷക റോഡിൽനിന്ന് പമ്പ് ഹൗസ് വരെ റോഡ്. |
| 13 | | കോട്ടുവാലക്കാട് റോഡിൽനിന്നും പാങ്ങോട്ടു പാടം വഴി റോഡ് |
| | | പുതുള്ളി റോഡ് അട്ടക്കുഴിങ്ങരയുമായി ബന്ധിപ്പിക്കുക. |
| 14 | | കോട്ടുപാലക്കാട് - കനാൽ റോഡ് |
| | | കോട്ടുവാലക്കാട് - കോട്ടു പാലപ്പറമ്പ് ഇടവഴി. |
| 15 | 5 | തിരൂരങ്ങാടി സഹകരണ ബാങ്കിന് പിൻവശത്ത് കൂടിയുള്ള ഇടവഴി റോഡാക്കുക. |
| 16 | | കോസ്മോസ് ഇടവഴി പാറക്കടവ് റോഡുമായി ബന്ധിപ്പിക്കുക. |
| 17 | | മഞ്ഞമ്മാട്ടിൽ ഇടവഴി റോഡ് |
| 18 | 6 | വെഞ്ചാലി ഇറിഗേഷൻ പമ്പ് ഹൗസ് തേനത്ത് ഇടവഴി റോഡാക്കുക. |
| 19 | | സി. കെ. നഗർ - ആശാരിപ്പുറായ റോഡ് |
| 20 | | സി. കെ. നഗർ - സ്രാമ്പിത്താഴം റോഡ്. |
| | | കമ്മ്യൂണിറ്റി ഹാളിന് പിൻവശത്ത് നിന്ന് ചെമ്പിൻതാഴം വരെ. |
| 21 | 7 | ചന്തപ്പടി - തോട്ടുങ്ങൽ കടവ് റോഡ്. |
| 22 | 8 | പനമ്പുഴ - പുളിഞ്ഞിലത്ത് പാടം റോഡ്. P. S. M. O. |
| | | കോളേജിന് മുൻവശത്തുള്ള റോഡുമായി ബന്ധിപ്പിക്കുക. |
| 23 | | ഐറ്റിക്കൽ ഇടവഴി നന്നാക്കുക. |
| | | എ. വി. ഇവഴി റോഡാക്കുക. |
| 24 | 8 | പനമ്പുഴ പമ്പ് ഹൗസ് മുതൽ ആയിറ്റിപുലാക്കൽ കടവ് വരെ. |
| 25 | | വെള്ളിനിക്കാട് - മൊച്ചൻ കണ്ടി റോഡ്. |
| 26 | | നമ്പൂരിക്കണ്ടം കോളനി NH മായി ബന്ധിപ്പിക്കുക. |

| | | |
|---|---|---|
| 27 | | P. S. M. O കോളേജിന്റെ താഴെ ഭാഗത്ത് പുളിഞ്ഞില്ലത്ത് പാടം വഴി ഇടവഴി റോഡാക്കുക. മുണ്ടാപ്പാടം ഇടവഴി റോഡാക്കുക. |
| 28 | 10 | കക്കാട് - ചെറുമുക്ക് റോഡിൽനിന്നും കക്കാട് പറമ്പിന്റെ പടിഞ്ഞാറ് ഭാഗത്ത്നിന്നും ആരംഭിക്കുന്ന N. S. S - പോക്കാട് റോഡ്. |
| 29 | | കക്കാട് - കല്ലുങ്ങൽ ഇടവഴി. |
| 30 | | കക്കാട് - ചെറുമുക്ക് റോഡിൽ കുഴിയിൽതടം റോഡ്, കൊറ്റം തൊടു ഇടവഴി റോഡാക്കുക. |
| 31 | | കക്കാട് - ചെറുമുക്ക് റോഡിൽനിന്ന് മഞ്ഞാംകുഴി ഇടവഴി റോഡാക്കുക. N. S. S പോക്കാട്ട് റോഡ്. |
| 32 | | K. C റോഡ് - താഴെചിന ലിങ്ക് റോഡ്. |
| 33 | 12 | കക്കാട് - ചെറുമുക്കുമായി ബന്ധിപ്പിക്കുന്ന ഇടവഴി റോഡാക്കുക. |
| 34 | | കരുമ്പിൽ - പേങ്ങോട്ട് റോഡ് കൊടിമരം റോഡുമായി ബന്ധിപ്പിക്കുക. |
| 35 | 12 | കൂച്ചാൽ ഇടവഴി റോഡാക്കി കൊടിമരം റോഡുമായി ബന്ധിപ്പിക്കുക. |
| 36 | | കുണ്ടലൻകാട് വയൽ ഇടവഴി റോഡാക്കുക. കാച്ചടി ഉള്ളാട്ടുകാട്ടിൽ റോഡ് - ചുള്ളിപ്പാറ റോഡ് ബനാത്ത് നഗർ റോഡുമായി ബന്ധിപ്പിക്കുക. |
| 37 | | അരീക്കാടൻ റോഡ് - ചുള്ളിപ്പാറ റോഡ് ബനാത്ത് നഗർ റോഡുമായി ബന്ധിപ്പിക്കുക. |
| 38 | 13 | കൊടിമരം പള്ളിയുടെ കിഴക്കുഭാഗത്തുകൂടി റോഡുണ്ടാക്കുക. പത്തായക്കുണ്ട് ഇടവഴി തെയ്യാല റോഡുമായി ബന്ധിപ്പിക്കുക. |
| 39 | | ആമക്കുളം ഇടവഴി റോഡാക്കുക. ആശാരിത്താഴം ഇടവഴി റോഡാക്കുക. |
| 40 | | പെരുങ്കൊല്ലൻ ഇടവഴി റോഡാക്കുക. |
| 41 | | തിരൂരങ്ങാടി - ചെറുമുക്ക് റോഡിലെ കുണ്ടചിന നിന്ന് ചെറപ്പുറത്താഴം വരെ എത്തിയ റോഡ് ബ്ലോക്ക് റോഡ്, സി. കെ. നഗർ പാടം വരെയുള്ള റോഡുമായി ബന്ധിപ്പിക്കുക. |
| 42 | 14 | കുറ്റിയിൽ ഇടവഴി റോഡാക്കുക. കപ്രാട്ട് ഇടവഴി പാവുട്ടിച്ചിറ റോഡിലേക്ക് ബന്ധിപ്പിക്കുക. |
| 43 | | കപ്രാട് - കൂടാറിപ്പുറം റോഡ്. |
| 44 | 15 | ചുള്ളിപ്പാറ - വടക്കെ മസ്ജിദ് റോഡ് ചെറുമുക്കുമായി ബന്ധിപ്പിക്കുന്ന റോഡ്. |
| 45 | | കപ്രാട്ട് നിന്ന് കോളനി വഴി 13-ാം വാർഡിനെ ബന്ധിപ്പിക്കുന്ന റോഡ്. |
| 46 | | ചുള്ളിപ്പാറപോസ്റ്റ് ഓഫീസ് - കല്ലുവെട്ടാംകുഴിയിൽമുതൽ നന്നമ്പ്രയുമായി ബന്ധിപ്പിക്കുന്ന റോഡ്. ടി. സി. റോഡും എൻ. കെ. റോഡുമായി ബന്ധിപ്പിക്കുന്ന തട്ടാൻ ഇടവഴി. |
| 47 | 15 | എൻ. എസ്. എസ്. റോഡിനെ കുണ്ടൂരുമായി ബന്ധിപ്പിക്കുന്ന റോഡ് |
| 48 | ,, | ,, തെന്നല പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന റോഡ് |
| 49 | | എ. സി.- എൻ. എസ്. എസ്. റോഡിൽനിന്ന് നമസ്കാരപ്പള്ളിവഴി പോകുന്ന റോഡ് |
| 50 | | പാവുട്ടച്ചിറ കോളനി ഇടവഴി. |
| 51 | | പാവുട്ടച്ചിറനിന്നും ചുള്ളിപ്പാറ മദ്ധ്യഭാഗത്തുകൂടി പോകുന്ന ഇടവഴി. |
| 52 | | വടക്കുഭാഗത്തുനിന്നും മദ്രസ വഴി റോഡ്. |
| 53 | | വെന്നിയൂർ ജുമാമസ്ജിദ് ഇടവഴി സ്റ്റേഡിയം റോഡുമായി ബന്ധിപ്പിക്കുക. |

വർഷകാലത്ത് റോഡുകളിലെ നീർക്കെട്ട് ഇല്ലാതാക്കാൻ ആവശ്യമായ ഓവുചാലുകളും കൾർട്ടുകളും സ്ഥാപിക്കാനുള്ള നിർദേശങ്ങൾ ഉയർന്നുവന്നിട്ടുള്ള സ്ഥലങ്ങൾ താഴെ കൊടുക്കുന്നു.

## പട്ടിക 1-D

| SlNo. | വാർഡ് | വിഷയം |
|---|---|---|
| 1 | 1 | കാരയിൽ-ഇത്തിൾകടവ് ഭാഗത്ത് കൾവർട്ട് |
| 2 | 2 | പാലാത്ത് റോഡിൽ കൾവർട്ട് |
| 3 | 3 | ചെമ്മാട് ടൗണിൽ ഇരുവശത്തും ഡ്രൈനേജ് |
| 4 | 7 | മാർക്കറ്റ് റോഡിൽ ഡ്രൈനേജ് |
| 5 | 5 | തിരൂരങ്ങാടി സ്റ്റേഡിയം റോഡിൽ ഡ്രൈനേജ് മമ്പുറം നടപ്പാലത്തിന് സമീപമുള്ള കൾവർട്ട് നന്നാക്കുക |
| 6 | 10 | കക്കാട്-ചെറുമുക്ക് റോഡിന് ഡ്രൈനേജ് |
| 7 | | കക്കാട് മുതൽ കോളേജ് വരെ നടപ്പാത. |
| 8 | 12 | കരിമ്പിൽ-ചുള്ളിപ്പാറ റോഡിലെ ടെലഫോൺ പോസ്റ്റുകൾ മാറ്റിസ്ഥാപിക്കുക. |

## മറ്റു നിർദ്ദേശങ്ങൾ

1 പഞ്ചായത്തിൽ സൗകര്യപ്രദമായ സ്ഥലത്ത് ഫയർഫോഴ്സ് സ്റ്റേഷൻ, ആർ. ടി. ഒ. ഓഫീസ് തുടങ്ങിയവസ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കുക.

2 കക്കാട്-തിരൂരങ്ങാടി റോഡിൽ പി. എസ്. എം. ഒ. കോളേജിന് സമീപത്തെ വളവ് നേരെയാക്കി വാഹനഗതാഗതം സൗകര്യപ്രദമാക്കുക.

3 കക്കാട് പോസ്റ്റോഫീസിന് സമീപമുള്ള താഴ്ചയുള്ള ഭാഗം വീതികൂട്ടി ഗതാഗതടസ്സം ഒഴിവാക്കുക.

4 പഞ്ചായത്തിൽ ഒരു ബസ് സ്റ്റാന്റ് നിർമ്മിക്കുക.

5 വെന്നിയൂർ തെയ്യാലറോഡ് ജങ്ഷൻ വീതികൂട്ടുക

6 ചെമ്മാട്, കക്കാട്, വെന്നിയൂർ എന്നീ ജങ്ഷനുകളിൽ ട്രാഫിക് ഐലന്റ് നിർമ്മിക്കുക.

7 തിരൂരങ്ങാടി പഞ്ചായത്തിനെ എ. ആർ നഗർ പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന എരഞ്ഞിപ്പുലാക്കൽ-കൊളപ്പുറം നടപ്പാലം നിർമ്മിക്കുക.

8 മമ്പുറംവലിയപള്ളി ഭാഗത്ത് നേരിടുന്ന ഗതാഗതതടസ്സം ഒഴിവാക്കുന്നതിന് മമ്പുറം ചെമ്മാട് ബൈപ്പാസ് റോഡിന്റെ നിർമാണത്തിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുക.

9 തിരൂരങ്ങാടി നന്നമ്പ്ര പഞ്ചായത്തുകളെ പൂക്കുളങ്ങരയുമായി ബന്ധിപ്പിക്കുന്ന പാലം നിർമിക്കുക.

10 തിരൂരങ്ങാടി കൊണ്ടോട്ടി റോഡിൽ പനമ്പുഴ കടവിൽ പാലം നിർമിക്കുക.

11 8-ാം വാർഡിൽ പള്ളിപ്പറമ്പ് കോളനിക്ക്ചുറ്റും അഴുക്കുചാൽ നിർമിക്കുക.

## ഊർജം

ഊർജരംഗത്ത് പ്രഥമസ്ഥാനം വൈദ്യുതിക്ക്തന്നെ. പഞ്ചായത്തിൽ മുഴുവൻ ഭാഗത്തും വൈദ്യുതി എത്തിയിട്ടില്ല. എന്നിരുന്നാലും ജില്ലയിൽ ആദ്യം വൈദ്യുതി എത്തിയ പ്രദേശങ്ങളിൽ ഒന്നാണ് തിരൂരങ്ങാടി.

ജില്ലയിൽതന്നെ വൈദ്യുതി രംഗത്ത് വോൾട്ടേജ് കുറവാണ്. തിരൂരങ്ങാടിയിൽ ഈ പ്രശ്നം അതി രൂക്ഷമാണ്. സിങ്കിൾഫേസ് ലൈനിൽനിന്ന് 10 KW പൂർത്തിയായ ശേഷം വരുന്ന കണക്ഷന് ഉപഭോക്താവ് വ്യക്തിപരമായ ലൈൻ വലിക്കണം എന്ന നിയമംതന്നെ ഇതിന് മതിയായ തെളിവാണ്. ഈ ഡിവിഷനിൽ മാത്രമാണ് ഈ നിയമം ഉള്ളത്. ഒരു ലൈൻമാൻ ഓഫീസ് മാത്രമുണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് ഒരു മേജർ സെക്ഷനും ഒരു സാറ്റ്ലേറ്റ് സെക്ഷനുമുണ്ട്. 15000ൽ അധികം കണക്ഷനുകളും 36 ട്രാൻസ്ഫോർമറുകളുമുള്ള ഈ പഞ്ചായത്തിലേക്ക് വൈദ്യുതി എത്തുന്നതിനുള്ള ഏകമാർഗം എടരിക്കോടെ 66K.V. സബ് സ്റ്റേഷൻ മാത്രമാണ്. നല്ലളം, കീഴ്ശേരി സബ് സ്റ്റേഷനുകളുടെ സേവനം ഈ ഭാഗത്ത് ലഭ്യമല്ല. പഞ്ചായത്തിൽ വൈദ്യുതവിതരണം നടക്കുന്നത് തിരൂരങ്ങാടി വെന്നിയൂർ എന്നീ സെക്ഷനുകളിലൂടെയാണ്. സന്ധ്യാസമയത്ത് (7മുതൽ 10 വരെ) അതിരൂക്ഷമായ വോൾട്ടേജ് കമ്മി കാരണം ഫിലമന്റ്പോലും പ്രകാശിക്കാത്ത അവസ്ഥയാണ്. ഇത് കുട്ടികളുടെ പഠനത്തെ സാരമായി ബാധിക്കുന്നു. 45000ത്തോളം വരുന്ന ഉപഭോക്താക്കളിൽ 78% ഗാർഹിക ഉപഭോക്താക്കളാണ്. കാർഷിക ഉപഭോക്താക്കൾ 6%വും വ്യവസായ ഉപഭോക്താക്കൾ 14%വും വ്യാപാര ഉപഭോക്താക്കൾ 2%വും വരും.

(അവലംബം K.S.E.B)

മിക്ക ഗ്രാമസഭകളിലും തെരുവുവിളക്ക്, കുടിൽജോതി, പുതിയ ട്രാൻസ്ഫോർമറുകൾ എന്നിവ വേണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്. പഞ്ചായത്തിൽ ആകെ 54 കി. മി. 11KV ലൈനുകളും 40കി. മി. ത്രീ ഫേസ് ലൈനുകളും 158 കി.മി. സിങ്കിൾഫേസ് ലൈനുകളുമാണുള്ളത്. 168 ട്യൂബുകളടക്കം 587 സ്ട്രീറ്റ് ലൈറ്റുകളുണ്ട്. കണക്ഷനുവേണ്ടി അപേക്ഷനൽകി കാത്തിരിക്കുന്നവർ നൂറുകണക്കിനുണ്ട്.

### പഞ്ചായത്ത് പ്രദേശത്തുള്ള ട്രാൻസ്ഫോർമറുകളും കപ്പാസിറ്റിയും പട്ടിക II

| | പേര് | കപ്പാസിറ്റി |
|---|---|---|
| 1 | വെഞ്ചാലി | 250 KVA |
| 2 | കൈപ്പുറത്താഴം | 100KVA |
| 3 | കോട്ട് പാലക്കാട് | 100,, |
| 4 | സുദർശൻ മിൽ | 100, |
| 5 | കെ. സി. റോഡ് | 100,, |
| 6 | യത്തീംഖാന | 160 ,, |
| 7 | എം. കെ എച്ച് ആശുപത്രി | 100,, |
| 8 | ജയ് ജവാൻ | 160,, |
| 9 | അത്താണി | 160,, |
| 10 | ചന്തപ്പടി | 250,, |
| 11 | മദീന | 160 ,, |
| 12 | സന്മനസ് റോഡ് | 100,, |
| 13 | സി. കെ. നഗർ | 160,, |
| 14 | ബ്ലോക്ക് റോഡ്-1 | 160 ,, |
| 15 | ബ്ലോക്ക് റോഡ് 2 | 160,, |
| 16 | ചെമ്മാട് | 250,, |
| 17 | കിസാൻ കേന്ദ്രം | 250,, |
| 18 | അമ്പലപ്പടി | 160,, |
| 19 | കല്ലക്കയം | 160,, |
| 20 | കരിപറമ്പ് | 100 ,, |
| 21 | KWA അമ്പലപ്പടി | 160,, |
| 22 | പന്താരങ്ങാടി | 100,, |
| 23 | വടക്കെ മമ്പുറം | 100,, |
| 25 | വെഞ്ചാലി-2 | 100,, |
| 26 | ദേവസ്വം പാടം | 100 ,, |
| 27 | വി. എസ്. എം (ഭാഗികം) | 160 ,, |
| 28 | അല്ല (ഭാഗികം) | 160 ,, |
| 29 | കാച്ചടി | 100 ,, |
| 30 | കക്കാട് വുഡ്സ് | 160 ,, |
| 31 | കക്കാട് പമ്പ് | 100 ,, |
| 32 | കൊടിമരം | 100 ,, |
| 33 | സി. എച്ച്. ഇന്റസ്ട്രീസ് | 100 ,, |
| 34 | പരപ്പൻ ഭാഗം | 160 ,, |
| 35 | ചുള്ളിപ്പാറ 1 | 100 ,, |
| 36 | ചുള്ളിപ്പാറ 2 | 100,, |

## പട്ടിക 2-1
## വൈദ്യുതി സ്ഥിതി വിവരം

1 നിലവിലുള്ള ഉപഭോക്താക്കൾ
a ഗാർഹികം 10105
b വ്യാപാരം 1813
c വ്യാവസായികം 159
d കാർഷികം 783
2 കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം.
a ഓർഡിനറി 466
c ഓവൈസി 154
3 സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം
a ബൾബ് 383
b ട്യൂബ് 168
c മെർക്കുറി 36
4 സ്ട്രീറ്റ് ലൈറ്റിനുവേണ്ടി പ്രതിമാസം അടക്കുന്ന തുക 9500

## പ്രശ്നങ്ങൾ

വൈദ്യുതി ഉപഭോക്താക്കൾ പ്രധാനമായും അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം കുറഞ്ഞ വോൾട്ടതയാണ്. യഥാർത്ഥത്തിൽ ലഭിക്കേണ്ടതിന്റെ 50% പോലും ലഭ്യമല്ല. സന്ധ്യാസമയത്ത് 7 മണിമുതൽ 10 മണിവരെ വോൾട്ടേജ് വെറും 20-25 ആയിക്കുറയുന്നതു കാരണം ഫിലമെന്റ് പോലും തെളിയുന്നില്ല. ഔദ്യോഗിക ലോഡ്ഷെഡിങ്ങ് വേറെയും.

ഗ്രാമസഭയിൽനിന്നും ഉയർന്നുവന്ന ആവശ്യങ്ങളിൽ പ്രധാനമായവ താഴെ ചേർക്കുന്നു.

## പട്ടിക 2-A വൈദ്യുതി എത്തിയിട്ടില്ലാത്ത പ്രദേശങ്ങൾ

1 കാരയിൽ ഹരിജൻ കോളനി വൈദ്യുതീകരിക്കുക.
2 പന്താരങ്ങാടി ലക്ഷംവീട് കോളനി വൈദ്യുതീകരിക്കുക.
3 അമ്പലപ്പടി വെൽഫയർ സ്കൂൾ പരിസരത്ത് വൈദ്യുതി എത്തിക്കുക.
4 അട്ടക്കുഴിങ്ങര പ്രദേശം വൈദ്യുതീകരിക്കുക.
5 കണ്ണാടിത്താടം കോളനി വൈദ്യുതീകരിക്കുക.
6 കോട്ടുപാലക്കാട് കോളനി വൈദ്യുതീകരിക്കുക.
7 കോട്ടു പാലപ്പറമ്പ് കോളനി വൈദ്യുതീകരിക്കുക.
8 വെള്ളിനക്കാട് പ്രദേശം
9 കുന്നംകുലം പ്രദേശം
10 പി. എസ്. എം. ഒ കോളേജിന് പിൻവശം.
11 പുളിഞ്ഞില്ലത്ത പാടം പ്രദേശം.
12 വെന്നിയൂർ ലക്ഷംവീട് കോളനി.
13 കരുമ്പിൽ ബാക്കിക്കയം പ്രദേശം.
14 കക്കാട് വടക്കേകാട്.
15 കരിമ്പ് മെതുവിൽ ഭാഗം.
16 കരുമ്പിൽ കൂച്ചാൽ ഭാഗം.
17 ആമക്കുളം പ്രദേശം.

## പട്ടിക 2-B തെരുവ് വിളക്ക് ആവശ്യമുള്ള പ്രദേശങ്ങൾ

1 കെ. ടി ബസാർ മുതൽ വടക്കെ മമ്പുറം വരെ.
2 കാരയിൽ- ഇത്തൾ കടവ് റോഡ്
3 മുഹമ്മദ് ബഷീർ റോഡ്
4 കരിപറമ്പ് - അരീപ്പാറ റോഡ്.
5 പന്താരങ്ങാടി കക്കുന്നത്ത് പാറ റോഡ്.
6 പമ്പ് ഹൗസ് - ദാറുൽ ഹുദാ റോഡ്.
7 അമ്പലപ്പടി - ഭഗവതിയാൽ റോഡ്.
8 കിസാൻ കേന്ദ്രം - പൂങ്ങോട്ടുമ്പാടം റോഡിൽ അമ്പലപ്പടി വരെ.
10 സി. കെ. നഗർ - ചെറുമുക്ക് റോഡ്.
11 കാവുങ്ങൽ അഹമ്മദ് റോഡ്.
12 കമ്മ്യൂണിറ്റി ഹാളിന് പിൻവശം താപ്പി ഇടവഴി വശം.
13 പനമ്പുഴ റോഡ്
14 തട്ടാൻ ഇടവഴി.
15 ആശാരിത്താഴം ഇടവഴി.
16 മാണിത്തൊടിക റോഡ്.
17 തേർക്കായം റോഡ് (ബാക്കി)
18 വെന്നിയൂർ സ്റ്റേഡിയം റോഡ്.
19 8-ാം വാർഡിലെ നമ്പൂരിക്കണ്ടം ഇടവഴി.
20 സന്മനസ്സ് റോഡ്.
21 കാസി റോഡ്.
22 കമ്പത്ത് റോഡ്
23 കോസ്മോസ് ഇടവഴി.
24 റഷീദ് നഗർ-പാറക്കടവ് റോഡ്.
25 ചെമ്പിൽതാഴം ചെറ്റാലി റോഡ്.
26 ടി. സി റോഡ്
കുമ്പങ്കടവ് താഴം റോഡ്.
27 കെ. സി റോഡ്
വലിയാട്ട് റോഡ്.
28 പോക്കാട്ട റോഡ്. 10
29 അരീക്കാടൻ റോഡ്.
30 തറയങ്ങൽ റോഡ്.
31 പേങ്ങാട്ട് റോഡ്.
32 കൊടിമരം റോഡ്.
33 പാറക്കൽ റോഡ്.
34 വെന്നിയൂർ - അത്യമട റോഡ്.
35 വെന്നിയൂർ - പോത്തിൻകുണ്ട് റോഡ്.
36 വെന്നിയൂർ - കുറ്റിയിൽ റോഡ്.
37 വെന്നിയൂർ - കപ്രാട്ട് ഹരിജൻ കോളനി.
38 വെന്നിയൂർ - പാവുട്ടച്ചിറ റോഡ്
39 ആനയഞ്ചിറ കുണ്ട് റോഡ്
40 ചുള്ളിപ്പാറ മസ്ജിദ് റോഡ്
41 പാങ്ങോട്ടുമ്പാടം
42 പൂക്കുളങ്ങര - പാറക്കെട്ട് റോഡ്
43 പുതു[illegible] റോഡ്
44 കർഷക റോഡ്
45 ദർശന റോഡ് (ബാക്കിഭാഗം)
46 എളുമ്പാട്ടിൽ റേഡ്
47 ചെമ്മാട് മസ്ജിദ് റോഡ്

48 ചെമ്മാട് വടക്കൻ റോഡ്
49 തൃക്കുളം എ. എം. എൽ. പി. എസ് ഇടവഴി
50 കൊളക്കാടൻ താഴം റോഡ്
51 പോക്കാട്ട് റോഡ്
52 കൊടിഞ്ഞി റോഡ്
53 കമ്മ്യൂണിറ്റി ഹാൾ റോഡ്
54 പി. എസ്. എം. ഒ. സി താഴെ റോഡ്
55 എൻ. കെ. റോഡ്
56 വെള്ളിനക്കാട് റോഡ്
57 കളത്തിങ്ങൾതൊടു റോഡ്
58 കക്കാട് ചെറുമുക്ക് റോഡ്
59 കരുമ്പിൽ ചുള്ളിപ്പാറ റോഡ്
60 മെതുവിൽ റോഡ്
61 കാച്ചടി - കൂച്ചാൽ - കൊടിമരം റോഡ്
62 ചാലാട് റോഡ്
63 വെന്നിയൂർ പെരുമ്പുഴ റോഡ്
64 വെന്നിയൂര് - ലക്ഷം വീട് റോഡ്
65 ചെമ്മാട് മസ്ജിദ് റോഡ്
66 ചെറ്റാലി റോഡ്
67 മണ്ണാർത്തഴം റോഡ്
68 ചുള്ളിപ്പാറ പോസ്റ്റ് ഓഫീസ് റോഡ്

## പട്ടിക 2-C ട്രാൻസ്ഫോമർ സ്ഥാപിക്കേണ്ട സ്ഥലം.

1 കാരയിൽ
2 തൃക്കുളം പടിഞ്ഞാറ് കക്കുന്നത്ത് താഴം.
3 കക്കുന്നത്ത് പാറ
4 കരിപറമ്പ് - അരിപ്പാറ റോഡ് പഞ്ചായത്ത് കിണറിന് സമീപം.
5 ചെമ്മാട് ടൗൺ
6 താലൂക്ക് ഓഫീസ് പരിസരം
7 ഹിദായ നഗർ
8 ഗവൺമെന്റ് ഹൈസ്കൂൾ പരിസരം
9 താഴെ ചെന
10 കക്കാട് പോക്കാട്ട റോഡ് ചട്ടിക്കൽ കോട്ടേഴ്സിന് സമീപം.
11 കക്കാട് പോസ്റ്റ് ഓഫീസിന് മുൻവശം.
12 കക്കാട് - ചെറുമുക്ക് റോഡിന്റെ മദ്ധ്യഭാഗം.
13 എൻ. കെ റോഡ്
14 സി. കെ. നഗർ പള്ളിക്ക് സമീപം.
15 കമ്മ്യൂണിറ്റി ഹാളിന് സമീപം.
16 കരുമ്പിൽ ചിള്ളിപ്പാറ റോഡ്
17 വെന്നിയൂർ ഹരിജൻ കോളനി
18 കാച്ചടി
19 ദർശന ടാക്കീസിന് സമീപം

## വൈദ്യുതി സമ്പന്ധമായ മറ്റു നിർദ്ദേശങ്ങൾ

1 മക്കടമ്പ് പള്ളിമൂതൽ തൈശ്ശേരിത്താഴം വരെ ത്രീഫൈസ് ലൈനാക്കുക.

2 കുടിൽജോതി ലഭിക്കാൻ അർഹരായ കുടുംബങ്ങൾക്കു മുഴുവൻ (എല്ലാ വാർഡിലും) കുടിൽ ജോതി ലഭ്യമാക്കുക.

3 എടരിക്കോട് ഡീസൽ പ്ലാന്റ് ഉടൻ കമ്മീഷൻ ചെയ്യുക.

4 എടരിക്കോട് സബ്സ്റ്റേഷനിൽനിന്നും തിരൂരങ്ങാടി ഭാഗത്തേക്ക് ഇന്റിപ്പെന്റന്റ് ഫീഡർ വലിക്കുക.

5 തിരൂരങ്ങാടി ഫീഡർ കിഴിശ്ശേരി സബ്സ്റ്റേഷനുമായി ബന്ധിപ്പിക്കുക.

6 പരപ്പനങ്ങാടിയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന സബ്സ്റ്റേശൻ ഉടൻ ആരംഭിക്കുക.

7 കാലപ്പഴക്കംചെന്ന 11 കെ. വി. ലൈനുകൾ മാറ്റിസ്ഥാപിക്കുക.

8 ജില്ലയിൽ മൊത്തത്തിലും പഞ്ചായത്തിൽ പ്രത്യേകിച്ചും വൈദ്യുത പോസ്റ്റിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിന് പോൾകാസ്ററിംഗ് യൂണിറ്റ് സ്ഥാപിക്കുക.

9 തിരൂരങ്ങാടി ആസ്ഥാനമായി ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ് സ്ഥാപിക്കുക.

10 തലപ്പാറ, എ. ആർ നഗർ എന്നീ സ്ഥലങ്ങളിൽ ഇലക്ട്രിക്കൽ സെക്ഷൻ സ്ഥാപിക്കുക.

11 വെന്നിയൂര് സെക്ഷൻ മേജർ സെക്ഷനായി ഉയർത്തുക.

12 ഒ. വൈ. സി ഇനത്തിൽ കൂടുതൽ പണം കിട്ടുന്ന പ്രദേശമായിട്ടും വസ്തുക്കൾ ലഭിക്കാൻ കാലതാമസം വരുന്നു. ഇത് പരിഹരിക്കുക.

13 സിംഗ്ൾ ഫൈസ് ലൈനിൽനിന്നും 10 K. ൽ അധികം വരുന്ന കണക്ഷൻ വ്യക്തിപരമായി ലൈൻ വലിക്കണമെന്ന വ്യവസ്ഥ എടുത്തുകളയുക. (തിരൂർ ഡിവിഷനിൽ മാത്രമാണ് ഇതുള്ളത്)

14 അപകടമാം വിധം താഴ്ന്നുകിടക്കുന്ന ലൈൻ ശരിയാക്കുക.

15 മാനിപ്പാടത്ത് സബ്സ്റ്റേഷൻ സ്ഥാപിക്കുക.

1 എൽ പി ജി കണക്ഷൻ ഉദാരമാക്കുക.

2 പുകയില്ലാത്ത അടുപ്പുകളെ കുറിച്ച് ബോധവൽക്കരണം.

3 സബ്സീഡിയീയി പുകയില്ലാത്ത അടുപ്പ് സ്ഥാപിക്കുക.

4 വിറകു മരങ്ങൾ വെച്ചുപിടിപ്പിക്കുക

5 മണ്ണണ്ണ പെർമിറ്റിന് അപേക്ഷിച്ചവർക്കൊക്കെ പെർമിറ്റ് നൽകുക.

6 ഫോറസ്റ്റ് വകുപ്പിന്റെ കീഴിൽ വിറക് ഡിപ്പൊ സ്ഥാപിക്കുക.

7 വൈദ്യുതിയുടെ അമിത ഉപയോഗം കുറക്കുന്നതിന് K. S. E. B, ANERT, സർക്കാർ എന്നിവയുടെ സഹായത്തോടെ വീടുകളിൽ സോളാർ ലാംബുകൾ സ്ഥാപിക്കുക.

8 കൂടുതൽ പ്രകാശം തരുന്നതും വാട്ടു കുറഞ്ഞതുനമായ കോംപാക്ട് ഫ്ലൂറസെന്റ് ലാംപ് (C F L) എല്ലാ വീടുകൾക്കും K. S. E. B. ANERT, സർക്കാർ സഹകരണത്തോടെ നൽകുക.

## മാർക്കറ്റ്

1 ചെമ്മാട് സൗകര്യപ്രദമായ സ്ഥലത്ത് പൊതുമാർക്കറ്റ് സ്ഥാപിക്കുക.

2 കക്കാട് - മത്സ്യ - മാംസ മാർക്കറ്റ് സ്ഥാപിക്കുക.

3 കരുമ്പിൽ മത്സ്യ മാർക്കറ്റ് സ്ഥാപിക്കുക തുടങ്ങിയ ആവശ്യങ്ങളും ഗ്രാമ സഭകളിൽനിന്ന് ഉയർന്നുവന്നവയാണ്.

# 5-7 പാർപ്പിടവും സാമൂഹ്യക്ഷേമവും

## പാർപ്പിടം

ചരിത്രപരമായ ത്യാഗത്തിന്റേയും, പോരാട്ടങ്ങളുടേയും സ്മരണകൾ കുടികൊള്ളുന്ന തിരൂരങ്ങാടി പഞ്ചായത്ത് വിദ്യാഭ്യാസപരമായി ഏറെക്കുറെ മുൻപന്തിയിലെത്തിയെങ്കിലും സ്വന്തമായി നേട്ടമുണ്ടാക്കാനുള്ള നമ്മുടെ ബദ്ധപ്പാടിൽ എവിടെ വച്ചോ കൂട്ടായ്മ കൈമോശം വന്നിരിക്കുന്നു. ഇത് നമ്മുടെ പഞ്ചായത്തിന്റെ സാമൂഹ്യപുരോഗതിയെ സാരമായി ബാധിച്ചിട്ടുണ്ട്.

ഗൾഫ് പണത്തിന്റെ സ്വാധീനം ഈ പഞ്ചായത്തിന്റെ സാമ്പത്തിക മേഖലയിലെ നിർണായക ഘടകമാണ്. എന്നാൽ ഈപണം ക്രിയാത്മകമായ രീതിയിൽ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഭവനിർമാണരംഗത്തെ കോൺക്രീറ്റ് സൗധങ്ങൾക്ക്

### വീടുകളുടെ തരംതിരിവ്

പട്ടിക–1

| വാർഡ് | വാർഡുകളിൽ ആകെ വീടുകൾ | കുടുംബങ്ങൾ | കോൺക്രീറ്റ് വീടുകൾ | ഓട് മേഞ്ഞ വീടുകൾ | ഓലമേഞ്ഞ വീടുകൾ | കുടിലുകൾ | വീടുവെക്കാൻ ഭൂമിയില്ലാത്ത കുടുംബങ്ങൾ | ഭൂമിയുണ്ടായിട്ടും വീടു വെക്കാൻ സാമ്പത്തിക ശേഷിയില്ലാത്ത കുടുംബങ്ങൾ | കക്കൂസില്ലാത്ത വീടുകൾ | വീടില്ലാത്ത പട്ടികജാതി കുടുംബങ്ങൾ |
|---|---|---|---|---|---|---|---|---|---|---|
| 1 | 425 | 626 | 75 | 50 | 280 | 20 | 96 | 105 | 127 | 1 |
| 2 | 640 | 774 | 195 | 260 | 116 | 33 | 60 | 74 | 139 | 1 |
| 3 | 412 | 617 | 118 | 286 | 8 | - | 87 | 65 | 33 | - |
| 4 | 517 | 698 | 77 | 310 | 103 | 27 | 52 | 98 | 140 | 54 |
| 5 | 392 | 425 | 178 | 186 | 20 | 8 | 19 | 14 | 60 | 2 |
| 6 | 631 | 914 | 198 | 263 | 115 | 55 | 84 | 102 | 86 | 3 |
| 7 | 306 | 427 | 98 | 149 | 55 | 3 | 40 | 51 | 80 | - |
| 8 | 388 | 492 | 103 | 139 | 123 | 23 | 66 | 38 | 90 | - |
| 9 | 488 | 578 | 154 | 235 | 97 | 2 | 29 | 49 | 71 | - |
| 10 | 427 | 532 | 179 | 203 | 34 | 11 | 48 | 33 | 64 | - |
| 11 | 417 | 613 | 71 | 334 | 13 | 1 | 59 | 80 | 13 | - |
| 12 | 364 | 449 | 92 | 225 | 40 | 7 | 30 | 42 | 8 | - |
| 13 | 378 | 438 | 68 | 227 | 21 | 12 | 38 | 29 | 30 | 4 |
| 14 | 392 | 459 | 75 | 294 | 16 | 6 | 29 | 31 | 70 | - |
| 15 | 373 | 492 | 61 | 296 | 10 | 6 | 41 | 60 | 144 | 2 |
| ആകെ | 6550 | 8534 | 1742 | 3457 | 1051 | 214 | 780 | 871 | 1155 | 67 |

ആർഭാടം വർദ്ധിപ്പിക്കാനാണ് ഈ പണം കൂടുതലും ഉപയോഗിച്ചുകാണുന്നത്.

കൂലിപ്പണിയെടുത്ത് ഉപജീവനം നടത്തുന്നവരാണ് പഞ്ചായത്തിൽ കൂടുതലും ആളുകൾ. അതുകൊണ്ടുതന്നെ ഇടത്തരം വീടുകളും കുടിലുകളുമാണ് പഞ്ചായത്തിൽ ഭൂരിഭാഗവും. ഇവരിൽ കൂടുതൽ കർഷകതൊഴിലാളികളും കെട്ടിട നിർമാണ തൊഴിലാളികളുമാണ്. യുവാക്കളിൽ നല്ലൊരുഭാഗം തൊഴിൽ രഹിതരാണ്. വൻകിട തൊഴിൽശാലകളില്ലാത്ത നമ്മുടെ പഞ്ചായത്ത് കാർഷികമേഖലയിൽ ഒരുകാലത്ത് മുന്നിട്ടുനിന്നിരുന്നു. എങ്കിലും ഇന്ന് കൃഷി നമ്മുടെ പഞ്ചായത്തിൽ അന്യം നിന്ന് പോയിട്ടുണ്ട്.

പഞ്ചായത്തിലെ 6550 വീടുകളിൽ 8534 കുടുംബങ്ങൾ ജീവിക്കുന്നുണ്ട്. 1742 വീടുകൾ കോൺക്രീറ്റും 3457 വീടുകൾ ഓട് മേഞ്ഞതം 1051 വീടുകൾ ഓല മേഞ്ഞതും 214 എണ്ണം കുടിലുകളുമാണ്. ഇടത്തരം വീടുകളിലാണ് ഒന്നിലേറെ കുടുംബങ്ങൾ ജീവിക്കുന്നത്.

സ്വന്തമായി വീടുവെക്കാൻ ഭൂമിയില്ലാത്ത 780 കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. വീടുവെക്കുന്നതിനനുയോജ്യമായ ഭൂമിയുള്ളവരും എന്നാൽ സാമ്പത്തികശേഷി ഇല്ലാത്തവരുമായ 871 കുടുംബങ്ങളും പഞ്ചായത്തിലുണ്ട്. വീടില്ലാത്ത പട്ടികജാതി കുടുംബങ്ങൾ 67 എണ്ണം വരു. കക്കൂസില്ലാത്ത 1155 വീടുകളുമുണ്ട്.

പഞ്ചായത്തിൽ പുതുതായി നിർമ്മിക്കുന്ന വീടുകൾ കൂടുതലും കോൺക്രീറ്റ് വീടുകളാണ്. ഇവയുടെ നിർമാണച്ചിലവ് വളരെ കൂടുതലാണ്.

വെണ്ണക്കൽ, കടപ്പ, മൊസൈക്ക്, ഗ്ലാസ്ടൈൽ തുടങ്ങിയ വിലപിടിപ്പുള്ള വസ്തുക്കൾ ഉപയോഗിച്ചുള്ള വീടുകളാണ് ഇപ്പോൾ നിർമിച്ചിട്ടുള്ളവയിൽ അധികവും. ഇടത്തരം വീടുകളാകട്ടെ സിമന്റ് തേച്ചവയുമാണ്. ഓലവീടുകൾ ചാണകവും മണ്ണുകൊണ്ട് മെഴുകിയവയുമാണ്. പാടം നികത്തി വീട് വെക്കുന്ന പ്രവണത നമ്മുടെ പഞ്ചായത്തിലുണ്ട്. ഇതിനെ നിരുൽസാഹപ്പെടുത്തേണ്ടിയിരിക്കുന്നു.

ഭവനനിർമാണരംഗത്ത് പ്രവർത്തിക്കുന് തിരൂർ കാർഷിക വികസന ബാങ്കിന്റെ ഒരു ശാഖ നമ്മുടെ പഞ്ചായത്തിലുണ്ട്. സഹകരണ ഹൗസിംഗ് സൊസൈറ്റി പരപ്പനങ്ങാടിയിലുമുണ്ട്. എന്നാൽ സാധാരണക്കാരന് താങ്ങാൻ കഴിയാത്ത പലിശയും സങ്കീർണങ്ങളായ ജാമ്യവ്യവസ്ഥയും യഥാസമം വായ്പ ലഭിക്കായ്കയും കാരണം ഈ സ്ഥാപനങ്ങളുടെ സഹായം വേണ്ട രീതിയിൽ ഉപയോഗപ്പെടുന്നില്ല. ഈ സ്ഥാപനങ്ങൾ വഴി നൽകി വരുന്ന ഭവനവായ്പ വ്യവസ്ഥകൾ കൂടുതൽ ഉദാരമാകേണ്ടതുണ്ട്. അതിന് താഴെ പറയുന്ന നിർദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1 നിർമിക്കുന്ന വീട് ഈടായി സ്വീകരിച്ച് വായ്പ ലഭ്യമാക്കുക.

2 പലിശനിരക്ക് 12% ആയി നിജപ്പെടുത്തുക.

3 പ്ലോട്ടടിസ്ഥാനത്തിൽ വീടുകൾ നിർമിച്ച് ഭവനരഹിതർക്ക് തവണവ്യവസ്ഥയോടുകൂടി നൽകുക.

നമ്മുടെ പഞ്ചായത്തിൽ ഭൂമിയുണ്ടായിട്ടും വീടുവെക്കാൻ കഴിയാത്ത പാവപ്പെട്ട 871 കുടുംബങ്ങളുണ്ടായിരിക്കെ സർക്കാർ ഏജൻസികൾ മുഖേന പഞ്ചായത്തിൽ ലഭ്യമായ വീടിന്റെ എണ്ണം വളരെ തുച്ഛമാണെന്ന് കാണിക്കുന്നു.

സർക്കാർ ഭവനനിർമാണബോർഡ് വഴി നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഭവനവായ്പ ദുർബലവിഭാഗക്കാർക്ക് മാത്രമായും അതുതന്നെ വിരലിലെണ്ണാവുന്നവർക്ക് മാത്രമായി ചുരുങ്ങുന്നു. ഹൗസിംഗ്ബോർഡ് വഴി ദുർബലവിഭാഗക്കാർക്ക് സർക്കാർ ലഭ്യ

## ഭവനലഭ്യത പട്ടിക No-2

NREP, RLEGP, JRY, IAY, MWS എന്നീ സ്കീമുകൾ വഴി ലഭ്യമായ വീടുകൾ

| വാർഡ് | വീട് ആശ്യമുള്ള കുടുംബങ്ങൾ IRDP ലിസ്റ്റ് അനുസരിച്ചുള്ളത് | അനുവദിച്ച വീടുകൾ | പണി പൂർത്തീകരിച്ച വീടുകൾ | പൂർത്തീകരിക്കാനുള്ള വീടുകൾ |
|---|---|---|---|---|
| 1 | 60 | 3 | 3 | - |
| 2 | 46 | 5 | 5 | - |
| 3 | 25 | - | - | - |
| 4 | 75 | 34 | 28 | 6 |
| 5 | 31 - | - | - | - |
| 6 | 25 | 3 | 2 | 1 |
| 7 | 50 | 1 | - | 1 |
| 8 | 50 | - | - | - |
| 9 | 70 | 3 | 3 | - |
| 10 | 40 | - | - | - |
| 11 | 30 | 2 | 2 | - |
| 12 | 50 | 9 | 6 | 3 |
| 13 | 50 | 10 | 6 | 4 |
| ആകെ | 592 | 70 | 55 | 15 |

മാക്കുന്ന മൈത്രി ഭവനപദ്ധതി വളരെ ആശ്വാസകരമാണെങ്കിലും അനുവദിക്കുന്നതിൽ ഓരോ പഞ്ചായത്തിന്റെയും സാഹചര്യം ഇത്രയെന്ന് നിജപ്പെടുത്തേണ്ടിയിരിക്കുന്നു. അല്ലാത്തപക്ഷം ഏറെപേർക്കും ഇതിന്റെ ഗുണം ലഭിക്കാതെ പോകും. ബോർഡിന്റെ ഓഫീസ് മലപ്പുറത്തായതിനാൽ അപേക്ഷാഫോറംപോലും ലഭിക്കാത്ത സ്ഥിതിയുണ്ട്.

വീടുവെക്കാൻ 2സെന്റ് ഭൂമിപോലും സ്വന്തമായി ഇല്ലാത്ത 780 കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇത് സങ്കീർണമായ ഒരു പ്രശ്നമാണ്. കുറഞ്ഞവിലക്ക് ഭൂമി വാങ്ങി അതിൽ ഫ്ളാറ്റുകൾ നിർമിച്ച് നൽകി ഭൂമിയുടെയും ഫ്ളാറ്റിന്റെയും വില തവണവ്യവസ്ഥകളിലൂടെ ഈടാക്കി ഈ പാർപ്പിടപ്രശ്നം പരിഹരിക്കേണ്ടതാണ്.

ദുർബലവിഭാഗക്കാർക്ക് വീട് വെക്കുന്നതിനും ഇടത്തരക്കാർക്ക് വീട് വെക്കുന്നതിനും പുതുക്കിപ്പണിയുന്നതിനും സഹായങ്ങളോ വായ്പകളോ ലഭ്യകാത്തതിനാൽ ഈ വിഭാഗക്കാർക്ക് പൊതു പ്രവർത്തനങ്ങളിൽ ഉത്സാഹക്കുറവ് കാണപ്പെടുന്നു. ജനകീയാവശ്യങ്ങളിൽ അടിയന്തിര പ്രാധാന്യമർഹിക്കുന്ന പാർപ്പിടപ്രശ്നം എത്രയും വേഗം പരിഹരിക്കപ്പെടേണ്ടതും അത് വഴി നാടിന്റെ പ്രത്യുല്പാദനരംഗങ്ങളിൽ ആത്മാർത്ഥതയോടെയും ഉത്സാഹത്തോടെയും സമസ്ത ജനവിഭാഗങ്ങളേയും സജീവമാക്കാനും നമുക്ക് കഴിയേണ്ടതുണ്ട്.

IRDP ലിസ്റ്റ് അനുസരിച്ച്തന്നെ ആവശ്യമുള്ള വീടുകളുടെ 7.75% മാത്രമേ ഇതുവരെ ലഭ്യമാക്കാൻ സാധിച്ചിട്ടുള്ളൂ. എന്നത് മേലുദ്ധരിച്ച പട്ടികയിൽനിന്നുതന്നെ വ്യക്തമാണ്. എന്നാൽ ആവശ്യക്കാർ ഇതിനേക്കാൾ എത്രയോ കൂടുതലുണ്ടെന്നുള്ളതാണ് യാഥാർത്ഥ്യം. ഭവനിർമാണബോർഡ് വഴിയും മറ്റ് ഏജൻസികൾ വഴിയും മറ്റ് ദുർബലവിഭാഗക്കാർക്ക് സർക്കാർ നൽകിവരുന്ന സഹായങ്ങളും വായ്പകളും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഭവനനിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റവും തൊഴിലാളികളുടെ വർദ്ധിച്ച കൂലിനിരക്കും കാരണം ഇപ്പോൾ ലഭിക്കുന്ന സംഖ്യകൊണ്ട് വീട് നിർമ്മിക്കാനും പണി പൂർത്തിയാക്കാനും സാധിക്കാത്ത സ്ഥിതിയാണ്.

മുൻകാലങ്ങള അപേക്ഷിച്ച് കഴിഞ്ഞ പത്ത് വർഷത്തിനുശേഷം വലിയ വർദ്ധനവാണ് കൂലിയിലുണ്ടായിട്ടുള്ളത്.

കെട്ടിടനിർമാണസാമഗ്രികളുടെ വിലവർദ്ധനവിലും ഏതാണ്ട് ഇതിനേക്കാളേറെ വർദ്ധനവുണ്ടായിട്ടുണ്ട്. കെട്ടിട നിർമാണ സാമഗ്രികളിൽ ചിലതിന്റെ വിവരം മാത്രം ഇതിൽ കാണിക്കുന്നു.

കൂലിനിരക്കിലെയും അതിനേക്കാൾ വെല്ലുന്ന സാമഗ്രികളുടെ വിലക്കറ്റവും കാരണം വീടിന് സർക്കാർ വിവിധ പദ്ധതികളിലൂടെ നൽകുന്ന സഹായങ്ങളും വായ്പകളുമായ ബ്ലോക്ക് വഴി നല്കുന്ന RLEGP, NREP, IAY, JRY, MWS രാജീവ് ശലക്ഷ പാർപ്പിടപദ്ധതി എന്നിവയുടെ വായ്പതുകയിൽ വർദ്ധനവ് വരുത്തി ഇതിന് പരിഹാം കാണേണ്ടതാണ്.

പ്രകൃതിക്ഷോഭത്തിൽ വീട് നഷ്ടപ്പെടുന്നവർക്കും കേട്പാട് സംഭവിക്കുന്നവർക്കും റവന്യൂ വകുപ്പ് വഴി നൽകിവരുന്ന ധനസഹായതുക വർദ്ധിപ്പിക്കേണ്ടതുണ്ട്. നഷ്ടപ്പെടുകയോ-കേടുപാടുകൾ സംഭവിക്കുകയോ ചെയ്യുന്ന വീടുകൾ പുനർനിർമ്മിക്കുന്നതിനും നന്നാക്കുന്നതിനും ഇന്ന് ലഭിക്കുന്ന തുകകൊണ്ട് സാധിക്കാത്ത സ്ഥിതിയാണുള്ളത്. സംഖ്യ വർദ്ധിപ്പിക്കുകയും ലഭിക്കാൻ ഇന്നുള്ള കാലതാമസം ഒഴിവാക്കുകയും ചെയ്യേണ്ടതാണ്. കെട്ടിടനിർമ്മാണ സാമഗ്രികളിൽ സിമന്റ് കട്ടകൾ നമ്മുടെ പഞ്ചായത്ത് നിർമ്മിക്കുന്നുണ്ട് . ചെങ്കല്ല് കരിങ്കല്ല് എന്നിവ മറ്റ് പഞ്ചായത്തുകളിൽനിന്നു കൊണ്ടുവരുന്നതാണെങ്കിലും ആവശ്യത്തിന് ലഭിക്കുന്നുണ്ട്. അമിതവില നൽകേണ്ടതുണ്ടെന്നതാണ് യാഥാർത്ഥ്യം. കമ്പി സിമന്റ് എന്നിവ ഏജൻസികൾ വഴിയും ലഭിക്കുന്നു. കമ്പിയുടേയും സിമന്റിന്റേയും ഏജൻസികൾ പഞ്ചായത്തിലുണ്ട്. കമ്പികൾ ഉല്പാദിപ്പിക്കുന്ന ഒരു പൊതുമേഖലാ സ്ഥാപനം പഞ്ചായത്തിലുണ്ടെങ്കിലും ഇവിടെ ഉല്പാദിപ്പിക്കുന്ന കമ്പികളുടെ വില്പന കോഴിക്കോട് ജില്ലയിലെ ചെറവണ്ണൂരിലെ ഹഡ്ഓഫീസിൽനിന്നായതിനാൽ ഇതിന്റെ ഗുണം പഞ്ചായത്തിലെ നിർമാണപ്രവർത്തനത്തിനുപകരിക്കുന്നില്ല. കെട്ടിടനിർമാണ വസ്തുക്കളിൽ ഒന്നായ പൂഴി (മണൽ) നമ്മുടെ പഞ്ചായത്തിൽനിന്നും ധാരാളമായി ലഭിക്കുന്നുണ്ട്. അയൽ പഞ്ചായത്തുകളിലേക്കും കയറ്റിപ്പോകുന്നുണ്ട്. മരം ഏതാണ്ട് എല്ലാ ഇനവും വാങ്ങാൻ ലഭ്യമാണെങ്കിലും താങ്ങാൻ പറ്റാത്ത വിലയാണ്. തേക്ക് - പ്ലാവ് എന്നിവയാണ് ഇപ്പോൾ കൂടുതലും വിപണിയിലുള്ളത്. പാഴ്മരങ്ങൾ ലഭ്യത കുറവാണ്. പഞ്ചായത്തിൽ ആകെ 200ൽ അധികം പട്ടികജാതി കുടുംബങ്ങൾ താമസിച്ചുവരുന്നുണ്ട്. രണ്ട് ഹരിജൻ കോളനികളും രണ്ട് സെറ്റിൽമെന്റ് കോളനികളും ഒരു ലക്ഷംവീട് കോളനിയുമാണുള്ളത്. 13ാം വാർഡിലെ ആമക്കുളം പ്രദേശത്ത് 11 ഹരിജൻ കുടുംബങ്ങൾ താമസിക്കുന്നുണ്ട്. എന്നാൽ ഇത് കോളനി

## തൊഴിലുകളുടെ കൂലിനിരക്ക്
## പട്ടിക്ക N0-3

| വർഷം | വിദഗ്ദ്ധ തൊഴിലാളികളുടെ കൂലി | | അവിദഗ്ദ്ധ തൊഴിലാളികളുടെ കൂലി | |
|---|---|---|---|---|
| | സ്ത്രീ | പുരുഷൻ | സ്ത്രീ | പുരുഷൻ |
| 1990-91 | 20-30 | 25-35 | 8-12 | 10-15 |
| 91-92 | 30-45 | 35-50 | 15-20 | 20-25 |
| 92-93 | 40-50 | 60-70 | 25-35 | 35-50 |
| 93-94 | 50-80 | 80-100 | 40-50 | 50-90 |
| 94-95 | 60-90 | 90-110 | 50-70 | 60-95 |
| 95-96 | 80-100 | 100-130 | 70-90 | 80-100 |
| 96-97 | 100-130 | 120-150 | 90-110 | 100-130 |

## കെട്ടിട നിർമാണ സാമഗ്രികളിൽ ചിലതിന്റെ വിലവിവരം
## പട്ടിക No-4

| വർഷം | സിമന്റ് (50Kg.) | ചെങ്കല്ല് (1ന്) | കമ്പി (1Kg.) |
|---|---|---|---|
| 90-91 | Rs-100 | Rs- 2.50 | Rs- 14 |
| 91-92 | Rs-124 | Rs-3 | Rs-14.70 |
| 92-93 | Rs-140 | Rs-4.50 | Rs-14.50 |
| 93-94 | Rs-150 | Rs-6 | Rs-14.80 |
| 94-95 | Rs-160 | Rs-6.50 | Rs-15-50 |
| 95-96 | Rs-175 | Rs-7.50 | Rs-16 |
| 96-97 | Rs-186 | Rs-8 | Rs-16.80 |

യായി അംഗീകരിച്ചിട്ടില്ല. 6-ാം വാർഡിലെ കാര്യാപറമ്പ് ഭാഗത്ത് 11 ഹരിജൻ കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ഇതും കോളനി യായി അംഗീകരിക്കപ്പെടേണ്ടതും ആനുകൂല്യങ്ങൾ ലഭ്യമാക്കേ ണ്ടതുമാണ്. 4-ാം വാർഡിലെ കണ്ണാടിത്തടം സെറ്റിൽമെന്റ് കോളനി IHDPയിൽ ഉൾപ്പെടുത്തുന്നതിന് വളരെക്കാലമായി നിവാസികൾ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇതുവരേയും സാദ്ധ്യമായിട്ടില്ല. ഇത് എത്രയും വേഗം ചെയ്യേണ്ടതുണ്ട്. പഞ്ചാ യത്തിൽ 67 പട്ടികജാതി കുടുംബങ്ങൾ വീടില്ലാത്തവരായുണ്ട്.

8-ാം വാർഡിലെ വെള്ളിലക്കാട് ഭാഗത്ത് മൺപാത്ര തൊഴിലാളികൾ തിങ്ങിപ്പാർക്കുന്നു. 8 വീടുകളിലായി 10 കുടും ബങ്ങളാണ് താമസിച്ചുവരുന്നത്. വീടുവെക്കാൻ ഭൂമിയില്ലാത്ത വരാണ് ശേഷിക്കുന്ന 2 കുടുംബങ്ങൾ. ഇവർക്ക് ഭൂമിയും വീടു വെക്കാനുള്ള സഹായങ്ങളും ലഭ്യമാക്കേണ്ടതുണ്ട്. ഈ വിഭാഗ ത്തിൽപെട്ടവർ ഒരു പ്രത്യേക ആചാരനുഷ്ഠാനങ്ങൾ പുലർത്തി പ്പോരുന്നവരാണ്. ഇവരിൽ ആരെങ്കിലും മരണപ്പെട്ടാൽ മൃത ദേഹം മറവുചെയ്യാൻ ഇന്ന് വളരെ അധികം ബുദ്ധിമുട്ടുന്നുണ്ട്. താമസിക്കുന്ന സ്ഥലം 4ഉം 5 സെന്റ് മാത്രമായതിനാൽ മുറ്റത്തു തന്നെ മറവുചെയ്യേണ്ടിവരുന്നത് വലിയ പ്രശ്നമുണ്ടാക്കുന്നു. 4ാം വാർഡിൽ പൊതു ശ്മശാനമുണ്ടെങ്കിലും അവിടെ കൊണ്ടു പോയി മറവുചെയ്യാൻ ഇവരുടെ ആചാരം അനുവദിക്കുന്നുമില്ല. ഈ സാഹചര്യത്തിൽ വെള്ളിലക്കാട് ഭാഗത്ത്തന്നെ ഇവർക്കായി മാത്രം ഒരു ശ്മശാനം അനുവദിക്കേണ്ടതുണ്ട്. ഈ ആവശ്യത്തിന് വർഷങ്ങളുടെ പഴക്കവുമുണ്ട്. അതുപോലെ ത്തന്നെ ഈ വിഭാഗക്കാർ സാമ്പത്തികമായി വളരെ അടിത്ത ട്ടിൽ കഴിയുന്നവരാണ്. എന്നാൽ നിലവിൽ ഇവർ കുശവൻ എന്ന പേരിൽ OBC പട്ടികയിലാണ് ഉൾപ്പെട്ടിട്ടുള്ളത്. അതുകൊ ണ്ടുതന്നെ സർക്കാരിൽനിന്നും ഇവർക്ക് പ്രത്യേക ആനുകൂല്യ ങ്ങൾ ഒന്നുംതന്നെ ലഭിക്കുന്നുമില്ല. അതിനാൽ ഇവരെ പട്ടിക ജാതിയിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നും നടപടി ഉണ്ടാകേണ്ടതുണ്ട്.

പാർപിട രംഗത്ത് സങ്കീർണമായ പ്രശ്നം നിലനിൽക്കു ന്നതാണ് പള്ളിമ്പറമ്പ് പ്രദേശം. നരകയാതന അനുഭവിക്കുന്ന വരാണ് ഇവിടത്തെ താമസക്കാർ. ആകെയുള്ള 51 സെന്റ് സ്ഥലത്ത് 26 കുടുംബങ്ങൾ കുടിൽകെട്ടി താമസിക്കുന്നുണ്ട്. മല മൂത്ര വിസർജനത്തിനുപോലും യാതൊരു സൗകര്യങ്ങളുമില്ല. കുടിലുകൾ തമ്മിൽ ചേർന്നുനിൽക്കുന്നത് ആരോഗ്യപ്രശ്ന ങ്ങൾപോലും സൃഷ്ടിക്കുന്നുണ്ട്. എത്രയുംവേഗം ഈ പ്രശ്ന ത്തിന് പരിഹാരം കാണേണ്ടതുണ്ട്. ഫ്ളാറ്റുകൾ നിർമ്മിച്ചുനൽകി ഈ കുടുംബങ്ങളെ സംരക്ഷിക്കേണ്ടതുണ്ട്.

പഞ്ചായത്തിലെ കുടിലുകൾ മാറ്റിയെടുക്കാനും ഭവനര ഹിതർക്ക് ഫ്ളാറ്റുകൾ നിർമിച്ച് നൽകാനും സർക്കാർ വിവിധ ഏജൻസികളിലൂടെ ലഭ്യമാക്കുന്ന വായ്പകൾകൊണ്ടും സഹാ യങ്ങൾകൊണ്ടും കഴിയുന്നില്ല. വാർഡ് തലത്തിൽ ഇതിനായി ഒരു ബൃഹത്തായ പദ്ധതിക്ക് രൂപംനൽകേണ്ടതുണ്ട്. ഓരോ വാർഡിലും ഗുണഭോക്താക്കളുടേയും സന്നദ്ധ സംഘടനകളു ടേയും സംയുക്ത സംരംഭം രൂപപ്പെടുത്തി സർക്കാർ സഹായ ത്തിന് പുറമെ നിർമാണ വസ്തുക്കളും മനുഷ്യാദ്ധ്വാനവും സ്വരൂ പിച്ച് ഇതിന് പരിഹാരം കാണാവുന്നതാണ്. പാർപിട രംഗത്തെ സങ്കീർണമായ ഇന്നത്തെ പ്രശ്നങ്ങൾ പരിഹരിക്കാൻ താഴെപ റയുന്ന നിർദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1 പഞ്ചായത്ത് തലത്തിൽ ഒരു ഭവനനിർമാണസഹകര ണസംഘം രൂപീകരിച്ച് എഞ്ചിനീയർ മുതൽ ലേബർ വരെയു ള്ളവരെ ഈ സംഘത്തിലൂടെ ലഭ്യമാക്കുകയും സർക്കാർ പദ്ധ തികൾ പഞ്ചായത്തിൽ നടപ്പാക്കുന്ന ഏജൻസിയായി (സന്നദ്ധ സംഘടന) ഈ സംഘത്തെ പ്രവർത്തിപ്പിക്കുകയും ചെയ്യുക.

2 കെട്ടിടനിർമ്മാണ സാമഗ്രികളായ സിമന്റ് കമ്പി എന്നിവ നിയന്ത്രിത വിലക്ക് (സിവിൽ സപ്ലൈസ് വഴി) ലഭ്യമാ ക്കുക.

3 സർക്കാർ ലഭ്യമാക്കുന്നവായ്പക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുക.

4 അപേക്ഷാഫോറങ്ങൾ ഗ്രാമപഞ്ചായത്തുകൾവഴി വിത രണം ചെയ്യുക.

5 നിർമിക്കുന്ന വീടുകളുടെ സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകാ നുള്ള അധികാരം ഗ്രാമപഞ്ചായത്ത് മെമ്പർമാർക്ക് നൽകുക.

6 സർക്കാർ ഏജൻസികൾ വഴി വിതരണം ചെയ്യുന്ന വായ്പകളുടെ രേഖകൾ പഞ്ചായത്തിൽ സൂക്ഷിക്കുക.

7 ചിലവ് കുറഞ്ഞ വീടുകൾക്ക് പ്രചാരം നൽകുക.

8 സർക്കാർ ലഭ്യമാക്കുന്ന ഭവനനിർമാണ വായ്പകളുടെ സംഖ്യ വർദ്ധിപ്പിക്കുക.

a) IAY, MWS, JRY, RLEGP എന്നീ സ്കീമുകൾ വഴി വിത രണം ചെയ്തുകൊണ്ടിരിക്കുന്ന തുക 15800 രൂപയിൽനിന്നും 30000 രൂപയായെങ്കിലു ഉയർത്തുക.

b) രാജീവ് ദശലക്ഷം പാർപിടപദ്ധതിയിലൂടെ നൽകുന്ന 26400 രൂപ 50000 രൂപയാക്കിയെങ്കിലും വർദ്ധിപ്പിക്കുക.

c) പ്രകൃതിക്ഷോഭ പുനരധിവാസ പദ്ധതി തുക 15000 രൂപയിൽനിന്നും 25000 രൂപയായി ഉയർത്തുക.

ഭവനരഹിതരുടെ പ്രശ്നം പരിഹരിക്കണമെങ്കിൽ അവർക്ക് പ്രാഥമികമായി ഭൂമി ഇല്ലാത്തവർക്ക് ഭൂമി ലഭ്യമാക്കേ ണ്ടതുണ്ട്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മിച്ചഭൂമി കളോ സർക്കാർ പുറംപോക്ക്ഭൂമികളോ കണ്ടെത്തി 4 സെന്റു കൾ വീതം ഭൂ രഹിതർക്ക് പതിച്ച് നൽകുകയും തികയാത്ത ഭൂമി കുറഞ്ഞ വിലക്ക് വാങ്ങി 4 സെന്റ് വീതം പതിച്ച് നൽകു കയോ അല്ലാത്തപക്ഷം അതിൽ ഫ്ളാറ്റുകൾ നിർമിച്ച് ഭവനര ഹിതർക്ക് നൽകി വില തവണവ്യവസ്ഥയിൽ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

ഫ്ളാറ്റുകളുടേയോ വീടുകളുടേയോ നിർമാണത്തിന് LIC പോലുള്ള കേന്ദ്ര പൊതു സ്ഥാപനങ്ങളിലൂടെ ഏറ്റവും ചുരുങ്ങി പലിശക്കുള്ള വായ്പ ലഭ്യമാക്കുകയും വീടിന്റെ നിർമാണം പഞ്ചായത്ത് തലത്തിൽ രൂപീകൃതമാകുന്ന സഹകരണസംഘ ത്തെക്കൊണ്ടോ നിർമ്മിതി കേന്ദ്ര തുടങ്ങിയ ഏജൻസികളെ ക്കൊണ്ടോ ചെയ്യിപ്പിക്കുകയും ഇതിൽ ഗുണഭോക്താക്കളു ടെയും, സന്നദ്ധ സംഘടനകളുടെയും മനുഷ്യാദ്ധ്വാനം ഉപയോ ഗപ്പെടുത്തുകയും വേണം. ഇതനുസരിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് നൽകു കയും ചെയ്യണം. ഫ്ളാറ്റ് സിസ്റ്റം നടപ്പിലാക്കുന്നതായിരിക്കും കൂടുതൽ ആദായകരം.

പാർപ്പിട രംഗത്തെ നമ്മുടെ ലക്ഷ്യം 5 വർഷംകൊണ്ട് പരിഹരിക്കാനായില്ലെങ്കിലും വലിയൊരളവുവരെ പരിഹാരം കാണാൻ കൂട്ടായ്മയിലൂടെ നമുക്ക് സാധിക്കും. തുടർന്നുള്ള നമ്മുടെ പരിശ്രമം അതിനുവേണ്ടിയുള്ളതാകട്ടെ. മഹത്തായ ഈ ലക്ഷ്യം നേടിയെടുക്കുന്നതിനുവേണ്ടി നമുക്കൊന്നിച്ച് ഒരുമിച്ച് മുന്നേറാം !!!

## സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ രംഗത്ത് ദാരിദ്ര്യ രേഖക്ക് താഴെയുള്ള വരെ ഉദ്ധരിക്കാനുള്ള ദാരിദ്ര്യ നിർമ്മാർജന പദ്ധതിയും സംഘടിത - അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതികളുമാണ് നിലവിലുള്ളത്.

പൂർണ്ണമായും കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ വഹിക്കുന്ന ദാരിദ്ര്യ നിർമ്മാജന പദ്ധതിയും തൊഴിലാളി-തൊഴിലുടമാ സഹായത്തോടെ ക്ഷേമനിധി ബോർഡുകൾവഴി നടപ്പാക്കപ്പെടുന്നവയുമായി ഇതിനെ രണ്ടായി തിരിക്കാം.

ഈ പദ്ധതികൾക്ക് പുറമെ പട്ടികജാതി വികസനക്ഷേമത്തിനും ഉന്നമനത്തിനുമായി പട്ടിക ജാതി വികസന കോർപ്പറേഷനും, വനിതകളുടെ പുരോഗതിക്കായി വനിതാ വികസന കോർപ്പഷേനും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഈ പദ്ധതികളിൽ ദാരിദ്ര്യ നിർമ്മാജന പദ്ധതികൾ മുഖേനയുള്ള സഹായങ്ങൾ നാമമാത്രമായേ നമ്മുടെ പഞ്ചായത്തിൽ ഉപയോഗപ്പെട്ടിട്ടുള്ളൂ. പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് കിട്ടായ്ക, ഉദ്യോഗതലത്തിലുള്ള ബോധവൽക്കരണക്കുറവ്. ലഭ്യമാകുന്നതിൽ ഉദ്യോഗസ്ഥർ കാട്ടുന്ന അലംഭാവം ആവശ്യത്തിനും സമയത്തിനും കിട്ടായ്ക. ഉപയോഗപ്പെടുത്തുമ്പോഴുള്ള നൂലാമാലകൾ; പഞ്ചായത്തിലെ സാധ്യതക്കൊത്ത പദ്ധതികൾ ലഭിക്കായ്ക, എന്നിവ എടുത്തു പറയേണ്ടവതന്നെയാണ്. ഇതിൽ കാതലായ മാറ്റം വരുത്തി. ലഭ്യമാവുന്ന വിഭവങ്ങൾക്കും, പ്രദേശങ്ങളുടെ സാധ്യതയ്ക്കും അനുസൃതമായി പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യേണ്ടതുണ്ട്.

തൊഴിലാളി-തൊഴിലുടമ സഹകരണത്തോടെയുള്ള ക്ഷേമനിധി ബോഡുകൾ മുഖേനയുള്ള പ്രവർത്തനംതന്നെ. കാര്യക്ഷമമായിട്ടില്ല. പഞ്ചായത്തിൽ കർഷകത്തൊഴിലാളികൾ, കെട്ടിനിർമ്മാണത്തൊഴിലാളികൾ എന്നിവരാണ് കൂടുതലെങ്കിലും. മുഴുവൻ തൊഴിലാളികളെയും ക്ഷേമിനിധിയിൽ അംഗങ്ങളാക്കാൻ നമുക്ക് സാധിച്ചിട്ടില്ല. ഭൂരിഭാഗം വരുന്ന കർഷകത്തൊഴിലാളികളിൽ. 1994ൽ 26 പേരെയും 95ൽ 450 പേരെയും അംഗങ്ങളാക്കി ചേർത്തിട്ടുള്ളൂ. നിർമ്മാണത്തൊഴിലാളികൾ നൂറിൽ താഴെവരുന്നവർ മാത്രമേ ക്ഷേമനിധിയിൽ അംഗമായിട്ടുള്ളൂ. പദ്ധതിയെക്കുറിച്ചുള്ള അജ്ഞത ഈ തൊഴിലാളികളിൽ നിലനിൽക്കുന്നുണ്ട്. ബോധവൽക്കരണം നടത്തി. ഇവരെ ആനുകൂല്യത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ കഴിയേണ്ടതുണ്ട്.

പട്ടികജാതി വികസന കോർപറേഷൻ വഴിയുള്ള ആനുകൂല്യം വേണ്ടത്ര ലഭ്യമായിട്ടില്ല. ഇതിന്റെ ഓഫീസ് പ്രവർത്തിക്കുന്നത് പാലക്കാട്ടായതിനാലും, ഇതിനെക്കുറിച്ച് വേണ്ടത്ര അറിവില്ലായ്മയുമാണ് കാരണം. ഈ വിഭാഗക്കാർക്കിടയിൽ ബോധവൽക്കരണം നടത്തേണ്ടതുണ്ട്.

മോട്ടോർ തൊഴിലാളികൾക്ക് ക്ഷേമനിധി നിലവിൽ വന്നിട്ടുണ്ടെങ്കിലും, പഞ്ചായത്തിലെ ഒരു തൊഴിലാളിപോലും അതിൽ അംഗമായി ചേർന്നിട്ടില്ല. ഈ പദ്ധതിയിൽ തൊഴിലാളികളെ അംഗങ്ങളാക്കാനും പദ്ധതിയുടെ ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്താനും ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ചുമട്ടുതൊഴിലാളികൾക്ക് ക്ഷേമനിധിപോലുള്ള ആനുകൂല്യങ്ങൾ നിലവിലുണ്ടെങ്കിലും അതിന് ബോർഡ് പരിധി നിശ്ചയിച്ചതിനാൽ തിരൂരങ്ങാടി പഞ്ചായത്തിലെ തൊഴിലാളികൾക്ക് ഈ ആനുകൂല്യം ലഭിക്കുന്നില്ല. ഈ പഞ്ചായത്തിലും ഇത് ലഭ്യമാക്കണം..

വനിതാ വികസന കോർപറേഷൻ പഴി ലഭിക്കുന്ന ആനുകൂല്യങ്ങളെക്കുറിച്ച് പഞ്ചായത്തിൽ ബോധവൽക്കരണം ആവ

### D.W.C.R.A. ലഭ്യതാ കണക്ക്
### പട്ടിക No 1

**തിരൂരങ്ങാടി, കക്കാട് V.E.O. സർക്കിളുൾ**

| വാർഡ് | തൊഴിൽസംരംഭം | ആരംഭിച്ച വർഷം | അംഗങ്ങളുടെ എണ്ണം | പ്രവർത്തനക്ഷമത | റിമാർക്സ് |
|---|---|---|---|---|---|
| 1 | Nil | - | - | - | - |
| 2 | ബുക്ക് ബൈന്ററിംഗ് & നോട്ടുബുക്ക് യൂനിറ്റ് | 1990 | 15ൽ 4 പേർ പ്രവർത്തിക്കുന്നു | ആദായരഹിത പ്രവർത്തനം ഉണ്ട് | ഇപ്പോൾ 7-ാം വാർഡിൽ പ്രവർത്തിക്കുന്നു. |
| 3 | Nil | | | | |
| 4 | ,, | | | | |
| 5 | ,, | | | | |
| 6 | ,, | | | | |
| 7 | എൻവലപ്പ്മെന്റ് യൂനിറ്റ് (പേപ്പർ) | 1993 | 6 | പരിമിത ആദായത്തിൽപ്രവർത്തിക്കുന്നു | പേപ്പറിന്റെ വിലവർദ്ധന മൂലം ലാഭമല്ല. |
| 8 | Nil | | | | |
| 9 | ,, | | | | |
| 10 | ,, | | | | |
| 11 | ,, | | | | |
| 12 | ആടുവളർത്തൽ യൂനിറ്റ് | 1992 | 5 | ആദായത്തിൽ പ്രവർത്തിക്കുന്നു | - |
| 13 | Nil | | | | |

ശ്യമാണ്.

സാമൂഹ്യക്ഷേമരംഗത്ത് ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസിന്ന് കീഴിലുള്ള തിരൂരങ്ങാടി-കക്കാട് എന്നീ രണ്ടു വി. ഇ. ഒ. സർക്കിൾ ആണ് പ്രവർത്തിക്കുന്നത്. എന്നാൽ ഇന്നുവരെ ലഭ്യമായിട്ടുള്ള ആനുകൂല്യങ്ങൾകൊണ്ട് നമ്മുടെ പഞ്ചായത്തിൽ സാമൂഹ്യരംഗത്ത് കാര്യമായ മെച്ചം ഉണ്ടായിട്ടില്ല എന്ന കാര്യം നാം തിരിച്ചറിയേണ്ടതുണ്ട്. പദ്ധതികളെക്കുറിച്ച് സർക്കാറിന്റെ നിർവ്വചനം കാലോചിതമായ മാറ്റത്തിന് വിധേയമാക്കേണ്ടതുണ്ട്. ദാരിദ്ര്യരേഖയുടെ പരിധി 25,000 രൂപയെങ്കിലും ആക്കി ഉയർത്തുകയും ചെയ്യണം.

ബാങ്ക് വായ്പ സംബന്ധിച്ച നടപടിക്രമങ്ങൾ ലഘൂകരിക്കേണ്ടതുണ്ട്.

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനു വേണ്ടിയുള്ള സ്ത്രീകളുടെ കൂട്ടായ തൊഴിൽ സംരംഭമാണ് DWCRA എന്നാൽ ഈ പദ്ധതി വേണ്ടവിധത്തിൽ നമ്മുടെ പഞ്ചായത്തിൽ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ആരംഭിച്ച മൂന്നു യൂനിറ്റുകളിൽ ഒരെണ്ണം മാത്രമാണ് നല്ല നിലയിൽ പ്രവർത്തിക്കുന്നത്. മറ്റു രണ്ടെണ്ണത്തിന്റെയും പ്രവർത്തനം തൃപ്തികരമല്ല.

ഇതിൽനിന്നു വ്യക്തമാവുന്നത് പ്രദേശത്തിന് അനുയോജ്യമായ രീതിയിൽ വേണം യൂനിറ്റുകൾ ആരംഭിക്കാൻ എന്നാണ്. അതതു പ്രദേശത്തെ വിഭവശേഷിയും, സാധ്യതയും കണ്ടെത്തി ആ പ്രദേശങ്ങളിലെ സ്ത്രീകളെ സംഘടിപ്പിച്ച് പദ്ധതിയെക്കുറിച്ച് വേണ്ടരീതിയിൽ പഠിപ്പിക്കുകയും ആവശ്യമായ പരിശീലനം കൊടുത്ത് യൂനിറ്റുകൾ ആരംഭിക്കുകയും ആവയുടെ പ്രവർത്തനം വിലയിരുത്തുന്നതിനും. ഉല്പന്നങ്ങളുടെ വിപണനത്തിനും മറ്റും ആവശ്യമായ സഹായം ചെയ്തുകൊടുക്കുന്നതിനും അതതു പ്രദേശത്തെ സന്നദ്ധ സംഘടനാ പ്രവർത്തകരടങ്ങുന്ന ഓരോ കമ്മറ്റികൾ രൂപീകരിക്കുകയും ഇത്തരം കമ്മിറ്റികളിൽ ഗ്രാമപഞ്ചായത്ത് വാർഡുമെമ്പർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ എന്നിവർ അംഗങ്ങളാവുകയും വേണം. അതോടൊപ്പം ഈ സ്കീമുകളിലൂടെ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് മാർക്കറ്റു കണ്ടെത്താൻ സാധിക്കാത്ത അവസ്ഥ നിലവിലുണ്ട്. അത് പരിഹരിക്കാൻ സർക്കാർ ഏജൻസികൾ മുഖേന വിറ്റഴിക്കാനുള്ള സംവിധാനം ഉണ്ടാക്കണം. ഉദാഹരണത്തിന് ICDSന്റെ കീഴിൽ പ്രവർത്തിക്കുന്ന അംഗൻവാടികളിലൂടെ കുട്ടികൾക്ക് വർഷാവസാനം യൂനിഫോറം കിറ്റ് വിതരണം ചെയ്തുവരുന്നുണ്ട്. ഈ ഉടുപ്പുകളും മറ്റും DWCRA സ്കീം യൂനിറ്റുകളിലൂടെ നിർമ്മിച്ച് വിതരണം ചെയ്താൽ ഈ യൂനിറ്റുകളെ ലാഭകരമാക്കാൻ ഒരു പരിധി വരെ സഹായിക്കും. നോട്ടുബുക്ക് ബൈന്റിംഗ് യൂനിറ്റുകൾ നിർമ്മിക്കുന്ന നോട്ടുബുക്കുകൾ സഹകരണസംഘങ്ങൾ വഴി വിറ്റഴിക്കാനുള്ള സംവിധാനമേർപ്പെടുത്തിയാൽഇവയുടെ പ്രവർത്തനവും മെച്ചപ്പെടുത്താൻ സാധിക്കും. കുറഞ്ഞ വിലക്ക് ആവശ്യമായ കടലാസും മറ്റു വസ്തുക്കളും ലഭ്യമാക്കുകയും വേണം.

ആട്-കറവപ്പശു യൂനിറ്റുകൾക്ക് ഏറിയ സാദ്ധ്യത നമ്മുടെ പഞ്ചായത്തിലുണ്ട്. അനുയോജ്യമായ പ്രദേശങ്ങൾ

## TRYSEM പരിശീലനം നേടിയവർ

## പട്ടിക No 2

തിരൂരങ്ങാടി, കക്കാട് വി. ഇ. ഒ. സർക്കിളുകൾ

| വാർഡ് | പരിശീലന വിഷയം | പരിശീലനം ലഭിച്ചവർ | സ്വയം തൊഴിൽ കണ്ടെത്തിയവർ | ഇതര തൊഴിലുകളിൽ ഏർപ്പെട്ടവർ | റിമാർക്സ് |
|---|---|---|---|---|---|
| 1 | - | - | - | - | |
| 2 | ബുക്ക് ബൈന്റിംഗ് | 6 | 2 | 4 | |
| 3 | - | - | - | | |
| 4 | ബുക്ക് ബൈന്റിംഗ് & ഹാന്റി ക്രാഫ്റ്റ് | 3 | 1 | 2 | |
| 5 | - | - | - | - | |
| 6 | കമ്പോസിംഗ് & ബുക്ക് ബൈന്റിംഗ് | 2 | - | 2 | |
| 7 | - | - | - | - | |
| 8 | - | - | - | - | |
| 9 | - | - | - | - | |
| 10 | - | - | - | - | |
| 11 | - | - | - | - | |
| 12 | ടൈലറിംഗ്, കമ്പോസിംഗ് & പ്രിന്റിംഗ്, ബുക്ക് ബൈന്റിംഗ് | 3 | 1 | 2 | |
| 13 | „ „ | 4 | 1 | 3 | |

കണ്ടെത്തി ഇത്തരം യൂനിറ്റുകൾ രൂപീകരിക്കുകയും, അവയിൽ ഉല്പാദിപ്പിക്കുന്ന പാൽ പഞ്ചായത്തിലൊരു ക്ഷീരസഹകരണ സംഘം രൂപീകരിച്ച് അതിലൂടെ വിപണികണ്ടെത്താനും സാധിക്കും. നമ്മുടെ പഞ്ചായത്തിൽ നൂറുകണക്കിന് ലിറ്റർ പാൽ നിത്യേനയെന്നോണം ആവശ്യമായിവരുന്നുണ്ട്. മറ്റു പഞ്ചായത്തുകളിൽനിന്നാണ് ഈ പാൽ എത്തുന്നത്.

പട്ടുനൂൽപ്പുഴുവളർത്തൽ, ശാസ്ത്രീയമായ രീതിയിൽ ചെറുകിട പച്ചക്കറികൃഷി, കോഴിവളർത്തൽ, എന്നിവക്കും പഞ്ചായത്തിൽ സാധ്യതകളേറെയാണ്. ആവശ്യമായ പരിശീലനം നൽകി ഇത്തരം യൂനിറ്റുകൾ ആരംഭിക്കേണ്ടതും അതുവഴി സ്ത്രീകൾക്ക് ഉപജീവനമാർഗ്ഗം കണ്ടെത്തേണ്ടതുമാണ്.

## CRSP

ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകുന്ന പദ്ധതിയാണിത്. നമ്മുടെ പഞ്ചായത്തിൽ ഇതും വേണ്ടത്ര ലഭ്യമായിട്ടില്ല. IRDP ലിസ്റ്റ് അനുസരിച്ചു തന്നെ ആവശ്യമുള്ളതിന്റെ 7.75% മാത്രമേ വായ്പ വിതരണം ചെയ്തിട്ടുള്ളൂ. എന്നാൽ നമ്മുടെ പഞ്ചായത്തിൽ കക്കൂസില്ലാത്ത വീടുകൾ ഇതിനേക്കാൾ എത്രയോ ഇരട്ടിയാണ്. അതുകൊണ്ടുതന്നെ ഈ പദ്ധതിയിൽ ആവശ്യമായ ഫണ്ട് അനുവദിച്ച് ഈ പ്രശ്നം പരിഹരിക്കേണ്ടതുണ്ട്.

വായ്പ ആനുവദിക്കുന്നത് ഓരോ വാർഡിലേക്കും തുല്യമായല്ലാതെ, ആവശ്യത്തിന്റെ തോതനുസരിച്ച് നൽകുകയും വേണം. സർക്കാരിൽനിന്ന് ലഭിക്കുന്ന രൂപ പരിമിതമായതിനാൽ നിർമാണപ്രവൃത്തികൾ ഗുണഭോക്താക്കളുടേയും സന്നദ്ധസംഘടനകളുടേയും കൂട്ടായ്മയോടെ നടത്താവുന്നതാണ് .

സാമൂഹ്യക്ഷേമരംഗത്ത് റവന്യൂ വകുപ്പ് വഴിനൽകുന്ന പെൻഷനുകളും, നിർദ്ധനരായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായങ്ങളും പഞ്ചായത്തിൽ പരിമിതമായേ ലഭിച്ചിട്ടുള്ളൂ. കർഷകതൊഴിലാളി പെൻഷൻ വിധവാ പെൻഷൻ, വികലാംഗപെൻഷൻ, **അഗതി, വാർദ്ധക്യപെൻഷൻ** തുടങ്ങിയവയുടെ ആനുകൂല്യങ്ങളും നാമമാത്രമായേ ലഭിക്കുന്നുള്ളൂ. അപേക്ഷകൊടുത്ത് കാത്തിരിക്കുന്നവരും അർഹരായിട്ടും സാങ്കേതിക തടസ്സം മൂലം ലഭിക്കാതെ വരുന്നവരുമായ ഏറെ പേർ നമ്മുടെ പഞ്ചായത്തിലുണ്ട്.

ഈ പെൻഷനുകൾക്ക് അർഹരായവരെ തെരഞ്ഞെടുക്കാനുള്ള അധികാരം പഞ്ചായത്തുകൾക്ക് ലഭിച്ചത് വളരെ വലിയ ഒരു അനുഗ്രഹമാണ്. അതിനാൽ ഈ രംഗത്ത് അർഹരായ മുഴുവൻ ആളുകൾക്കും ക്ഷേമപദ്ധതികൾ എത്തിക്കാൻ കഴിയും എന്നാണ് പ്രതീക്ഷ. അനാഥ ബാലികമാരുടെ വിവാഹധനസഹായം ലഭിക്കുന്നതിനുള്ള സാങ്കേതിക നൂലാമാലകൾ ഒഴിവാക്കുകയും പ്രായം തെളിയിക്കുന്നതിന് റേഷൻകാർഡ് മാനദണ്ഡമായി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

കുടുംബവരുമാനം നോക്കാതെ അറുപത് വയസ്സുകഴിഞ്ഞ അർഹരായ മുഴുവൻ കർഷകതൊഴിലാളികൾക്കും പെൻഷൻ അനുവദിക്കുകയും അവരുടെ ലിസ്റ്റ് പഞ്ചായത്തിൽ പ്രസിദ്ധീകരിക്കുകയും വേണം.

വിധവാ പെൻഷൻ അർഹരായ മുഴുവൻ സ്ത്രീകൾക്കും ലഭിക്കുന്നതിന്, തൊഴിലില്ലാത്ത ആൺമക്കളുണ്ടെങ്കിലും ഈ പെൻഷൻ അനുവദിക്കേണ്ടതാണ്.

വിഗലാംഗപെൻഷൻ ലഭിക്കുന്നതിന്ന് അർഹരായ ആളുകൾക്ക് ധാരാളം ബുദ്ധിമുട്ടുകളുണ്ട്. വൈകല്യം തെളിയിക്കു

## CRSP കക്കൂസ് ലഭ്യതാ കണക്ക്

### പട്ടിക No 3

| വാർഡ് | കക്കൂസില്ലാത്ത വീടുകൾ | CRSP സ്കീമിൽ അനുവദിച്ച കക്കൂസുകളുടെ എണ്ണം | പൂർത്തിയാക്കവയുടെ എണ്ണം | പൂർത്തിയാക്കാൻ ബാക്കിയുള്ളവയുടെ എണ്ണം | ഇനിയും ആവശ്യമുള്ളത് |
|---|---|---|---|---|---|
| 1 | 90 | 11 | 11 | Nil | 79 |
| 2 | 100 | 6 | 6 | Nil | 94 |
| 3 | 35 | 1 | 1 | ,, | 34 |
| 4 | 145 | 5 | 4 | 1 | 140 |
| 5 | 60 | Nil | Nil | Nil | 60 |
| 6 | 50 | 7 | 6 | 1 | 43 |
| 7 | 81 | 2 | 1 | 1 | 79 |
| 8 | 75 | 1 | 1 | Nil | 74 |
| 9 | 90 | 3 | 3 | Nil | 87 |
| 10 | 30 | 1 | 1 | Nil | 29 |
| 11 | 35 | 6 | 6 | Nil | 29 |
| 12 | 75 | 6 | 6 | ,, | 69 |
| 13 | 90 | 6 | 6 | ,, | 84 |
| ആകെ | 956 | 55 | 52 | 3 | 901 |

ന്നതിനുള്ള സർട്ടിഫിക്കറ്റ് ഇന്ന് നൽകുന്നത് ജില്ലാ മെഡിക്കൽ ബോർഡാണ്. ഇത് മാറ്റി വൈകല്യസർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം താലൂക്കാശുപത്രിയിലെ മെഡിക്കൽ ഓഫീസർക്ക് നൽകേണ്ടതാണ്. അംഗവൈകല്യ സംഭവിച്ചരും ബധിരരും മൂകരും മന്ദബുദ്ധികളുമായ വിദ്യാർത്ഥികളെ കണ്ടെത്തി അവർക്ക് വിദ്യാഭ്യാസം നൽകുന്നതിനുള്ള ഒരു പദ്ധതി പഞ്ചായത്ത് തലത്തിൽ ആവിഷ്കരിക്കേണ്ടതാണ്. ഇത്തരക്കാർക്ക് ശേഷി എന്ന ഒരു സ്വകാര്യസ്ഥാപനം മാത്രമേ ഇന്ന് നമ്മുടെ പഞ്ചാത്തിൽ ആശ്രമായുള്ളൂ. ഇവർക്കായി ഒരു വിദ്യാലയം പഞ്ചായത്തിൽ ആരംഭിക്കേണ്ടതാണ്.

## അംഗനവാടികൾ

സാമൂഹ്യക്ഷേമരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ചവെക്കുന്ന അംഗൻവാടികൾ നമ്മുടെ പഞ്ചായത്തിലെ 15 വാർഡുകളിലായി 32 എണ്ണം പ്രവർത്തിക്കുന്നുണ്ട്. 1000 പേർക്ക് 1 അംഗൻവാടി എന്നതാണ് ICDSന്റെ ലക്ഷ്യമെങ്കിലും ഈ ലക്ഷ്യം പഞ്ചായത്തിൽ പൂർത്തിയാക്കപ്പെട്ടിട്ടില്ല. ജനസംഖ്യാനുപാദികമായി 44 അംഗൻവാടികളാണ് നമ്മുടെ പഞ്ചായത്തിൽ ഉണ്ടാകേണ്ടത്. എന്നാൽ നിലവിലുള്ളതിന്റെ തന്നെ നിലനിൽപ്പ് അനിശ്ചിതത്വത്തിലാണ്. സ്വന്തമായി സ്ഥലവും കെട്ടിടവും കളിപ്പാട്ടങ്ങളുമുള്ള ഒരെണ്ണം മാത്രമാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. ബാക്കി 31 എണ്ണവും താല്കാലിക സ്ഥലത്തും, ചോർന്നൊലിക്കുന്ന ഷെഡ്ഡിലും, വാടകക്കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്.

ഈ അംഗൻ വാടികൾ `സഞ്ചരിക്കുന്ന അംഗൻവാടികൾ' എന്ന വിശേഷണം അർഹിക്കുന്നു. വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 17-ാം നമ്പർ അംഗൻവാടിക്ക് തൊട്ടടുത്ത പഞ്ചായത്തിന്റെ കൈവശമുള്ള ഭൂമിയിൽനിന്നും രണ്ട് സെന്റ് പതിച്ചുനൽകി ജനങ്ങളുടെ സഹായത്തോടെ സ്ഥിരം കെട്ടിടം നിർമിക്കാവുന്നതാണ്.

സ്വന്തമായ സ്ഥലവും കെട്ടിടവും ഇല്ലാത്തതിനാൽ 31 അംഗൻവാടികൾക്കും കളിപ്പാട്ടങ്ങളില്ല. ഈ പ്രശ്നം പരിഹരിക്കാൻ ഓരോ അംഗൻവാടി കേന്ദ്രീകരിച്ചും പി. ടി. എ. കമ്മറ്റികൾ ഉണ്ടാക്കി അംഗൻവാടികളുടെ പ്രവർത്തനവും സുരക്ഷിതത്വവും ഉറപ്പുവരുത്തണം. വർക്കർ, ഹെൽപ്പർ എന്നീ രണ്ട് തസ്തികകളാണ് അംഗൻവാടികളിലുള്ളത്. കാലത്ത് 9 മണി മുതൽ വൈകുന്നേരം 3 മണിവരെ ജോലിചെയ്യുന്ന ഇവർ ആരോഗ്യമേഖലയിലെ ഗൃഹസംരക്ഷണം ഉൾപ്പെടെ നടത്തേണ്ടതായും വരുന്നുണ്ട്.

## പരിഹാര നിർദ്ദേശങ്ങൾ

1 പഞ്ചായത്തിന്റെ കൈവശമുള്ളതോ പുറംപോക്ക് ഭൂമി - മിച്ചഭൂമി എന്നിവയിൽനിന്ന് അംഗൻവാടികൾക്ക് സ്ഥലം നൽകുക. ഏതെങ്കിലും സാമ്പത്തിക ഏജൻസികളെ കണ്ടെത്തി അല്ലെങ്കിൽ JRY ഫണ്ടുപയോഗിച്ച് ഭൂമി ലഭ്യമാക്കി അംഗൻവാടികൾക്ക് സ്വന്തമായ കെട്ടിടം പണിയുക

3 അംഗൻവാടിയില്ലാത്ത പ്രദേശത്തിൽ അവ എത്രയും വേഗം സ്ഥാപിക്കുക

4 അംഗൻവാടികളിലൂടെ കുട്ടികൾക്ക് പോഷകാഹാരം നൽകുന്നതിന് ലഭ്യമാകുന്ന തുകയുടെ പരിധി വർദ്ധിപ്പിക്കുക.

5 അംഗൻവാടികൾതോറും അനർട്ട് അടുപ്പുകൾ സ്ഥാപിക്കുക.

6 ശുചിത്വപാലനത്തിന്റെ ഭാഗമായി അംഗൻവാടികളിലെ പാഴ്വസ്തുക്കൾ നീക്കം ചെയ്യാനുള്ള സംവിധാനമുണ്ടാക്കുക

7 അംഗൻവാടി വർക്കർമാരെയും, ഹെൽപ്പർമാരെയും സർക്കാർ ജീവനക്കാരായി അംഗീകരിച്ച് സേവന വേതന വ്യവസ്ഥകൾ ഉയർത്തുക.

8 താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക.

9 ഓരോ അംഗൻവാടി കേന്ദ്രീകരിച്ചും PTA കമ്മിറ്റികൾ രൂപീകരിച്ച് അവർക്ക് സുഗമമായ പ്രവർത്തനവും സുരക്ഷിത

### വിവിധ പെൻഷനുകൾ ലഭിക്കുന്നവരുടെ എണ്ണം
### പട്ടിക No-4

| വർഷം | അഗതി പെൻഷൻ ലഭിക്കുന്നവരുടെ എണ്ണം | വിധവാ പെൻഷൻ ലഭിക്കുന്നവരുടെ എണ്ണം | വികലാംഗപെൻഷൻ ലഭിക്കുന്നവരുടെ എണ്ണം | വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നവരുടെ എണ്ണം | ക്ഷയരോഗപെൻഷൻ ലഭിക്കുന്നവരുടെ എണ്ണം | ക്യാൻസർ രോഗ പെൻഷൻ ലഭിക്കുന്നവരുടെ എണ്ണം | തൊഴിലില്ലായ്മാവേതനം ലഭിക്കുന്നവരുടെ എണ്ണം | കർഷകത്തൊഴിലാളി പെൻഷൻ ലഭിക്കുന്നവരുടെ എണ്ണം |
|---|---|---|---|---|---|---|---|---|
| 91- 92 | 1 | 11 | 4 | | 6 | | | 110 |
| 92-93 | - | 3-7 | - | - | - | - | - | 110 |
| 93-94 | 2 | 9 | 10 | - | 1 | | | 105 |
| 94-95 | 2 | 7 | 5 | - | - | - \| | - | -99 |
| 95-96 | 2 | | 3 | 12 | - | - \| | 34 | 94 |

ത്വവും ഉറപ്പുവരുത്തുക.

10 ജനകീയ സംഭാവനകളിലൂടെ അംഗൻവാടികൾക്ക് കളിപ്പാട്ടങ്ങൾ ശേഖരിച്ചു നൽകുന്നു.

## പൊതുവിതരണം

പഞ്ചായത്തിലാതെ 12 റേഷൻ ഷാപ്പുകളാണ് (പൊതു വിതരണകേന്ദ്രം) പ്രവർത്തിക്കുന്നത്. പൊതുവിതരരംഗത്ത് ഒരു മാവേലിസ്റ്റോർ മാത്രമാണുള്ളത്. പ്രവർത്തനം മോശമായിരുന്ന മാവേലിസ്റ്റോർ പൊതുവിതരണരംഗത്ത് ഇപ്പോൾ ശ്രദ്ധേയമായ പ്രവർത്തനം കാഴ്ചവെക്കുന്നുണ്ട്. കഴിഞ്ഞ ഓണക്കാലത്ത് വില ക്കയറ്റം പിടിച്ചുനവിർത്താനും സാധാരണക്കാരന് താങ്ങാവുന്ന വിലക്ക് അവശ്യസാധനങ്ങൾ വിതരണം ചെയ്യാനും മാവേലി സ്റ്റോറുകൾ കാര്യമായി ശ്രദ്ധിച്ചിട്ടുണ്ട്. ഓണം, വിഷു, പെരുന്നാൾ തുടങ്ങിയ ഉത്സവകാലങ്ങളിൽ മാവേലിസ്റ്റോർ സംഘടിപ്പി ക്കുന്ന ചന്തകൾ എടുത്തുപറയേണ്ടവതന്നെയാണ്. എന്നാൽ നമ്മുടെ പഞ്ചായത്തിൽ ഇതിന്റെ മുഴുവൻ സേവനം ലഭ്യമാ ക്കാൻ സാധിക്കുന്നില്ല. പഞ്ചായത്തിന്റെ കിഴക്കെ അറ്റത്തു നിന്നും നിത്യവും മാവേലിസ്റ്റോറിൽ വന്നുപോകുന്നതിനുള്ള പ്രയാസംകൊണ്ടാണിത്. അതിനാൽ പഞ്ചായത്തിൽ വെന്നിയൂർ പറമ്പിൽ ഒരു മാവേലിസ്റ്റോർകൂടി തുടങ്ങുന്നത് സാധാരണക്കാ രന് ആശ്വാസം പകരാൻ ഉപകരിക്കും. സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ ഈ പഞ്ചായത്തിൽ ഇതുവരെ ഉണ്ടായിട്ടില്ല. റേഷൻ ഷാപ്പുകൾ വഴി റവ, മൈത, പാമോയിൽ എന്നിവ ഇപ്പോൾ തീരെ ലഭിക്കുന്നില്ല. അതുകൊണ്ട് ഓരോ കാർഡുടമക്കും മുഴുവൻ പലവ്യഞ്ജനങ്ങളും ലഭ്യമാക്കേണ്ടതാണ്.

വർഷം കാർഡുടമകൾ ഗുണഭോക്താക്കൾ പ്രതിവർഷം വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കൾ (ക്വിന്റൽ) മണ്ണെണ്ണ

Ne E ആകെ മേജർ മൈനർ ആകെ അരി ഗോതമ്പ് റവ മൈത പഞ്ചസാര പാമോയിൽ ആകെ പെർമിറ്റുകളുടെ എണ്ണം. പെർമിറ്റുവഴി വിതരണം (ലി) കാർഡുവഴി വിതരണം (ലി.)

1995-96 2039 4105 6144 35044 10602 45646 968280 968280 –29491 - - 362 48234 220860

സാമൂഹ്യക്ഷേമരംഗത്ത് നിലനിൽക്കുന്ന ഒട്ടേറെ പോരാ യ്മകൾ നമ്മുടെ പഞ്ചായത്തിലുണ്ടെന്ന് നാം ഇതിനാൽ തിരി ച്ചറിയേണ്ടിയിരിക്കുന്നു. അവശത അനുഭവിക്കുന്നവരെ ആശ്വ സിപ്പിക്കാനും തൊഴിലില്ലാത്തവരുടെ കയ്യിൽ തൊഴിലെത്തി ക്കാനും നമുക്ക് കഴിയേണ്ടതുണ്ട്. വികസനരംഗത്ത് സ്ത്രീക ളുടെകൂടി പങ്കാളിത്തം ഉറപ്പുവരുത്തുവാൻ നാം ശ്രദ്ധിക്കേണ്ട തുണ്ട്. ഉല്പാദനപ്രക്രിയയിൽ അവരെ സജീവമാക്കിക്കൊണ്ട ല്ലാതെ സാമൂഹികസേവനരംഗം ശക്തമാക്കാൻ കഴിയില്ലെന്നും നാം തിരിച്ചറിയേണ്ടിയിരിക്കുന്നു.

### പൊതുവിതരണത്തെക്കുറിച്ചുള്ള വിവരങ്ങൾ

### പട്ടിക No -7

| വർഷം | കാർഡുടമകൾ | | | പ്രതിവർഷം വിതരണം ചെയ്ത ഭക്ഷ്യവസ്തുക്കൾ (ക്വിന്റൽ) / അംഗങ്ങൾ | | | | | | | | | | മണ്ണെണ്ണ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | NE | E | ആകെ | മേജർ | മൈനർ | ആകെ | അരി | ഗോതമ്പ് | റവ | മൈദ | പഞ്ചസാര | പാമോയൽ | ആകെ | പെർമിറ്റുകളുടെ എണ്ണം | പെർമിറ്റുവഴി വിതരണം | കാർഡുവഴി വിതരണം |
| 1995–96 | 2039 | 4105 | 6149 | 35044 | 10602 | 45646 | 968280 | 968280 | | | 29,491 | | | 362 | 48,234 | 220,860 |

## കുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം
## പട്ടിക No -6

| പ്രായം | നോർമൽ | | 1ാംഗ്രേഡ് | | 2-ാംഗ്രേഡ് | | 3-ാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1വയസ്സിന് താഴെ | 106 | 84 | 63 | 63 | 24 | 22 | - | 1 |
| 1-3 | 206 | 151 | 139 | 145 | 64 | 61 | - | 2 |
| 3-6 | 227 | 212 | 197 | 162 | 72 | 65 | - | 1 |

## പ്രതിരോധ കുത്തിവെപ്പ്

| കുട്ടികൾ | BCG | DTP | | | | പോളിയോ | | | | DT | | | | മീസിൽസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 0-1 | | 1D | 2D | 3D | BD | 1D | 2D | 3D | BD | 1D | 2D | 3D | BD | |
| 0-1 | 813 | 701 | 606 | 509 | | 726 | 616 | 539 | | 188 | 171 | 125 | | 341 |
| 1-3 — | | | | | 290 | | | | 297 | | | | | |
| 3-6 | | | | | 297 | | | | 322 | | | | | |

| ഗർഭിണികൾ | 1D | 2D | 3D |
|---|---|---|---|
| | 568 | 491 | 94 |

ഇരുമ്പ്/പോളികാസിഡ് ഗുളികകൾ ലഭിച്ചവർ 1546
വിറ്റാമിൻ A തുള്ളിമരുന്ന് ലഭിച്ചവർ 1109

## അംഗൻവാടികളുടെ സ്ഥിതിവിവരം

### പട്ടിക No 5

| വാർഡ് നമ്പർ | അംഗൻവാടികളുടെ എണ്ണം | അംഗൻവാടികളുടെ നമ്പർ | കുട്ടികളുടെ എണ്ണം | കെട്ടിടം ഉള്ളത് | കെട്ടിടം ഇല്ലാത്തത് | കളിപ്പാട്ടമുള്ളത് | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | കളിപ്പാട്ടമില്ലാത്തത് | സ്വന്തം സ്ഥലം ഇല്ലാത്തത് | സ്ഥലം ഉണ്ടായിട്ടും കെട്ടിടമില്ലാത്തത്. |
|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 164 | 30 | - | 1 | - | - | 1 | 1 | - |
| | | 154 | 37 | - | 1 | - | - | 1 | 1 | - |
| 2 | 3 | 142 | 39 | 1 | - | 1 | - | - | - | - |
| | | 163 | 27 | - | 1 | - | - | 1 | 1 | - |
| | | 169 | 30 | - | 1 | - | - | 1 | 1 | - |
| 3 | 2 | 159 | 46 | - | 1 | - | - | 1 | 1 | - |
| | | 167 | 41 | - | 1 | - | - | 1 | 1 | - |
| 4 | 4 | 144 | 30 | - | 1 | - | - | 1 | 1 | - |
| | | 150 | 30 | - | 1 | - | - | 1 | 1 | - |
| | | 151 | 40 | - | 1 | - | - | 1 | 1 | - |
| | | 158 | 41 | - | 1 | - | - | 1 | 1 | - |
| 5 | 1 | 173 | 37 | - | 1 | - | - | 1 | 1 | - |
| 6 | 3 | 149 | 51 | - | 1 | - | - | 1 | 1 | - |
| | | 148 | 30 | - | 1 | - | - | 1 | 1 | - |
| | | 161 | 40 | - | 1 | - | - | 1 | 1 | - |
| 7 | 2 | 155 | 22 | - | 1 | - | - | 1 | 1 | - |
| | | 170 | 30 | - | 1 | - | 1 | 1 | 1 | - |
| 8 | 2 | 152 | 25 | - | 1 | - | - | 1 | 1 | - |
| | | 166 | 38 | - | 1 | - | - | 1 | 1 | - |
| 9 | 2 | 157 | 33 | - | 1 | - | - | 1 | 1 | - |
| | | 166 | 35 | - | 1 | - | - | 1 | 1 | - |
| 10 | 1 | 162 | 30 | - | 1 | - | - | 1 | 1 | - |
| 11 | 2 | 160 | 43 | - | 1 | - | 1 | 1 | - | |
| | | 168 | 32 | - | 1 | - | - | 1 | 1 | - |
| 12 | 2 | 143 | 40 | - | 1 | - | - | 1 | 1 | - |
| | | 146 | 34 | - | 1 | - | - | 1 | 1 | - |
| 13 | 3 | 141 | 32 | - | 1 | - | - | 1 | 1 | - |
| | | 146 | 30 | - | 1 | - | - | 1 | 1 | - |
| | | 153 | 40 | - | 1 | - | - | 1 | 1 | - |
| 14 | 1 | 171 | 32 | - | 1 | - | 1 | 1 | - | |
| 15 | 2 | 145 | 32 | - | 1 | - | - | 1 | 1 | - |
| | | 147 | 29 | - | 1 | - | - | 1 | 1 | - |




സമ്പന്നമായ ഒരു സാംസ്കാരിക പൈതൃകത്തിൻെറ പിൻതുടർച്ചക്കാരെന്ന സവിശേഷത തിരൂരങ്ങാടിക്കുണ്ട്. വൈവിധ്യമാർന്ന ആ പൈതൃകം അതേപടി നിലിനിർത്തുവാൻ ഈ ആധുനിക കാലഘട്ടത്തിൽ പുതിയ തലമുറക്ക് കഴിയുന്നില്ല എന്ന വിമർശനത്തിലൂടെ മാത്രമേ തിരൂരങ്ങാടിയുടെ സാംസ്കാരിക രംഗത്തെ അവലോകനം ചെയ്യാൻ കഴിയുകയുള്ളൂ.

തിരൂരങ്ങാടിയിലെ ജനങ്ങൾ ഭൂരിഭാഗവും ഇസ്ലാം മത വിശ്വാസികളാണ്. 2-ാം സ്ഥാനത്ത് ഹിന്ദുക്കളും നാമമാത്രമായി ക്രിസ്ത്യാനികളും ഉണ്ട്. ഇവിടുത്തെ ആരാധനാലയങ്ങളിൽ മുസ്ലിം പള്ളികൾ തന്നെയാണ് കൂടുതൽ. ഇതിൽ സ്വതന്ത്ര്യ സമര ചരിത്രവുമായി ബന്ധപ്പെട്ട ചരിത്രപസിദ്ധമായ തിരൂരങ്ങാടി വലിയ ജുമു അത്ത് പള്ളി, കിഴക്കെ പള്ളി, നടുവിലെ പള്ളി എന്നിവയും ഉൾപ്പെടുന്നു. തൃക്കുളം ശിവക്ഷേത്രം, വല്ല്യാളക്കൽ ഭഗവതി ക്ഷേത്രം, നാലുകണ്ടം ഭഗവതി ക്ഷേത്രം, കക്കാട് ശ്രീ ത്രിപുരാന്തക ക്ഷേത്രം, ~~കാച്ചടി ഭഗവതി ക്ഷേത്രം~~ വെന്നിയൂർ അമ്പലം എന്നിവയാണ് പ്രധാന ഹിന്ദു ദേവാലയങ്ങൾ. ക്രിസ്ത്യൻ പള്ളി തിരൂരങ്ങാടിയിലില്ല. മത സൗഹാർദത്തിന് ഈ പ്രദേശത്ത് ~~വലിയ~~ കോട്ടങ്ങളൊന്നും ഉണ്ടായിട്ടില്ല. മാതൃകാ പരമായ സൗഹൃദത്തിനുടമകളാണ് ഈ പ്രദേശത്തുകാർ. തിരൂരങ്ങാടിയുമായി നേരിട്ടു ബന്ധപ്പെടുന്ന മമ്പുറം നേർച്ചയും മാപ്പിള കലാരൂപങ്ങളും ഹിന്ദുക്കളുടെ വിശ്വാസവുമായി ബന്ധപ്പെട്ട അയ്യപ്പൻ വിളക്ക് മഹോൽസവവും ശിവരാത്രിയും കൂടാതെ തൃക്കുളം പാലത്തിങ്ങലെ കാളപൂട്ടു മൽസരവും മുഴുവൻ വിഭാഗമാളുകളുടെയും സഹകരണം കൊണ്ടും സാനിധ്യവും കൊണ്ടും സമ്പന്നമാണ്.

സാമ്പത്തിക രംഗത്ത് നീതി പുർവമായ വിതരണങ്ങൾക്കും തിരൂരങ്ങാടി മാതൃകയാണ്. ദരിദ്രരെയും അവശരെയും സഹായിക്കുന്ന കാര്യത്തിൽ ഈ പ്രദേശത്തിലെ സമ്പന്നരും, രാഷ്ട്രീക്കാരും മററു സന്നദ്ധ സംഘടനകളും മാതൃകാ പരമായ പ്രവർത്തനങ്ങൾ നടത്തി പ്രശംസ നേടിയിട്ടുണ്ട്.താരതമ്യേന അനാചാരങ്ങളും അനാശ്യാസ പ്രവർത്തനങ്ങളും ഇവിടെ കുറവാണ്.

തിരൂരങ്ങാടിയുടെ എല്ലാ പ്രസിദ്ധിക്കുമെന്നപോലെ സാംസ്കാരിക പൈതൃകത്തിനും മാതൃകയാണ് തിരൂരങ്ങാടി യത്തീം ഖാന. ജ. കെ.എം മൗലവി, എം.കെ ഹാജി സാഹിബ് എന്നിവരുടെ ശ്രമ ഫലമായി നിലവിൽ വന്ന ഈ സ്ഥാപനം അനാഥകളുടെ സംരക്ഷണത്തിൽ മാത്രമല്ല ഈ നാടിൻെറയും പരിസര പ്രദേശങ്ങളിലെയും വിദ്യാഭ്യാസ-സാമൂഹ്യ-സാംസ്കാരിക വളർച്ചക്കും വഴികാട്ടിയാണ്. ഒരു പ്രദേശത്തിൻെറ സാംസ്കാരിക പുരോഗതി അവിടുത്തെ സാംസ്കാരിക സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും പ്രവർത്തനവുമായി ബന്ധപ്പെട്ടിരിക്കുന്നു. കലാ സാംസ്കാരിക രംഗത്ത് തിരൂരങ്ങാടിക്ക് സ്വന്തമായ ഒരു വ്യക്തിത്വം അവകാശപ്പെടാനുണ്ട്. മാപ്പിള കലകളിൽ ഉന്നത ശ്രേണിയിലുള്ളവരുടെ ഒരു നിര തന്നെ തിരൂരങ്ങാടിയുടെ സാംസ്കാരിക സമ്പന്നതക്ക് തെളിവാണ്. മാപ്പിള കവി പരേതനായ കെ.ടി മുഹമ്മദും, മാപ്പിളപ്പാട്ടു ഗായകരായിരുന്ന എ.വി. മുഹമ്മദ്, കെ.ടി മുഹമ്മദ് കുട്ടി എന്നിവരും '1921 മാപ്പിള ലഹള' എന്ന കൃതിയുടെ കർത്താവ് കെ. കോയക്കുട്ടി മൗലവി പഴയ കാല ദഫ് മുട്ട് വിദഗ്ധൻ മറ്റത്തു സൈതലവി കോയ തങ്ങൾ അറബി മലയാള ലിപിയുടെ ഉപജ്ഞാതാവ് ചാലിലകത്ത് കുഞ്ഞഹമ്മദാജി തുടങ്ങിയ മഹാരഥൻമാർ തിരൂരങ്ങാടിയുടെ യശസ് വർദ്ധിപ്പിച്ചവരാണ്. മാമൻ മാപ്പിള അവാർഡു നേടിയ സുകുമാർ കക്കാട്, മാപ്പിള പ്പാട്ടു രചനയിലും മറ്റു സാഹിത്യ ശാഖകളിലും കഴിവുററ സംഭാവനകൾ

നൽകിയ മറ്റത്തു മുഹമ്മദ്, കഥാപ്രസംഗ കലയിൽ സംസ്ഥാന വ്യാപകമായി ആരാധകരെ സൃഷ്ടിച്ച തൃക്കുളം കൃഷ്ണൻകുട്ടി, ദഫ്മുട്ടിൽ പ്രശസ്തനായ എം.എസ്.കെ തങ്ങൾ വേരറ്റു പോയ മാപ്പിള ഗായക പരമ്പരയിൽ അവശേഷിക്കുന്ന എ.ടി. മുഹമ്മദ് എന്നിവർ മുൻ തലമുറക്കാരുടെ പിൻതുടർച്ചക്കാരായി തിരൂരങ്ങാടിയിൽ നിറഞ്ഞു നിൽക്കുന്നു.

മുൻകാല കല്ല്യാണ സദസുകളെ ഹരം കൊള്ളിച്ചിരുന്ന വായ്പാട്ട്, ജനകീയമാക്കിയ പഴയ കാല കലാകാരൻമാരായിരുന്നു. വലിയാട്ട് കാദറാജി, ഉണ്ണ്യാലിങ്ങൽ മുഹമ്മദ്, കെ.ടി കുഞ്ഞീൻകുട്ടി ഹാജി, സി.കെ. കുഞ്ഞിമുഹമ്മദ് എന്നിവർ. ആ കലാരൂപങ്ങൾ അന്യം നിന്നു പോകാതെ സംരക്ഷിക്കുകയും ആകാശവാണിയിലടക്കം അവതരിപ്പിച്ചു പ്രശസ്തരാവുകയും ചെയ്ത കെ.പി. അബു, ഏന്തീൻകുട്ടി, കെ.ടി. അബുബക്കർ, വീരാൻകുട്ടി മുസ്ല്യാർ കൂളത്ത് അബൂബക്കർ, ചേലൂപ്പാടൻ കുട്ട്യാലി എന്നിവരുടെ സേവനങ്ങളും ഈ രംഗത്തു വിലപ്പെട്ടതാണ്. മംഗല്യംപാടി കല്ല്യാണ സദസുകളെ കോൾമയിർ കൊള്ളിച്ച പഴയ കാല പെൺപാട്ടുകാരായ പങ്ങിണിക്കാടൻ പാത്തുമ്മ കുട്ടി ഹജ്ജുമ്മ, ബിയ്യുട്ടി ഹജ്ജുമ്മ എന്നിവരുടെയും സേവനങ്ങൾ ഈ രംഗത്തു എടുത്തു പറയേണ്ടതാണ്.

തിരൂരങ്ങാടിയുടെ സാമൂഹ്യ-സാംസ്കാരിക-കലാ പ്രവർത്തനങ്ങൾക്കു വ്യാപകമായ പ്രചരണത്തിനുതകിയ നിരവധി മേളകൾ വിവദ കാലങ്ങളിലായി ഇവിടെ നടന്നിട്ടുണ്ട്. 1960ൽ കക്കാടു നടന്ന സമസ്ത കേരള ജം ഇയ്യത്തുൽ ഉലമ വാർഷികം, 1968ൽ നടന്ന യത്തീംഖാന സിൽവർ ജൂബിലി, 1971 ൽ നടന്ന മാപ്പിള സാഹിത്യ സെമിനാർ, പി.എസ്.എം.ഒ കോളേജ് സംഘടിപ്പിച്ച കാസക്സ് 76, 1981ൽ നടന്ന മലബാർ കലാപം 60-ാം വാർഷിക ആഘോഷം, 1983 ൽ നടന്ന ഗവൻമെൻറ് ഹൈസ്കൂൾ സിൽവർ ജൂബിലി, 1991ൽ ആകാശവാണിയും ദൂരദർശനും ചേർന്നു തിരൂരങ്ങാടിയിൽ നടത്തിയ ദേശീയോദ്ഗ്രഥന മേള, 1993ൽ ഒരാഴ്ചയോളം നീണ്ടു നിന്ന തിരൂരങ്ങാടി കലാസമിതി സിൽവർ ജൂബിലിയും സംസ്ഥാന നാടക മൽസരവും ചെമ്മാടു പ്രതിഭാ തിയേറ്റേഴ്സ് സംഘടിപ്പിച്ച വിവിധ മെഡിക്കൽ ക്യാമ്പുകൾ, കലാമേളകൾ 1996ൽ നടന്ന മലബാർ കലാപം 75-ാം വാർഷികാഘോഷം തുടങ്ങിയവ ആ പട്ടികയിലെ പ്രധാനപ്പെട്ട സംരംഭങ്ങളാണ്. മുൻ രാഷ്ട്രപതിമാരായ ഫക്രുദീൻ അലി അഹമ്മദ്, വി.വി. ഗിരി (കേരള ഗവർണരായിരിക്കുമ്പോൾ) മുൻ പ്രധാനമന്ത്രി രാജിവ് ഗാന്ധി, അതിർത്തി ഗാന്ധി ഖാൻ അബ്ദുൽ ഗഫാർ ഖാൻ, മുൻ കേരള ഗവർണർ പി. രാമചന്ദ്രൻ, സൗദി അംബ്സഡർ, അബുൽ ഹസ്സൻ അലി നദ്‌വി, മൗലാന റശീദുദീൻ തുടങ്ങിയ പ്രമുഖർ വിവിധ കാലയളവിൽ തിരൂരങ്ങാടിയിൽ വന്നിട്ടുണ്ട്. കൂടാതെ സുപ്രസിദ്ധരായ എസ്.കെ. പൊറ്റെകാട്, പ്രേംനസീർ, തിക്കോടിയൻ, സുകുമാർ അഴിക്കോട്, കെ.ടി. മുഹമ്മദ്, പി.വൽസല, കുഞ്ഞുണ്ണി മാസ്റ്റർ തുടങ്ങിയവരുടെ സാംസ്കാരിക പ്രഭാഷണങ്ങൾ ഈ നാട്ടുകാരെ സാംസ്കാരിക പ്രബുദ്ധരാക്കാൻ സഹായിച്ചിട്ടുണ്ട്.

ഒരു പ്രദേശത്തിൻെറ അനൗപചാരി വിദ്യാഭ്യാസ സ്ഥാപനങ്ങളായി അറിയപ്പെടുന്ന വായന ശാലകളുടെയും ഗ്രന്ഥശാലകളുടെയും കാര്യത്തിൽ തിരൂരങ്ങാടി അത്ര സമ്പന്നമല്ല. അര നൂറ്റാണ്ടോളം പഴക്കവും പ്രവർത്തന പാരമ്പര്യവുമുള്ള മഹാത്മാ ഗാന്ധി ലൈബ്രറി, തിരൂരങ്ങാടി യംഗ്മെൻസ് ലൈബ്രറി, അടക്കം ഒമ്പത് ഗ്രന്ഥാലയങ്ങളും വായന ശാലകളുമാണ് ഇവിടെയുള്ളത് (പട്ടിക അനുബന്ധമായി ഉണ്ട്)അനൗപചാരിക വിദ്യാഭ്യാസ രംഗത്തും സാംസ്കാരിക സാമൂഹ്യരംഗത്തും ആത്മാർത്ഥമായി സേവനം നടത്തി വരുന്ന വെള്ളിനക്കാട്ടെ, കെ.വി റാബിയ പുസ്തക പ്രസിദ്ധീകരണരംഗത്തും ശ്രദ്ധ പതിപ്പിച്ചു വരുന്നത് ശ്ലാഘനീയമാണ്. അതുപോലെ അനൗപചാരിക വിദ്യാഭ്യാസ രംഗത്ത് സാക്ഷരതാ യജ്ഞത്തിന് മുമ്പേ നിസ്വാർത്ഥ സേവനം നടത്തിയ, വി. ബീരാൻ മാസ്റ്റർ, മുഹമ്മദ് അബ്ദു റഹിമാൻ സാഹിബിൻെറ സ്മാരകമായി ഒരു ഗ്രന്ഥാലയം സ്വപ്രയത്നം കൊണ്ടു മാത്രം സ്ഥാപിച്ചത് ഇന്നും നിലനിൽക്കുന്നു. വികലാംഗരെ സമൂഹത്തിൻെറ ഒരു ഭാഗമായി വളർത്തുന്നതിൽ പ്രശസ്ത നിലയിൽ സേവനം നടത്തുന്ന ശേഷി, വാഹനാപകടങ്ങളെ പറ്റി ബോധവൽക്കരണപരിപാടികൾ നടത്തി ജനശ്രദ്ധ പിടിച്ചു പറ്റിയ വാഹനാപകടനിവാരണ സമിതി (മേപ്സ്) എന്നിവയുടെ അനൗപചാരി വിദ്യാഭ്യാസ സാംസ്കാരിക പ്രവർത്തനങ്ങളും എടുത്തു പറയാവുന്നതാണ്. സൗജന്യ മരുന്നു വിതരണം നടത്തുന്ന ഐ.എം.ബിയുടെ സേവനം വിസ്മരിക്കാവുന്നതല്ല. കലാ-സാംസ്കാരിക രംഗത്തു വർഷങ്ങളായി മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തി നാട്ടുകാരുടെയും അയൽ പ്രദേശങ്ങളുടെയും ശ്രദ്ധ പിടിച്ചെടുത്ത തിരൂരങ്ങാടി കലാസമിതി, ചെമ്മാട് പ്രതിഭ. കക്കാട് നാദം കലാസമിതി, തൃക്കുളം കലാസമിതി, ചേതക്ക്, മൊണാലിസ കലാസമിതികൾ തുടങ്ങിയവ തിരൂരങ്ങാടിയിൽ പ്രവർത്തിക്കുന്നു. (പട്ടിക അനുബന്ധമായി കൊടുക്കട്ടെ)സംഗീത നൃത്തം, നാടകം തുടങ്ങിയ കലകളിലെല്ലാം ഈ സ്ഥാപനങ്ങൾ മികച്ച പ്രവർത്തനങ്ങൾ നത്തുന്നുണ്ട്. ഇവക്ക് പുറമേയാണ് തിരൂരങ്ങാടിയിലെ ഏക കലാശാലയായപി.എസ്.എം.ഒ കോളേജ് ഈ രംഗത്തു കൈവരിച്ച് വരുന്ന നേട്ടങ്ങളുടെ പട്ടിക നിരവധി തവണ യൂണിവേഴ്സിറ്റി ചാമ്പ്യൻമാരാവുക എന്ന അപൂർവ്വ ബഹുമതി ഈ കലാലയത്തിലെ കലാപ്രതിഭകൾക്കുമാത്രം അവകാശപ്പെടാവുന്നതാണ്.

## കായികരംഗം

ഒട്ടനവധി കായികപ്രതിഭകളെ വളർത്തിക്കൊണ്ട് വരുന്നതിനു വേദിയൊരുക്കാൻ

ഇവിടെ നടത്തിവരുന്ന പ്രാദേശിക ടൂർണമെൻറുകൾക്കും പി.എസ്.എം.ഒ കോളേജ് കായിക വിഭാഗത്തിനും കഴിഞ്ഞിട്ടുണ്ട്. സെവൻസ് ഫുട്ബോൾ ടൂർണമെൻറുകൾ ഇന്നു വ്യാപകമായെങ്കിലും ഈ രംഗത്തെ പൈതൃകം അവകാശപ്പെടാവുന്നവയിൽ പ്രമുഖ സ്ഥാനം തിരൂരങ്ങാടിയിലെ എം.കെ.എ സമദ് ഫുട്ബോൾ ടൂർണമെൻറുകൾക്ക് വേദിയൊരുക്കാൻ 'അറക്കൽമൈതാനം' എന്ന ചരിത്രവുമായി ബന്ധപ്പെട്ട നാമമുള്ള ഇന്നത്തെ ഗവ.ഹൈസ്കൂൾ മിനി സ്റ്റേഡിയത്തിന് കഴിഞ്ഞിട്ടുണ്ട്. ഈ മൈതാനം ഒരു മിനി സ്റേറഡിയം ആയി വളർത്തിയതിൽ ഇവിടെ നടന്നു വരുന്ന ഫുട്ബോൾ ടൂർണമെൻറ് ഭാരവാഹികൾക്കും കായിക പ്രേമികൾക്കും അഭിമാനിക്കാവുന്നതാണ്. 1985 ലാണ് ഇതൊരു മിനി സ്റേറഡിയമായി അന്നത്തെ കേരള സംസ്ഥാന ഉപമുഖ്യമന്ത്രി അവുക്കാദർ കുട്ടി നഹ സാഹിബ് തുറന്നു കൊടുത്തത്.

പ്രശസ്ത ഫുട്ബോളർമാരായ ഹംസക്കോയ, മനോഹരൻ എന്നിവരും സംസ്ഥാന കായികരംഗത്തും സർവകലാശാല രംഗത്തും മികച്ച സേവനം നടത്തിവരുന്ന പ്രൊഫ. കെ.ടി. അബ്ദുറഹിമാനും പരേതനായ പഴയ ഫുട്ബോൾ കളിക്കാരൻ എം.കെ അബ്ദു സമദും കളിച്ചു വളർന്നത് ചരിത്ര പ്രാധാന്യമുള്ള ഈ ഗ്രൗണ്ടിൽ വെച്ചാണ്. 'പടകളി' എന്ന പഴയ കായിക കലയെ പുതിയ തലമുറക്കു പരിചയപ്പെടുത്തിയ ഉൾക്കാട്ടിൽ സൈതലവി ഇന്നും തിരൂരങ്ങാടിയിലെ കായിക പ്രേമികളെ പ്രോൽസാഹിപ്പിച്ചു വരുന്നു. കായിക രംഗത്തു നല്ല നിലയിൽ പ്രവർത്തിക്കുന്ന ചുരുക്കം ചില ക്ലബുകളേ തിരൂരങ്ങാടിയിലുള്ളൂ. (പട്ടിക അനുബന്ധം)

## പ്രശ്നങ്ങൾ

1. മലബാർ കലാപത്തിൻെറ സിരാകേന്ദ്രമായിരുന്ന തിരൂരങ്ങാടിയിൽ അതിൻെറ പേരിൽ ഒരു രക്തസാക്ഷി മന്ദിരം (പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ) നിലവിലുണ്ട്. ഈ ഹാൾ ഒരു പൊതു പരിപാടി നടത്താൻ പറ്റാത്ത അവസ്ഥയിലാണുള്ളത്. ഇതിൻെറ പേര് അന്വർത്ഥമാക്കുന്ന ഒന്നും ഈ ഹാളിൽ ഇല്ല എന്നതും ഒരു കുറവു തന്നെ.
2. പഞ്ചായത്തിൽ നിലവിലുള്ള പ്രധാന ഗ്രന്ഥാലയങ്ങൾക്ക് അടക്കം സ്വന്തമായി കെട്ടിടങ്ങൾ ഇല്ല.
3. സാക്ഷരതാ തുടർ പ്രവർത്തനങ്ങൾ വളരെ മന്ദഗതിയിലാണ്.
4. സാംസ്കാരിക പൈതൃകം അവകാശപ്പെടാവുന്ന തിരൂരങ്ങാടിയിൽ ഒരു സാംസ്കാരിക നിലയം ഇല്ല എന്നത് വിരോധാഭാസമാണ്.
5. പഞ്ചായത്തിൽ നിരവധി കലാ സാംസ്കാരിക സംഘടനകൾ ഉണ്ടെങ്കിലും അവയിൽ പലതും വ്യക്തമായ ലക്ഷ്യബോധത്തിൻെറയും ഉപദേശങ്ങളുടെയും അഭാവം മൂലം പ്രവർത്തനം നിലച്ചു പോയ നിലയിലാണ്.

6യ കായിക രംഗത്തു വളർച്ചക്കുതകും വിധം ഒരു സ്ഥാപനം പോലും ഇവിടെ ഇല്ല. ഗ്രൗണ്ടുകളുടെ കുറവും നിലവിലുള്ളവയുടെ അപര്യാപ്തതയും കായിക രംഗം അഭിവൃദ്ധപ്പെടുത്തുന്നതിൽ തടസ്സമാണ്.

7. പഞ്ചായത്തിലുള്ള ഭൂരിഭാഗം കളിസ്ഥലങ്ങളും നെൽപാടങ്ങളാണ് വർഷത്തിൽ രണ്ടോ മൂന്നോ മാസക്കാലം മാത്രമേ ഇവ ഉപയോഗിക്കാൻ കഴിയുകയുള്ളൂ. പി.എസ്.എം.ഒ കോളേജിൽ പോലും നല്ലൊരു കളിസ്ഥലമില്ല.

## പരിഹാരങ്ങളും നിർദ്ദേശങ്ങളും

1. മലബാർ കലാപ മന്ദിരം (പഞ്ചായത്തു കമ്മ്യൂണിറ്റി ഹാൾ) പൊതു പരിപാടികൾ നടത്താൻ പറ്റുന്ന വിധം പുനക്രമീകരണം നടത്തി ഈ മന്ദിരം മലബാർ കലാപസ്മാരകമായി അക്ഷരാർത്ഥത്തിൽ മാറ്റാൻ പറ്റിയ വിധം ഒരു മ്യൂസിയം - കം - ലൈബ്രറി കോംപ്ലെക്സ് ആയി വികസിപ്പിക്കണം.

പഞ്ചായത്തിലുള്ള കലാ സാംസ്കാരിക സ്ഥാപനങ്ങളുടെ സഹായത്തോടെ ഈ വികസനം സാധ്യമാക്കാവുന്നതാണ്. അതിനു പല സംഘടനകളും തയ്യാറാണെന്നു വർഷങ്ങളായി പഞ്ചായത്തിൽ നിവേദനം നൽകിയിട്ടുണ്ട്.

2. എല്ലാ വാർഡുകളിലും വായനശാലകളോട് കൂടിയ ഗ്രന്ഥാലയങ്ങൾ ജനപങ്കാളിത്തത്തോടു കൂടി ആരംഭിക്കണം. നിലവിലുള്ളവക്ക് കെട്ടിടങ്ങൾ നിർമിക്കണം.

പല സാംസ്കാരിക സംഘടനകളും ലൈബ്രറികൾ സ്ഥാപിക്കുന്നതിന് തയ്യാറാണ്. ആവശ്യമായ ഉപദേശങ്ങളും സഹായങ്ങളും കൊടുത്താൽ മതി.

3. സാക്ഷരതാപ്രവർത്തനം സന്നദ്ധ സംഘടനാ പ്രവർത്തകരുടെ സഹായത്തോടെ ഊർജിതമാക്കണം.
4. പൊതുജനങ്ങൾക്കു സഹായമാകും വിധം ഇൻഫർമേഷൻ സെൻറർ, വിവിധ വാർത്താ മാധ്യമങ്ങൾ, റഫറൻസ് ഗ്രന്ഥങ്ങൾ, എന്നിവയോട് കൂടിയ വിപുലമായ ഒരു സാംസ്കാരിക നിലയം,കേന്ദ്രലൈബ്രറി എന്നിവ സ്ഥാപിക്കണം.
5. നിലവിലുള്ള ലോക്കൽ ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. അംഗീകാരം ലഭിച്ച ലൈബ്രറികൾക്ക് ടി.വി. സെറ്റു അനുവദിക്കണം.
6. കലാ സാംസ്കാരിക സംഘടനകളുടെ ഒരു കോ-ഓർഡിനേഷൻ കമ്മിറ്റി പഞ്ചയാത്ത് തലത്തിൽ രൂപീകരിച്ചു പ്രവർത്തനംഏകാപിപ്പിക്കുകയും ഊർജ്ജസ്വലമാക്കുകയും വേണം.
7. നമ്മുടെ പ്രദേശത്തിൻെറ തനതുകലാരൂപങ്ങളായ കെസ്സ് പാട്ട്, വട്ടപ്പാട്ട്, ദഫ്മുട്ട്, മാപ്പിളപ്പാട്ട്, നടിൽ പാട്ട് ഒപ്പനപ്പാട്ട്, കോൽക്കളി എന്നിവ പുനരുജ്ജീവരിപ്പിക്കാനും അന്യം നിന്നു പോവാതെ കാത്തി സൂക്ഷിക്കാനും പറ്റും വിധം ഒരു 'മ്യൂസിക് അക്കാദമി' സ്ഥാപിക്കണം.
8. ഓരോ ഗ്രാമ പഞ്ചായത്തിനും ഓരോ സ്റ്റേഡിയം പദ്ധതി പ്രകാരം വെന്നിയൂരിൽ പണിത പഞ്ചായത്ത് സ്റേറഡിയം പാറക്കൂട്ടങ്ങൾ നിറഞ്ഞു നിൽക്കുന്ന അവസ്ഥ മാറ്റി പുതുക്കി പണിയുക.

അതോടനുബന്ധിച്ചു ഒരു സ്പോർട്സ് സ്കൂൾ ആരംഭിക്കുകയും ചെയ്യുക.

9. വേനലവധികാലത്ത് കുട്ടികൾക്കായി വിവിധ കായിക പരിശീലനത്തിന് കോച്ചിങ്ങ് ക്യാമ്പുകൾ സംഘടിപ്പിക്കുക.

10. ചുള്ളിപ്പാറയിൽ ഒരു നല്ല സ്റേറഡിയം (200 മീറ്റർ ട്രാക്കിന് സാധ്യതയുണ്ട്) സ്ഥാപിക്കണം

ആവശ്യമായ സ്ഥലവും മനുഷ്യാധ്വാനവും നാട്ടുകാർ വാഗ്ദാനം ചെയ്തിട്ടുണ്ട്. ടെലിവിഷന്റെയും വിദേശചാനലുകളുടെയും വരവോടു കൂടി മൊത്തത്തിൽ നമ്മുടെ നാട്ടിൽ വായനാശീലം കുറയുകയും വിദേശസംസ്കാരങ്ങളുടെ വികലവും അപകടകരവുമായ അനുകരണത്തിലേക്കു നമ്മുടെ യുവതലമുറ ആകർഷിക്കപ്പെട്ടിരിക്കുകയുമാണ്. നമ്മുടേതായ സാംസ്കാരിക പശ്ചാത്തലം മനസിലാക്കുവാനും പരിപോഷിപ്പിക്കാനും യുവതലമുറയെ സജ്ജരാക്കാൻ നമുക്ക കഴിയണം. രക്തദാനം നേതൃദാനം തുടങ്ങിയ ജീവകാരുണ്യ പ്രവർത്തനങ്ങളെ പറ്റി ബോധവൽക്കരണം നടത്തുവാനും നമ്മുടെ കലാ-സാംസ്കാരിക സ്ഥാപനങ്ങൾക്കും പ്രവർത്തകർക്കും കഴിയണം.



പട്ടിക -1

## നിലവിലുള്ള ലൈബ്രറികൾ

| ക്രമ നമ്പർ | പേരും മേൽവിലാസവും | സ്ഥാപിച്ച വർഷം | കെട്ടിടം | അംഗങ്ങളുടെ എണ്ണം | പുസ്തകങ്ങളുടെഎണ്ണം | പ്രതിമാസ വിതരണം | മറ്റു പ്രവർത്തനങ്ങൾ | സർക്കാർ ഗ്രാൻറ് ലഭിക്കുന്നുണ്ടോ എന്ന് |
|---|---|---|---|---|---|---|---|---|
| 1 | ഗ്രാമ പോഷിണി ലൈബ്രറി റീഡിങ്ങ്റൂം, ചുള്ളിപ്പാറ | 1996 | വാടക | 20 | 512 | | | ഇല്ല |
| 2 | നാഷണൽ ലൈബ്രറി, കരുമ്പിൽ | 1965 | വാടക | 175 | 4248 | 650 | ജനവിദ്യാകേന്ദ്രം, കാർഷിക കോർണർ | ഉണ്ട് |
| 3 | കക്കാട് ലൈബ്രറി റീഡിംഗ്റൂം, കക്കാട് | 1969 | വാടക | 98 | 2392 | 360 | കാർഷിക കോർണർ | ഉണ്ട് |
| 4 | യംഗ്മെൻസ് ലൈബ്രറി റീഡിംഗ്റൂം, തിരൂരങ്ങാടി | 1958 | വാടക | 439 | 6254 | 671 | ജനവിദ്യാകേന്ദ്രം, കാർഷിക കോർണർ | ഉണ്ട് |
| 5 | മുഹമ്മദ് അബ്ദു റഹിമാൻ സ്മാരക ഗ്രന്ഥാലയം, തിരൂരങ്ങാടി | | വാടക | | 160 | | | ഇല്ല |
| 6 | ചലനം ഗ്രന്ഥാലയം, വെള്ളിനക്കാട് | | വാടക | | | | | ഇല്ല |
| 7 | ലോക്കൽ ലൈബ്രറി, ചെമ്മാട് | | വാടക | | | | | ഉണ്ട് |
| 8 | സീതി സാഹിബ് സ്മാരക ലൈബ്രറി, ചെമ്മാട് | 1962 | വാടക | 100 | 2450 | 400 | | ഉണ്ട് |
| 9 | ക്രിയ ഗ്രന്ഥാലയം | | വാടക | | | | | ഇല്ല |

പട്ടിക -2

# നിലവിലുള്ള കലാ-സംസ്കാരിക സ്ഥാപനങ്ങൾ

| ക്രമ നമ്പർ | പേരും മേൽവിലാസവും | സ്ഥാപിച്ച വർഷം | അംഗങ്ങളുടെ എണ്ണം | കെട്ടിടം | ധന സഹായം | ഏത് സ്ഥാപനത്തിനോട് അഫിലിയേറ്റ് ചെയ്തിരിക്കുന്നു? | പ്രവർത്തനത്തിന്റെ ലഘു വിവരം |
|---|---|---|---|---|---|---|---|
| 1 | ഉദയ ആർട്സ് സ്പോർട്സ്, ചുള്ളിപ്പാറ | 1962 | 200 | വാടക | ഇല്ല | സ്പോർട്സ് കൗൺസിൽ | കായിക-കലാരംഗം, രക്ത ഗ്രൂപ്പ് നിർണയം |
| 2 | ചേതക് കലാസമിതി, വെന്നിയൂർ | 1989 | 40 | വാടക | ഇല്ല | നെഹ്റു യുവക് കേന്ദ്ര | വായനശാല,നാടകസംഘം. |
| 3 | ഹീറോസ്, വെന്നിയൂർ | 1990 | 50 | വാടക | ഇല്ല | | |
| 4 | ഫാസ്ക്കോ, കരുമ്പിൽ | 1996 | 150 | വാടക | ഇല്ല | | |
| 5 | നാദം കലാസമിതി, കക്കാട് | 1983 | 42 | വാടക | ഇല്ല | നെഹ്റു യുവക് കേന്ദ്ര, സജിത നാടക അക്കാദമി | കലാ-കായക രംഗ, ക്രിക്കറ്റ് ക്ലബ് |
| 6 | മഡോണ, തിരൂരങ്ങാടി | | | വാടക | ഇല്ല | | |
| 7 | മൊണാലിസ, തിരൂരങ്ങാടി | | | വാടക | ഇല്ല | | |
| 8 | ഫോൺസിക്ക, തിരൂരങ്ങാടി | 1991 | 20 | വാടക | ഇല്ല | | |
| 9 | രാഗം, വെള്ളിനക്കാട് | | | വാടക | ഇല്ല | | |
| 10 | കൽപക സ്പോർട്സ് ക്ലബ്, തിരൂരങ്ങാടി | | | വാടക | ഇല്ല | | |
| 11 | തിരൂരങ്ങാടി കലാസമിതി, തിരൂരങ്ങാടി | 1968 | 68 | വാടക | ഇല്ല | സംഗീത നാടക അക്കാദമി | സംഗീത നൃത്ത വിദ്യാലയങ്ങൾ, നഴ്സറി സ്കൂൾ, നോട്ടുബുക്ക് നിമാണ യൂണിറ്റ്, കലാ-കായിക രംഗം |
| 12 | ഹബീഹു റഹ്മാൻ മെമ്മോറിയൽ ആർട്സ് സ്പോർട്സ് ക്ലബ്, തിരൂരങ്ങാടി | 1992 | 41 | വാടക | ഇല്ല | | |
| 13 | മലബാർ ആർട്സ് സ്പോർട്സ് ക്ലബ്, ഈസ്റ്റ് ബസാർ | 1996 | 18 | വാടക | ഇല്ല | | |
| 14 | പ്രതിഭ തിയേറ്റേഴ്സ്, ചെമ്മാട് | 1977 | 40 | വാടക | ഇല്ല | സംഗീത നാടക അക്കാദമി | സംഗീത നൃത്ത വിദ്യാലയങ്ങൾ, നഴ്സറി സ്കൂൾ |
| 15 | ക്രിയ റിക്രിയേഷൻസ്, ചെമ്മാട് | | | വാടക | ഇല്ല | | |
| 16 | റിഥം കലാവേദി, ചെമ്മാട് | | | വാടക | ഇല്ല | | |
| 17 | യംഗ്ഫ്ളൈ, സ്പോർട്സ് ക്ലബ്, ചെമ്മാട് | | | വാടക | ഇല്ല | | |
| 18 | കിസാൻ സ്പോർട്സ് ക്ലബ്, ചെമ്മാട് | | | വാടക | ഇല്ല | | |
| 19 | തൃക്കുളം കലാസമിതി, ചെമ്മാട് | | | വാടക | ഇല്ല | | |
| 20 | കലാസാഗർ, തൃക്കുളം-ചെമ്മാട് | 1995 | 13 | വാടക | ഇല്ല | | |
| 21 | വോയ്സ് ഓഫ് തൃക്കുളം, കരിപറമ്പ് | 1993 | 23 | വാടക | ഇല്ല | | നൃത്ത വിദ്യാലയം |
| 22 | ബ്രദേഴ്സ് കലാവേദി, പന്താരങ്ങാടി | 1991 | 30 | വാടക | ഇല്ല | നെഹ്റു യുവക് കേന്ദ്ര | |
| 23 | ചാലഞ്ചേഴ്സ്, പന്താരങ്ങാടി | 1995 | 20 | വാടക | ഇല്ല | | |
| 24 | സാരഥി സ്പോർട്സ് ആർട്സ് ക്ലബ്, കോട്ടുവാലക്കാട് | 1995 | 44 | വാടക | ഇല്ല | | |

5-9



# വനിത

തിരൂരങ്ങാടി ഗ്രാമ പഞ്ചായത്തിൽ സാമൂഹ്യ പ്രവർത്തന മേഖലയിൽ സ്ത്രീ പങ്കാളിത്തം കുറവാണ്. എന്നിരുന്നാലും പഞ്ചായത്തിൽ ഉണ്ടായ നവോത്ഥാന പ്രസ്ഥാനങ്ങളുടെയാകെ ഫലമായി സ്ത്രീകൾ വിദ്യാഭ്യാസം നേടുകയും സർക്കാർ പൊതുമേഖലാസ്ഥാപനങ്ങളിൽ ജോലി സമ്പാദിക്കാൻ സാധ്യമാവുകയും ചെയ്തിട്ടുണ്ട്.

1991 ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ സ്ത്രീകളുടെ എണ്ണം 22,855 ആണ്. പുരുഷൻമാരെക്കാൾ 2065 എണ്ണം കൂടുതലാണിത്. അഥവാ 52.37% സ്ത്രീകളാണ്. സ്ത്രീകൾക്ക് സമൂഹത്തിൽ അർഹമായ സ്ഥാനം കിട്ടേണ്ടതാണ് എന്നു ഈ കണക്കുകൾ തന്നെ സൂചിപ്പിക്കുന്നു. സ്ത്രീകളുടെ സാക്ഷരതാ നിരക്ക് 67% മാണ്.

പുതിയ പഞ്ചായത്ത് രാജ് സംവിധാനം നിലവിൽ വന്നതോടെ സ്ത്രീകൾക്ക് ലഭിച്ച 35% സംവരണത്തിൽന്റെ പിൻബലത്തിൽ ഈ പഞ്ചായത്തിന്റെ പ്രസിഡണ്ട് സ്ഥാനം അലങ്കരിക്കാൻ അവസരം ലഭിച്ചു. ഈ പഞ്ചായത്തിൽ ആദ്യമായി നാമനിർദ്ദേശാടിസ്ഥാനത്തിൽ ബോർഡിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ആദ്യ വനിതയാണ് സി.എച്ച് കഞ്ഞായിഷ. പിന്നീട് പി.കെ. പാത്തുമ്മയും 1988ൽ നടന്ന തെരഞ്ഞടുപ്പിൽ കെ.പി. ആമിനക്കുട്ടി , എം.പി. പാത്തുമ്മ ടീച്ചർ എന്നിവരും തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. ഇപ്പോൾ നിലവിലുള്ള ഭരണ സമിതിയിൽ 5 വനിതാ പ്രതിനിധികൾ ഉണ്ട്. പഞ്ചായത്തിലെ ആദ്യത്തെ വനിതാ ഡോക്ടറായ ആരിഫാബി ആരോഗ്യ രംഗത്തെ തന്റെ പ്രവർത്തനത്തോടൊപ്പം സ്ത്രീകളുടെ ഉന്നമനത്തിനു കൂടി പ്രവർത്തിച്ചു വരുന്നു.

പഞ്ചായത്തിൽ വനിതാ സഹകരണ സംഘങ്ങളോ, സൊസൈററിയോ ഒന്നുമില്ലെങ്കിലും എം.ജി.എം പോലുള്ള വനിതാ സംഘടനകൾ വിദ്യാഭ്യാസ സാംസ്കാരിക ധാർമിക രംഗത്ത് സ്തുത്യർഹമായ സേവനം ചെയ്തു വരുന്നു. പാവപ്പെട്ടവർക്കു വീടു നിർമിച്ചു നൽകുന്നതിൽ ഇവരുടെ സേവനം എടുത്തു പറയേണ്ടതുണ്ട്.

1991 ലെ സെൻസസ് പ്രകാരം പഞ്ചായത്തിൽ 11,310 പുരുഷ തൊഴിലാളികൾ ഉള്ളപ്പോൾ 1347 വനിതാ തൊഴിലാളികൾ മാത്രമാണുള്ളത്. അഥവാ 8.7% മാത്രം. സ്ത്രീകൾ താരതമ്യേന കൂടുതലുള്ള തൊഴിൽ മേഖല പപ്പട നിർമാണം, ബുക്ക് ബൈൻറിംഗ് എന്നിവയാണ്. ഒരു D.W.C.R.A യൂണിററു മാത്രമാണ് പഞ്ചായത്തിലുള്ളത്. കൂടാതെ ദേശീയ അവാർഡു ജേതാവായ കെ.വി. റാബിയയുടെ നേതൃത്വത്തിൽ ഒരു കവർ നിർമാണ യൂണിറ്റും പ്രവർത്തിച്ചു വരുന്നു.

## വനിതാ മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ

1. പൊതുരംഗത്ത് വനിതകളുടെ പങ്കാളിത്തം കുറവാണ്
2. മിക്ക തൊഴിൽ മേഖലകളിലും സ്ത്രീകൾക്ക് വേണ്ടത്ര അവസരം ലഭിക്കുന്നില്ല.
3. സ്ത്രീകളുടെ തൊഴിൽ സംരംഭങ്ങൾ വളർത്തിയെടുക്കുന്നതിൽ സംഘടിത ശ്രമങ്ങൾ

കുറവാണ്.
4. D.W.C.R.A യൂണിററുകളുടെ പ്രവർത്തനത്തിൽ നേതൃത്വത്തിൻെറ അഭാവം പ്രകടമാണ്.
5. തൊഴിൽ രംഗത്തു പിടിച്ചു നിൽക്കാനാവശ്യമായ പ്രത്യേക വിദ്യാഭ്യാസം ലഭിക്കുന്നില്ല.
6. തൊഴിൽ നിയമങ്ങളിൽ പരിജ്ഞാന കുറവ് പ്രകടമാണ്.
7. പരിശീലനത്തിന് അവസരങ്ങൾ കുറവാണ്.
8. സർക്കാർ സഹായ പദ്ധതികളെകുറിച്ച് അറിവില്ലായ്മ
9. അംഗനവാടി അധ്യാപികമാർക്ക് ന്യായമായ വേതനം ലഭിക്കുന്നില്ല.
10. തുല്യ ജോലിക്ക് തുല്യ വേതനം ലഭിക്കുന്നില്ല.
11. മാമൂലുകളും അന്ധവിശ്വാസങ്ങളും നിലനിൽക്കുന്നതിനാൽ വിദ്യാഭ്യാസമുണ്ടായിട്ടും ശാസ്ത്രീയ ബോധം വളർന്നിട്ടില്ല.
12. സ്ത്രീധനത്തിൻെറ പേരിൽ നടക്കുന്ന സ്ത്രീ പീഢനം

## പരിഹാര നിർദ്ദേശങ്ങൾ

1. സ്ത്രീകൾക്കിടയിൽ സ്വയം തൊഴിൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
2. വിഭവ സാധ്യതക്കനുസരിച്ച് തൊഴിൽ യൂണിററുകൾ തുടങ്ങാനുള്ള പരിശീലനം നൽകുക.
3. തുല്യ ജോലിക്ക് തുല്യ വേതനം നടപ്പിലാക്കുക.
4. തൊഴിലവസരങ്ങൾ, തൊഴിൽ നിയമങ്ങൾ എന്നിവയെക്കുറിച്ച് വിവരങ്ങൾ ലഭ്യമാക്കുക.
5. പാഠ്യേതര പ്രവർത്തനങ്ങളിൽ പെൺകുട്ടികളുടെ പങ്കാളിത്തം വർദ്ധപ്പിക്കുക.
6. വനിതാ ടൈലറിങ്ങ് ഇൻസ്ററിററ്യൂട്ടുകൾ ആരംഭിക്കുക.
7. നല്ലയിനം പശുക്കളെ സബ്സിഡിയായി വിതരണം ചെയ്യുക.
8. വനിതാ സഹകരണ പപ്പട വ്യവസായം ആരംഭിക്കുക.
9. വനിതാ സഹകരണ നോട്ടുബുക്ക് നിർമാണ യൂണിററ് ആരംഭിക്കുക.
10. വനിതകളെ അവഹേളിക്കുന്ന അശ്ലീല പോസ്റററുകൾ നിരോധിക്കുക.

## ഗ്രാമസഭകളിൽ നിന്നു നിർദ്ദേശിക്കപ്പെട്ട മററു വനിതാ തൊഴിൽ പദ്ധതികൾ

1. സഹകരണാടിസ്ഥാനത്തിലുള്ള റെഡിമെയ്ഡ് വസ്ത്ര നിർമാണം
2. അച്ചാർ, വിനാഗിരി, മല്ലി, മുളക് എന്നിവ പൊടിച്ചു പാക്കു ചെയ്ത് വിപണനം നടത്തുക.
3. ആടു വളർത്തൽ
4. കോഴി വളർത്തൽ
5. പ്ലാസ്ററിക് കസേര മെടയൽ
6. വാനിററി ബാഗ് നിർമാണ യൂണിററ്
7. വനിതാ ടൈപ്പ് റൈററിങ്ങ് ഇൻസ്ററിററ്യൂട്ട്
8. മെഴുകുതിരി നിർമാണം
9. സോപ്പു നിർമാണം
10. മരത്തിൽ കൊത്തു പണി ചെയ്യുന്ന യൂണിററ്
11. തേനീച്ച വളർത്തൽ
12. പഞ്ചായത്തിലൊരു നേഴ്സിങ്ങ് ട്രെയ്നിങ്ങ് സെൻറർ സ്ഥാപിക്കുക.





# സഹകരണം

**5-10**

> ഗ്രാമ സ്വരാജിൽ ഏതൊരു ഗ്രാമത്തിന്റെയും സാമ്പത്തിക പ്രവർത്തനങ്ങൾ സഹകരണാടിസ്ഥാനത്തിൽ നടത്തണം.
>
> ഗാന്ധിജി

ഗ്രാമ പഞ്ചായത്തിൽ സജീവ പങ്കാളിത്തം വഹിക്കേണ്ട ഒരു മേഖലയാണ് സഹകരണം കാർഷികവും അതുമായി ബന്ധപ്പെട്ട അനുബന്ധ മേഖലകളിലും ഗ്രാമീണ ജനതതെ പങ്കാളികളാക്കുന്നതിന് സഹകരണ പ്രസ്ഥാനം പ്രതജ്ഞാ ബദ്ധമാണ്.

1946ൽ പ്രവർത്തനമാരംഭിച്ച തിരൂരങ്ങാടി സർവീസ് സഹകരണ ബാങ്കാണ് പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനങ്ങളിൽ മുൻ പന്തിയിൽ നിൽക്കുന്നത്. പഞ്ചായത്തിന്റെ പരിധിയിൽ നിലവിലുള്ള സഹകരണ സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

1. തിരൂരങ്ങാടി സർവീസ് സഹകരണ ബാങ്ക്
2 " " വെന്നിയൂർ ശാഖ
3. തിരൂർ താലൂക്ക് കാർഷിക വികസന ബേങ്ക്
4. തിരൂരങ്ങാടി എസ്.സി/എസ്.ടി സർവീസ് സഹകരണ സംഘം
5. ഡി.ഡബ്ല്യൂ. സി.ആർ.എ യൂണിററ്, പന്താരങ്ങാടി

കൂടാതെ നാല് സ്കൂൾ സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നു. പുസ്തക വിൽപന മാത്രമാണ് അവ നടത്തി വരുന്ന പ്രവർത്തനം.

നിലവിലുള്ള സഹകരണ സംഘങ്ങളുടെ വിശദമായ വിവരം പട്ടിക അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.

## പ്രശ്നങ്ങൾ

1. കാർഷിക രംഗത്ത് സഹകരണ സംഘങ്ങളുടെ സഹായം വേണ്ട വിധത്തിൽ ലഭിക്കുന്നില്ല.
2. കാർഷിക വികസന ബാങ്ക് വഴി വായ്പ ലഭിക്കുന്നതിന് ഉണ്ടായിരിക്കേണ്ട സ്ഥലത്തിന്റെ വിസ്തൃതി നിജപ്പെടുത്തിയിരിക്കുന്നത് കൊണ്ട് പഞ്ചായത്തിൽ ബഹുഭൂരിപക്ഷത്തിനും പ്രസ്തുത ബാങ്കിൽ നിന്നുള്ള സഹായം ലഭിക്കുന്നില്ല.
3. ക്ഷീരോൽപ്പാദന രംഗത്തുള്ള സാധ്യത ഉപയോഗിക്കാ കഴിയുന്നില്ല.
4. വനിതാ സഹകരണ സംഘങ്ങളുടെ അഭാവം മൂലം സാധ്യതകൾ ഉപയോഗിക്കാൻ കഴിയുന്നില്ല.

## സഹകരണ മേഖല മെച്ചപ്പെടുത്തുന്നതിനുള്ള നിർദേശങ്ങൾ

1. നിക്ഷേപ സമാഹരണം മെച്ചപ്പെടുത്തുക.
2. കാർഷിക വായ്പകൾ ഉദാരമാക്കുക.
3. സഹകരണ ബാങ്കിനു കീഴിൽ ചിട്ടികൾ തുടങ്ങുക.
4. വളവും കാർഷിക ഉൽപ്പന്നങ്ങളും വിതരണം ചെയ്യാനും കാർഷിക ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും സഹകരണ ബാങ്കിനു കീഴിൽ സംവിധാനം ഏർപ്പെടുത്തുക.
5. തൃക്കുളം പാലത്തിങ്ങൽ, കരിപറമ്പ്, ചെമ്മാട് കേന്ദ്രമാക്കിയും തിരൂരങ്ങാടി, കക്കാട് കേന്ദ്രമാക്കിയും, കരിമ്പിൽ, വെന്നിയൂർ കേന്ദ്രമാക്കിയും മൂന്നു ക്ഷീര ഉൽപ്പാദന വിതരണ കേന്ദ്രങ്ങൾ ആരംഭിക്കുക.
6. ഗ്രൂപ്പ് ഫാമിംഗ് നടത്തുന്നതിന് വായ്പ ഉദാരമാക്കുക.
7 ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിച്ച് അതുവഴി നല്ലയിനം പശുക്കുട്ടികളെ വിതരണം നടത്തുക.
8. വനിതാ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.
9. വെന്നിയൂരിലും പന്താരങ്ങാടിയിലും ഓരോ കൺസ്യൂമർ സഹകരണ സംഘങ്ങൾ രൂപീകരിച്ച് നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുക.

10. കാർഷിക ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും വിപണനം നടത്തുന്നതിനും ആവശ്യമായ വായ്പ ലഭ്യമാക്കുക.
11. എല്ലാ കർഷകരെയും അംഗങ്ങളാക്കി സഹകരണ ബാങ്കിൻെറ മൂലധനം വർദ്ധിപ്പിക്കുക.
12. കാർഷിക ആവശ്യങ്ങൾക്കു നബാർഡിൽ നിന്നും ആനുകൂല്യം ലഭിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുക.
13. സഹകരണ ബാങ്കിനു കീഴിൽ ഒരു കോക്കനട്ട് ഗ്രോവേഴ്സിന് സംഘം രൂപീകരിക്കുക.
14. സഹകരണാടിസ്ഥാനത്തിൽ ആടു വളർത്തൽ കേന്ദ്രം കോഴി വളർത്തൽ കേന്ദ്രം എന്നിവ ആരംഭിക്കുക.
15. കുറഞ്ഞ മുതൽ മുടക്കിൽ കൂടുതൽ വരുമാനം നൽകുന്ന ഒരു സ്വയം തൊഴിൽ യൂണിററാണ് സെറികൾച്ചർ സഹകരണാടിസ്ഥാനത്തിൽ ഒരേക്കർ സ്ഥലത്ത് ഇതിൻെറ വിവിധ ഘട്ടങ്ങളിൽ നിന്നു 5 പേർക്കു തൊഴിലവസരം ലഭിക്കുന്നതാണ്.

**അനുബന്ധം 13**

**സഹകരണ സംഘം സംബന്ധിച്ച വിവരണം**

| | |
|---|---|
| 1. സ്ഥാപനത്തിൻെറ പേര് | തിരൂരങ്ങാടി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം ന. എഫ്. 1185 |
| 2 പ്രവർത്തന പരിധി | തിരൂരങ്ങാടി പഞ്ചായത്ത് |
| 3 ക്രെഡിറ്റ്/ നോൺ ക്രെഡിറ്റ് | ക്രെഡിറ്റ് |
| 4 പ്രവർത്തനം ആരംഭിച്ച വർഷം | 1946 |
| 5 ആകെ ഓഹരിയുടെ വില | 5120 |
| 6 ഒരു ഓഹരിയുടെ വില | 5 രൂപ |
| 7 അംഗീകൃത ഓഹരി മൂലധനം | 3600000 |
| 8 പിരിഞ്ഞു കിട്ടിയ മൂലധനം | 969430 |
| 9 സർക്കാർ ഓഹരിയുണ്ടോ | ഉണ്ട് |
| 10 ഉണ്ടെങ്കിൽ ലഭിച്ച തുക | 99700 |
| 11 പരമാവധി കടം കൊടുക്കാവുന്ന തുക | 100000 രൂപ |
| 2. പൊതു ജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപം | |
| എ) സ്ഥിരം | 23395280 രൂപ |
| ബി) ഹ്രസ്വകാലം | 7385260 രൂപ |

## 3. നൽകിയിട്ടുള്ള വായ്പകൾ

### എ) കാർഷിക വായ്പകൾ

| | ഇനം | തുക |
|---|---|---|
| 1 | എസ്.ടി | 683511 |
| 2. | എൽ.ടി | 121100 |

### ബി) മററു വായ്പകൾ

| ഇനം | തുക |
|---|---|
| എസ്.ടി | 30145260 |
| എം.ടി | 6076962 |
| എൽ.ടി | 6190 |

### സി) പ്രത്യേക വായ്പകൾ

| ഇനം | തുക |
|---|---|
| ഐ.ആർ.ഡി.പി | 17195 |
| വെൽ | 112535 |

**4) സ്ഥാപനങ്ങളിൽ നിന്നും സ്വീകരിച്ച വായ്പകൾ**

| സ്ഥാപനം | സ്വഭാവം | തുക |
|---|---|---|
| എം.ഡി.സി ബാങ്ക് | ഗോൾഡ് ലോൺ | 9000000 |
| " | എജി എസ്.ടി | 662800 |
| | എജി എൽ.പി | 6294 |

**5) കാലാവധി കഴിഞ്ഞിട്ടും കിട്ടാനുള്ളവ**

| വായ്പാ സ്വഭാവം | തുക |
|---|---|
| എജി. എസ്.ടി | 71230 |
| എസ്.ടി | 1639700 |
| എം.ടി | 28551 |

**6) സ്ഥാപനത്തിൻെറ ചെലവ്**

| | |
|---|---|
| എസ്റ്റാബ്ലിഷ്മെൻറ് സ്കീം | 712000 |
| കണ്ടജൻസി | 365000 |

**7) ജീവനക്കാർ സ്ഥിരം 20.- തൽക്കാലികം 2**

2.

| | |
|---|---|
| 1) സ്ഥാപനത്തിൻെറ പേര് | തിരൂരങ്ങാടി പട്ടികജാതി സർവീസ് സഹകരണ സംഘം |
| 2) പ്രവർത്തന പരിധി | മൂന്നിയൂർ-തിരൂരങ്ങാടി പഞ്ചായത്തുകൾ |
| 3) ക്രെഡിററ്/നോൺ ക്രെഡിറ്റ് | ക്രെഡിറ്റ്സൊസൈറ്റ് |
| 4) പ്രവർത്തനം ആരംഭിച്ച വർഷം | 1986 |
| 5) ആകെ അംഗങ്ങൾ | 712 |
| 6) ഒരു ഓഹരിയുടെ വില | 10 രൂപ |
| 7) അംഗീകൃത ഓഹരി മൂലധനം | 7120 |
| 8) പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം | 11950 |
| 9) സർക്കാർ ഓഹരിയുണ്ടോ | ഇല്ല |
| 10) ഉണ്ടെങ്കിൽ ലഭിച്ച തുക | -- |
| 11) പരമാവധി കടം കൊടുക്കാവുന്ന സംഖ്യ | 4000 രൂപ |

**2) പൊതു ജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപം**

| | |
|---|---|
| എ) സ്ഥിരം | -- |
| ബി) ഹ്രസ്വകാലം | ഹ്രസ്വകാലം (എച്ച്.എസ്.ഡി) ഹോം സേഫ് ഡെപ്പോസിറ്റ് |

| **3) നൽകിയിട്ടുള്ള വായ്പകൾ** | ഇനം | 89 |
|---|---|---|
| എ) കാർഷിക വായ്പകൾ | | |
| കൃഷി പണി | 12 | 10400.00 |
| 2)ആടു വളർത്തൽ | 7 | 7667.00 |
| 3)പായ നെയ്ത്ത് | 28 | 31854.00 |
| 4) പശു വളർത്തൽ | 2 | 4000.00 |
| 5) ഉഴവു കാള | 1 | 1667.00 |

| ബി)മറ്റു വായ്പകൾ | ഇനം | തുക | |
|---|---|---|---|
| 1) മുൻ കടം വീട്ടുന്നതിന് | 11 | 8,8050.00 | |
| 2) വീടു നന്നാക്കാൻ | 18 | 16,000.00 | |
| 3) സ്വയം തൊഴിൽ കണ്ടെത്തുന്നതിന് | 6 | 8587.00 | |
| 4) പണി ആയുധങ്ങൾ വാങ്ങുന്നതിന് | 4 | 3413.00 | |
| ഗ്രാൻറ്ടോട്ടൽ | 89 | ഗ്രാൻറ് ടോട്ടൽ | 91238.00 |

**പ്രത്യേക വായ്പകൾ** **ഇനം** **തുക**

## സ്ഥാപനങ്ങളിൽ നിന്നും സ്വീകരിച്ച വായ്പകൾ

| സ്ഥാപനം | സ്വഭാവം | തുക |
|---|---|---|
| ഡിസ്ട്രിക് ബാങ്ക് | | 59212 |

### കാലാവധി കഴിഞ്ഞിട്ടും കിട്ടാനുള്ളവ

| വായ്പാ സ്വഭാവം | തുക |
|---|---|
| 1 Short Term Loans | 3000 |
| 2. Self Employment | 5600 |
| 3. പണി ആയുധങ്ങൾ വാങ്ങുന്നതിന് | 2500 |
| 4. വീട് നന്നാക്കുന്നതിന് മുൻകടം വീട്ടാൻ | 1000 |
| 5. ആട്, പശു, പായ നെയ്ത്ത് എന്നിവക്ക് | 3144.75 |
| **ആകെ** | **15244.75 + പലിശ 22,528 രൂപ** |

| | |
|---|---|
| 6) Establishment Charge | Salary Expenses |
| Contingennies | Other Expenses |

### വായ്പാ സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനം

1) പട്ടിക ജാതി ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിൽ വരുത്തുക.
2) അംഗങ്ങൾക്കാവശ്യമായ ഹ്രസ്വകാല ദീർഘ കാലം വായ്പകൾ ലഭ്യമാക്കുക, പണിക്കോപ്പുകൾ, യന്ത്രങ്ങൾ എന്നിവ അംഗങ്ങൾക്ക് ലഭ്യമാക്കുക.
3) ഡിപ്പോസിററുകൾ സ്വീകരിക്കുക. അംഗങ്ങളുടെ ഇടയിൽ മിതവ്യയവും സ്വാശ്രയശീലവും വളർത്തുന്നതിനും, സഹകാരിതയേയും പ്രോൽസാഹിപ്പിക്കുക.



തിരൂരങ്ങാടി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൻെറ വെന്നിയൂർ ശാഖ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് കെ.പി. മറിയുമ്മ ഉദ്ഘാടനം ചെയ്യുന്നു.

# പട്ടികജാതി പട്ടികവർഗ ക്ഷേമം

## 5-11

**തി**രൂരങ്ങാടി ഗ്രാമപഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ ഏതാണ്ട് 3% മാത്രമേ പട്ടികജാതി പട്ടിക വർഗ വിഭാഗത്തിൽ പെടുന്നുള്ളൂ. ഇതിൽ ഏതാണ്ട് 75% ത്തോളം 4-ാം വാർഡിൽ സ്ഥിരതാമസക്കാരാണ്. ബാക്കി വരുന്ന 25% പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ കോളനിയായും ഒററപ്പെട്ടും താമസിക്കുന്നു. ഇവരിൽ 70%ത്തോളം കാർഷിക തൊഴിലാളികളും ബാക്കി വരുന്നവർ മററു വിവിധ തൊളിലുകളിലും ഏർപ്പെട്ടിരിക്കുന്നു.

വിദ്യാഭ്യാസ സാമൂഹിക സാമ്പത്തിക മേഖലകളിൽ പുരോഗതി കൈവരിക്കുന്നതിൽ പട്ടിക ജാതി, പട്ടികവർഗ വിഭാഗം വളരെ പിന്നോക്കമാണ്. വിദ്യാഭ്യാസ സാമൂഹിക സാമ്പത്തിക രംഗത്ത് വളരെക്കാലം ചൂഷണത്തിന് വിധേയമായിരുന്ന ഈ വിഭാഗത്തിന് മിച്ച ഭൂമി ലഭ്യതയും കുടിക്കിടപ്പവകാശ്വും ഒരു പരിധി വരെ സാമൂഹിക പുരോഗതി കൈവരിക്കാൻ സഹായിച്ചിട്ടുണ്ട്. മുൻ കാലങ്ങളിൽ അനുഭവിച്ചിരുന്ന അനാചാരങ്ങളിൽ നിന്നും ഉച്ച നീചത്വങ്ങളിൽ നിന്നും മോചനം നേടാൻ കഴിഞ്ഞിട്ടുണ്ട്. ജാതി മത ഭേദമില്ലാതെ എല്ലാതരം ചടങ്ങുകളിലും പൊതു പരിപാടികളിലും ഒട്ടും മോശമല്ലാത്ത പരിഗണനയും പരിലാളനയും ലഭിച്ചു വരുന്നു.

കേന്ദ്ര സംസ്ഥാന സർക്കാറുകൾ ഈ വിഭാഗത്തിൻെറ വളർച്ചക്കു വേണ്ടി നടപ്പാക്കുന്ന പല പദ്ധതികളും യഥാസമയം അറിയാനും അനുഭവിക്കാനും പദ്ധതികളിലെ പ്രയാസമേറിയ നിബന്ധനകൾ കൊണ്ടും ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല എന്നത് ഒരു സത്യം മാത്രമാണ്. കോളനി നിവാസികൾക്കു സർക്കാർ നൽകുന്ന നിരവധി സൗജന്യങ്ങൾ ഭാഗികമായി അനുഭവിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും മൊത്തം പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് ഈ നേട്ടം കൈവരിക്കാ കഴിഞ്ഞിട്ടില്ല.

പഞ്ചായത്തിൽ 2 അംഗീകൃത കോളനികൾ ഉൾപ്പടെ 5 കോളനികൾ ഉണ്ട്. കൂടാതെ ഒരു സെററിൽമെൻറും ഉണ്ട്. ലഭ്യമായ കണക്കനുസരിച്ച് കോളനിയിലടക്കം ജനസംഖ്യ 1400 ൽ അധികമാണ്. കോളനികളുടെ പട്ടിക താഴെ ചേർക്കുന്നു.

| ക്രമനമ്പർ | കോളനിയുടെ പേര് | വീടുകളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം | കോൺക്രീറ്റ് | ഓട് | ഓല | ആവശ്യമുള്ള വീടുകളുടെ എണ്ണം | കക്കൂസ് ആവശ്യമുള്ളവർ | ആവശ്യമുള്ള കക്കൂസുകളുടെ എണ്ണം | ശുദ്ധജലം | വൈദ്യുതി ഉള്ളത് | ഇല്ലാത്തത് |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | കോട്ടുപാലക്കാട് കോളനി | 28 | 151 | 4 | 19 | 5 | 5 | 12 | 16 | കിണർ | 19 | 9 |
| 2 | കണ്ണാടിത്തടം കോളനി | 30 | 181 | 1 | 17 | 5 | 7 | 12 | 18 | പൈപ്പ് | ഇല്ല | ഇല്ല |
| 3 | കോട്ടുവാലപ്പറമ്പ് | 21 | 149 | - | 15 | 4 | 2 | 9 | 12 | പൈപ്പ് | - | ഇല്ല |
| 4 | കാരയിൽ | 13 | 82 | - | 9 | 4 | 4 | 3 | 10 | കിണർ പൈപ്പ് | - | ഇല്ല |
| 5 | കപ്രാട്ടു പടി | 20 | 121 | 2 | 14 | 4 | 4 | 8 | 12 | കിണർ | 16 | 4 |
| 6 | ചുള്ളിപ്പാറ | 17 | 98 | - | 12 | 5 | 5 | 6 | 11 | കിണർ പൈപ്പ് | | ഇല്ല |

വിവിധ ഭാഗങ്ങളിൽ ഒറ്റപ്പെട്ട വീടുകൾ - 97/600 അംഗങ്ങൾ

## തൊഴിൽ

തലമുറകളായി പിന്തള്ളപ്പെട്ടു പോയ പട്ടികജാതി പട്ടിക വർഗത്തിലെ ജനവിഭാഗങ്ങൾ ഇന്നും തീർത്തും പിന്നോക്കാവസ്ഥയിൽ പെട്ടവർ തന്നെയായിട്ടാണ് കാണാൻ കഴിയുന്നത്. യഥാർത്ഥ മണ്ണിൻെറ മക്കളായിരുന്ന അവർക്കു ആധുനികതയുടെ പരിവേഷത്തിൽ നഷ്ടപ്പെട്ടു പോയി കൊണ്ടിരിക്കുന്നത് പരമ്പരാഗതമായി അവരിൽ ലയിച്ചു കിടന്നിരുന്ന അസ്ഥിത്വമാണ്. കൃഷിയും കന്നുകാലി വളർത്തലും മററും ഉപജീവനമാക്കി വന്നിരുന്ന ഭൂരിഭാഗവും ഇന്നു യാഥാർത്ഥത്തിൽ പടിച്ചു നിൽക്കാൻ കഴിയാത്തവരാണ്. അടുത്ത കാലങ്ങളിലായി കൃഷി ഭൂമിയിലും മററും വന്ന മാററം പുത്തൻ സാമ്പത്തിക പ്രശ്നങ്ങൾ വരുത്തി വെച്ചതിൻെറ മാററമാണെന്നു കാണാം. കൃഷിഭൂമിയിലെല്ലാം മണ്ണിട്ടു നികത്തി കോൺക്രീററ് കൃഷി തുടങ്ങി വരുന്നതിനാൽ ഉപജീവന മാർഗമായി കരുതി വന്നിരുന്ന കൃഷിയും ബന്ധപ്പെട്ട തൊഴിൽ മേഖലകളെയും ഉപേക്ഷിച്ച് ജീവിത മാർഗത്തിനായി മററു മേഖലകളെ ആശ്രയിച്ചു വരുന്നു. ഉദാഹരണത്തിന്. ഒരു ജോഡി കന്നുകളുള്ള ഒരാൾക്ക് അവയെ ഉപയോഗിക്കാൻ കഴിയാതെ തക്ക സമയത്ത് വന്നു ചേക്കേറുന്ന യന്ത്രകന്നുകൾ മൊത്തമായും ചില്ലറയായും ഉഴുതു മറിക്കലുകൾ നടത്തി യഥാർത്ഥത്തിൽ ഇത്തരം അനുഭവസ്ഥരെ ശരിക്കും നിരാശരാക്കുന്നു. അപ്പോൾ പിന്നെ ഉപജീവന മാർഗമായി നിർമാണ മേഖലയിൽ ~~[illegible]~~ കൂടി വരുന്നു. പട്ടകജാതി/പട്ടികവർഗക്കാരും മററും പിന്നോക്കകൊരുമായ അധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ കർമ ശേഷി ശരിയായി പ്രയോജനപ്പെടുത്തി കാർഷിക മേഖലയെ പഴയ നിലയിലേക്ക് കൊണ്ടു വന്ന് ആകർഷകമാക്കാൻ വേണ്ടപ്പെട്ടവർ ശ്രദ്ധിക്കണം.

## പാർപ്പിടം

2 സെൻററ് മുതൽ 10 സെൻററ് വരെ ഭൂമിയുടെ ഉടമകലായവരും പുറമ്പോക്ക് മിച്ചഭൂമി എന്നിവയിൽ താമസിക്കുന്നവരുമായ ഭൂരിഭാഗം പേർക്കും ഇന്നും പാർപ്പിടം പ്രശ്നം തന്നെയാണ്. അംഗങ്ങളുടെ ബാഹുല്യം നിമിത്തം നിന്നു തിരിയാൻ പററാത്ത അവസ്ഥയിലുള്ള കുടുസ് വീടുകൾ തന്നെയാണിന്നും. 5/10 സെൻററ് ഭൂമിയുള്ളവർക്കു അവരുടെ വരുമാനം കൊണ്ട് അത്യാവശ്യം ഉപകരിക്കാൻ പററിയ വീട് നിർമിക്കാൻ കഴിയാതെ വരുന്നു. അപ്പോൾ പട്ടയം, ആധാരം മററു പ്രമാണങ്ങൾ എന്നിവ പണയപ്പെടുത്തി അമിത പലിശക്കു കടം വാങ്ങാൻ ബന്ധപ്പെട്ട ഓഫീസുകളിൽ കയറിയിറങ്ങി സമയം കളയുന്ന അവസ്ഥയിൽ നിന്ന് പട്ടികജാതി/പട്ടിക വർഗക്കാരെ ഒഴിവാക്കി ഇന്നുള്ള സഹായങ്ങൾക്ക് പുറമെ 'രാജീവ് ദശലക്ഷം' , 'മൈത്രീ ഭവനം' പോലുള്ള വിവിധ പദ്ധതികൾ കുറെകൂടി വിപുലീകരിച്ച് ഈ വിഭാഗത്തിൻെറ പാർപ്പിട പ്രശ്നങ്ങൾ ഉദാരവൽക്കരിച്ച് നടപ്പിലാക്കേണ്ടിയിരിക്കുന്നു. ആയതിന് എത്ര ചെലവാക്കിയാലും അത് ~~ഈ വിഭാഗക്കാർക്ക്~~ അധികമാവുകയില്ല. 2000-ാംമാണ്ടിലേക്ക് കടക്കാൻ വെമ്പുന്ന ഈ സന്ദർഭം ഈ രംഗത്തും ആശാവഹമായ നേട്ടമുണ്ടാക്കാൻ ഗവ. തലത്തിലും മററു ഏജൻസികളും കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## കക്കൂസ്

പട്ടികജാതി പട്ടികവർഗക്കാരിൽ മിക്കവാറും 4-5-10 സെൻററ് ഭൂമിക്കുടമകളായവരാണ്. ആയതിനാൽ ഓരോ കുടുംബത്തിലും താരതമ്യേന കൂടുതലായുള്ള അംഗങ്ങൾ ഉള്ളതിനാൽ ഇന്നും അനവധി പേർക്കും വീട്ടിൽ സ്വന്തമായി കക്കൂസ് സൗകര്യങ്ങളില്ല. മിക്കപേരും വെളിപ്രദേശങ്ങളെയാണ് ആശ്രയിക്കുന്നത് കോളനികളിലും ഒററപ്പെട്ടു കിടക്കുന്ന എല്ലാ പട്ടികജാതി പട്ടികവർഗക്കാർക്കും ഉപാധികൾ കൂടാതെ കക്കൂസ് നിർബന്ധമായും അനുവദിക്കേണ്ടതാണ്.

## വിദ്യാഭ്യാസം

വിദ്യാഭ്യാസ രംഗത്ത് നിലവിലുള്ള ആനുകൂല്യങ്ങൾ ശരിയായ രീതിയിൽ പ്രയോജനപ്പെടുത്താൻ ആവശ്യമായ ബോധവൽക്കരണം വേണം. പഠന നിലവാരം ഉയർത്താൻ മെട്രിക് ഹോസ്ററൽ സ്ഥാപിക്കേണ്ടതാണ്. തിരൂരങ്ങാടി താലൂക്ക് ആസ്ഥാനമായ ചെമ്മാടിന് സമീപമുള്ള ഹരിജൻ വെൽഫേർ അപ്പർ പ്രൈമറി സ്കൂൾ പ്രസ്തുത ആവശ്യത്തിലേക്ക് ഹോസ്ററൽ സൗകര്യങ്ങളോടെ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ ആക്കി ഉയർത്തേണ്ടതാണ്. താലൂക്കി വെൽഫേർ ആപ്പീസ് താലൂക്ക് ആസ്ഥാനത്ത് സ്ഥാപിക്കുക.

## കുടിവെള്ളം - വൈദ്യുതി

കോളനികളിലേക്ക് ആവശ്യമായ കുടിവെള്ളം വൈദ്യുതി എന്നിവ എത്തിക്കാനുള്ള പ്രത്യേക പദ്ധതികൾ നടപ്പാക്കേണ്ടതാണ്.

## കുടിൽ വ്യവസായങ്ങൾ

പട്ടികജാതി - പട്ടിക വർഗക്കാരുടെ സഹകരണ സംഘത്തിൻെറ പ്രവർത്തനം ഊർജിതമാക്കിയും മററു ഏജൻസികളെ ഏകോപിപ്പിച്ചും കുടിൽ വ്യവസായങ്ങൾ ആരംഭിച്ചും തൊഴിൽ രഹിതരായവർക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

കോളനിക്കകത്ത് അനുയോജ്യമായ സ്ഥലത്തി സോഡിയം വേപ്പർ ലാമ്പ് അനുവദിക്കുക. കാലപ്പഴക്കം കൊണ്ട് ഉപയോഗ ശൂന്യമായ വീടുകൾക്ക് അററകുററപണികൾക്കി ഫണ്ട് അനുവദിക്കുക. പുതുതായി വീട് അനുവദിക്കേണ്ടവർക്ക് സഹായ ധനം ലഭ്യമാക്കുക.

കോളനികളിൽ ലൈബ്രറി റീഡിങ്ങ് റൂം എന്നിവയും ടി.വി, റേഡിയോ എന്നിവയും അനുവദിക്കുക.

52-ഓളം വരുന്ന കുടുംബങ്ങളായി താമസിക്കുന്ന അംബേദ്കർ കോളനിക്കു ചുറ്റും മതിൽ കെട്ടി വെള്ളപ്പൊക്ക ഭീഷണിയിൽ നിന്നും കോളനി നിവാസികളെ സംരക്ഷിക്കണം. കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തുക, വനിതകൾക്കു തഴപായ നെയ്ത്ത്, പുരുഷൻമാർക്ക് കുട്ട മെടച്ചിൽ എന്നിവയിൽ തൊഴിൽ സാധ്യത ഉണ്ടാക്കുക. കൃഷിഭവനുമായി സഹകരിച്ച് കോഴി വളർത്തൽ, പച്ചക്കറി തോട്ട നിർമാണം എന്നിവ നടപ്പിലാക്കുക. വനിതകൾക്കു റെഡിമെയ്ഡ് നിർമാണ സംരഭം തുടങ്ങുന്നതിന് ധനസഹായം അനുവദിക്കുക. 161-ഓളം വരുന്ന പട്ടികജാതിക്കാരും 450-ഓളം വരുന്ന മറ്റു വിഭാഗക്കാരും തിങ്ങിതാമസിക്കുന്ന കണ്ണാടിത്തടം പ്രദേശത്ത് ഒരു പി.എച്ച്.സി സബ്സെൻറർ അനുവദിക്കുക. ശുദ്ധജലാശയങ്ങളിൽ നിന്നു മൽസ്യം പിടിച്ചു വിൽപന നടത്തുന്നതിനും അതോടൊപ്പം മൽസ്യകൃഷി നടത്തുന്നതിനും സഹായ ധനം അനുവദിക്കുക. പുരാതന കാലം മുതൽ പട്ടികജാതിക്കാർ ആരാധന നടത്തി വരുന്ന വല്ല്യാളക്കൽ ഭഗവതി ക്ഷേത്രം, സാമൂഹ്യ വിരുദ്ധരിൽ നിന്നും സംരക്ഷിക്കുന്നതിനു വേണ്ടി ചുറ്റുമതിൽ നിർമിക്കാൻ ഫണ്ട് അനുവദിക്കുക. ക്ഷേത്രത്തിൻെറ അടുത്തു വരെ എത്തി നിൽക്കുന്ന റോഡ് ക്ഷേത്രം വരെ നീട്ടാനും ക്ഷേത്രത്തിലേക്ക് വൈദ്യുതി എത്തിക്കാനും വേണ്ട നടപടി സ്വീകരിക്കുക. കോളനികളിൽ ക്ഷീര വ്യവസായ യൂണിറ്റ് സ്ഥാപിക്കുക. തിരൂരങ്ങാടി പഞ്ചായത്തിലെ ആമക്കുളം ഭാഗത്തു താമസിക്കുന്ന 11 പട്ടികജാതി കുടുംബങ്ങളെ ഉൾപ്പെടുത്തി സെറ്റിൽമെൻറായി പരിഗണിക്കുക. മുകളിൽ വിവരിച്ച പദ്ധതികൾക്ക് ധനസഹായം അനുവദിക്കുകയാണെങ്കിൽ അതാത് ഗുണഭോക്താക്കൾ വിഭവ ശേഷി സമാഹരിച്ച് പ്രസ്തുത പരിപാടികൾ വിജയിപ്പിക്കുന്നതാണ്. തിരൂരങ്ങാടി പഞ്ചായത്തിലെ 2-ാം വാർഡിൽ സ്ഥിതിചെയ്യുന്ന ലക്ഷം വീടു കോളനിയിലേയും ഒറ്റപ്പെട്ടു കിടക്കുന്ന മറ്റു പട്ടികജാതിക്കാരുടെയും ഉന്നമനത്തിനും പട്ടികജാതി സംവരണ മണ്ഡലമായ പ്രസ്തുത വാർഡിൻെറ സമഗ്രവികസനത്തിന് ഒരു നിർമാണ തൊഴിൽ യൂണിറ്റ് അനുവദിക്കുക. തിരൂരങ്ങാടി പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ഒറ്റപ്പെട്ടു കിടക്കുന്ന സ്വന്തമായി വീടും സ്ഥലവുമില്ലാത്ത പട്ടികജാതി വിഭാഗങ്ങൾക്ക് അടുത്ത 5 വർഷത്തിനുള്ളിൽ വർദ്ധിക്കുന്ന കുടുംബങ്ങളെ കണക്കാക്കി സുമാർ 35-ഓളം കുടുംബങ്ങൾക്ക് പാർപ്പിടം, വൈദ്യുതി, ശുദ്ധജലം എന്നിവക്ക് ആവശ്യമായ ഫണ്ട് അനുവദിക്കുക.

# വിഭവ സമാഹരണം

5-12

നമ്മുടെ ഗ്രാമ പഞ്ചായത്തിൽ പറയത്തക്ക വ്യവസായങ്ങളൊന്നുമില്ല. ആകെയുള്ളത് വെന്നിയൂരിലെ മലബാർ സ്ററീൽ റീ-റോളിങ്ങ് മിൽ ആണ്. അത് തന്നെ കൊല്ലങ്ങളോളമായി പൂട്ടിക്കിടക്കുകയായിരുന്നു. ഇപ്പോൾ തുറന്ന് പ്രവർത്തിച്ചിട്ടുണ്ടെങ്കിലും വൈദ്യുത പ്രശ്നം അലട്ടുന്നു.

കാർഷികരംഗം ഇന്ന് മുരടിക്കുകയാണ്. കൃഷി നിലങ്ങൾ താമസപ്പറമ്പുകളായി അനുദിനം മാറിക്കൊണ്ടിരിക്കുകയും ഉൽപാദനക്ഷമത അനുദിനം ഇടിഞ്ഞും കൊണ്ടിരിക്കുന്നു. കർഷകർക്ക് കാർഷികത്തൊഴിലിൽ പ്രാവീണ്യമുള്ളവരെ കിട്ടാതെ വിഷമിക്കുകയാണ്. ഉള്ളവർ തന്നെ ഈ രംഗത്തു നിന്നും മാറി മററു തൊഴിലുകളിൽ ഏർപ്പെട്ടിട്ടുണ്ട്. ഈ ജോലി ചെയ്യുന്നവർ തന്നെ ഉയർന്ന കൂലി നിരക്കാണ് ആവശ്യപ്പെടുന്നത്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാതെ വിഭവ സമാഹരണം ഈ രംഗത്ത് വർദ്ധിപ്പിക്കാനാവില്ല.

ഈ രണ്ടു മണ്ഡലങ്ങളിലും ഫലപ്രദമായി ഇടപെടാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്കു നൽകിയാൽ ഗുണഫലങ്ങൾ താമസമന്യേ നേടാവുന്നതാണ്.

സർക്കാർ പഞ്ചായത്തുകൾക്ക് വിഹിതമായി നൽകുന്ന ഗ്രാൻറുകൾ (ബേസിക് ടാക്സ്, വെഹിക്കിൾ ടാക്സ്, വി.ആർ.എം ഗ്രാൻറുകൾ) വളരെയധികം കുറഞ്ഞ നിരക്കിലാണ് കിട്ടിക്കൊണ്ടിരിക്കുന്നത്. കാലാനുസൃതമായി നിരക്കിൽ വർദ്ധനവ് വരുത്തി വിഭവം ഉയർത്തേണ്ടതാണ്. പഞ്ചായത്തി രാജ് നിയമം മൂലംപഞ്ചായത്തിന് അർഹതപ്പെട്ട സ്വത്തു കൈമാററ നികുതി 75% എന്നതിനു പകരം 100% എന്നാക്കി മാററിവരുമാനം വർദ്ധിപ്പിക്കുക.

1991 ലെ സെൻസസ് പ്രകാരം 43645 ജനസംഖ്യയുള്ള നമ്മുടെ ഗ്രാമപഞ്ചായത്തിൽ 75% ജനങ്ങളും ദാരിദ്ര രേഖക്ക് അടിയിലുള്ള പിന്നോക്ക സമുദായത്തിൽ പെട്ടവരാണ് ജനസംഖ്യയിൽ മുൻപന്തിയിലാണെങ്കിലും പട്ടികജാതി പട്ടികവർഗ ജനസംഖ്യ കുറവാണ്. ആയതിനാൽ കേന്ദ്രഗവൺമെൻറിൻെറ നെഹ്റു തൊഴിൽ ദാന പദ്ധതി വിഹിതം പകുതി മാത്രമാണ് കിട്ടിക്കൊണ്ടിരിക്കുന്നത്. ഇത് ജനസംഖ്യ അടിസ്ഥാനത്തിൽ വിഹിതം കണക്കാക്കി തരികയാണെങ്കിൽ ഈ ഗ്രാമപഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗക്കാരടക്കമുള്ള ദുർബല വിഭാഗത്തിൽ പെട്ട ജനങ്ങൾക്ക് പ്രയോജനപ്രദമാകും. ആയതിന് നിയമം മൂലം മാററം വരുത്തേണ്ടതാണ്. ഇത്തരം ഗ്രാൻറുകളുടെ നീതി പൂർവമായ വിതരണത്തിന് ഇതാവശ്യമാണ്.

### കെട്ടിട നികുതി

ഓരോ 5 കൊല്ലം കൂടുമ്പോഴും ഗ്രാമപഞ്ചായത്തുകൾ നിലവിലുള്ള കെട്ടിടങ്ങളുടെ നമ്പർ പുതുക്കി നൽകി വാടകയോ മൊത്തം നിർമാണ ചെലവോ കണക്കാക്കി നികുതി അസസ്മെൻറ് പൂർത്തിയാക്കുകയാണ് പതിവ്. ഇത് നിലവിലുള്ള ഉദ്യോഗസ്ഥൻമാർ തന്നെയാണ് ചെയ്യുന്നതെങ്കിലും ശാസ്ത്രീയമല്ല. കാരണം സാങ്കേതിക വൈദഗ്ദ്യമുള്ള ജീവനക്കാരില്ല. അതിനാൽ പലപ്പോഴും അപാകതകൾ വന്നു കൂടാറാണ് പതിവ്. ഇതു പരിഹരിക്കാൻ വാടകക്കു നൽകുന്ന കെട്ടിടത്തിൽ വാടകയുടെ അടിസ്ഥാനത്തിൽ സ്വന്തം താമസിക്കാൻ ഉണ്ടാക്കിയ വീടുകൾക്ക് തറ വിസ്തീർണം കണക്കാക്കി ഒര സ്ലാബ് സമ്പ്രദായം കൊണ്ടു വരുന്നത് ഉചിതമായിരിക്കും. മാത്രമല്ല ഉദ്യോഗസ്ഥർ അഴിമതി ചെയ്യുന്നുവെന്ന പരാതി ഒഴിവാക്കുകയും ചെയ്യാം. കൂടാതെ പഞ്ചായത്തിലിന്നുള്ള വരുമാനത്തിൻെറ നാലിരട്ടി വർദ്ധിപ്പിക്കാനും സാധിക്കുന്നതാണ്. ഈരംഗത്തു ജീവനക്കാരുടെ കുറവു മൂലം കുടിശ്ശിക കുന്നു കൂടിക്കിടക്കുകയാണ്. മാത്രമല്ല പുതിയ കെട്ടിടങ്ങൾക്ക് സപ്ലിമെൻറ് അസസ്മെൻറ് നടത്താതെ ധാരാളം വരുമാനം കിട്ടുന്നത് പാഴായിപോകുകയാണ്. ഇതും ഒഴിവാക്കേണ്ടതാണ്.

## 2. ലൈസൻസ് ഫീസ്

നമ്മുടെ ഗ്രാമപഞ്ചായത്തിൽ ധാരാളം കച്ചവട സ്ഥാപനങ്ങളുണ്ടെങ്കിലും കഴിഞ്ഞ സാമ്പത്തിക വർഷം

27646 രൂപ മാത്രമാണ് ലൈസൻസ് ഫീസ് ഇനത്തിലുള്ള വരുമാനം. ഇപ്പോൾ നിലവിലുള്ള പഞ്ചായത്തി രാജ് നിയമത്തിലൂടെ തന്നെ ലക്ഷക്കണക്കിനു രൂപ ലൈസൻസ് ഫീസ് ഇനത്തിൽ വരുമാനമുണ്ടാകേണ്ടതാണ്. അതിന് കടകളുടെ പരിശോധന കർശനമാക്കേണ്ടത് അത്യാവശ്യമാണ്. ജില്ലാ അടിസ്ഥാനത്തിലോ താലൂക്കടിസ്ഥാനത്തിലോ പരിശോധനാ സ്കോഡുകൾ രൂപീകരിക്കുക. കൂടാതെ ഹെൽത്ത് ഇൻസ്പെകടർ, സെയിൽസ് ടാക്സ് പരിശോധന എന്നിവ കർശനമാക്കേണ്ടതാണ്. ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങളുടെ വൈദ്യുത കണക്ഷൻ വേർപ്പെടുത്തുക എന്ന ശിക്ഷാ നടപടി ഏർപ്പെടുത്തേണ്ടതാണ്. (നിയമ ഭേദഗതി സർക്കാർ വരുത്തുക). ഈ രംഗത്തു വരുമാനം കൂട്ടാവുന്നതാണ്.

## 3. തൊഴിൽ നികുതി

നമ്മുടെ ഗ്രാമപഞ്ചായത്തിൽ ധാരാളം സർക്കാർ ഓഫീസുകളും വിദ്യാലയങ്ങളും സ്ഥിതി ചെയ്യുന്നുണ്ട്. കൂടാതെ താലൂക്ക് ആസ്ഥാനമായി ചെമ്മാട്ടങ്ങാടിയിൽ ധാരാളം കച്ചവട സ്ഥാപനങ്ങളുണ്ടെങ്കിലും കഴിഞ്ഞ സാമ്പത്തിക വർഷം 3,52, 170 രൂപ മാത്രമാണ് നികുതി ഇനത്തിൽ വരുമാനമുള്ളത്. എന്നാൽ നിലവിലുള്ള നിയമപ്രകാരം തന്നെ നാലിരട്ടി നികുതി ചുമത്താൻ സാധിക്കുന്നതാണ്. കൂടാതെ, മററു മേഖലകളിലുള്ളവർക്കും കച്ചവട സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കും പുതുതായി നികുതി ചുമത്താവുന്നതാണ്. അതിന് നിലവിലുള്ള ജീവനക്കാരുടെ സേവനം പര്യാപ്തമല്ലാത്ത അവസ്ഥയാണ് ഈ പഞ്ചായത്തിലുള്ളത്. അതുകൊണ്ട് സർക്കാർ പുതുതായി ജീവനക്കാരടെ തസ്തിക സൃഷ്ടിച്ച് പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിക്കാനാവശ്യമായ ഭേദഗതികൾ വരുത്തേണ്ടതാണ്.

## 4. വിനോദ നികുതി

നമ്മുടെ പഞ്ചായത്തിൽ ഒരു സിനിമാ തിയേററർ മാത്രമാണുള്ളത്. നിലവിലുള്ള കോമ്പൗണ്ടിങ്ങ് സമ്പ്രദായം തുടർന്നു വരുന്നുണ്ട്. നികുതി വെട്ടിപ്പ് തടയുന്നതിനുംപഞ്ചായത്തിന് ജോലി ഭാരം കുറക്കുന്നതിനും സിനിമാ ഹാളിലെ സീററ് എണ്ണം കണക്കാക്കി നികുതി ചുമത്തുക എന്ന സംവിധാനം ഏർപ്പെടുത്തുക. അതിന് സർക്കാർ പുതിയ നിയമഭേദഗതി കൊണ്ടു വരേണ്ടതാണ്. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാരുടെ അഴിമതിയും ഇതുമൂലം ഒഴിവാകുന്നതാണ്.

## 5. പുഴ പുറമ്പോക്കുകളിൽ നിന്നുള്ള വരുമാനം

നമ്മുടെ ഗ്രാമപഞ്ചായത്തിൽ ധാരാളം പുഴ പുറമ്പോക്ക് ഭൂമിയുണ്ട്. അത് അളന്ന് കൃത്യമായി തിട്ടപ്പെടുത്താനുള്ള പ്രവൃത്തി അടിയന്തിരമായും നടത്തണം. 151-160 ഏക്കർ ഭൂമിയുണ്ടെങ്കിലും ഇക്കാര്യത്തിൽ പഞ്ചായത്തിന് വരുമാനമൊന്നും കിട്ടുന്നില്ല. അത്, കൃഷിക്കാർക്ക് വാടകക്ക് കൊടുക്കുകയാണെങ്കിൽ വരുമാനം ഉണ്ടാക്കാവുന്നതാണ്.

## എ) മൽസ്യം

നമ്മുടെ പഞ്ചായത്തിൻെറ വടക്കുകിഴക്ക് അതിരുകൾ പുഴയോരം നീണ്ടു കിടക്കുകയാണ്. അതായത് കടലുണ്ടി പുഴയിൽ വേനൽക്കാലത്ത് വെള്ളം കുറയുമെങ്കിലും പല ഭാഗങ്ങളിലായി വെള്ളമുള്ള കയങ്ങളുണ്ട്. ഈ കയത്തിൽ ധാരാളം മൽസ്യ സമ്പത്തുണ്ടെങ്കിലും അന്യാധീനപ്പെട്ടു പോകാറാണ് പതിവ്. അതായത് ലേലം മുഖേന നൽകിയാൽ പഞ്ചായത്തിന് ഒരു നല്ല വരുമാന മാർഗം ഉണ്ടാക്കാവുന്നതാണ്. ഈ ഇനത്തിൽ വരുമാനമൊന്നും ലഭിക്കുന്നില്ല.

## ബി) മണൽ

നമ്മുടെ ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം മണൽ ലേലം ഇനത്തിൽ 59850 രൂപ മാത്രമാണ് ലഭിച്ചിട്ടുള്ളത്. പഞ്ചായത്തിലെ പാലത്തിങ്ങൽ മുതൽ പാറക്കടവ് വരെയും പാറക്കടവ് മുതൽ പനമ്പുഴ കടവ് വരെയും പനമ്പുഴ കടവ് മുതൽ തേർക്കയം വരെയുമുള്ള പ്രദേശത്ത് 3 ഭാഗങ്ങളാക്കി ലേലം ചെയ്യാറാണ് പതിവ്. എന്നാൽ യാതൊരു തത്വദീക്ഷയുമില്ലാതെ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിച്ചു കൊണ്ടാണ് മണൽ വാരുന്നത്. പഞ്ചായത്തിന് യാതൊരു നിയന്ത്രണവുമില്ലാതെയും നിശ്ചിത സമയത്തല്ലാത്തതിനാലും പല ഭാഗങ്ങളിലായതിനാലും എടുക്കുന്ന മണലിൻെറ അളവ് നിയന്ത്രിക്കുക സാധ്യമല്ല. അതിന് ഒരു പരിഹാരമെന്നോണം മണൽ എടുക്കുന്നതിനുള്ള കുത്തക അവകാശം മണൽ തൊഴിലാളികളുടെ സഹകരണ സംഘങ്ങളുണ്ടാക്കി വീതിക്കുക മാത്രമേ നിയന്ത്രണവിധേയമാക്കാൻ മാർഗ്ഗമൊള്ളൂ. മാത്രമല്ല, പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിക്കാനും ഇടത്തട്ടുകാരെ ഒഴിവാക്കാനും സാധിക്കുന്നതാണ്. പരിസ്ഥിതി പ്രശ്നം സൃഷ്ടിച്ചുകൊണ്ടുള്ള അനിയന്ത്രിതമായ ചൂഷണം അവസാനിപ്പിച്ച് തൊഴിൽ സാധ്യത വർദ്ധിപ്പിക്കാനും വരുമാനം വർദ്ധിപ്പിക്കാനും ഇതിനാൽ സാധിക്കുന്നതാണ്.

## 6. മാർക്കററ്

തിരൂരങ്ങാടി , കരിപറമ്പ്, വെന്നിയൂർ എന്നീ സ്ഥലങ്ങളിൽ നിത്യ മാർക്കററുകളുണ്ട്. അവക്ക് ലൈസൻസ് ഫീസ് വർദ്ധിപ്പിക്കാവുന്നതാണ്. കൂടാതെ, പുതുതായി ചെമ്മാട് ,കക്കാട്, കരിമ്പിൽ എന്നീ സ്ഥലങ്ങളിൽ

പ്രൈവററ് മാർക്കററുകൾ സ്ഥാപിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക. ഈ ഇനത്തിലും വിഭവം സമാഹരിക്കാം.

## 7. ഷോപ്പിങ്ങ് കോംപ്ലക്സുകൾ

നമ്മുടെ പഞ്ചായത്തിൽ 2 ഘട്ടങ്ങളിലായി നിർമിച്ച 2 ഷോപ്പിങ്ങ് കോംപ്ലക്സുകൾ നിലവിലുണ്ട്. ഇതിലൊരെണ്ണത്തിന്റെ ചില ഭാഗങ്ങൾ യഥാസമയം വാടകക്ക് നൽകാൻ കഴിയാത്ത അവസ്ഥ വരികയും ഈ കടവും പലിശയും അടക്കാൻ താമസം വരികയും ചെയ്തിരുന്നു. കഴിഞ്ഞ 4 വർഷത്തോളം കൃത്യമായി കടം അടവാക്കേണ്ടി വരുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം 4,499,35 രൂപ പലിശയടക്കം അടവാക്കിയിട്ടുണ്ടെങ്കിലും 292916 രൂപ മാത്രമാണ് വരുമാനം ലഭിച്ചത്. ചെമ്മാട്ടങ്ങാടിയിലെ ഇപ്പോഴുള്ള മററു വാടകക്കെട്ടിടങ്ങളുമായി താരതമ്യ പെടുത്തിയാൽ 50% വാടക പോലും ഇതിന് ലഭിക്കുന്നില്ല. അതിനാൽ വാടകക്കാരനു പുതുക്കി നൽകുമ്പോൾ വ്യവസ്ഥകളിലും ബൈലോകളിലും കാലോചിതമായ മാററം വരുത്തി വാടക കൂടുതൽ കിട്ടേണ്ട മാർഗങ്ങൾകണ്ടെത്തേണ്ടതാണ്. അതിന് സർക്കാറിൽ നിന്നും ഉത്തരവ് നൽകേണ്ടതാണ്.

കൂടാതെ, ഇതിൻെറ നിർമാണ പ്രവർത്തനത്തിന് വാങ്ങിയ കടം സിംഹഭാഗവും അടച്ചിട്ടുണ്ടെങ്കിലും ആർ.ഡി.ബി യുടെ കണക്കിൽ ഇനിയും 21 ലക്ഷം മുതലും പലിശ വേറെയും ബാക്കിയാണ്. ഇത്തരം ബാധ്യതകളിൽ നിന്നും പഞ്ചായത്തിനെ ഒഴിവാക്കി തരേണ്ടതാണ്. ആയതും ഒരു വിഭവമായിരിക്കും.

## 8. മററു ധനാഗമന മാർഗങ്ങൾ

### എ) ഓട്ടോറിക്ഷകൾ, സ്കൂട്ടറുകൾ പുതിയ നികുതി ചുമത്തൽ

മുൻകാലങ്ങളിൽ വെഹിക്കിൾ ടാക്സ് എന്നയിനത്തിൽ സൈക്കിൾ, കാളവണ്ടി, ഉന്തുവണ്ടി എന്നിവക്കു നികുതി ചുമത്തിയിരുന്നു. അതിന് വരവിനേക്കാൾ പിരിവെടുക്കുന്നതിന് ചെലവു വരുന്നതു കൊണ്ട് സർക്കാർ ഒഴിവാക്കിയതാണ്. എന്നാൽ നമ്മുടെ പഞ്ചായത്തിലുള്ള ഓട്ടോറിക്ഷ,സ്കൂട്ടർ എന്നിവക്ക് റജിസ്ട്രേഷൻ നൽകൽ പഞ്ചായത്തു മുഖേന നടപ്പിലാക്കുക. ഫീസ് ചുമത്തുക. അതിന് നിയമ ഭേദഗതി വരുത്തുക. ഇതുമൂലം പാവപ്പെട്ട തൊഴിലാളികൾക്കും ജനങ്ങൾക്കും വളരെയധികം പ്രയോജനപ്രദമാകും. പഞ്ചായത്തുകൾക്ക് വിഭവം കൂടുതലാക്കുകയും ചെയ്യാവുന്നതാണ്.

### ബി) പഞ്ചായത്തിൽ പുതിയതായി നിർമിക്കുന്ന പാലങ്ങൾക്ക് ടോൾ ഏർപ്പെടുത്തുക

നമ്മുടെപഞ്ചായത്തിൽ പുതിയതായി സർക്കാർ നിർമിക്കുന്ന പാലങ്ങൾക്കു ടോൾ പിരിക്കുന്നത് പഞ്ചായത്തിനെ ഏൽപ്പിക്കുക. അതും പഞ്ചായത്തിനൊരു വിഭവമായിരിക്കും.

### സി) ഗൾഫ് മലയാളികളുടെ ക്ഷേമം

ഗൾഫ് മലയാളികളിൽ നിന്നും ഷെയർ ഗ്രാമപഞ്ചായത്ത് സംഭരിച്ച് ചെറുകിട വ്യവസായ യൂണിററുകൾ തുടങ്ങാവുന്നതാണ്. മാത്രമല്ല തൊഴിൽ സാധ്യത വർദ്ധിപ്പിക്കാനും ഗൾഫ് മലയാളികളുടെ ക്ഷേമം ഭാവിയിൽ ഉറപ്പു വരുത്താനും സാധിക്കും.

### ഡി) ജനന മരണ സർട്ടിഫിക്കററിനു ഫീസ് ചുമത്തൽ

ഈ ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ വർഷം 4855 ജനനവും 341 മരണവും രജിസ്ററർ ചെയ്ത് സർട്ടിഫിക്കററ് നൽകിയിട്ടുണ്ട്. പ്രസ്തുത സർട്ടിഫിക്കററിന് ഒരു ചെറിയ തുക ഫീസ് ഇനത്തിൽ ഈടാക്കി പഞ്ചായത്തിൻെറ വരുമാനം കണ്ടെത്താവുന്നതാണ്. കൂടാതെ ജനന മരണ രജിസ്ട്രേഷന് ഇന്നു നിലവിലുള്ള പിഴ തിരച്ചിൽ ഫീസ്, പകർപ്പ് ഫീസ് എന്നിവ കാലോചിതമായി പരിഷ്കരിക്കേണ്ടതാണ്.

### ഇ) തെരുവു വിളക്കുകൾ

നമ്മുടെ ഗ്രാമപഞ്ചായത്തിൽ തെരുവുവിളക്കു ഇനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം 191394 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇലക്ട്രിസിററി ബോർഡും പഞ്ചായത്തും തമ്മിൽ കരാർ നിലവിൽ ഉണ്ടെങ്കിലും എല്ലാ തെരുവു വിളക്കുകളും സമയത്ത് കത്താറില്ല. ഇതും പരിഹരിക്കേണ്ടതാണ്. ഏററവും വലിയ പൊതു മേഖലാ സ്ഥാപനമായ ഇലക്ട്രിസിററി ബോർഡ് വൈദ്യുതി ചാർജ് ഒഴിവാക്കി തരേണ്ടതാണ്. ബൾബുകൾ സ്ഥാപിക്കുന്ന ചെലവ് പഞ്ചായത്ത് വഹിച്ചാലും തെരുവുവിളക്കുകൾ പ്രകാശിപ്പിക്കാൻ സാധ്യമാക്കേണ്ടതാണ്. കറണ്ട് ചാർജ് ഇനത്തിൽ ചെലവാക്കുന്ന ഭീമമായ സംഖ്യ സ്വരൂപിക്കാനും മററു വികസനപ്രവർത്തനങ്ങൾക്കു ഉപയോഗിക്കാവുന്നതുമാണ്.

### എഫ്) വാട്ടർ ചാർജ്ജ് കുടിശ്ശിക ഒഴിവാക്കൽ

ഈ ഗ്രാമ പഞ്ചായത്ത് വാട്ടർ ചാർജ് കുടിശ്ശിക ഇനത്തിൽ 820751 രൂ പ നൽകണമെന്നാണ് വാട്ടർ അതോറിററി നിർദ്ദേശിച്ചിരിക്കുന്നത്. 180 തെരുവു ടാപ്പുകൾ ഉണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഒരെണ്ണത്തിന് മാസത്തിൽ 825 രൂപ പ്രകാരം മാസത്തിൽ 13125 രൂപ അടവാക്കേണ്ടതാണ്. എന്ന് ഡിമാൻറ് നോട്ടീസിൽ നിർദ്ദേശിച്ചിരിക്കുകയാണ്. ഒരു ടാപ്പിന് 8 മണിക്കൂർ വെള്ളം സപ്ലൈ ചെയ്യുന്നുണ്ടന്നാണ് കണക്ക് യഥാർത്ഥത്തിൽ എത്ര ടാപ്പുകൾ പ്രവർത്തിക്കുന്നുണ്ടെന്നുള്ള ഒരു പരിശോധന പഞ്ചായത്തും വാട്ടർ അതോറിററിയും കൂട്ടായി

നടത്തേണ്ടതാണ് . പ്രവർത്തിക്കുന്ന ടാപ്പുകൾക്ക് മാത്രമേ ചാർജ്ജ് ഈടാക്കുന്നുള്ളൂ എന്ന് ഉറപ്പു വരുത്തേണ്ടതാണ്. ഈ പഞ്ചായത്തിൻെറ ഭീമമായ കുടിശ്ശിക സർക്കാർ തലത്തിൽ ഉത്തരവുണ്ടാക്കി ഒഴിവാക്കി തരേണ്ടതാണ്. ആയത് ഒരു വിഭവ സമാഹരണമായി കണക്കാക്കേണ്ടതാണ്.

## ജി) ബസ് സ്ററാൻറ് നിർമാണം

നമ്മുടെ പഞ്ചായത്തിലെ ചന്തപ്പടിയിലുള്ള പഞ്ചായത്തിന്റെ കൈവശത്തിലുള്ള പുറമ്പോക്ക് ഭൂമിയിൽ മമ്പുറം ബൈപാസ് റോഡ് വരുന്ന മുറക്ക് ബസ്സ്ററാന്റ്നിർമാണം ത്വരിതപ്പെടുത്താവുന്നതാണ്. ഈയിനത്തിൽ പഞ്ചായത്തിന് കൂടുതൽ വിഭവം കണ്ടെത്താവുന്നതാണ്.

## എച്ച്) ടാക്സി സ്ററാൻറ് നിർമാണം

നമ്മുടെ പഞ്ചായത്തിൻെറ കൈവശമുള്ള 28 സെൻറ് സ്ഥലത്ത് (അതായത് പഞ്ചായത്ത് ഓഫീസ് കെട്ടിടം നിൽക്കുന്ന സ്ഥലത്ത്) കെട്ടിടം പൊളിച്ച് പിൻഭാഗത്ത് മാററി ഷോപ്പിങ്ങ് കോംപ്ലക്സും ടാക്സി സ്ററാൻറും സ്ഥാപിക്കാവുന്നതാണ്. അതിന് നാഷനലയ്സ്ഡ് ബാങ്കിൻെറ സാമ്പത്തിക സഹായം ആവശ്യപ്പെടാവുന്നതാണ്. ആയതിനും സർക്കാർ തലത്തിൽ ഉത്തരവ് ഉണ്ടാവേണ്ടതാണ്.

## ചെലവുകൾ

കഴിഞ്ഞ സാമ്പത്തിക വർഷത്തെ കണക്ക് പരിശോധിക്കുമ്പോൾ നമ്മുടെ പഞ്ചായത്ത് ദരിദ്രമല്ലെങ്കിലും കടക്കെണിയിലാണ്.

കഴിഞ്ഞ വർഷം പൊതുമരാമത്തിന് 35% ഉം ഭരണച്ചെലവുകൾക്ക് 32%ഉം വിദ്യാഭ്യസ സാമൂഹ്യ ക്ഷേമം എന്നിവക്ക് 4%ഉം വൈദ്യുതിക്ക് 8% ഉം വാട്ടർ ചാർജ് 2% ഉം ശുചീകരണത്തിന് 6%ഉം കടം തിരിച്ചെ ുക്കൽ 20% ഉം മററു ഗ്രാൻറുകളുടെ പ്രവർത്തി വേറെയും ഉണ്ടായിട്ടുണ്ട്.

റോഡുകൾക്ക് ചിലവഴിച്ചതെല്ലാം ടാറിങ്ങ് പ്രവർത്തികൾക്കാണ്. 5000 രൂപയുടെ പ്രവർത്തി ആദ്യ കാലങ്ങളിൽ നടന്നിരുന്നുവെങ്കിലും കഴിഞ്ഞ സാമ്പത്തിക വർഷം നടന്നിട്ടില്ല. ഇപ്പോൾ തന്നെ 14 ഓളം ടാറിംഗ് പ്രവർത്തികൾ പഞ്ചായത്തിൽ നടന്ന് കൊണ്ടിരിക്കുന്നുണ്ട്. ആയതിന് 23,04040 രൂപയോളം വേണ്ടി വരും. കൂടാതെ 5 പ്രവർത്തികളിലായി 11,70000 രൂപയുടെഎസ്റ്റി മേററ് ലഭിക്കുകയും ചെയ്തിട്ടുണ്ട്.

കെട്ടിട നികുതി, തൊഴിൽ നികുതി ലൈസൻസ് ഫീസുകൾ, ഷോപ്പിങ് കോംപ്ലക്സുകൾ ആറോളം ആശുപത്രികളിൽ നിന്നുള്ള ജനന മരണ രജിസ്ട്രേഷൻ പൊതുമരാമത് പ്രവൃത്തികൾ, വിവധവകുപ്പുകളിൽ നിന്നുള്ള പഞ്ചായത്ത്രാജ് ഫണ്ടുകൾ സർക്കാർ നിർദ്ദേശിക്കുന്ന മറ്റു ജോലികൾ എന്നിവ കൈകാര്യം ചെയ്യുന്നതിന് നാല് ഗുമസ്തൻമാർ മാത്രമാണുള്ളത് അതുപോലെ തന്നെ പിരിവു തസ്തിക ശുചീകരണ ജോലികൾ എന്നിവ ഓരോന്നിലും നാലു വീതമാണ് ഗുമസ്തൻമാരുള്ളത്. ഭരണ വിഭാഗത്തിൽ ഗുമസ്തൻമാരുടെ എണ്ണം വർദ്ധിപ്പിക്കുകയാണെങ്കിൽ കെട്ടിട നികുതി, തൊഴിൽ നികുതി ലൈസൻസ് ഫീസുകൾ എന്നിവ യഥാസമയം പിരിച്ച് കൂടുതൽ വിഭവം കണ്ടെത്താൻ കഴിയുന്നതാണ്

## മനുഷ്യാധ്വാനം

പഞ്ചായത്തിൽ എല്ലാ പ്രവൃത്തികൾക്കും മനുഷ്യവിഭവം പൂർണ്ണമായും ലഭിക്കുക സാധ്യമല്ലെങ്കിലും സ്വന്തം നാടിന്റെ വികസനത്തിന് തന്നാൽ കഴിയുന്ന പ്രവൃത്തി പരമായ സംഭാവന നൽക്കാൻ ആളുകൾ തയ്യാറാണെന്നാണ് ഗ്രാമ സഭാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്

പഞ്ചായത്തിലെ ചെറിയ റോഡുകൾക്ക് ഓവുചാലുകൾ ഉണ്ടാക്കി റോഡുകൾ ചീത്തയാവാതെ സൂഷിക്കാൻ ഉപഭോക്താക്കൾ തന്നെ തയ്യാറാകേണ്ടതാണ് ശുചീകരണ പ്രവൃത്തനത്തിൽ വ്യക്തമായ ബോധവൽക്കരണം നടത്തി മാലിന്യങ്ങൾ റോഡിലേക്ക് വലിച്ചെറിയുന്ന പ്രവണത നിരിൽസാഹപെടുത്തേണ്ടതാണ് നമ്മുടെ പരിസരം വൃത്തിയായി സൂക്ഷിക്കാൻ മുൻകൈ എടുക്കേണ്ടത് നാം തന്നെയാണ്

പി. ടി. എ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹായത്തോടെ വിദ്യാലയങ്ങളിലെ അക്കാഡമിക്ക് , ഭൗതിക സൗകര്യങ്ങൾ മെച്ചപെടുത്താവുന്നതാണ്

KERALA INSTITUTE OF LOCAL ADMINISTRATION
4309

## പട്ടിക വരുമാനത്തിലെ വ്യത്യാസം

| ഇനം | 1991-92 | 1995-96 | വ്യത്യാസം | % |
|---|---|---|---|---|
| കെട്ടിട നികുതി | 364-288-00 | 724185 -00 | 359 897-00 | 90-80-% |
| കെട്ടിട സർവീസ് നികുതി | 60658-00 | 120826-00 | 60168-00 | 98-80% |
| തൊഴിൽ നികുതി | 188535-00 | 352170-00 | 163635-00 | 69% |
| സ്വത്തു കൈമാറ്റ നികുതി | 300114-00 | 240138-00 | 59976-00 | 20% |
| ഷോപ്പിംഗ് കോംപ്ലക്സ് വാടക | 1242 | 2042-00 | 770 | 62% |
| വിനോദ നികുതി | 117609 | 271942-00 | 154333-00 | 13% |
| ഷോപ്പിങ്ങൾ കോപ്ലക്സ് വാടക | 171974-00 | 292916-00 | 120942 | 70% |
| മാർക്കറ്റ് | 7500-00 | 1030-00 | 6470-00 | 86% |
| മണൽ | 16600-00 | 59850-00 | 43250 | 26% |
| ലൈസൻസ് ഫീസ് | 17694-00 | 27646-00 | 9952-00 | 56% |
| മറ്റു പല വക വരവുകൾ | 365432-00 | 78358-00 | 287074-00 | 78% |
| തനി വരവ് | 1611646 | 2171103 | 559457 | 35% |
| ജവഹർ തൊഴിൽ ദാന പദ്ധതി | 247 300-00 | 185962-00 | 61338-00 | 24% |
| ഗ്രാൻറുകൾ | 171706-00 | 430104-00 | 258398-00 | 150% |

## പഞ്ചായത്തിലെ ചെലവ് സംബന്ധിച്ച പട്ടിക

| S.No. | ഇനം | 1991-92 | 1995-96 | വ്യത്യാസം |
|---|---|---|---|---|
| 1 | ജീവനക്കാരുടെയും ജനപ്രതിനിധികളുടെ ശമ്പളം | 429129 | 699769-00 | 270640 |
| 2 | പൊതുമരാമത്തു പ്രവർത്തി (ടാറിംഗ്) | 223371 | 779831-00 | 556460 |
| 3 | വിദ്യാഭ്യാസം | 41302 | 17431-00 | 10996 |
| 4 | വാട്ടർ ചാർളി ഇനത്തിൽ | 6435 | 44171-00 | 37786 |
| 5 | ആരോഗ്യം (ശുചീകരണ പ്രവർത്തനം) | 87863 | 136669-00 | 48806 |
| 6 | വൈദ്യുത ചാർജ്ജ് (സോഡിയം വേപ്പർ) | 93703 | 191394-00 | 97691 |
| 7 | സാമൂഹ്യ സേവനം | 5207 | 69536-00 | 64329 |
| 8 | കൃഷി | - | 28655-00 | |
| 9 | ഷോപ്പിംഗ് കോംപ്ലക്സ് കടം തിരിച്ചടക്കൽ | 499295 | 449935-00 | 49360 |
| 10 | ഓഫീസു കെട്ടിടം | 20349 | 28860-00 | 8511 |
| 11 | ഉപാധിവീത ഫണ്ട് (ജനറൽ) | 66516 | 369381-00 | 302865 |
| 12 | " (സെപ്) | 30960 | 51186-00 | 302865 |
| 13 | ജീപ്പു ചെലവുകൾ | 224755 | 26523-00 | |
| | ആകെ | 1722885 | 2893532-00 | |

6

# ഉപസംഹാരം

നിലവിലുള്ള വികസന കാഴ്ചപ്പാട് അശാസ്ത്രീയവും ജനങ്ങൾക്ക് പ്രയോജനമില്ലാത്തുതുമാണ്. റോഡും പാലവുമായാൽ മാത്രം വികസനമായി എന്ന ധാരണ എങ്ങും നിറഞ്ഞു നിൽക്കുന്നു. കാർഷിക-വ്യാവസായിക മേഖലകളുടെ വളർച്ചയിലൂടെ മാത്രമേ വികസനം പൂർണമാകൂ. അത്തരത്തിലുള്ള വികസന ആവിഷ്കാരമാണ് നമുക്കാവശ്യം.

വികസനം ഡിപ്പാർട്ടുമെൻറുകളുടെ വികസനേതര താൽപര്യങ്ങളിൽ കുരുങ്ങികിടക്കുന്ന ഇന്നത്തെ രീതി പാടേമാററണം. വികസന രംഗം പൂർണമായും അഴിമതി വിമുക്തമാക്കണം. വികസന പ്രക്രിയയിൽ ജനപങ്കാളിത്തം ഉറപ്പു വരുത്തുകയാണ് അതിനുള്ള മാർഗം

വികസനത്തിനു ഫണ്ട് ആവശ്യമാണ്. ഫണ്ട് സമാഹരണരംഗത്ത് പുത്തൻ പാതകൾ വെട്ടിത്തുറക്കാൻ ഗ്രാമപഞ്ചായത്തിനു കഴിയണം. സർക്കേതര ഏജൻസികളുടെ സേവനം ഈ രംഗത്തു വേണ്ട വിധം ഉപയോഗപ്പെടുത്തേണ്ടതാണ്.

പദ്ധതികൾ നടപ്പാക്കുമ്പോൾ വസ്തു നിഷ്ഠമായ സമീപനം ഉണ്ടായിരിക്കണം. പ്രശ്നങ്ങളെ മനോനിഷ്ഠമായി കാണുമ്പോൾ പ്രശ്നങ്ങൾ സൃഷ്ടിക്കപ്പെടുന്നു. വസ്തു നിഷ്ഠമായി തെളിവിൻെറ പിൻ ബലത്തിൽ പ്രശ്നങ്ങൾക്കു പരിഹാരം കാണാൻ കഴിഞ്ഞാൽ അനാവശ്യ തർക്കങ്ങൾ ഒഴിവാക്കാവുന്നതാണ്.

ആസൂത്രണം അർത്ഥവത്താവുന്നത്, വികസന ഉപാധികളെ ഫലപ്രദമായി ഉപയോഗപ്പെടുത്തുമ്പോഴാണ്. മുൻഗണന നിർണ്ണയിക്കുമ്പോൾ ജനകീയവും കാലക്രമവുമായ മാനദണ്ഡ അടിസ്ഥാനമാക്കണം. മുൻഗണനാ ക്രമത്തിൽ തന്നെ പദ്ധിതികൾ നടപ്പിലാക്കാൻ കഴിയണം.

രൂപരേഖ സ്കീമുകളായും പദ്ധതികളായും രൂപപ്പെടുത്തി സർക്കാറിൽ നിന്നും ഇതര ഏജൻസികളിൽ നിന്നും പരമാവധി ഫണ്ട് സമാഹരിക്കേണ്ടതുണ്ട്. അത്തരത്തിലുളല പദ്ധികൾ തയ്യാറാക്കാൻ വിദഗ്ധരുടെ സഹായം ആവശ്യമാണ്.

ജനകീയാസൂത്രണം, ജനങ്ങളുടെ പ്രശ്നങ്ങളെ പദ്ധതികളാക്കി മാററി ഫലപ്രദമായി നടപ്പാിക്കാനുള്ള മാർഗമാണ്. ഗ്രാമ സഭകളുടെ ജനകീയ ശക്തിയിൽ നമ്മുടെ പ്രതീക്ഷകൾ വൈകാതെ തന്നെ നമുക്കു നിറവേററാൻ കഴിയുമെന്ന പ്രത്യാശയോടെ ഈ സമഗ്ര വികസനരേഖ തിരൂരങ്ങാടി ഗ്രാമ പഞ്ചായത്ത് വികസന സെമിനാറിന് മുമ്പാകെ സമർപ്പിക്കുന്നു. വിശദമായ വിശകലനത്തിനും ചർച്ചക്കും പരിഷ്കരണത്തിനും വേണ്ടി

**ഉള്ളാട്ട് റസിയ**
പ്രസിഡൻറ്
തിരൂരങ്ങാടി ഗ്രാമ പഞ്ചായത്ത്



D.T.P. & Type Setting By **Prathap** at **Tirur Offset Printers**
Printed at: **Tirur Offset Printers, Tirur-1**

**തിരൂരങ്ങാടി ഗ്രാമപഞ്ചായത്ത്**

**സമഗ്ര വികസന രേഖ**



## അധികാരം ജനങ്ങളിലേക്ക്

- ❖ 9-ാം പദ്ധതി ജനകീയ പദ്ധതി
- ❖ 40% പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക്
- ❖ വികസന പ്രക്രിയ അഴിമതിരഹിതമാകുന്നു.
- ❖ ബഹുജന സഹകരണം അനിവാര്യം
- ❖ അധികാര വികേന്ദ്രീകരണം വഴി ജനകീയവും ശാസ്ത്രീയവുമായ ഗ്രാമ തല ആസൂത്രണം

# തിരൂരങ്ങാടി

## ഗ്രാമപഞ്ചായത്ത്

## ജനകീയാസൂത്രണം

# സമഗ്ര വികസന രേഖ

വികസന സെമിനാറിൽ ഗ്രൂപ്പടിസ്ഥാനത്തിൽ നടന്ന ചർച്ചയിലൂടെ
ഉയർന്നുവന്ന

## നിർദ്ദേശങ്ങൾ (അനുബന്ധം)

Printed at: PIYOS, KAKKAD

# തിരുത്ത്

| പേജ് | കോളം | വരി | തെററ് | ശരി |
|---|---|---|---|---|
| 9 | 2 | 28 | തെരഞ്ഞെടുക്കപ്പെട്ടു | തെരഞ്ഞെടുക്കപ്പെട്ട |
| 10 | 1 | 14 | ചെയ്യും | ചെയ്യു. |
| 11 | 11 | 28 | [ടൂപ്പുകളും | ഗ്രൂപ്പുകളും |
| 12 | 1 | 7 | ടിപ്പ | ടിപ്പ |
| 12 | 1 | 14 | ശൈവ് | ശൈഖ് |
| 12 | 2 | 12 | കെ. കെ. എൻ കുറുപ്പ' | കെ.എൻ. കുറുപ്പ് |
| 13 | 1 | 5 | ജുമുഅത്തി | ജുമുഅത്ത് |
| 13 | 1 | 9 | വിശ്വസ്തത | വിശ്വസ്ത |
| 13 | 1 | 12 | വിധിക്കപ്പെട്ടവരായിരുന്ന | വിധിക്കപ്പെട്ടവരായിരുന്നു |
| 13 | 1 | 25 | ആഗസ ത് 30 | ആഗസ്ത് 30 ന് |
| 13 | 2 | 46 | ഗ്രാമപ ഞ്ചായത്ത് | പഞ്ചായത്ത് |
| 19 | പട്ടിക | 1 | തെങ്ങ് 80/ഹെ | 80/തെങ്ങ് |
| 19 | ,, | 1 | വാഴ 25 കി/ഹെ | 85കി/ഹെ |
| 19 | ,, | 1 | മരച്ചീനി 18MT/ഹെ | 17.5 MT/ഹെ |
| 20 | പട്ടിക | (കൂലി) | ഞാറുനടൽ പുരു 75 | സ്ത്രീ 75 |
| 21 | 1 | 32 | വർഷങ്ങളിലായ | വർഷങ്ങളായി |
| 28 | 1 | 8 | പ്രാധമിക | പ്രാഥമിക |
| 30 | 1 | 14 | 7 ഗ്രന്ഥശാല | 9 ഗ്രന്ഥശാല |
| 30 | 1 | 35 | അധ്യാപക-യഥാക്രമം-വിദ്യാർഥി | അധ്യാപക വിദ്യാർഥി |
| 30 | 1 | 38 | തുടങ്ങിയ | തുടങ്ങിയവ |
| 30 | 1 | 40 | നിർദേശമുണ്ടായി | നിർദ്ദേശമുണ്ടായത് |
| 31 | പട്ടിക | 1(8) | GLPS | G. M. L. P. S |
| 36 | 1 | 2 | സെക്ഷണൽ | സെഷണൽ |
| | 2 | 16 | ,, | ,, |
| | 2 | 21 | ,, | ,, |
| 39 | 1 | 12 | 1968 | 1988 |
| ,, | ,, | 29 | നിനന്നും | നിന്നും |
| 40 | 1 | | പരിഹാരം 3 ൽ മേഖലയിൽ | മേഖലയിൽ |
| 40 | 1 | | ,, 4 ൽ 40 കുടുംബം | 250 കുടുംബം |
| 41 | ബോർവെൽ | | കുഴൽ കിണർറിപ്പയർചെയ്യുക | നന്നാക്കി മോട്ടോർ സ്ഥാപിക്കുക |
| 41 | 1,2 നിർദ്ദേശം 4 | | (ഈ ഖണ്ഡികഒഴിവാക്കേണ്ടതാണ്) | |
| 41 | 2 പട്ടിക 1 | | 11 1.63 | 11.1.88 |
| 41 | ,, | ,, | റിവർ വാട്ടർ | റോവാട്ടർ |
| 42 | 1 | 24 | ബ്രദർ നസ് | ബ്രദർഹുഡ് |
| 51 | 1 | 7 | P. S. M. O.(താഴെ റോഡ്) | പുളിഞ്ഞില്ലത്തുപാടം റോഡ് |
| 53 | 2 | 5 | പ്രവർത്തിക്കുന്നത് | പ്രവർത്തിക്കുന്ന |
| 54 | 1 | 2 | സാഹചര്യം | അനുവദിക്കുന്ന വീടുകളുടെ എണ്ണം |
| 55 | 2 | 21 | 50,000 | 30,000 |
| ,, | ,, | 23 | 30,000 | 50,000 |
| 58 | 2 | 14 | അനാധ | അനാഥ |
| 59 | 2 | 28 | അവർക്ക് | അവയുടെ |
| 60 | 1 | 3 | നൽകുന്ന | നൽകുക |
| ,, | പട്ടിക | | മണ്ണെണ്ണ }പോർമററുകളുടെ | പെർമിററുകളുടെ |
| ,, | ,, | | പെർമ്മി റുകളുടെ | പെർമിററുകളിലൂടെ |
| 63 | 1 | 17 | കാച്ചടി ഭഗവതിക്ഷേത്രം | ഒഴിവാക്കേണ്ടതാണ് |
| 63 | ,, | 20 | വലിയകോട്ടങ്ങളൊന്ന് | കോ-ങ്ങളൊ[illegible] |
| 63 | 2 | 27 | ഉപജ്ഞതാവ് | [illegible]രിഷ്കർത്താവ് |
| 64 | 1 | 25 | വിവിദ | വിവിധ |
| .. | 2 | 9 | ഏഴ് | ഒമ്പത് |
| 65 | 1 | 7 | ടൂർണമെൻറുകൾക്ക് വേദിയൊ | 1960 കളിൽതന്നെ വേദിയൊരു |
| 65 | 1 | 10 | രുക്കാൻ | ക്കിയ |
| 65 | 2 പരിഹാരം | | കഴിഞ്ഞിട്ടുണ്ട് | ആണ് |
| | (5) | | അംഗീകാരം ലഭിച്ച | [illegible]ിലവിലുള്ള അംഗീകൃത |
| 6[illegible] | 2 | ,, (8) | പതുക ി ണ ിയുക | വ്യപുലീ ിച്ച് പുതുക ിപ്പണിയുക |
| 75 | പട്ടിക്ക് | | 97600 | വീടുകൾ 97 അംഗങ്ങൾ 600 |
| | താഴെ | | ഉടമകലാവരും | ഉടമകളായവരും |
| 76 | പാർപ്പി ം വരി 2 | | | |

# കൂട്ടിച്ചേർക്കുകയോ ഭേദഗതി വരുത്തുകയോ ചെയ്യേണ്ട കാര്യങ്ങൾ

**കോർ ഗ്രൂപ്പ്** പേജ്_7

കൃഷി : V P. ശംസുദ്ദീൻ

വ്യവസായം : K P. ചന്ദ്രൻ

കടിവെള്ളം, പൊതുജനാരോഗ്യം : U. അബ്ദുള്ളക്കോയ, O P. നസറുള്ള

എന്നിവരെക്കൂടി ഉൾപ്പെടുത്തേണ്ടതാണ്

**സാമൂഹ്യ സാംസ്കാരിക ചരിത്രം** പേജ്-14

1. പുസ്തകങ്ങൾ പകർത്തിയെഴുതുന്നതിൽ പ്രഗത്ഭരായ മർഹൂം തേനത്ത് കഞ്ഞമ്മഹദാജി, മർഹൂം പാണഞ്ചേരി പോക്കർ, കക്കാട് അബ്ദുള്ള മൗലവി എന്നിവരുടെ സേവനവും സ്മരണീയമാണ്.

2. തിരൂരങ്ങാടി സന്ദർശിച്ച പ്രമുഖരിൽ മുഫ്തി അതീഖുറഹ്മാൻ (M.P) യും ഉൾപ്പെടുന്നു,

3. 1945 ൽ മൂസാർകുട്ടി മൗലവിയുടെ നേതൃത്വത്തിൽ സ്ഥാപിച്ച ഹിദായത്തുസ്സിബ്യാൻ സംഘത്തിൻെറ കീഴിൽ നൂറുൽ ഹുദാ കേന്ദ്രമദ്റസ, അഞ്ച് ബ്രാഞ്ചുകൾ. ഒരു അറബിക്കോളേജ്, ബോർഡിങ്ങ് മദ്റസ എന്നിവയും പ്രവർത്തിച്ചുവരുന്നു.

**കൃഷിയും ജലസേചനവും** പേജ്_19

1. നെല്ലിനെ ബാധിക്കുന്ന രോഗങ്ങളുടെ കൂട്ടത്തിൽ ബ്ലാസ്റ്റ് രോഗവും ഉൾപ്പെടുന്നു,

പേജ് 24 ൽ

2. അപ്പി പാടംമുതൽ ചെറ വരെയുള്ള തോട്ടിൽനിന്ന് മണ്ണ് വാരുന്നത് തടയണം.

3. വെഞ്ചാലി കനാൽ ഗവ:അക്വയർ ചെയ്ത ഭാഗം കനാൽ കഴിഞ്ഞ് പറമ്പിനോട് ചേർന്ന ഭാഗം റോഡ് നിർമ്മിക്കുക. മാനീപാടം റോഡിൻെറ മധ്യഭാഗത്തുള്ള പമ്പ്ഹൗസ് ഉയർന്ന സ്ഥലത്തേക്ക് മാററി സ്ഥാപിക്കുക.

4. പുളിഞ്ഞിലത്ത് പാടം പനമ്പുഴത്തോട് ഉപയോഗയോഗ്യമാക്കുക.

5. മാനീപാടത്തിൻെറ കിഴക്ക് ഭാഗത്ത് നിർമ്മിച്ച പഞ്ചായത്ത് കുളം കൃഷിക്ക് ഉപയോഗപ്രദമാക്കുക.

6. മണ്ണട്ടംപാറ ഷട്ടർ താഴ്ത്തിയാൽ വെഞ്ചാലിപാടത്ത് വെള്ളം കയറുന്നത് തടയാൻ പുഴിക്കുന്നത്ത് സ്ഥിരം സംവിധാനം ഉണ്ടാക്കുക.

7. പാട ശേഖര സമിതികൾ പുനഃസംഘടിപ്പിക്കുക.

8. കൊളക്കാട്ടു പാടത്ത് നടുവിലൂടെ തോട് നിർമ്മിച്ച് സൈഡ് കെട്ടി പാവുട്ട ചിറയിൽ നിന്നും വരുന്ന തോടുമായി ബന്ധിച്ചാൽ ഇപ്പോൾ ഒരു പൂൽ മാത്രം കൃഷി ചെയ്യുന്നത് മൂന്നു പൂൽ കൃഷി ചെയ്യാൻ സഹായകമാവുന്നതാണ് .

9. കൃഷിഭവൻെറ നേതൃത്വത്തിൽ ഒരു മാതൃകാ പ്രദർശന തോട്ടം നിർമ്മിക്കുക.

10. ഓക്കിഡ്, മുല്ല, കൈതച്ചക്ക തുടങ്ങിയ കൃഷികൾക്ക് പരിശീലനവും പ്രോത്സാഹനവും നൽകുക

11. 13ാം വാർഡിൽ കാർഷിക നഴ്സറിക്കനുയോജ്യമായ സ്ഥലവും സന്നദ്ധരും ഉണ്ട്. തുടങ്ങാൻ നടപടി സ്വീകരിക്കുക.

**മൃഗസംരക്ഷണവും മത്സ്യബന്ധനവും** പേജ്_25

1. മൃഗാശുപത്രി വികസന സമിതി രൂപീകരിക്കുകയും, കാലോചിതമായ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുകയും ചെയ്യുക.

2. അറവ് മൃഗങ്ങളുടേയും മാംസത്തിൻേറയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുവേണ്ടി അറവിനു മുമ്പും ശേഷവും പരിശോധന നടത്താനുള്ള നിയമ നടപടി സ്വീകരിക്കുക.

3. വ്യാവസായികാടിസ്ഥാനത്തിലോ, കുടിൽ വ്യവസായമായോ മുയൽ കൃഷി കേന്ദ്രങ്ങൾ ആരംഭിക്കേണ്ടതാണ്.

4. 'സെറികൾച്ചർ' ഞായത്തിൽ ഇതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

5. ചുള്ളിപ്പാറ ഭാഗത്ത് ക്ഷീരോൽപാദന കേന്ദ്രം ആരംഭിക്കുക.

**വ്യവസായം** പേജ്‌_27

1. 1962 വെന്നിയൂരിലുണ്ടായിരുന്ന എല്ലപ്പ് പൊടിയൂണിററ് നിലനിന്നിരുന്ന സ്ഥലത്ത് കൊപ്ര, അടയ്ക്ക, കശുവണ്ടി സംഭരണ കേന്ദ്രം ആരംഭിക്കുക.

2. ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ വൻകിട വ്യവസായ സ്ഥാപനങ്ങളും തുടങ്ങേണ്ടതാണ്.

**വിദ്യാഭ്യാസം** പേജ്‌_36

1. അംഗൺ വാടികൾക്ക് സ്ഥിരം കെട്ടിടം നൽകാനുള്ള സംവിധാനം ഉണ്ടാവണം. (പല അംഗൺ വാടികളും സ്ഥലം ഉടമകൾക്ക് തിരിച്ചു നൽകാൻ നിർബന്ധിതാവസ്ഥയിലാണ് )

2. വിദ്യാർത്ഥികളുടെ യാത്രാസൗകര്യം മെച്ചപ്പെടുത്താൻ കാര്യമായ ശ്രമം ആവശ്യമാണ്.

3. വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് അധ്യാപക വിദ്യാർത്ഥി അനുപാതം കുറക്കേണ്ടതാണ്.

**കുടിവെള്ളവും പൊതുജനാരോഗ്യവും** പേജ്‌-40

1. കടലുണ്ടി പുഴയിൽ പാലാത്ത് കടവിൽ (വാർഡ് 1) ഒരു ചെക്ക്ഡാം നിർമ്മിച്ചാൽ വരൾച്ച തടയുന്നതിനും സമീപ കിണറുകളിൽ ശുദ്ധജലം ലഭിക്കുന്നതിനും 5 വാർഡുകളിലെ ശുദ്ധജല ക്ഷാമം പരിഹരിക്കുന്നതിനും കഴിയും.

**പൊതു കിണർ ആവശ്യമായ സ്ഥലങ്ങൾ** പേജ്‌_40

| ക്രമനമ്പർ | വാർഡ് | |
|---|---|---|
| 1 | 1 | കാരയിൽ |
| 2 | 2 | കക്കുന്നത്ത്പാറ |
| 3 | 7 | നവരക്കായ് പാടത്ത് പൊതുകിണർ നിർമ്മിച്ച് ടാങ്ക് കെട്ടി പരിസര പ്രദേശങ്ങളിലെ കുടിവെള്ളപ്രശ്നം പരിഹരിക്കുക. (സ്ഥലം ലഭ്യമാണ്) |
| 4 | 12 | കാച്ചടി, കുച്ചാൽകുണ്ട്, ചോലക്കുഴി ഭാഗങ്ങളിൽ, |
| 5 | ,, | കക്കാട്. വെന്നിയൂർ വയലുകളിൽ കിണർ കുഴിച്ച് മിനിവാട്ടർസ്കീം നടപ്പാക്കുക |
| 6 | 13 | ചാലാട്. |
| 7 | 14 | വെന്നിയൂർ ജുമുഅത്ത് പള്ളിക്ക് സമീപം. |
| 8 | 15 | പാവുട്ടച്ചിറ, |

**പൈപ്പ് ലൈൻ വഴി വെള്ളം എത്തിക്കേണ്ട പ്രദേശങ്ങൾ** പേജ്‌_41

| ക്രമ നമ്പർ | വാർഡ് | |
|---|---|---|
| 1 | 5 | ഹിദായ നഗർ |
| 2 | ,, | പഴയ പോസ്റ്റോഫീസിന്ന സമീപം |
| 3 | ,, | താലൂക്ക് ആശുപത്രിക്ക് പിൻവശം |
| 4 | ,, | ചെമ്മാട് പാറക്കടവ് റോഡിൽ |
| 5 | 6 | കാവുങ്ങൽ റോഡ് |
| 6 | ,, | വലിയാട്ട് റോഡ് |
| 7 | 7 | കമ്യൂണിററി ഹാൾ-ചെമ്പിൽ താഴം ഇടവഴി |
| 8 | ,, | N K റോഡ് ചെമ്പിൽ താഴം ഇടവഴി |
| 9 | 8 | ഓറിയന്റൽ ഹൈസ്കൂളിന് പിൻവശം |
| 10 | ,, | നമ്പൂരികണ്ടം ഇടവഴി |
| 11 | ,, | അക്ഷര റോഡിൽ ബാക്കിഭാഗം |
| 12 | 9 | പാലശ്ശൂൽ റോഡ് |
| 13 | ,, | വൈദ്യർ റോഡ് |
| 14 | ,, | M P. റോഡ് |
| 15 | ,, | ഇല്ലിക്കൽ ഇടവഴി |
| 16 | 10 | ചക്കങ്ങൽ ഇടവഴി |
| 17 | 10 | വടക്കൻ ഇടവഴി |
| 18 | ,, | തൈക്കാടൻ ഇടവഴി |
| 19 | 11 | കക്കാട്_ചെറുകാട് റോഡ് ബാക്കി |
| 20 | ,, | കാച്ചടി അങ്ങാടിയിൽ |
| 21 | ,, | വാച്ചേരിക്കടവ് റോഡ് |
| 22 | ,, | PMSALPS റോഡ് ബാക്കി |
| 23 | ,, | വെന്നിയൂർ NSS റോഡ് |
| 24 | ,, | കരുമ്പിൽ കൊററംതൊട്ട കോളനി |
| 25 | ,, | കരുവാൻ ഇടവഴി |
| 26 | 12 | കക്കാട്_ചെറുമുക്ക് റോഡിൽ |
| 27 | ,, | കരുമ്പിൽ - ചുള്ളിപ്പാറ റോഡിൽ ഉണ്യാലുങ്ങൽ ഭാഗം |
| 28 | ,, | കരുമ്പിൽ_ചുള്ളിപ്പാറ വയലിന്റെ ആരംഭത്തിൽ |
| 29 | ,, | ബനാത്തുനഗർ ചോലക്കുഴി |
| 30 | ,, | കണ്ടലംകോട്-കക്കാട് പാടം |
| 31 | ,, | കാച്ചടി ഉള്ളാട്ടുകാട്ടിൽ ലൈൻ |

| ക്രമ നമ്പർ | വാർഡ് | | ക്രമ നമ്പർ | വാർഡ് | |
|---|---|---|---|---|---|
| 32 | 12 | കരുമ്പിൽ–മെതുവിൽറോഡിൽ തെക്കം പറമ്പ്, പാറമ്മൽ, കാളങ്ങാട്ട് ഭാഗങ്ങൾ | 36 | 13 | ക്കുച്ചാൽ ഇടവഴി |
| 33 | ,, | കരുമ്പിൽ–പേങ്ങാട്ട്റോഡ് | 37 | 14 | പള്ളിപ്പറമ്പ് ഇടവഴി |
| 34 | 13 | പാറക്കൽ പ്രദേശം | 38 | ,, | Se/ST കോളനി |
| 35 | ,, | ചാലാട് | 39 | ,, | N.S.S റോഡ് |
| | | | 40 | ,, | വെന്നിയൂർ മദ്റസാ കോളനി |
| | | | 41 | 15 | ചുള്ളിപ്പാറ മുഴുവൻ പ്രദേശവും |

## ബോർവെൽ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ പേജ്—41

| ക്രമനമ്പർ | വാർഡ് | |
|---|---|---|
| 1 | 2 | കക്കന്നത്ത് പാറ |
| 2 | 3 | ചെററാലീറോഡിൻെറ വടക്ക്ഭാഗം |
| 3 | ,, | നീലിമാവുങ്ങൽ പ്രദേശം |
| 4 | 5 | താലൂക്ക് ആശുപത്രി പരിസരത്ത് |
| 5 | 6 | CK നഗർ |
| 6 | 9 | KC റോഡിൽ താഴെചെന പള്ളി പരിസരത്ത് |
| 7 | 10 | PSMO കോളേജിന് പരിസരത്തുള്ള കുഴൽകിണറിന് മോട്ടോർസ്ഥാപിക്കുക |
| 8 | 11 | കാച്ചടി കരുമ്പിൽ ഓവുപാലത്തിനു സമീപം |
| 9 | ,, | കാച്ചടി നിലവിലുള്ള കുഴൽകിണറിൻെറ Handpumpൻെറ ശക്തിവർധിപ്പിക്കുക |
| 10 | 12 | കക്കാട് ചെറുമുക്ക് റോഡിനുസമീപമുള്ള കുഴൽ കിണറിന് മോട്ടോർസ്ഥാപിക്കുക |
| 11 | ,, | കണ്ടലക്കോട്ട് |
| 12 | ,, | പാലവളപ്പിൽ പ്രദേശത്ത് |
| 13 | ,, | കരിമ്പിൽ, ചുള്ളിപ്പാററോഡിൻെറ സമീപം |
| 14 | 13 | ഹെൽത്ത്സെൻററിനു സമീപം |
| 15 | ,, | ലക്ഷം വീടുകോളനി |
| 16 | ,, | പാറക്കൽ പ്രദേശം |
| 17 | ,, | ക്കുച്ചാൽ ഇടവഴി |
| 18 | 14 | വെന്നിയൂർടൗൺ |
| 19 | ,, | വെന്നിയൂർ മദ്രസക്ക്സമീപം |
| 20 | ,, | വെന്നിയൂർ തിരൂരങ്ങാടി തെന്നല പഞ്ചായത്തുകളുടെ അതിർത്തി പ്രദേശം |
| 21 | ,, | അത്യമട റോഡിൽ |
| 22 | 15 | ചുള്ളിപ്പാറ-തെന്നല പഞ്ചായത്തിൻെറ അതിർത്തി പ്രദേശം |

## പൊതുജനാരോഗ്യം പേജ്—41

1 താലൂക്കാശുപത്രിയുടെയും പരിസരപ്രദേശങ്ങളുടെയും ശോച്യാവസ്ഥ മാററാൻ എത്രയും വേഗം ശ്രമം ആരംഭിക്കേണ്ടതാണ്

2 വെന്നിയൂർ I P P സെൻറർ 10 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുക

3 കക്കാട്, വെന്നിയൂർ എന്നിവിടങ്ങളിൽ കൂടി കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കുക

4 നാലാം വാർഡിൽ പൊതു അറവുശാല അനുവദിക്കുക. മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനാവശ്യമായ പരിഹാരം കണ്ടെത്തുക

5 പന്താരങ്ങാടിയിലെ തുകൽ സംഭരണ കേന്ദ്രത്തിലെ മാലിന്യങ്ങളും അവശിഷ്ടങ്ങളും പൊതുജനങ്ങൾക്ക് ഉപദ്രകരമാകാതെ ശ്രദ്ധിക്കേണ്ടതാണ്

6 13 14 വാർഡുകളിൽ റോഡിലൂടെ മലിനജലം ഒഴുകുന്നത് തടയാൻവേണ്ട നടപടി സ്വീകരിക്കുക

7 ആശുപത്രികളിൽ നിന്നുള്ള മാലിന്യങ്ങളും, അവശിഷ്ടങ്ങളും സമീപവാസികൾക്ക് ഉപദ്രകരമാകാതെശ്രദ്ധിക്കുക

8 തിയേററർ, ബസ്സ്റ്റാൻഡ്, fair Service, fastival എന്നിവ നടത്തുന്നതിന് അനുമതി നൽകുമ്പോൾ ശുദ്ധജലം ലഭിക്കാൻ ആവശ്യമായ water Point അനുവദിക്കുക

9 തിളപ്പിച്ചാറിയ വെള്ളമെ കുടിക്കാവൂ എന്നബോധം വളർത്താൻ പൊതുസ്ഥലങ്ങളിൽ ബോർഡുകൾ സ്ഥാപിക്കുക.

10 കക്കാട് N S S റോഡിന് വടക്കുവശത്തുള്ള പുറമ്പോക്ക് സ്ഥലത്ത് ഹോമിയോഡിസ്പൻസറി സ്ഥാപിക്കുക.

## വിദ്യാഭ്യാസം: സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ

പട്ടിക—2

| വിദ്യാലയത്തിന്റെ പേര് | നിലവിലുള്ളത് | | | | | | | | | | | | | ആവശ്യമായത് | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വിദ്യാർത്ഥികളുടെ എണ്ണം | അദ്ധ്യാപകരുടെ എണ്ണം | ഡിവിഷൻ | കെട്ടിടം | മുറികൾ | മൂത്രപ്പുര | മൂത്രപ്പുര എത്ര പേർക്ക് ഒരേസമയം ഉപയോഗിക്കാം | കക്കൂസ് | ഉപയോഗയോഗ്യമായ കക്കൂസ് | കുടിവെള്ളസംവിധാനം | വൈദ്യുതി | പാചകപ്പുര | ഗ്രൗണ്ട് | ബെഞ്ച് | ഡസ്ക് | മേശ | കസേര | മുറികൾ | മൂത്രപ്പുര |
| AMLPS പന്താരങ്ങാടി | 502 | 15 | 13 | 3 | 13 | 1 | 20 | 2 | | — | ഇല്ല | ഇല്ല | ഇല്ല | | 60 | | | | 1 |
| GWUPS തൃക്കുളം | 9,8 | 16 | 12 | 3 | 3 | 1 | 5 | | | — | ,, | ഉണ്ട് | ,, | 25 | 100 | 10 | 10 | 24 | 1 |
| GUPS തൃക്കുളം | 1746 | 49 | 39 | 6 | ഹാറം 31 | 2 | 10 | 3 | | കിണർ, ടാപ്പ് | ഉണ്ട് | ഇല്ല | ഉണ്ട് | 75 | 75 | 5 | 30 | 7 | 1 |
| AMLPS തൃക്കുളം | 365 | 13 | 11 | 5 | 15 | 3 | 15 | 1 | | കിണർ | ഇല്ല | ഉണ്ട് | ,, | | | | | | |
| GLPS തിരൂരങ്ങാടി | 471 | 14 | 12 | 2 | 11 | 1 | 2 | 1 | | ,, | ഉണ്ട് | ഇല്ല | ,, | 10 | 10 | 4 | 8 | | 1 |
| GHS തിരൂരങ്ങാടി | 2986 | 99 | 64 | 9 | 36 | 2 | 16 | 4 | | കിണർ, ടാപ്പ് | ,, | ,, | ,, | 300 | 300 | 40 | 50 | 33 | 16 |
| OHS തിരൂരങ്ങാടി | 2370 | 57 | 36 | 6 | | 2 | 30 | 3 | | കിണർ, ടാപ്പ് | ,, | ഉണ്ട് | ,, | 50 | 50 | 15 | 15 | | |
| GMLPS തിരൂരങ്ങാടി | 305 | 10 | 8 | 2 | | 1 | 2 | 1 | | കിണർ | ഇല്ല | ഇല്ല | ഇല്ല | 50 | 50 | 5 | 5 | 6 | 2 |
| OLPS തിരൂരങ്ങാടി | 414 | 11 | 9 | 1 | | — | | 1 | | | ഉണ്ട് | ഉണ്ട് | ,, | 80 | 80 | 10 | 10 | 10 | 10 |
| GMUPS കക്കാട് | 1330 | 37 | 30 | 4 | 4 | 3 | 15 | 1 | | കിണർ | ,, | ,, | ഇല്ല | 180 | 180 | 20 | 20 | 4 | 2 |
| PMSALPS കാച്ചടി | 455 | 14 | 14 | 4 | ഹാറം 14 | 2 | 10 | 2 | | — | ,, | ,, | ഉണ്ട് | | | | | | 1 |
| GMUPS വെന്നിയൂർ | 1213 | 29 | 23 | 3 | 3 | 2 | 10 | 1 | | കിണർ | ഇല്ല | ഇല്ല | ഇല്ല | 164 | 164 | 5 | 6 | | 4 |
| GLPS വെന്നിയൂർ | 277 | 8 | 7 | 1 | 1 | 1 | 4 | | | — | ,, | ഉണ്ട് | ,, | 4 | 4 | 2 | 2 | 4 | 1 |
| AMLPS ചുള്ളിപ്പാറ | 492 | 14 | 12 | 3 | 12 | 2 | 14 | 1 | 1 | കിണർ | ഉണ്ട് | ,, | ,, | 20 | 20 | | | 1 | 1 |

## വിദ്യാഭ്യാസം

**സാമ്പത്തിക ആനുകൂല്യം ലഭിക്കുന്ന വിദ്യാർഥികളുടെ എണ്ണം** പട്ടിക-4

| | സ്കൂളിന്റെ പേര് | മെറിറ്റ് സ്കോളർഷിപ്പ് | ലംസം ഗ്രാന്റ് | മുസ്ലീം ഗേൾസ് സ്കോളർഷിപ്പ് | വികലാംഗ സ്കോളർഷിപ്പ് | ജവാന്മാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം | സ്വാതന്ത്ര്യസമരസേനാനികളുടെ മക്കൾക്കുള്ള സ്കോളർഷിപ്പ് | സൗജന്യ | മറ്റുള്ളവ | |
|---|---|---|---|---|---|---|---|---|---|---|
| 1 | AMLPS പന്താരങ്ങാടി | | 16 | | | | | | | |
| 2 | GWUPS തൃക്കുളം | 3 | 72 | 138 | 4 | | | | | |
| 3 | GUPS തൃക്കുളം | 11 | 56 | 346 | 8 | | | | 4 | (LSS) |
| 4 | AMLPS തൃക്കുളം | | 2 | | | | | | | |
| 5 | GLPS തിരൂരങ്ങാടി | | | | | | | | | |
| 6 | G H S തിരൂരങ്ങിടി | 2 | 1 | | 5 | | | | | |
| 7 | OHS തിരൂരങ്ങാടി | 1 | | 425 | 4 | | | 12 | | |
| 8 | GMLPS തിരൂരങ്ങാടി | | 1 | | | | | | | |
| 9 | OLPS തിരൂരങ്ങാടി | | 1 | | | | | | | |
| 10 | GMUPS ~~തിരൂരങ്ങാടി~~ കക്കാട് | | 33 | 209 | | | | 5 | | |
| 11 | PMSALPS കാച്ചടി | | 2 | | | | | | | |
| 12 | GMUPS വെന്നിയൂർ | | 27 | 660 | 1 | | | | | |
| 13 | GLPS വെന്നിയൂർ | | 14 | | 1 | | | | | |
| 14 | AMLPS ചുള്ളിപ്പാറ | | 1 | | | | | | | |

**കുടിവെള്ളം:** നിലവിലുള്ള ജല സ്രോതസ്സുകൾ പട്ടിക–2

| വാർഡ് | പൊതു കിണർ | വെള്ളമുള്ളത് | വറ്റുന്നത് | സ്വകാര്യ കിണർ | വറ്റാത്തത് | വറ്റുന്നത് | പൊതു ടാപ്പുകൾ | സ്വകാര്യ ടാപ്പുകൾ | ജലക്ഷാമ രൂക്ഷതാ നിരക്ക് |
|---|---|---|---|---|---|---|---|---|---|
| 1 | 3 | 3 | 0 | 246 | 220 | 26 | 8 | — | 40ശത. |
| 2 | 3 | 1 | 2 | 290 | 230 | 60 | 9 | 26 | 40 ,, |
| 3 | 1 | 1 | — | 418 | 320 | 98 | 23 | 129 | 40 ,, |
| 4 | 2 | 2 | — | 340 | 277 | 63 | 8 | 3 | 45 ,, |
| 5 | 3 | 2 | 1 | 234 | 61 | 173 | | | 45 ,, |
| 6 | 5 | 3 | 2 | 426 | 300 | 126 | 9 | 20 | 50 ,, |
| 7 | 2 | 2 | — | | | | | | 50 ,, |
| 8 | 3 | 1 | 2 | | | | 15 | 35 | 60 ,, |
| 9 | 1 | 1 | — | 360 | 150 | 210 | 19 | | 60 ,, |
| 10 | — | — | — | 125 | 100 | 25 | 10 | 30 | 80 ,, |
| 11 | 3 | 1 | 2 | 202 | 48 | 154 | 22 | 65 | 80 ,, |
| 12 | — | — | — | 335 | 120 | 215 | 23 | | 80 ,, |
| 13 | 2 | 1 | 1 | 245 | 118 | 40 | 5 | 6 | 80 ,, |
| 14 | 4 | 2 | 2 | 185 | 100 | 85 | 5 | | 75 ,, |
| 15 | 1 | — | 1 | 105 | 30 | 75 | 5 | 11 | 65 ,, |

**ഗതാഗതം, ഊർജ്ജം, മാർക്കററ്** പേജ്—45

1 കക്കാട് കോഴിക്കോട് റോഡി(NH)ൽ കക്കാട് ജംഗ്ഷൻ വടക്ക് റോഡിന്റെ പടിഞ്ഞാറുവശമുള്ള സ്ഥലം (വാർഡ് -8) അക്വയർചെയ്ത് ബസ്സ്റ്റാൻഡ് നിർമ്മിക്കുക.

2 കരുമ്പിൽ- ചുള്ളിപ്പാറ റോഡ് PWD ഏറ്റെടുക്കുക

3 മമ്പുറം ഫൂട്ട്ബ്രിഡ്ജിന്റെ അപ്രോച്ച് അഭിവൃദ്ധിപ്പെടുത്തുക

**മെററൽ ചെയ്ത് ടാർ ഇടേണ്ട മൺറോഡുകൾ**

| | | |
|---|---|---|
| 1 അക്ഷര റോഡ് | 2 100 | കി മീ. |
| 2 പാറയ്ക്കൽ റോഡ് | 1 000 | ,, |
| 3 വാരച്ചേരിക്കടവ് റോഡ് | . 750 | ,, |
| 4 മാണിതൊടിക കോളനി റോഡ് | . 800 | ,, |
| 5 പൊളക്കാൻ തൊട്ടു റോഡ് | . 200 | ,, |
| 6 പാറയ്ക്കൽ റോഡ് (13ാം വാർഡ്) | 800 | ,, |

7 TC റോഡ് NK റോഡുമായി ബന്ധിക്കുന്ന ലിങ്ക് റോഡ് (തട്ടാർ ഇടവഴി)

**പുതിയ മൺറോഡുകൾ** പേജ്. 47

കരിത്ത്പാറ- ലക്ഷം വീട് ഇടവഴി (കുട്ടാടംകുഴി) വീതികൂട്ടുക

2 വെഞ്ചാലികനാൽ റോഡ് 5 മീററർ കനാലും 4 മീററർ റോഡുമായി വികസിപ്പിക്കുക

3 10ാം വാർഡിൽ കക്കാട് പറമ്പിന്റെ വടക്ക്ഭാഗത്ത് താമസക്കാർക്ക് N.Hൽനിന്ന് ഇപ്പോഴുള്ള വഴി ഗതാഗത യോഗ്യമാക്കുക

4 കക്കാട് പറമ്പ് പോക്കാട്ട് NSS റോഡ് കളത്തിൽതൊട്ട റോഡുമായി ബന്ധിപ്പിക്കുക ഇടവഴി വീതികൂട്ടി റോഡാക്കുക

5 കരുമ്പിൽ NHൽ നിന്ന് വാക്കിയം കടവിലേക്കുള്ള കരുവാൻ ഇടവഴി റോഡാക്കുക

6 കൊററൻ തൊട്ട ഇടവഴി പുഴവരെ റോഡാക്കുക

7 കക്കാട് മഞ്ഞാംകുഴി ഇടവഴി പുഴവരെ റോഡാക്കുക

8 വാരച്ചേരിക്കടവ് റോഡിൽ നിന്നും തേർകയം ഫൂട്ട്ബ്രിഡ്ജിലേക്ക് എത്തുന്ന മലയംപള്ളി ഇടവഴി റോഡാക്കുക

9 കക്കാട് പോസ്റ്റ് ഓഫീസിന്റെ മുന്നിൽ നിന്നുള്ള മണ്ണാറക്കൽ ഇടവഴി

10 മുണ്ടാപ്പാടം റോഡ് -K C റോഡുമായി ബന്ധിക്കുന്ന റോഡ്

11 കക്കാട് കളത്തിൽതൊട്ട റോഡ K C റോഡുമായി ബന്ധിപ്പിക്കുക. (വയൽവഴി)

12 വാച്ചേരിക്കടവ് റോഡിൽ നിന്നും കാളികടവിലേക്കുള്ള ഇടവഴി

13 കരുമ്പിൽ മദ്റസക്ക്സമീപം NH വാക്കിക്കയം ഇടവഴി

ചാലാട റോഡിന്റെ പടിഞ്ഞാറ് വശത്തുള്ള പാടം മുറിച്ച് കടന്നാണ ഈ പ്രദേശത്തെ കുട്ടികൾ ചുള്ളിപ്പാറ സ്കൂളിൽ എത്തുന്നത് മഴക്കാലത്ത് ഈ യാത്ര പ്രയാസകരമാണ് അതിനാൽ വരമ്പ് കരിങ്കല്ല്കൊണ്ട് കെട്ടി നടക്കാൻ യോഗ്യമാക്കുക.

കക്കാട് സ്കൂളിന് മുൻവശം (NH റോഡുമുറിച്ച് കടക്കാൻ ഓവർബ്രിഡ്ജ് നിർമിക്കുക

**ബസ്‌വെയിററിംഗ്ഷെഡ് ആവശ്യമുള്ള സ്ഥലങ്ങൾ** പേജ്.45

(1) ചന്തപ്പടി, (2) തിരൂരങ്ങാടി
(3) കരിപറമ്പ്, (4) പന്താരങ്ങാടി, (5) K.T ബസാർ (6) തൃക്കുളം പാലം

**ഓവുപാലം**

1 ചെമ്മാട് ദാറുൽ ഹുദാഅക്കാദമിയുടെ മുൻവശത്ത് ഓവുപാലം നിർമിക്കുക

2 പൂക്കുളങ്ങര റോഡിൽ (മൈലിക്കൽ) ഒരു ഓവുപാലം നിർമിക്കുക.

3 ദാറുൽ ഹുദാ-നെച്ചിമണ്ണിൽ റോഡിൽ ഒരു ഓവുപാലം നിർമിക്കുക

## ഊർജം

**തെരുവ് വിളക്ക് ആവശ്യമായ സ്ഥലങ്ങൾ** പേജ്—50

1 വെന്നിയൂർ NSS റോഡ്
2 കക്കാട് കളത്തിൽതൊട്ട റോഡ്
3 ഹിദായനഗർ (വാർഡ്—5)
4 മുണ്ടാപ്പാടം റോഡ്
5 അണ്ടിച്ചേരി റോഡ്
6 നമ്പൂരികണ്ടം ഇടവഴി.
7 കക്കാട് ചെനക്കൽ പ്രദേശം
8 ഓറിയന്റൽ ഹൈസ്കൂളിന്റെ പിൻവശം
9 പുളിഞ്ഞിലപ്പുത്തൂർ പാടം റോഡിൽ

10 റഷീദ് നഗർ
11 ആസാദ്നഗർ, പപ്പടനിർമാണകോളനി
12 മമ്പുറം ഫൂട്ട്ബ്രിഡ്ജ് അപ്രോച്ച് റോഡിൽ
13 കാച്ചടി_ഉള്ളാട്ട്കാട്ടിൽ ഭാഗം
14 കക്കാട് പോക്കാട്ട് NSS റോഡ്
15 കക്കാട് മൊടേക്കാടൻ കോളനി

**ട്രാൻസ്ഫോർമർ ആവശ്യമായ സ്ഥലങ്ങൾ** പേജ്—51

1 വെന്നിയൂർ ലക്ഷം വീട് കോളനി
2 പാറയ്ക്കൽ റോഡിന്റെ പടിഞ്ഞാറ്വശം

ദാറുൽ ഹുദാഅക്കാദമി പരിസരത്തേക്ക് വൈദ്യുതി എത്തിക്കുക
ഗതാഗതത്തിനു തടസ്സമായി നിൽക്കുന്ന മുഴവനു ഇലക്ട്രിക് പോസ്റ്റുകളും മാററിസ്ഥാപിക്കുക.

**പാർപ്പിടവും സാമൂഹ്യക്ഷേമവും** പേജ്—54

**പാർപ്പിടം:**

വെള്ളിലക്കാട് ചുണ്ണങ്ങ് പ്രദേശത്ത് പുഴയിലെ വെള്ളം കയറുന്നതുമൂലം 20 ഓളം കുടുംബങ്ങൾ വർഷക്കാലത്ത് വെള്ളപ്പൊക്കഭീഷണി നേരിടുന്നു പുഴയിൽനിന്നുള്ള തോടിനു് ബണ്ടുകെട്ടി ഇതിനു പരിഹാരം കാണേണ്ടതാണ്

**സാമൂഹ്യക്ഷേമം** പേജ്—56

1 പട്ടികജാതി വികസന കോപ്പറേഷന്റെ ജില്ലാ ആസ്ഥാനം മലപ്പുറത്ത് തുടങ്ങേണ്ടതാണ്

2 പഞ്ചായത്തിൽ ഒരു വികലാംഗ പുനരധിവാസകേന്ദ്രം ആരംഭിക്കണം.

3 വികലാംഗ സഹായ ഉപകരണങ്ങൾ പഞ്ചായത്തിലുള്ള മുഴുവൻ വികലാംഗർക്കും ലഭിക്കാനുള്ള പദ്ധതിനടപ്പിലാക്കണം

4 പഞ്ചായത്തിലെ മുഴുവൻ അംഗൺവാടികൾക്കും സ്ഥിരം കെട്ടിടം, ഭൗതികസൗകര്യങ്ങൾ ശുദ്ധജലം, കളിക്കോപ്പുകൾ, ചുററുമതിൽ, എന്നിവ ലഭ്യമാക്കേണ്ടതാണ്.

5 മഹിളാസമാജങ്ങളിലൂടെ അംഗൺവാടികളിൽ തൊഴിൽപരിശീലനകേന്ദ്രങ്ങൾ ആരംഭിക്കുക.

6 പഞ്ചായത്തിലെ മിച്ച ഭൂമി വിതരണം ചെയ്യുമ്പോൾ ഭരണസമിതി അറിഞ്ഞിരിക്കണം.

**സംസ്കാരം** പേജ്_64ൽ

1 വായ്പ്പാട്ടുകാരുടെ പട്ടികയിൽ കരിമ്പിൽമികച്ച മമ്മു വിനെകൂടി ഉൾപ്പെടുത്തുക.

2 ഏന്തീൻകുട്ടിയെ (പേജ് 64 കോളം I വരി 15) നിലവിലുള്ളവരുടെ കൂട്ടത്തിൽ നിന്ന് മാററി മുകളിൽപറഞ്ഞവരുടെ കൂട്ടത്തിൽ ചേർക്കണം. (CK കുഞ്ഞിമുഹമ്മദ് എന്നതിനുശേഷം)

3 സാംസ്ക്കാരിക നായകൻമാരുടെകൂട്ടത്തിൽ ചിത്രകാരനായിരുന്ന ശ്രീ K. പറങ്ങോടൻമാസ്റ്ററെ കൂടി ഉൾപ്പെടുത്തണം.

4 കലാ_സാംസ്ക്കാരിക സംഘടനകളുടെ പട്ടികയിൽ റെഡ്സ്ററാർതിയെറേറഴ്സ് കരുമ്പിൽ കൂടി ഉൾപ്പെടുന്നു

**വിഭവസാധ്യതകൾ** (സംസ്കാരം)

1 ലോക്കൽ ലൈബ്രറി കെട്ടിടവും സ്ഥലവും.
2 മലബാർ കലാപസ്മാരകമന്ദിരവും സ്ഥലവും
3 വെന്നിയൂർ G.M.U.P.S സ്ഥലവും പഞ്ചായത്ത് സ്റ്റേഡിയവും
4 ചുള്ളിപ്പാറയിൽ വാഗ്ദാനം ചെയ്യപ്പെട്ട സ്ഥലം.
5 സന്നദ്ധ പ്രവർത്തകരുടെ മനുഷ്യാധ്വാനം.

**വനിത** പേജ്—70ൽ

സ്ത്രീധന സമ്പ്രദായം നിർമാർജ്ജനം ചെയ്യുന്നതിന് സ്ത്രീകളുടെതായ സംഭാവനകൾ അത്യാവശ്യമാണ്.

**സഹകരണം** പേജ്_71

1 സഹകരണസ്ഥാപനങ്ങളുടെ പട്ടികയിൽ തിരൂരങ്ങാടി സർവ്വീസ സഹകരണബാങ്കിന്റെ സായാഹ്ന ശാഖ ഉൾപ്പെടുത്തണം.

2 സഹകരണ മേഖലയിൽ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുക.

3 തിരൂരങ്ങാടി താലൂക്ക് ഹൗസിംഗ് സൊസൈററി സ്ഥാപിക്കണം

4 തിരൂരങ്ങാടി താലൂക്ക് ആസ്ഥാനമായി എംപ്ലോയീസ് കോ_ഓപ്പറേറീവ് സൊസൈററി ആരംഭിക്കണം

5 സഹകരണാടിസ്ഥാനത്തിൽ ഓരോ വാർഡിലും ഓരോ തൊഴിൽ യൂണിററെങ്കിലും തുടങ്ങേണ്ടതാണ്

**പട്ടികജാതി, പട്ടിക വർഗ ക്ഷേമം** പേജ്—76ൽ

1 കൃഷിഭവൻ മുഖേന പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾക്ക് കിണർ കുഴിക്കുന്നതിന് ധന സഹായം അനുവദിക്കുന്നതിന് ഇപ്പോഴുള്ള വ്യവസ്ഥ ലഘുകരിച്ച് 10 സെൻറ് കൈവശമുള്ളവർക്കും ഈ ധനസഹായം അനുവദിക്കാൻ നടപടിസ്വീകരിക്കുക. ഉപദേശകസമിതിയിൽ SC/ST വിഭാഗത്തിലെ വനിതകളെ കൂടി ഉൾപ്പെടുത്തുക.

2 പഞ്ചായത്ത് ഓഫീസ്, താലൂക്ക് ഓഫീസ്, താലൂക്ക് ആശുപത്രി എന്നിവടങ്ങളിൽ ഒഴിഞ്ഞു കിടക്കുന്ന സ്വീപ്പർ ക്ലീനർ. അററൻഡർ, ഡ്രൈവർ തസ്തികളിലേക്ക് Sc/ST വിഭാഗക്കാരെ സ്പെഷ്യൽ റിക്രൂട്ട്മെൻറ വഴി നിയമിക്കുക.

3 മിച്ച ഭൂമി വിതരണം ഊർജ്ജിതമാക്കി SC/ST വിഭാഗങ്ങൾക്ക് അർഹമായ നിലയിൽ അനുവദിക്കുക.

4 പഞ്ചായത്തിൽ ഒററപ്പെട്ട്താമസിക്കുന്ന SC/ST വിഭാഗങ്ങളുടെ. നടവഴി പ്രശ്നങ്ങൾക്ക് പരിഹാരം കാണുക.

5 നാലാം വാർഡിൽ ഇപ്പോൾ നിലവിലുള്ള പൊതുശ്മശാനം വിപുലീകരിക്കുകയും, കക്കാട് പ്രദേശത്ത് ഒരു പൊതുശ്മശാനം പുതുതായി അനുവദിക്കുകയും ചെയ്യുക

6 ആമക്കുളം പ്രദേശത്ത് 11 കുടുംബങ്ങൾ താമസിക്കുന്ന സെററിൽമെൻറ് കോളനിയിൽ കക്കൂസ് വൈദ്യുതി എന്നിവയും വനിതാ തൊഴിൽ യൂണിററും അനുവദിക്കുക.

7 കക്കാട് പുളിഞ്ഞി പതൻ പ്രദേശത്ത് 10 SC/ST കുടുംബങ്ങൾ താമസിക്കുന്നു. സെററിൽമെൻറായി അംഗീകരിക്കുകയും വൈദ്യുതി ലഭിച്ചിട്ടില്ലാത്തവർക്ക് ലഭിക്കാൻ വേണ്ട നടപടി സ്വീകരിക്കുകയും ചെയ്യുക.

8 കോട്ടപാലക്കാട് കോളനിയിൽ ശുദ്ധജലത്തിനായി സ്ഥാപിച്ച പമ്പുസെററ് റിപ്പയർ ചെയ്ത് ഉപയോഗയോഗ്യമാക്കുക.

9 പഞ്ചായത്തിലെ SC/ST വിഭാഗത്തിൽപ്പെട്ട പാരമ്പര്യ വൈദ്യൻമാർക്ക് ചികിൽസക്ക് ധന സഹായം നൽകുക.

10 SC/ST വിഭാഗക്കാർക്ക് പഞ്ചായത്ത് വഴി കായികോപകരണങ്ങൾ നൽകുക.

11 SC/ST വിഭാഗക്കാർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ യഥാസമയം മനസ്സിലാക്കുന്നതിനു പഞ്ചായത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വികസന ഗൈഡൻസ് ബ്യൂറോ ആരംഭിക്കുക.

12 ഒന്നാം വാർഡിലെ ചെറാത്ത്, കോട്ടപറമ്പ് ശ്മശാനം സ്വകാര്യ വ്യക്തികളിൽ നിന്നും ഈ വിഭാഗത്തിനു ലഭിക്കാനാവശ്യമായ നടപടി സ്വീകരിക്കുക.

**വിഭവ സമാഹരണം** പേജ്—79ൽ

1 കൃഷിഭൂമി നിരപ്പാക്കി കെട്ടിടം പണിയുന്നത് നിരോധിക്കുക.

പഞ്ചായത്തിൽ നെൽകൃഷിക്ക് ഉപയോഗിക്കാൻ പററിയ വയലുകൾ നികത്തി കെട്ടിടം വെക്കുന്നതിന് നിരോധനം ഏർപ്പെടുത്തുക. ഇപ്പോൾ ഈ അധികാരം RDO ൽ ഉണ്ടെങ്കിലും ഫലപ്രദമല്ല. അതുകൊണ്ട് പഞ്ചായത്തിന് ഇതിന് അധികാരം നൽകുക. കേരള ബിൽഡിംഗ് റൂൾ നടപ്പിലാക്കുക.

2 തൊഴിൽ നികുതി

സ്വകാര്യസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുക ഇതിന് സർക്കാർതല ലേബർ ചെക്കിംഗ് കർശനമാക്കി സ്ഥാപനങ്ങളിൽ പരിശോധന നടത്തി തൊഴിലാളികളുടെ ലിസ്റ്റ് പഞ്ചായത്തിന് നൽകേണ്ടതാണ്.

3 വിനോദ നികുതി

ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവർ പൊതുജന സേവനാർഥം ടിക്കററുവെച്ച് പരിപാടികൾ നടത്താറുണ്ട്. ഇത്തരം പരിപാടികൾക്ക് ടാക്സ് ഒഴിവാക്കുന്ന രീതിമാററി ടിക്കററിൻെറ തുക കണക്കാക്കി 5% നികുതി ചുമത്താവുന്നതാണ്.

4 വാഹന നികുതി

ഓട്ടോറിക്ഷയ്ക്കും സ്കൂട്ടറിനും ഫീസ് ചുമത്തുന്നതിനുള്ള അധികാരം റീജനൽ ട്രാൻസ്പോർട്ട് അതോറിററിയിൽ നിന്ന് മാററി പഞ്ചായത്തുകൾക്ക് നൽകുക,

5 മോട്ടോർ ചന്ത സ്ഥാപിക്കൽ

ധാരാളം വാഹന കൈമാററം നടന്നുവരുന്നതുകൊണ്ട ഈ രംഗത്ത് ധാരാളം മധ്യവർത്തികൾ പ്രവർത്തിച്ചുവരുന്നു. ഇതിനായി ഒരു ആഴ്ച ചന്ത ഏർപ്പെടുത്തി ചന്ത ലേലത്തിൽ നൽകാവുന്നതാണ്.

6 പുറമ്പോക്കിലെ ഫലവൃക്ഷങ്ങൾ ലേലം ചെയ്യൽ

മററു വകുപ്പുകളുടെ കൈവശമുള്ള പഞ്ചായത്ത് പരിധിയിലെ ഫലവൃക്ഷങ്ങൾ ലേലം ചെയ്യുന്നതിനുള്ള അധികാരം പഞ്ചായത്തിന് നൽകുക.

7 ജനകീയ സമിതികൾ

എല്ലാ പ്രവർത്തികളും ഗ്രാമസഭയിലെ ഒരു ജനകീയ കമ്മിററിയെ ചുമതലപ്പെടുത്തുക.